# നീ എവിടെയാണെങ്കിലും

ഒരെഴുത്തുകാരന്റെ ഹൃദയമാണ് നിങ്ങൾ ഈ പുസ്തകം തുറക്കുമ്പോൾ കാണുന്നത്. പുറത്തേയ്ക്കുള്ള തള്ളിവരുന്നതോ ഹൃദയസ്പർശിയായ അനുഭവങ്ങളുടെ തീക്ഷ്ണത നഷ്ടപ്പെട്ടിട്ടില്ലാത്ത ഓർമ്മകളും. വികാരഭരിതരാവാതെ ഈ കുറിപ്പുകൾ വായിക്കാൻ കഴിയില്ല



## ഇ. ഹരികുമാർ

n e e   e v i d e y a n e n k i l u m

e . h a r i k u m a r

# നീ എവിടെയാണെങ്കിലും

# നീ എവിടെയാണെങ്കിലും
(അനുഭവങ്ങൾ, ഓർമ്മകൾ)


1. ആമുഖം 4
2. വ്യർത്ഥമായൊരു രാത്രി 5
3. മനസ്സിലാക്കാൻ പറ്റാത്ത എന്തോ ഒന്ന് 10
4. നീ എവിടെയാണെങ്കിലും........ 12
5 ഒന്നും തിരിച്ചുകൊടുക്കാനാകാതെ 17
6. പ്രണയം യാത്രയിൽ 20
7. ഒരു വിരുന്നിന്റെ ഓർമ്മ 25
8. ഒരായിരം നന്ദി, ദൈവത്തിന് 28
9. ഒരു സുന്ദരസായാഹ്നത്തിൽ 30
10. ജാക്‌ലെമനും ഞാനും 32
11. നന്ദിയുടെ സുന്ദരമുഖങ്ങൾ 34
12. ആറ്റിലൊലിച്ചെത്തുമാമ്പലപ്പൂപോലെ..... 36
13. ഒരു കുട്ടിയുടെ കഥ 39
14. ഒരു യാത്രയുടെ ഓർമ്മ 42
15. അമൂല്യനിധിയ്ക്കുവേണ്ടി 45
16. തിക്കോടിയൻ മാഷ് 48
17. ഒരു പ്രതികാരത്തിന്റെ കഥ 51
18. ടിങ്കുവും മറ്റും 56
19. ഇനി ഇതാവർത്തിക്കരുത്! 59
20. വരൻ വന്നത് മെഴ്‌സീഡസ് കാറിൽ 62
21. വിന്നി എന്ന കൊച്ചുസുന്ദരി 65
22. എന്റെ സ്ത്രീകഥാപാത്രങ്ങൾ 58

# ആമുഖം

ഓരോരുത്തർക്കും അവനവന്റെ സ്വകാര്യത സൂക്ഷിച്ചു വയ്ക്കാൻ അവകാശമുണ്ട്. അതുപോലെത്തന്നെ പരസ്യമാക്കാനും. ഒന്നും ഒളിപ്പിച്ചുവയ്ക്കാൻ ഇല്ലാത്തവർക്കേ അതു പരസ്യമാക്കാൻ കഴിയൂ. ഓർമ്മക്കുറിപ്പുകൾ എഴുതുമ്പോൾ എന്നെ അലട്ടിയിരുന്ന ഒരു ചോദ്യം എന്റെ ജീവിതം പൊതുജനസമക്ഷം മലർത്തിക്കാട്ടാൻ പറ്റിയതാണോ? ഞാൻ എന്റെ ജീവിതത്തിലേയ്ക്ക് കണ്ണോടിച്ചു നോക്കി. ഞാൻ ഇതുവരെ ചെയ്ത ഏതെങ്കിലും കാര്യങ്ങൾ ശരിയല്ല എന്നു തോന്നുന്നുണ്ടോ? അതുപോലെ ചെയ്ത ഏതെങ്കിലും കാര്യങ്ങളിൽ ഖേദം തോന്നിയിട്ടുണ്ടോ? രണ്ടു ചോദ്യങ്ങൾക്കും എന്റെ മറുപടി 'ഇല്ലാ' എന്നുതന്നെയാണ്. ചെയ്ത പല കാര്യങ്ങൾക്കും ഉദ്ദേശിച്ച ഫലം കിട്ടിയില്ല എന്നതു ശരിയാണ്. പക്ഷേ അതുകൊണ്ട് എന്റെ ഉദ്ദേശ്യത്തെ സംശയിക്കേണ്ട ആവശ്യമില്ല. മറിച്ച് എനിക്ക് ചെയ്യാൻ കഴിയുമായിരുന്ന പല കാര്യങ്ങളും ചെയ്തില്ലെന്ന ഖേദം നല്ലവണ്ണമുണ്ടുതാനും. ചെയ്തവയെക്കുറിച്ചല്ല, ചെയ്യാൻ കഴിയാത്തവയെക്കുറിച്ചാണ് ഖേദമെന്നർത്ഥം.

ഇത്രയും ശരി. ഇനി നമ്മുടെ സ്വകാര്യത പരസ്യമാക്കുമ്പോഴുള്ള പ്രശ്നങ്ങളാണ്. സ്വകാര്യത എന്നത് നാം മാത്രമുള്ള ഒന്നല്ല. സഹജീവികൾകൂടി ഭാഗഭക്കായി പരസ്പരബന്ധമുള്ളവയാണ്. അപ്പോൾ നമ്മുടെ ജീവിതം പരസ്യമാക്കുകവഴി നാം മറ്റുള്ളവർക്ക് വല്ലായ്മയുണ്ടാക്കുകയാണ് ചെയ്യുന്നത്.

അതൊഴിവാക്കാൻ എന്താണ് ചെയ്യേണ്ടത്? കഥാപാത്രങ്ങളുടെ പേരുകൾ മാറ്റുക, സ്ഥലകാലങ്ങളിലും സന്ദർഭങ്ങളിലും മാറ്റമുണ്ടാക്കുക. ഞാൻ ഈ രണ്ടു മാർഗ്ഗങ്ങളാണ് അവലംബിച്ചിട്ടുള്ളത്. എന്നെ വിശ്വസിച്ച് എന്റെ സ്വകാര്യതകളിൽ പങ്കാളിയായ ഒരു വ്യക്തിയെ ഒരു വിധത്തിലും ദ്രോഹിക്കാൻ പാടില്ല. പക്ഷേ എന്റെ ജീവിതത്തെക്കുറിച്ച് അടുത്തറിയുന്നവർക്ക് ഇത് ആശയക്കുഴപ്പമുണ്ടാക്കുന്നു. സംഭവം നടക്കുന്നുവെന്ന് പറയപ്പെടുന്ന സമയത്ത് ഞാൻ ദില്ലിയിൽ വേണ്ടതിനു പകരം മുംബൈയിലാണെന്നു വരുന്നു. കാലദേശാവസ്ഥയിലുണ്ടാകുന്ന ഈ കുഴഞ്ഞുമറിച്ചിൽ ഒഴിവാക്കാൻ പറ്റാത്ത ഒരു അപഭ്രംശമാണ്. അതിന് ഞാൻ എന്റെ വായനക്കാരോട് മാപ്പു ചോദിക്കുന്നു.

ഈ ഓർമ്മക്കുറിപ്പുകൾ പലതും വനിതാ ദ്വൈവാരികയിൽ പ്രസിദ്ധപ്പെടുത്തിയപ്പോൾ വളരെ നല്ല പ്രതികരണമാണ് വായനക്കാരിൽനിന്ന് ലഭിച്ചത്. ആ പ്രതികരണങ്ങളാണ് കൂടുതൽ എഴുതാനും അത് പുസ്തകരൂപത്തിൽ പ്രകാശിപ്പിക്കാനും എന്നെ പ്രേരിപ്പിച്ചത്.

അവസാനമായി എന്റെ സ്ത്രീകഥാപാത്രങ്ങളെക്കുറിച്ച് ഒരു ലേഖനവും ചേർത്തിട്ടുണ്ട്. എന്റെ ചെറുകഥകൾ പലതും സ്വാനുഭവങ്ങളുടെ വെളിച്ചത്തിൽ എഴുതപ്പെട്ടിട്ടുള്ളതായതുകൊണ്ട് അവ മനസ്സിലാക്കുന്നതിന് ഈ ലേഖനം സഹായിക്കുമെന്നുറപ്പുണ്ട്. ആ കഥാപാത്രങ്ങളെ എവിടെ, എങ്ങിനെ കണ്ടുമുട്ടിയെന്നറിയുന്നത് രസകരമായിരിക്കും.

എന്റെ പ്രിയപ്പെട്ട വായനക്കാരോടല്ലാതെ അധികം പേരോട് എനിക്ക് നന്ദി പറയാനില്ല. ഒരു മിനുറ്റ്, എന്റെ കുടുംബിനി എന്നെ നോക്കി കണ്ണുരുട്ടുന്നു. ശരിയാണ്. ഞാൻ മറന്നു പോയതാണ്. എന്റെ ഓരോ ഭ്രാന്തുകളും ക്ഷമയോടെ, ശാന്തചിത്തയായി നോക്കിക്കാണുകയും, അതിൽനിന്നെല്ലാം എനിക്കേറ്റ ക്ഷതങ്ങളിൽ കാലാകാലങ്ങളിൽ തേൻ പുരട്ടുകയും ചെയ്ത അവൾക്ക് ഞാൻ നന്ദി പറയണോ? അറിയില്ല.

BACK TO INDEX

# വ്യർത്ഥമായൊരു രാത്രി

ഞങ്ങൾ ബോംബെയിൽ ജുഹുവിലാണ് താമസിച്ചിരുന്നത്. തൊള്ളായിരത്തി എഴുപത്തേഴ് എഴുപത്തെട്ടിൽ ഞാൻ ഒരു മെഷിൻ ടൂൾ ഏജൻസിയുടെ ബോംബെ ബ്രാഞ്ചിൽ സേയ്ല്സ് എഞ്ചിനീയറായി ജോലിയെടുത്തിരുന്ന കാലം. ഞങ്ങൾക്ക് അമേരിക്കയിൽനിന്നും പടിഞ്ഞാറൻ യൂറോപ്പിൽ നിന്നും ധാരാളം ഏജൻസിയുണ്ടായിരുന്നു. ഇടയ്ക്കിടയ്ക്ക് അവിടെനിന്ന് എഞ്ചിനീയർമാർ വരും. അവരെ എയർപോർട്ടിൽ പോയി സ്വീകരിച്ച് ബോംബെയിലും പൂനയിലും മറ്റുമുള്ള ഫാക്ടറിയിൽ സാങ്കേതിക ചർച്ചകൾക്കായി കൊണ്ടു പോകും. ഒന്നുകിൽ ഞാനോ അല്ലെങ്കിൽ ബ്രാഞ്ച് മാനേജരോ ആണ് അതു ചെയ്യുക. അവരെ എയർപോർട്ടിൽത്തന്നെയുള്ള സെന്റോർ ഹോട്ടലിലോ, ജുഹുവിലുള്ള ഹോളിഡേ ഇൻ, സൺ ഏന്റ് സാന്റ് മുതലായ ഏതെങ്കിലും ഹോട്ടലിലോ ആണ് താമസിപ്പിക്കുക.

ഒരിക്കൽ ഒരു സ്വിറ്റ്സർലാന്റുകാരന്റെ ഫ്‌ളൈറ്റ് വരുന്നത് രാത്രി ഒരു മണിക്കായിരുന്നു. അങ്ങിനെയുള്ള രാത്രികൾ എന്നെ സംബന്ധിച്ചേടത്തോളം ശിവരാത്രിയായിരിക്കും. ആ ദിവസങ്ങളിൽ ഞാൻ ഊണുകഴിച്ച് രാത്രി പത്തര മണിയോടെ എയർപോർട്ടിൽ പോകും. ബസ്സിലാണ് പോകുക, ഒന്നാമത്തെ കാരണം ധൃതിപിടിച്ച് പോയിട്ട് കാര്യമൊന്നുമില്ല. കൂടാതെ എയർപോർട്ടിലേയ്ക്കാണെന്നു പറഞ്ഞാൽ ടാക്സിക്കാർ ഇരട്ടി ചാർജ്ജ് ഈടാക്കുകയും ചെയ്യും. രാത്രി 10 മണി കഴിഞ്ഞാൽ ചാർജ്ജ് പിന്നേയും കൂടും. അതുപോലെത്തന്നെയാണ് എയർപോർട്ടിൽനിന്ന് ഫൈവ്സ്റ്റാർ ഹോട്ടലിലേയ്ക്കും. ജുഹുവിൽ കുറെയധികം മുന്തിയ ഹോട്ടലുകളുള്ളതു കൊണ്ട് ജുഹു എന്നു പറഞ്ഞാൽ അവർ എപ്പോഴും ഫൈവ് സ്റ്റാർ നിരക്കിൽ കൂലി ഈടാക്കും. രണ്ടാമത്തെ കാരണം എനിക്ക് ബസ്സിൽ പോയാലും ടാക്സിയുടെ ചാർജ്ജ് കമ്പനിയിൽ നിന്ന് വാങ്ങാം. എന്റെ അന്നത്തെ സ്ഥിതിയിൽ ആ പണം എനിക്ക് ആവശ്യമായിരുന്നു. ഒരു രാത്രിയുടെ ഉറക്കവുമായി തട്ടിക്കിഴിച്ചു നോക്കുമ്പോൾ അത് തുച്ഛമാണെങ്കിലും അതു ലാഭിക്കാൻ ഞാൻ ശ്രമിച്ചിരുന്നു.

ഒരു മണിയ്ക്ക് വരേണ്ട ഫ്‌ളൈറ്റ് വന്നത് രണ്ടു മണിയ്ക്കാണ്. അതുവരെ എയർപോർട്ടിനുള്ളിൽ ഇരുന്നും നടന്നും കഴിച്ചുകൂട്ടി. ഇന്നത്തെപ്പോലെ അന്ന് എയർപോർട്ടിനുള്ളിൽ കർശനമായ നിയന്ത്രണങ്ങളുണ്ടായിരുന്നില്ല. ഫ്‌ളൈറ്റ് വന്ന് പത്തു മിനിറ്റിനുള്ളിൽ നീഡറർ പുറത്തുവന്നു. പരിചയമുള്ള ആളായതുകൊണ്ട് പേരെഴുതിയ കാർഡ് ഉയർത്തിപ്പിടിക്കുകയൊന്നും വേണ്ടി വന്നില്ല. ഞങ്ങൾ സെന്റോറിന്റെ പിക്കപ്പിനു വേണ്ടി കാത്തുനിന്നു. ശരിക്കു പറഞ്ഞാൽ നടക്കാനുള്ള ദൂരമേയുള്ളൂ, പക്ഷേ അയാളുടെ സൂട്ട്കേസ് ഭാരമുള്ളതുകൊണ്ട് നടക്കാൻ പറ്റില്ല. ഹോട്ടലിൽ ചെക്കിൻ ചെയ്ത ശേഷം ഞാനയാളോട് വിട പറഞ്ഞു.

'വരുന്നോ, ഒരു ഡ്രിങ്ക്സ് കഴിക്കാം.' അയാൾ ക്ഷണിച്ചു.

'വേണ്ട, നന്ദി.' ഞാൻ പറഞ്ഞു.

'ഹൗസ് യുവർ ഫാമിലി?'

ഞാൻ വാങ്ങിക്കൊടുക്കുന്ന ലഞ്ചുകൾക്കും ഡിന്നറുകൾക്കും നന്ദി പറ

ഞ്ഞുകൊണ്ട് പോകുന്നതിനുമുമ്പ് അയാൾ എന്റെ കുടുംബത്തേയും ലഞ്ചിനു ക്ഷണിക്കാറുണ്ട്. അങ്ങിനെ ലളിതയെയും മോനെയും അയാൾക്ക് നല്ല പരിചയമായിരുന്നു.

'പ്രെറ്റി ഫൈൻ.'

'ഗിവ് മൈ റിഗാർഡ്സ് ടു മാഡം.'

എനിക്ക് എങ്ങിനെയെങ്കിലും വീട്ടിലെത്തിയാൽ മതിയെന്നുണ്ടായിരുന്നു. രണ്ടു മണിക്കൂർ നേരത്തെ ഉറക്കമെങ്കിലും കിട്ടിയാൽ അത്രയും നല്ലത്. ഇനി രാവിലെ വീണ്ടും ഇവിടെത്തന്നെ വന്ന് നീഡററെയും കൂട്ടി ഓഫീസിൽ പോകണം, പിന്നെ അയാളുടെ ഒപ്പം താനെയിലെ മൂന്നു ഫാക്ടറികളിലേയ്ക്കും. നീഡറർ തന്ന സൂറിച്ച് ഡ്യൂട്ടിഫ്രീ ഷോപ്പിന്റെ സഞ്ചിയുമായി ഞാൻ പുറത്തിറങ്ങി.

ഹോട്ടലിനു പുറത്തു ടാക്സികൾ നിരന്നു കിടക്കുന്നു. അതിലൊന്നിൽ കയറി വീടെത്താനുള്ള ആഗ്രഹം മനസ്സിലൊതുക്കി ഞാൻ വീട്ടിലേയ്ക്ക് നടക്കാൻ തീർച്ചയാക്കി. അതിരാവിലെത്തന്നെ ഒരു ടാക്സി ഡ്രൈവർ സർദാറിന്റെ തെറിപ്പാട്ട് കേൾക്കാൻ എനിക്ക് താല്പര്യമുണ്ടായിരുന്നില്ല. എയർപോർട്ടിൽനിന്ന് ജുഹുവിൽ എന്റെ വീട്ടിലേയ്ക്ക് കുറച്ചു ദൂരമുണ്ട്. സാരമില്ല. പുതുതായി ഉണ്ടാക്കിയ നിരത്തിൽ തീരെ തിരക്കുണ്ടായിരുന്നില്ല. മുമ്പ് അവിടം മുഴുവൻ ചതുപ്പുനിലങ്ങളും കുടിലുകളുമായിരുന്നു.

കയ്യിലുള്ള സഞ്ചിയിൽ സ്കോച്ചിന്റെ കുപ്പിയായിരിക്കും. അയാൾ ഓരോ പ്രാവശ്യം വരുമ്പോഴും എന്തെങ്കിലും കൊണ്ടുവരും, ഒന്നുകിൽ റെമി മാർട്ടിൻ, ഷിവാസ് റീഗൽ അല്ലെങ്കിൽ ഹെയ്ഗ്. ഞാൻ കല്യാണം കഴിഞ്ഞശേഷം കുടിക്കാറില്ല. രണ്ടു ലഹരി ഒരേ സമയത്ത് ആവശ്യമില്ലെന്നു തോന്നി. മാത്രമല്ല രണ്ടും പണച്ചെലവുള്ള കാര്യവുമാണല്ലൊ. അതുകൊണ്ട് കിട്ടുന്ന കുപ്പികളെല്ലാം വില്ക്കുകയാണ് പതിവ്. ഒരു ബാറിൽ ബാർമാനായി ജോലിയെടുക്കുന്ന ജോസഫ് വഴിയാണ് വിറ്റിരുന്നത്. ഒരിക്കൽ ഈ കാര്യം എന്റെ ബോസിനോട് സൂചിപ്പിച്ചപ്പോൾ അദ്ദേഹം കുറച്ചുനേരം നിശ്ശബ്ദനായി. ഇങ്ങിനെയും ആൾക്കാരുണ്ടല്ലോ എന്നായിരിക്കും ആലോചിച്ചിട്ടുണ്ടാകുക. ഒരു ആന്ധ്രക്കാരനായ അദ്ദേഹം കുറെക്കാലം അമേരിക്കയിലായിരുന്നു. ഒരു അമേരിക്കക്കാരിയെയാണ് വിവാഹം ചെയ്തത്. അവർ ഇപ്പോൾ സ്റ്റേറ്റ്സിലും ഹൈദരബാദിലുമായി കഴിയുന്നു. കൃഷ്ണഭക്തയാണവർ. ഇസ്കോണിന്റെ സജീവാംഗവുമാണ്. ഇദ്ദേഹം ബോംബെയിൽ ഒറ്റയ്ക്കും. വൈകുന്നേരമായാൽ ലഹരിയിൽ ഏകാന്തതയുടെ തീക്ഷ്ണതയിൽനിന്ന് രക്ഷപ്രാപിക്കുന്നു. ഹൈദരബാദിൽ ഒരു വലിയ വില്ലയിലാണ് അവർ താമസം. സാമ്പത്തികമായി വളരെ ഉയർന്ന നിലയിൽ കഴിയുന്ന അദ്ദേഹത്തിനു ഞാൻ ചെയ്യുന്ന പല കാര്യങ്ങളും മനസ്സിലാവാറില്ല. ഉദാഹരണമായി ഇങ്ങിനെ ഒരു രാത്രി എയർപോർട്ടിൽനിന്ന് വീട്ടിലേയ്ക്കു നടക്കുന്നത്.

മനസ്സിനെ അലയാൻ വിട്ട് ഞാൻ നടക്കുകയാണ്. പെട്ടെന്ന് ആരോ എന്നെ പിൻതുടരുന്നുണ്ട് എന്നു തോന്നി. നോക്കിയപ്പോൾ ശരിയാണ്. ഒരു കാർ കുറച്ചകലത്തിൽ സാവധാനത്തിൽ എന്നെ പിൻതുടരുന്നു. എനിയ്ക്കു പേടിയായി. എയർപോർട്ടിൽനിന്നുള്ള വഴിയിൽ പിടിച്ചുപറിയും കൊള്ളയുമൊക്കെ സാധാരണമാണ്. ഞാനിപ്പോഴുള്ളത് വിജനമായൊരു പാതയിലും. ക്രമേണ കാറും ഞാനുമായുള്ള അകലം കുറഞ്ഞുവന്നു. എന്റെ കയ്യിൽ ഡ്യൂട്ടി ഫ്രീ

ഷോപ്പിന്റെ സഞ്ചിയാണ്. അതിൽ എന്തെങ്കിലുമുണ്ടാവുമെന്ന് അവർക്കറിയാം. പോക്കറ്റിലും പണമുണ്ടാവുമെന്ന് അവർ അനുമാനിച്ചിരിക്കും, കാരണം എയർപോർട്ടിൽ ആരും വെറും കൈയ്യോടെ വരാറില്ല. എന്റെ പോക്കറ്റിൽ രണ്ടായിരത്തിലധികം രൂപയുണ്ട്. വരുന്നവർക്ക് എന്തെങ്കിലും ആവശ്യമുണ്ടായാലോ എന്നു കരുതി ഓഫീസിൽനിന്ന് മുൻകൂറെടുത്തിട്ടുള്ളതാണ്. അതു നഷ്ടപ്പെട്ടാൽ ഞാനെന്തുസമാധാനം പറയും? നിരത്ത് കുറച്ച് ഉയരത്തിലാണ്. ഇടതുവശത്ത് ഇറക്കത്തിൽ കുടിലുകളാണ്. തുരുമ്പു പിടിച്ച ടിൻഷീറ്റുകളും പ്ലാസ്റ്റിക് ഷീറ്റുകളും വെച്ച് മറച്ച വെളിച്ചമില്ലാത്ത കുറേ ദുരിതക്കൂടാരങ്ങൾ. പിന്നിലെ കാർ എന്റെ വളരെ അടുത്തത്തിയപ്പോൾ ഞാൻ പെട്ടെന്ന് നിരത്തിനു താഴേയ്ക്കിറങ്ങി. എത്തിയത് ഒരു കുടിലിന്റെ മുമ്പിൽ. ഞാൻ തിരിഞ്ഞുനോക്കിയപ്പോൾ കാർ അവിടെ നിൽക്കുകയാണ്. ഞാൻ വാതിൽക്കൽ മുട്ടി. വീണ്ടും നോക്കിയപ്പോൾ കാർ സ്റ്റാർട്ടാക്കി പോവുകയാണ്. അപ്പോൾ തോന്നി വാതിൽക്കൽ മുട്ടേണ്ടിയിരുന്നില്ലെന്ന്. പക്ഷേ വൈകിപ്പോയിരുന്നു.

വാതിൽ തുറന്ന് ഒരു വയസ്സൻ പ്രത്യക്ഷപ്പെട്ടു. എന്നെ കണ്ടപ്പോൾ അയാൾ അകത്തേയ്ക്കു നോക്കി വിളിച്ചു.

'ശാർദാ, ഇത്തെ ആ....'

'ങാ പപ്പാ...'

അകത്തുനിന്ന് ഒരു സ്ത്രീ വിളികേട്ടു, പിന്നെ ഉറക്കച്ചടവോടെ ഒരു ചെറുപ്പക്കാരി എഴുന്നേറ്റു വരുന്നു. നിറം കുറഞ്ഞ ഒരു പാവാടയും അതിനു യോജിച്ച ഒരു ഷർട്ടും വേഷം. ബുദ്ധിമുട്ടിച്ചതിന് ക്ഷമിക്കണമെന്നു ഹിന്ദിയിൽ ഒരുവിധം പറഞ്ഞൊപ്പിച്ച് ഞാൻ പോകാനായി തിരിഞ്ഞു. ആ കാർ പോയിട്ടുണ്ടാകും ഇനി ധൈര്യമായി പോകാം. അപ്പോഴാണ് പുറത്ത് ഒരു കാറിന്റെ വാതിലടയുന്ന ശബ്ദം കേട്ടത്. തീരുമാനം മാറ്റി ധൈര്യശാലി വേഗം അകത്തേയ്ക്കു കടന്നു. അതോടെ വയസ്സൻ പുറത്തേയ്ക്കും കടന്നു, അവൾ വാതിലടയ്ക്കുകയും ചെയ്തു. വാതിലടച്ചത് എനിക്കൊരു സുരക്ഷാബോധമുണ്ടാക്കി. പക്ഷേ അടുത്ത പടി സംഭവിച്ചത് അവൾ എന്റെ കൈപിടിച്ച് അകത്തേയ്ക്കു നടക്കുകയാണ്. 'സാഹേബാ ഇത്തെ ആ....'

സംഗതി അത്ര പന്തിയല്ല എന്ന് എനിക്കു മനസ്സിലായി. ഒരു തെറ്റിദ്ധാരണയുടെ ഫലമാകാനേ ഇതു വഴിയുള്ളൂ. ഞാൻ കുതറി കൈവിടുവിച്ച് വാതിലിനടുത്തേയ്ക്ക് നടന്നു. അവൾ വിളിച്ചു.

'സാഹേബാ'

ഞാൻ നോക്കിയപ്പോൾ കണ്ടതെന്താണ്? അവൾ ഷർട്ടിന്റെ കുടുക്കുകൾ മുഴുവൻ തുറന്ന് അവളുടെ നഗ്നമായ മാറിടം കാണിച്ചു നിൽക്കുകയാണ്. അവളുടെ മാറിടം വികസിച്ചു വരുന്നേയുള്ളു. പതിനാറിലധികം പ്രായമുണ്ടാവാൻ വഴിയില്ല ആ പാവം പെൺകുട്ടിയ്ക്ക്. കയ്യിൽ കിട്ടിയ കസ്റ്റമറെ എങ്ങിനെയെങ്കിലും പിടിച്ചു നിർത്താൻ ശ്രമിക്കുകയാണവൾ. ചുറ്റുമുള്ള വൃത്തികേടിനെപ്പറ്റി ഞാൻ ബോധവാനാകുന്നത് അപ്പോഴാണ്. പൊളിഞ്ഞ് കുണ്ടും കുഴിയുമായ വൃത്തികെട്ട നിലം, മുറിയിലാകെ അസഹനീയമായ നാറ്റം. ദാരിദ്ര്യം അതിന്റെ എല്ലാ ദയനീയതയോടുംകൂടി ആ കുടിലിൽ ചേക്കേറിയിരിക്കയാണ്. ഞാൻ തൊട്ടുമുമ്പ് നിന്നിരുന്ന കൊട്ടാരസദൃശമായ ഹോട്ടലിനെപ്പറ്റിയോർത്തു. എയർകണ്ടീഷൻ ചെയ്ത ഹോട്ടൽ, സമ്പന്നതയുടെ ആസ്ഥാനം. അതിന്റെ ഉള്ളിൽ നിൽക്കുമ്പോൾ നമ്മളും അതിന്റെ ഒരു ഭാഗമാണെന്ന മിഥ്യാ

ബോധമുണ്ടാകുന്നു. പക്ഷേ ഇപ്പോൾ പുലർച്ചെ മൂന്നുമണിയ്ക്ക് വിജനമായ റോഡിന്റെ ഇരുവശത്തുമുള്ള ഉറങ്ങുന്ന കുടിലുകളിലൊന്നിന്റെ നെടുവീർപ്പിന്നിടയിൽ നിൽക്കുമ്പോൾ മനസ്സിലാവുന്നു ആ സമ്പന്നത സാധാരണക്കാരനുള്ളതല്ലെന്ന്.

ഞാൻ അവിടെ എത്തിപ്പെടാനുള്ള കാരണം അവളെ പറഞ്ഞ് മനസ്സിലാക്കിപ്പിക്കണമെന്നുണ്ടായിരുന്നു. പക്ഷേ എന്റെ ഭാഷ പരിമിതമായിരുന്നു. മറാഠി ഒട്ടും അറിയില്ല, ഹിന്ദിയിൽ സംസാരിക്കാൻ തുടങ്ങിയാൽ ഞാനുദ്ദേശിച്ച അർത്ഥമൊന്നുമാവണമെന്നില്ല വരുന്നത്. മാത്രമല്ല ആ ചുറ്റപാടിൽ അങ്ങിനെയുള്ള ഒരു വിശദീകരണത്തിന് യാതൊരു പ്രസക്തിയും ഉണ്ടെന്നു തോന്നിയില്ല. ഞാൻ ഒന്നും പറയാതെ പോക്കറ്റിൽ കയ്യിട്ട് ഒരു നോട്ടെടുത്ത് അവളുടെ കയ്യിൽ കൊടുത്തു. അവളതു വാങ്ങുമ്പോഴാണ് ഞാൻ ശ്രദ്ധിച്ചത് അതൊരു നൂറു രൂപനോട്ടായിരുന്നു. ഒരു രാത്രി ഉറക്കമൊഴിച്ച് ഈ അസൗകര്യങ്ങളും കഷ്ടപ്പാടും ഒക്കെ സഹിച്ചാൽ എനിയ്ക്ക് മിച്ചം ഉണ്ടാക്കാവുന്നത് ഏകദേശം അത്രയൊക്കെയേ ഉണ്ടാവു. ഞാൻ മുറിയ്ക്കു പുറത്തു കടന്നു. അവിടെ പൊളിഞ്ഞ നിലത്ത് ചുരുണ്ടുകൂടാൻ പോകുന്ന വയസ്സൻ എഴുന്നേറ്റ് ഓടിവന്നു. ഇത്ര പെട്ടെന്ന് കാര്യം നടത്തിയതിൽ അയാൾ അദ്ഭുതപ്പെടുന്നുണ്ടാവും. അയാൾ കൈനീട്ടി ഇരന്നു.

'സാബ്, ഒരു ചായ കുടിക്കാൻ പൈസ.'

ഇപ്രാവശ്യം ഞാൻ പോക്കറ്റിൽ കൈയിട്ട് ഒരു നോട്ടെടുത്ത് അത് അഞ്ചിന്റെതാണെന്ന് ഉറപ്പു വരുത്തി അയാളുടെ കൈയ്യിലേയ്ക്കിട്ടു.

ഞാൻ പുറത്തു കടന്നു, നിരത്തിലേയ്ക്കു കയറി. കാർ അപ്രത്യക്ഷമായിരുന്നു. എന്താണ് ചെയ്യേണ്ടത് എന്ന് കുറച്ചുനേരം ആലോചിച്ചു. എയർപോർട്ടിന്റെ ഭാഗത്തുനിന്ന് ഒരു കാറിന്റെ ഹെഡ്‌ലൈറ്റ് വരുന്നുണ്ടായിരുന്നു. ഞാൻ കൈ കാണിച്ചു. കാർ എന്റെ അടുത്തു നിർത്തി, പിന്നിൽനിന്ന് ഒരു സ്യൂട്ടിട്ട മനുഷ്യൻ തല പുറത്തേയ്ക്കിട്ടു. ഞാൻ ചോദിച്ചു.

'എനിക്കൊരു ലിഫ്റ്റ് തരാമോ'

'എങ്ങോട്ടു പോണു?'

'എനിക്കു പോണ്ടത് ജുഹുവിലാണ് സർ, എന്നെ സാന്താക്രൂസിലെവിടെയെങ്കിലും വിട്ടാൽ മതി.'

'ഹോപ്പിൻ, കയറി ഇരിക്ക്. ഞാൻ സൺ എന്റ് സാന്റിലേയ്ക്കാണ് പോകുന്നത്.'

ഞാൻ മുമ്പിലുള്ള വാതിൽ തുറന്ന് അകത്തു കയറി, വെള്ള യൂണിഫോമിട്ട ഡ്രൈവറുടെ അടുത്തുള്ള സീറ്റിൽ ഇരുന്നു. കയറി ഇരുന്നപ്പോഴാണ് ഞാൻ കണ്ടത്. ആ പെൺകുട്ടിയും വയസ്സനും കുടിലിന്റെ മുമ്പിൽ എന്നേയും നോക്കി നില്ക്കുകയാണ്. പിൻസീറ്റിൽനിന്ന് ആ മാന്യൻ ചോദിച്ചു.

'സോ യു ഹാഡെ നൈസ് ടൈം. ഏ?'

ഒരു നിമിഷം വല്ലാതായെങ്കിലും കാര്യങ്ങൾ വിശദീകരിച്ചുകൊടുക്കാൻ ഞാൻ ഓങ്ങി. പിന്നെ അതിന്റെ നിരർത്ഥകതയെപ്പറ്റി ബോധം വന്നപ്പോൾ ഞാൻ നിശ്ശബ്ദനായി.

അപ്പോഴാണ് ഞാനതു കണ്ടത്. എന്നെ പിൻതുടർന്ന കാർ മുമ്പിൽ. അത് സാവധാനത്തിൽ ഒരു യു-ടേണെടുത്ത് എയർപോർട്ടിലേയ്ക്കുതന്നെ തിരിച്ചു പോവുകയാണ്. ഒരു പക്ഷേ പാഴാക്കിയ അര മണിക്കൂറിനെ പഴിച്ചുകൊണ്ട്.

വീട്ടിലെത്തി ബെല്ലടിച്ചപ്പോൾ ഉറക്കച്ചടവോടെ എഴുന്നേറ്റു വന്ന ലളിതയോട് ഞാൻ ഫ്ളൈറ്റ് ഒരു മണിക്കൂർ വൈകിയാണ് വന്നത് എന്നുമാത്രം പറഞ്ഞു. സംഭവിച്ച കാര്യങ്ങൾ അങ്ങിനെത്തന്നെ പറഞ്ഞിരുന്നെങ്കിൽ അവൾ എന്നെ ഇനിയൊരിക്കൽ രാത്രി എയർപോർട്ടിലേയ്ക്ക് പോകാൻ സമ്മതിക്കില്ലായിരുന്നു. എന്നാണ് പ്രലോഭനങ്ങൾക്കു മുമ്പിൽ ഞാൻ വീണുപോവുക എന്നറിയില്ലല്ലോ.

എനിക്ക് ഉറക്കം വന്നില്ല.

BACK TO INDEX

# മനസ്സിലാക്കാൻ പറ്റാത്ത എന്തോ ഒന്ന്

വളരെ അദ്ഭുതകരമായ ഒരനുഭവത്തെപ്പറ്റിയാണ് പറയാൻ പോകുന്നത്.

തൃശ്ശൂരിൽനിന്ന് അനുജൻ ഡോ. ദിവാകരന്റെ ഫോൺ വന്നു. അമ്മ രാത്രി വീണു, ഒരു സ്ട്രോക്കായി കിടക്കുകയാണ്. കോഓപ്പറേറ്റീവ് ഹോസ്പ്പിറ്റലിലാണ്, ഉടനെ വരൂ. അതിരാവിലെയാണ് ഫോണുണ്ടായത്. ഞാൻ ഉടനെ പുറപ്പെട്ടു. അമ്മ തലേന്നു വൈകുന്നേരം കോട്ടയത്ത് സാഹിത്യപ്രവർത്തക സഹകരണ സംഘത്തിന്റെ തെരഞ്ഞെടുപ്പിൽ വോട്ടു ചെയ്ത് തിരിച്ചെത്തിയിട്ടേയുള്ളൂ. അമ്മയുടെ ആരോഗ്യം പൊതുവേ മോശമായിരുന്നു. ശ്രീ. സി.പി. ശ്രീധരൻ സാറിന്റെയും മറ്റും സ്നേഹപൂർവ്വമായ നിർബ്ബന്ധത്തിനു വഴങ്ങി ഇറങ്ങിത്തിരിച്ചതായിരുന്നു.

എൺപത്തെട്ടിലെ ജൂലൈ മാസമായിരുന്നു, തീയ്യതി ഓർമ്മയില്ല. എന്നെ സംബന്ധിച്ചേടത്തോളം സാഹിത്യത്തിൽ നല്ല സംതൃപ്തിയുളവായ ഒരു കൊല്ലം. ഓണപ്പതിപ്പുകൾക്കു വേണ്ടി രണ്ടോ മൂന്നോ നല്ല കഥകളെഴുതി അയച്ചു കൊടുത്തു. അതിൽ ശ്രീപാർവ്വതിയുടെ പാദവും, ഡോ. ഗുറാമിയുടെ ആശുപത്രിയും പെടും. അവശയായി കിടക്കുന്ന അമ്മയെ വായിച്ചു കേൾപ്പിക്കാമെന്നു കരുതി ഈ രണ്ടു കഥകളുടെയും കോപ്പി ഒപ്പമെടുത്തു. ഏത് അവശസ്ഥിതിയിലും എന്റെ കഥകൾ വായിക്കാൻ അമ്മക്കിഷ്ടമായിരുന്നു. ഇതിനൊരു പശ്ചാത്തലവുമുണ്ട്. കല്യാണം കഴിയുന്നതുവരെ അമ്മ കഥകളും കവിതകളുമെഴുതിയിരുന്നു. കല്യാണത്തിനു ശേഷം എഴുത്ത് താനെ നിന്നു പോകുകയാണുണ്ടായത്. അതിൽ അമ്മയ്ക്ക് കുണ്ഠിതമുണ്ടായിരുന്നുവെന്നു തോന്നുന്നു. അതുകൊണ്ട് താൻ നിർത്തിയേടത്തുനിന്ന് മകൻ തുടങ്ങിയത് അമ്മയ്ക്ക് എന്തെന്നില്ലാത്ത ആശ്വാസമേകിയിരുന്നു.

തൃശ്ശൂരിൽ ആശുപത്രിയുടെ കാഷ്വൽട്ടിയിൽ അമ്മ കിടക്കുകയാണ്. ചുറ്റം മക്കളുണ്ട്. ഞാൻ അടുത്തു ചെന്നപ്പോൾ അമ്മ എന്നെ നോക്കി. മനസ്സിലായെന്നു തീർച്ച. അമ്മ ആയാസപ്പെട്ട് ഇടത്തു കൈ പൊക്കി എന്റെ നേരെ നീട്ടി. ഞാനതു ഗ്രഹിച്ചു. ഏതോ അജ്ഞാതലോകത്തേയ്ക്കു വഴുതിപ്പോകുകയാണെന്ന മട്ടിൽ അമ്മയെന്റെ കൈ മുറുകെ പിടിച്ചു. സാവധാനത്തിൽ അവരുടെ ദൃഷ്ടി പതറി കൈയ്യിലെ പിടുത്തം അയഞ്ഞു. അമ്മ ഒരു കോമയിലേയ്ക്ക് വഴുതിയിറങ്ങി.

അമ്മ ആശുപത്രിയിൽ ഒരു മാസത്തോളം കിടന്നു. അമ്മയെ ചികിത്സിച്ച ഡോ. മോഹൻ പറഞ്ഞിട്ടും ഞങ്ങൾ ആശ വിട്ടിരുന്നില്ല. അമ്മയുടെ കട്ടിലിനു ചുറ്റും മക്കൾ ഊഴമിട്ട് കാവലിരുന്നു. ഒരു രാത്രി പത്തു മണിക്ക് ഞാൻ ആശുപത്രിയിൽനിന്ന് പുറത്തിറങ്ങി. കാനാട്ടുകരയിലുള്ള വീട്ടിൽ പോകാനായി ഒരു ഓട്ടോ പിടിച്ചു. വലിയ താമസമില്ലാതെ ആ സമയത്ത് ഓട്ടോ കിട്ടിയത് എന്നെ അദ്ഭുതപ്പെടുത്തി. പോകാനുള്ള സ്ഥലവും പറഞ്ഞു കൊടുത്ത് ഞാൻ ഓട്ടോവിൽ കയറിയിരുന്നു. ഞാൻ ക്ഷീണിച്ചിരുന്നു. വേഗം വീട്ടിലെത്തണം, ഭക്ഷണം കഴിച്ച് കിടന്നുറങ്ങണം. റൗണ്ടിൽനിന്ന് പുറത്തേയ്ക്കു കടക്കാതെ ഓട്ടോ പോയത് ഒരു പെട്രോൾ ബങ്കിലേയ്ക്കാണ്. എനിക്കിഷ്ടമില്ലാത്ത ഒരു കാര്യമാണത്. യാത്രക്കാരെയും കൊണ്ട് പെട്രാൾ

ബങ്കിൽ ക്യൂ നിൽക്കുന്നതിനു പകരം പെട്രോളടിക്കലെല്ലാം നേരത്തെ കഴിച്ചുവയ്ക്കരുതോ ഇവർക്ക്.

ഓട്ടോക്കാരൻ പക്ഷേ പോയത് ടയറിൽ കാറ്റു നിറയ്ക്കാനായിരുന്നു. അയാൾ ഓട്ടോവിൽനിന്നിറങ്ങി എയർ സിലിണ്ടറെടുക്കാനായി പോയി. അയാളുടെ നടത്തം നോക്കിയിരിക്കെ എന്നെ ഒരു ഭയം ഗ്രസിച്ചു. ഒരപകടത്തിന്റെ മുന്നറിയിപ്പുപോലെ. എനിക്കു തോന്നി ഈയാൾ കാറ്റു നിറക്കുമ്പോൾ ടയർ പൊട്ടുമെന്ന്. ടയർ പൊട്ടിത്തെറിക്കുന്നത് വളരെ അപകടമാണെന്നെനിക്കറിയാം. അയാൾ സിലിണ്ടറുംകൊണ്ട് വരുമ്പോൾ ഞാൻ  ചോദിച്ചു. 'ഞാൻ ഇറങ്ങണോ?'

അയാൾ വേണ്ടെന്നു പറഞ്ഞ്, കാറ്റു നിറക്കാൻ തുടങ്ങി.  എന്റെ ഭയം കൂടി വരികയാണ്. എന്തായാലും ടയറിനടുത്ത് കാലാണല്ലോ ഉള്ളത്. കാലി നൊന്നും പറ്റരുതെന്നു കരുതി ഞാൻ കാൽ സീറ്റിലേയ്ക്കു കയറ്റി വച്ചു ചമ്രം പടിഞ്ഞിരുന്നു. അയാൾ കാറ്റു നിറക്കുകയാണ്. പെട്ടെന്ന് ഒരു വലിയ ശബ്ദത്തോടെ ടയർ പൊട്ടുകയും ഓട്ടോ ഒന്നു കുലുങ്ങി ഒരു വശത്തേയ്ക്ക് ചരിയുകയും ചെയ്തു. ഞാൻ ചാടി പുറത്തു കടന്നു.

എനിക്കിന്നും മനസ്സിലാവാത്ത ഒരു കാര്യമാണത്. ടയർ പൊട്ടി ത്തെറിക്കുമെന്ന് ഞാൻ എങ്ങിനെ മുൻകൂട്ടി അറിഞ്ഞു? ഒന്നുകിൽ അമ്മ യുടെ കാര്യത്തിൽ സദാ ചിന്തിച്ച് മൂർച്ച കൂടിയ മനസ്സ് വരാൻ പോകുന്ന കാര്യം ഏതോ അദ്ഭുതകരമായ വിധത്തിൽ മുൻകൂട്ടി അറിഞ്ഞു. അല്ലെങ്കിൽ എന്റെ മനസ്സിലെ പെസിമിസം ആ പാവം ഓട്ടോ ഡ്രൈവറുടെ ടയർ പൊട്ടിച്ചു. എനിക്കിപ്പോഴും അറിയില്ല.

അമ്മ മൂന്നു മാസം കോമയിൽ കിടന്നശേഷം സെപ്റ്റമ്പർ മാസം 27-ാം തീയ്യതി മരിച്ചു.

BACK TO INDEX

## നീ എവിടെയാണെങ്കിലും........

അറുപതുകളിലെ കൽക്കത്ത ഒരു വശ്യസുന്ദരിയായിരുന്നു. അന്നെനിക്ക് ഇരുപത്തിരണ്ട് വയസ്സ് പ്രായം. പ്രായത്തിന്റേതായിരുന്നില്ല ആ തോന്നൽ. ഇന്ന് പതിറ്റാണ്ടുകൾക്കുശേഷവും കൽക്കത്തയെപ്പറ്റി ആലോചിക്കുമ്പോൾ മനസ്സിൽ കുളിർ കോരിയിടുന്ന അനുഭവം. രണ്ടു കൊല്ലം ദില്ലിയിലോ, പന്ത്രണ്ടു കൊല്ലം ബോംബെയിലോ താമസിച്ചിട്ട് ഉണ്ടാകാതിരുന്ന ഈ അനുഭവം കൽക്കത്തയെ എന്റെ സ്വന്തം നഗരമാക്കി.

ഞാൻ ഏറെക്കാലം താമസിച്ചിരുന്നത് ബാലിഗഞ്ചിലായിരുന്നു. ഒന്നാം നിലയിലെ ഒരു മുറിയിൽ എന്റെ സ്നേഹിതൻ ജനാർദ്ദനന്റെ ഒപ്പമായിരുന്നു ഏകദേശം രണ്ടുകൊല്ലം. മൂന്നു വയസ്സു താഴെയായിരുന്നെങ്കിലും എന്നേക്കാൾ പക്വത വന്ന ആളായിരുന്നു ആ പത്തൊമ്പതുകാരൻ. എന്റെ എടുത്തുചാട്ടങ്ങളിൽ ഗുണദോഷിച്ചിരുന്ന ആ നല്ല സ്നേഹിതൻ മൂന്നു കൊല്ലം മുമ്പ് ഹൃദ്രോഗ കാരണം മരിച്ചു. അദ്ദേഹത്തെക്കുറിച്ചുള്ള ഓർമ്മകൂടിയാകട്ടെ ഈ കുറിപ്പ്.

ഞങ്ങൾക്ക് രാവിലെ പാൽ കൊണ്ടുവന്നിരുന്നത് ഒരു പെൺകുട്ടിയായിരുന്നു, രേണു. പതിനെട്ട് പത്തൊമ്പതു വയസ്സു പ്രായം. അതിരാവിലെ, ഞങ്ങളെ സംബന്ധിച്ചേടത്തോളം ആറു മണിയൊക്കെ അതിരാവിലെയാണ്, രേണു ഒരു അലുമിനീയ പാത്രത്തിൽ പാലുമായി വന്ന് മുട്ടിവിളിക്കും. അവളെ പ്രാകിക്കൊണ്ടല്ലാതെ ഞങ്ങളുടെ ദിവസം തുടങ്ങാറില്ല. അവൾ എന്നും ഉടുത്തിരുന്നത് ഒരേ ഉടുപ്പായിരുന്നു. അതാകട്ടെ അവളുടെ പെട്ടെന്നുള്ള വളർച്ചയോടൊപ്പം ചെറുതായി വരികയും ചെയ്തിരുന്നു. തിരുമ്പിത്തിരുമ്പി അതിന്റെ ശരിക്കുള്ള നിറമെന്താണെന്ന് അറിയാതായിരിക്കുന്നു. ഞാൻ ചോദിക്കും.

'നിനക്ക് ഒരു പുതിയ ഉടുപ്പു വാങ്ങിക്കൂടെ?'

'ഈ ഉടുപ്പിനെന്താ കുഴപ്പം?' അവൾ ചോദിക്കും. ഉടനെത്തന്നെ എന്റെ പരതുന്ന കണ്ണുകളിൽ നിന്ന് മറയ്ക്കാനായി അവൾ കൈകൾ മാറിലേയ്ക്കു കൊണ്ടുപോകയും ചെയ്യും.

'ഇത്ര ചേതമുള്ള ആൾക്ക് പുതിയൊരുടുപ്പ് വാങ്ങിത്തന്നുകൂടെ?' അവൾ ഒഴിഞ്ഞ പാത്രവുമായി ഓടിപ്പോകും.

'ഞാൻ ഒരു കാര്യം പറഞ്ഞേക്കാം' ജനാർദ്ദനൻ പറയും. 'ഹരിയേട്ടൻ ആ പെണ്ണുമായിട്ടുള്ള കളി നിർത്തിക്കോളൂ. അവള് ആളൊരു പെശകാ.'

അവൾ പെശകാണെന്ന് എനിക്കൊരിക്കലും തോന്നിയിട്ടില്ല. ഒരു പാവം പെൺകുട്ടി. ചെറുപ്പത്തിന്റെ തിമർപ്പ് അവളുടെ ഓരോ ചലനത്തിലുമുണ്ടായിരുന്നത് അവളുടെ കുറ്റമല്ല, പ്രായത്തിന്റേതാണ്. പക്ഷേ ആ ദിവസത്തിനു ശേഷം ഞാൻ അവളെ കണ്ടിരുന്നത് മറ്റൊരു കണ്ണു കൊണ്ടായിരുന്നു. എന്റെ ദിവാസ്വപ്നങ്ങളിൽ അവൾ കടന്നുവന്നു. എന്റെ ഏകാന്തനിമിഷങ്ങൾ അവളെക്കുറിച്ചുള്ള ചിന്തകൾ ഊഷ്മളമാക്കി. ഒരുപക്ഷേ എല്ലാ ആൺകുട്ടികളും ആ പ്രായത്തിൽ ഇങ്ങിനെയൊക്കെത്തന്നെ ആയിരിക്കാം.

അങ്ങിനെയിരിക്കുമ്പോൾ അവൾ എന്തോ വലിയ ആലോചനയിൽ

പെട്ടപോലെ തോന്നി. ചിരിയില്ല, കളിയില്ല, സംസാരം തന്നെയില്ല. എന്തോ പറയാൻ ശ്രമിക്കുന്നപോലെ തോന്നും, പക്ഷേ ഒന്നും പറയുകയുമില്ല. ഞാൻ വല്ലതും കളിയാക്കി സംസാരിച്ചാൽത്തന്നെ അവൾ ജനാർദ്ദനനെ നോക്കും, പിന്നെ ഒന്നും പറയാതെ ഒഴിഞ്ഞ പാത്രമെടുത്ത് പോവുകയും ചെയ്യും. അങ്ങിനെ നാലഞ്ചു ദിവസം കഴിഞ്ഞു. ഒരു ദിവസം അവൾ വന്നപ്പോൾ ജനാർദ്ദനൻ കുളിമുറിയിലായിരുന്നു. അവൾ അകത്തേയ്ക്കു നോക്കി ജനാർദ്ദനൻ എവിടെ എന്ന് ആംഗ്യത്തിൽ ചോദിച്ചു. കുളിമുറിയിലാണെന്നു പറഞ്ഞപ്പോൾ അവൾ സ്വരം താഴ്ത്തി പറയാൻ തുടങ്ങി. അവൾക്ക് 200 രൂപ അത്യാവശ്യമായി വേണം, അത് ഇപ്പോൾത്തന്നെ കിട്ടണം. കഴിഞ്ഞ ഒരാഴ്ച യായി എന്റെ സ്നേഹിതൻ ഉള്ളതുകൊണ്ട് ചോദിക്കാൻ മടിയായതാണ്. അത്യാവശ്യമാണ്, സഹായിക്കണം. ആരോടും പറയരുത്.

'എന്തിനാ നിനക്ക് പണം?'

'ഒരത്യാവശ്യമുണ്ട്. കഴിയുന്നതും വേഗത്തിൽ തിരിച്ചുതരാം.' അവൾ പരിഭ്രമിച്ചിരിക്കയാണ്. ഇടക്കിടയ്ക്ക് കുളിമുറിയുടെ വാതിലിലേയ്ക്ക് നോക്കുന്നുണ്ട്. ജനാർദ്ദനൻ പുറത്തു വരുമ്പോഴേയ്ക്ക് ഞാൻ പണം കൊടുക്കണം.

എന്റെ കയ്യിൽ പണമുണ്ടായിരുന്നു. മിനിഞ്ഞാന്നാണ് ശമ്പളം കിട്ടിയത്. ഒരു മാസത്തെ ചെലവിനുള്ള പണമാണ്. സാരമില്ല. ജനാർദ്ദനനോട് കടം വാങ്ങാം. പെട്ടെന്ന് എനിക്കൊരു കുസൃതി തോന്നി. ഞാൻ പറഞ്ഞു. 'ഞാൻ പണം തരാം, പക്ഷേ നീ ഇന്നുച്ചയ്ക്ക് മുറിയിൽ വരുമോ?'

അവളുടെ മുഖം മങ്ങി. അവൾ ചോദിച്ചു. 'എന്തിനാ?'

'വെറുതെ, നീ വരുമോ?'

'ഞാൻ വന്നില്ലെങ്കിൽ പണം തരില്ലേ?'

ഇല്ലെന്നാണ് ഞാൻ പറഞ്ഞത്. അവൾ വാടിയ മുഖത്തോടെ പറഞ്ഞു. 'എങ്കിൽ ഞാൻ വരാം.'

ഞാൻ പഴ്സിൽനിന്ന് ഇരുനൂറു രൂപയെടുത്ത് കൊടുത്തു. അവൾ അതു വാങ്ങി. പെട്ടെന്ന് എന്തോ ഓർത്തുകൊണ്ട് അവൾ പറഞ്ഞു. 'ഞാൻ ഇന്നു വരില്ല, നാളെ ഉച്ചയ്ക്ക് വരാം.'

അവൾ പോയപ്പോൾ, ഒരു ഇരുനൂറു രൂപ കടം കൊടുക്കാൻ വേണ്ടി ഞാൻ ആവശ്യപ്പെട്ട വിലയുടെ ധാർമ്മികതയൊന്നും എന്റെ മനസ്സിൽ പോയില്ല. എന്റെ പ്രായമതാണ്. സ്വതവേ ഒരെടുത്തുചാട്ടക്കാരനായിരുന്നു ഞാൻ.

പിറ്റേന്ന് പാലു കൊണ്ടുവന്നത് അവളുടെ അനുജനായിരുന്നു. ഇടയ്ക്ക് അവനാണ് പാൽ കൊണ്ടുവരിക. ദീദി എവിടെ എന്നു ചോദിച്ചതിന് വീട്ടിൽ എന്നു മാത്രമേ പറഞ്ഞുള്ളൂ. ചേച്ചിയുടെ ചൊറുചുറുക്കൊന്നുമില്ല അവന്. സാവധാനത്തിൽ നടന്നുവരും. ചിലപ്പോൾ ഏഴുമണിയൊക്കെ കഴിഞ്ഞാലേ അവന്റെ എഴുന്നള്ളത്തുണ്ടാവൂ.

ഞാൻ ഉച്ചയ്ക്കു ശേഷം ലീവെടുത്തു. വരുന്ന വഴിതന്നെ രാമകൃഷ്ണ റസ്റ്റോറണ്ടിൽ കയറി ഭക്ഷണം കഴിച്ചു. അവിടെ നല്ല മൊരിഞ്ഞ ദോശയും നാളികേരത്തിന്റെ കട്ടിച്ചട്ടിണിയും കിട്ടുമായിരുന്നു. വീട്ടിലെത്തിയ ഉടൻ കുളി മുറിയിൽ കയറി കുളിച്ചു. പൗഡറെടുത്തിട്ടു, വാസനിച്ചുനോക്കിയപ്പോൾ പോരെന്നു തോന്നി. വീണ്ടും കുറേ പൗഡറെടുത്തു മേലാസകലം പൊത്തി. ഞാൻ തയ്യാറെടുക്കുകയായിരുന്നു. ജീവിതത്തിൽ ആദ്യമായി ഉണ്ടാകാൻ

പോകുന്ന ഒരനുഭവമാണ്. ഒരു പെൺകുട്ടി! സ്വപ്നങ്ങളിൽ മാത്രം ഉണ്ടായിട്ടുള്ള ഒരനുഭവം ഇതാ ഏതാനും നിമിഷങ്ങളിൽ ശരിക്കുള്ള ജീവിതത്തിൽ ഉണ്ടാവാൻ പോകുന്നു. അവളോട് സംസാരിക്കന്നതിനെപ്പറ്റി, അവളെ കൈവലയത്തിലാക്കുന്നതിനെപ്പറ്റി, സാവധാനത്തിൽ ചുംബിക്കുന്ന തിനെപ്പറ്റിയെല്ലാം വിശദാംശങ്ങൾ ഞാൻ മനസ്സിൽ തയ്യാറാക്കുകയായിരുന്നു. വാതിൽ അല്പം തുറന്നിട്ടു. ഇനി അവൾ വന്ന് വാതിലടച്ചുകണ്ടാൽ തിരിച്ചു പോകേണ്ട. സമയം രണ്ടുമണി കഴിഞ്ഞിരുന്നു. ഞാൻ ജനലിലൂടെ പുറ ത്തേയ്ക്കു നോക്കി നില്പായി. നിരത്ത് ഒരുമാതിരി വിജനമായിരുന്നു. 'മഗ്നോളിയാ' എന്ന് ഈണത്തോടെ വിളിച്ചു പറഞ്ഞുകൊണ്ട് ഒരു ഐസ് ക്രീംകാരൻ ഉന്തുവണ്ടിയുമായി നടന്നുപോയി. രേണു വന്നെങ്കിൽ ഐസ്ക്രീം വാങ്ങാമായിരുന്നു. നിരത്തിന്റെ ഒരറ്റത്തുനിന്ന് നടന്നുവരുന്ന പെൺകുട്ടിയ്ക്കു വേണ്ടി നോക്കി നിൽക്കാൻ തുടങ്ങിയിട്ട് സമയം കുറേയായെന്ന് ഞാൻ ഓർത്തു. വാച്ചു നോക്കിയപ്പോൾ സമയം മൂന്നര. അവൾ മറന്നു പോയതാ യിരിക്കുമോ. അങ്ങിനെ വരാൻ വഴിയില്ല. പിന്നെ?

ക്രമേണ എന്റെ പ്രതീക്ഷകൾ നൈരാശ്യത്തിന് വഴിമാറിക്കൊടുത്തു. അഞ്ചു മണിയോടെ കാത്തിരിപ്പ് അവസാനിപ്പിച്ച് ഞാൻ കട്ടിലിൽ കിടന്ന് കരയാൻ തുടങ്ങി. ജനാർദ്ദനൻ വന്നപ്പോൾ വല്ലാത്തൊരു മാനസികാവസ്ഥയി ലായിരുന്നു ഞാൻ. അയാളുടെ ചോദ്യങ്ങൾക്കൊന്നും ഞാൻ മറുപടി പറഞ്ഞില്ല. കുത്തിച്ചോദിക്കുന്ന പതിവ് അയാൾക്കുണ്ടായിരുന്നില്ല.

പിന്നീട് അവൾ വന്നില്ല. അനുജൻ പാൽ കൊണ്ടുവരും. ദീദിയെവിടെ എന്ന ചോദ്യത്തിന് വീട്ടിൽ എന്ന മറുപടി പറയും. എന്താണ് ദീദി പാൽ കൊണ്ടുവരാത്തത് എന്ന ചോദ്യത്തിന് അറിയില്ലെന്ന് ചുമൽ കുലുക്കി മറു പടി തരും. എനിക്കവളോട് ദ്വേഷ്യമായി. വരാൻ പറ്റില്ലെങ്കിൽ സത്യസന്ധമായി അതു പറയുകയായിരുന്നു ഭംഗി. ഇപ്പോൾ ഒരു ദിവസം മുഴുവൻ എന്നെ ആശിപ്പിച്ച് അവസാനം...... കൊടുത്ത പണത്തെപ്പറ്റി ഞാൻ വേവലാതിപ്പെട്ടില്ല. അന്ന് പണത്തിന് നല്ല വിലയുണ്ടായിരുന്നു. സ്വർണ്ണം പവന് നൂറു രൂപ മാത്രമുണ്ടായിരുന്ന കാലമായിരുന്നു. തല്ക്കാലം ജനാർദ്ദനന്റെ കയ്യിൽനിന്ന് കടം വാങ്ങി. ആ കടം വീട്ടാനായി ഓഫീസിലെ ക്രെഡിറ്റ് സൊസൈറ്റിയിൽ നിന്ന് കടമെടു ക്കേണ്ടി വന്നു. എങ്കിലും പണം കൊടുത്തതിൽ എനിക്കു വിഷമമുണ്ടായില്ല. അവൾ ഒരു തട്ടിപ്പുകാരിയാണെന്ന് ഞാൻ വിശ്വസിച്ചില്ല. എന്തെങ്കിലും അത്യാവശ്യ കാര്യത്തിന് കടം വാങ്ങിയതായിരിക്കണം. എന്നെങ്കിലും പണമുണ്ടാവുമ്പോൾ തരട്ടെ. പക്ഷേ അവൾ എന്തുകൊണ്ട് എന്റെ അടുക്കൽ വരുന്നില്ല. ഇഷ്ടമില്ലെങ്കിൽ അതു നേരിട്ടു പറയാമായിരുന്നു.

രേണുവിന്റെ ഓർമ്മ എന്റെ മനസ്സിൽ നിന്ന് എടുത്തുകളയാൻ ശ്രമിക്കവേ അവൾ വീണ്ടും വന്നു. സാരിയാണ് വേഷം. ഒപ്പം ഒരു ചെറുപ്പക്കാരനു മുണ്ടായിരുന്നു. അവളുടെ നെറുകയിൽ സിന്ദൂരം. ഞാൻ വാതിലും പിടിച്ച് നിൽക്കുകയാണ്. അവൾ സാരിയുടെ അറ്റം തലയിൽക്കൂടി ഇട്ട് എന്നോടു ചോദിച്ചു.

"എന്താ ഞങ്ങളെ അകത്തേയ്ക്കു വിളിക്കാത്തത്?"

ഞാൻ ഒരു സ്വപ്നത്തിൽനിന്ന് ഞെട്ടിയുണർന്നു.

"വരു, ആഷൂൺ, ആഷൂൺ, ബോഷൂൺ....."

അവർ അകത്തേയ്ക്കു വന്നു. ആകെ ഉണ്ടായിരുന്നത് രണ്ടു കസേലക

ളായിരുന്നു. ഒന്നിൽ അയാളും ഒന്നിൽ ഞാനുമിരുന്നു. അവൾ കട്ടിലിൽ ഇരുന്നു.

"അപനാർ ബൊന്ധു കുദെ?" എന്ന ചോദ്യത്തിന് നാട്ടിൽ പോയി എന്നു ഞാൻ ഉത്തരം പറഞ്ഞു. ജനാർദ്ദനൻ ലീവിൽ പോയിരിക്കയാണ്.

"എന്താണ് കല്യാണത്തിന് ക്ഷണിക്കാതിരുന്നത്?" ഞാൻ ചോദിച്ചു.

അവൾ സാവധാനത്തിൽ ഉത്തരം പറഞ്ഞു.

"ബാബുജിയെപ്പോലെ വലിയ ആൾക്കാരെ ക്ഷണിക്കാൻ മാത്രൊന്നും കോളില്ല ഞങ്ങൾക്ക്."

"ചായയുണ്ടാക്കട്ടെ?" ഞാൻ ചോദിച്ചു.

"ഞാൻ ഉണ്ടാക്കാം." അവൾ ചാടിയെഴുന്നേറ്റു. അവൾക്ക് ആ മുറിയിലുള്ള അവകാശം സ്ഥാപിക്കുന്ന മട്ടിൽ അവൾ പെരുമാറി. ചായയുണ്ടാക്കി രണ്ടു ഗ്ലാസുകളിലാക്കി ടീപോയിമേൽ വെച്ചു. മേശപ്പുറത്തുണ്ടായിരുന്ന ടിന്നുകൾ തപ്പി ഒന്നുരണ്ടു ബിസ്ക്കറ്റ് പാക്കറ്റുകൾ പുറത്തെടുത്തു അത് ഒരു പ്ലേയ്റ്റിൽ നിരത്തിവച്ചു. രേണു ചായ കുടിച്ചില്ല.

അയാൾ ഒരു ബാങ്കിൽ പ്യൂണായിരുന്നു. നല്ല പയ്യൻ. നന്നായി വരട്ടെ എന്നു ഞാൻ പ്രാർത്ഥിച്ചു.

അവർ പോയി. ഞാൻ വാതിൽ ചാരി കട്ടിലിന്മേൽ വന്നിരുന്നു. എന്റെ മനസ്സിൽ എന്തൊക്കെയായിരുന്നു എന്ന് എനിക്കിപ്പോൾ ഓർമ്മയില്ല. ഞാൻ കണ്ണടച്ചിരിക്കുകയാണ്. പെട്ടെന്ന് ചാരിയ വാതിൽ തുറക്കുന്ന ശബ്ദം കേട്ട് ഞാൻ കണ്ണു തുറന്നു. അവൾ തിരിച്ചു വന്നിരിക്കയാണ്.

ഒരു ചിരിയോടെ അവൾ അകത്തു കടന്നു. "എന്റെ തൂവാല മറന്നു വെച്ചു."

അവൾ മേശപ്പുറത്തുനിന്ന് തൂവാല എടുത്തു. പിന്നെ അടുത്തു വന്നുകൊണ്ട് ചോദിച്ചു. "എന്നോട് ദ്വേഷ്യത്തിലാണല്ലേ?"

"എന്താണ് പിറ്റേന്ന് വരാതിരുന്നത്?"

അവൾ ഒരു നിമിഷം നിശ്ശബ്ദയായി, പിന്നെ സാവധാനത്തിൽ പറയാൻ തുടങ്ങി.

"ഞാൻ ബാബുജിയുടെ അടുത്തുനിന്ന് എന്തിനാണ് പണം വാങ്ങിയത് എന്നറിയോ? ഒരു സാരി വാങ്ങാൻ, പിന്നെ അഞ്ചു പത്താൾക്കാർക്ക് സദ്യക്കുള്ള ചെലവിനും. അന്നുച്ചയ്ക്ക് ഈ പയ്യൻ എന്നെ കാണാൻ വരുംന്ന് പറഞ്ഞിരുന്നു. അതാണ് ഞാൻ പിറ്റേന്നു വരാമെന്ന് പറഞ്ഞത്. പയ്യൻ വന്നു ഇഷ്ടായി അപ്പൊത്തന്നെ കല്യാണം ഉറപ്പിക്ക്യും ചെയ്തു. പിന്നെ അമ്മ എന്നെ പുറത്തു വിട്ടില്ല. ഞാൻ കുറേ പറഞ്ഞു നോക്കി. കല്യാണനിശ്ചയം കഴിഞ്ഞാൽ ഞാൻ ഒറ്റയ്ക്ക് പുറത്തിറങ്ങരുത് എന്ന് അമ്മ പറഞ്ഞു. എന്നോട് ദ്വേഷ്യായി അല്ലേ?"

ഒരു ദിവസത്തെ തയ്യാറെടുപ്പും നീണ്ട കാത്തിരിപ്പും ഓർമ്മയിൽ വന്നു.

"ഞാൻ കുറേ കാത്തു." അതു പറയുമ്പോൾ എന്റെ കണ്ണുകൾ നിറഞ്ഞു.

"സാരല്ല്യ, സങ്കടപ്പെടണ്ട. ഞാൻ ഒരു ദിവസം ഒറ്റയ്ക്ക് വരാം. സങ്കടൊക്കെ മാറ്റിത്തരാം. ഇപ്പോൾ പോട്ടെ. ഭർത്താവ് ചോട്ടിൽ കാത്തു നിൽക്ക്ണ്ണ്ട്. ഞാൻ ബാബുജിയോട് ഒറ്റയ്ക്ക് സംസാരിക്കാൻ കരുതിക്കൂട്ടി തൂവാല മറന്നു വെച്ചതാണ്. ബാബുജി സങ്കടപ്പെടല്ലേ."

പെട്ടെന്ന് അവൾ വാതിൽക്കലേയ്ക്കു നോക്കി ധൃതിയിൽ എന്നെ കെട്ടിപ്പിടിച്ച് രണ്ടു കവിളിലും ഓരോ ഉമ്മ സമ്മാനിച്ച് ഓടിപ്പോയി. ഞാൻ

കുറേ നേരം ഒറ്റയിരിപ്പിൽ ഇരുന്നു. ഞാൻ കരയുകയായിരുന്നു. ഇപ്പോൾ കരഞ്ഞിരുന്നത് അന്യായമായ എന്റെ ദുരാഗ്രഹങ്ങളുടെ പൂർത്തീകരണത്തിനു സംഭവിച്ച തടസ്സങ്ങളുടെ പേരിലല്ല, മറിച്ച് ഒരു പെൺകുട്ടിയ്ക്ക് എന്നോടുള്ള കറകളഞ്ഞ സ്നേഹത്തിന്റെ പേരിലായിരുന്നു.

രണ്ടു മാസത്തിനകം ഞങ്ങൾ വീടു മാറി. അതിനു ശേഷം അവളെ കണ്ടിട്ടില്ല. രേണൂ, നീ എവിടെയാണെങ്കിലും നന്നായി വരട്ടെ.

BACK TO INDEX

## ഒന്നും തിരിച്ചുകൊടുക്കാനാകാതെ

വളരെ മുമ്പ്, അതായത് അറുപതുകളിൽ ഉണ്ടായ ഒരു സംഭവമാണ്. എനിക്ക് ഇരുപത്തിരണ്ടു വയസ്സു പ്രായം. ഞാനൊരു മഹാനഗരത്തിൽ ജോലി ചെയ്യുന്നു. മഹാനഗരങ്ങളിലെ ആയിരക്കണക്കിന് മലയാളി അവിവാഹിതരെപ്പോലെ ഞായറാഴ്ചകളിൽ വൈകി എഴുന്നേൽക്കുന്നു, ഏതെങ്കിലും മോണിങ്ഷോവിന് പോകുന്നു, ഉച്ചയ്ക്ക് കുടുംബമായി താമസിക്കുന്ന വല്ല സ്നേഹിതരുടേയോ പരിചയക്കാരുടേയോ വീട്ടിൽ ഊണു തരമാക്കുന്നു. വീണ്ടും വല്ല സിനിമാ ശാലകളിൽ.

അങ്ങിനെ ഒരുവിധം കുഴപ്പമില്ലാത്ത ജീവിതം നയിച്ചുകൊണ്ടിരിക്കെയാണ് എറണാകുളത്തുകാരായ ഒരു ദമ്പതികളെ പരിചയപ്പെടുന്നത്. ഇനി ആകെ കുഴപ്പമായി എന്ന ദുഃസ്സൂചനയൊന്നുമില്ല കെട്ടോ. വളരെ നല്ല കൂട്ടർ. ഭർത്താവുമതെ, ഭാര്യയുമതെ. മേയ്ഡ് ഫോർ ഈച്ചദർ മത്സരങ്ങളിൽ പങ്കെടുത്താൽ സമ്മാനം തീർച്ച. അത്രയ്ക്കു യോജിപ്പാണ്. അദ്ദേഹത്തിന് മുപ്പത്തിരണ്ടു വയസ്സ്, അവർക്ക് ഇരുപത്താറ്. ഞാനവരെ ചേട്ടനെന്നും ചേച്ചിയെന്നും വിളിച്ചു. പെട്ടെന്നാണ് അവരോട് അടുത്തത്. അവരുമതെ ഇങ്ങിനെ ഒരുത്തൻ വന്ന് സ്നേഹത്തോടെ അടുക്കാൻ കാത്തിരുന്നപോലെ. എന്റെ ഞായറാഴ്ചകൾ അവരുടെ വീട്ടിലായി. സിനിമയ്ക്ക് അവരുടെ ഒപ്പം പോകും. പോകാതിരുന്നാൽ അവർ പിണങ്ങും. അമ്മയ്ക്കു ശേഷം എനിക്ക് ഇത്രയധികം സ്നേഹം കിട്ടിയിട്ടുള്ളത് ഈ സ്ത്രീയിൽ നിന്നാണെന്നു പറഞ്ഞാൽ അതിശയോക്തിയാവില്ല. എന്റെ ഒഴിവുദിനങ്ങൾ അവർ തീറെഴുതി വാങ്ങാൻ താമസമുണ്ടായില്ല. എന്റെ പഴയ പരിചയക്കാർ പരിഭവം പറയുന്നത് ഞാൻ കണക്കാക്കിയില്ല.

ചില ദിവസങ്ങളിൽ ഓഫീസ് വിട്ടാലും ഞാൻ അവരുടെ വീട്ടിൽ ചെന്ന് രാത്രി ഭക്ഷണംകൂടി കഴിച്ചേ ഇറങ്ങാറുള്ളൂ. അങ്ങിനെയുള്ള ഒരു വൈകുന്നേരം ഞാൻ ചെന്നപ്പോൾ രവിയേട്ടൻ (പേര് ശരിക്കുള്ളതല്ല) ഒരു ടൂറിനുള്ള പുറപ്പാടാണ്. എന്നെ കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു. 'ങാ, പറഞ്ഞപ്പോഴേയ്ക്ക് എത്തിയിരിക്കുന്നു. ഇനി അനിതയ്ക്ക് ഫോൺ ചെയ്യണ്ടല്ലോ രമേ.' രണ്ടു ദിവസത്തെ ടൂറിനിറങ്ങുകയായിരുന്നു രവിയേട്ടൻ. അപ്പോൾ രമച്ചേച്ചിക്ക് കൂട്ടിനു വേണ്ടി ഒരകന്ന ബന്ധുവായ അനിതയോടു വരാൻ പറയാൻ പോകുകയായിരുന്നു. തിരിഞ്ഞ് എന്നോടായി അദ്ദേഹം പറഞ്ഞു. 'തനിക്കിവിടെ രണ്ടു ദിവസം ഡ്യൂട്ടിയാണ്.' പിറ്റേന്ന് ഓഫീസിൽ പോകാൻ വസ്ത്രങ്ങൾ ഇല്ലെന്നും മറ്റുമുള്ള എന്റെ ഒഴിവുകഴിവുകൾ വിലപ്പോയില്ല.

കുളികഴിഞ്ഞശേഷം എനിക്കിടാൻ തന്നത് രവിയേട്ടന്റെ ലുങ്കിയും കയ്യില്ലാത്ത ബനിയനു മായിരുന്നു. നല്ല ഒത്ത ശരീരപ്രകൃതിയായ രവിയേട്ടന്റെ ബനിയൻ ഇട്ടപ്പോൾ ഞാനൊരു നോക്കുകുത്തിയെപ്പോലെ തോന്നിച്ചിട്ടുണ്ടാകണം. രമചേച്ചി വായ പൊത്തി ചിരിക്കാൻ തുടങ്ങി. പിന്നെ രവിയേട്ടന്റെ ഷർട്ടുകൾ എനിക്കു പാകമാവില്ലെന്നുറപ്പായപ്പോൾ ഞാൻ അഴിച്ചിട്ട വസ്ത്രങ്ങൾ അവർ കുളിമുറിയിൽ കൊണ്ടുപോയി തിരുമ്പിയെടുത്തു. രാത്രി അവർ എനിക്കു വേണ്ടി നല്ല വിഭവങ്ങളുണ്ടാക്കി. ഉറങ്ങേണ്ട സമയമായപ്പോൾ അവർ പറഞ്ഞു. 'നീ പോയി കിടന്നോ. രമച്ചേച്ചിക്ക് അടു

ക്കളയിൽ കുറച്ചു പണിയുണ്ട്. അതു കഴിഞ്ഞ ഉടനെ വരാം.'

ഞാൻ ആലോചിച്ചു. എവിടെ കിടക്കാനാണ് അവർ എന്നോടാവശ്യപ്പെട്ടത്? അവിടെ ഒരിരട്ട കട്ടിൽ മാത്രമേ ഉള്ളൂ. പിന്നെയുള്ളത് സ്വീകരണമുറിയിലെ ചെറിയ, നീളം കുറഞ്ഞ സോഫയാണ്. അവിടെയാവില്ല. രണ്ടുമുറി ഫ്ളാറ്റിൽ എനിക്കു നോക്കാനുള്ളത് കിടപ്പറ മാത്രമായിരുന്നു. അവിടെ കിടക്ക ഭംഗിയായി വിരിച്ചിട്ടിരിക്കുന്നു. രണ്ടു പുതപ്പുകൾ കാൽഭാഗത്ത് മടക്കി വച്ചിട്ടുണ്ട്. രമച്ചേച്ചി എന്തും കലാപരമായേ ചെയ്യാറുള്ളൂ. ഒന്നും അസ്ഥാനത്തു കാണില്ല. ഞാൻ സംശയിച്ചു നിൽക്കുന്നതു കണ്ടപ്പോൾ അവർ വന്നു.

'ങും, എന്താ?'

'ഞാൻ ഇവിട്യാണോ കിടക്കണെത്?'

'അതെ?' എന്താ സംശയമെന്ന മട്ടിൽ അവർ പറഞ്ഞു.

പെട്ടെന്ന് അങ്ങിനെ ചോദിച്ചതിൽ ഞാൻ ലജ്ജിച്ചു. പലപ്പോഴും ഞാൻ ആ കട്ടിലിൽ കിടന്നിട്ടുണ്ട്. ഞാൻ ഒരു വശത്തും രമച്ചേച്ചി മറുവശത്തും കിടന്നുകൊണ്ട് സംസാരിക്കും. അന്നൊന്നും തോന്നാത്ത വിചാരങ്ങൾ എന്തേ ഇപ്പോൾ തലപൊക്കാൻ? പുറത്ത് വീടിനെ പൊതിഞ്ഞിരിക്കുന്ന ഇരുട്ടാണോ, അതോ ഒപ്പം കിടക്കാൻ പോകുന്ന സ്ത്രീയുടെ ഭർത്താവ് അകലത്താണെന്ന ബോധമാണോ? എന്തായാലും ഞാൻ എന്റെ സങ്കുചിത മനസ്സിനെ പെട്ടെന്ന് നിയന്ത്രിച്ചു.

അടുക്കള ജോലി പെട്ടെന്നു തീർത്ത് മേൽ കഴുകി രമചേച്ചി കിടക്കാൻ വന്നു. അവർ ഒരു നൈറ്റിയാണ് ഇട്ടിരിക്കുന്നത്. ഞാനവരെ ആ വേഷത്തിൽ ഇതുവരെ കണ്ടിട്ടില്ല. നൈറ്റി രാത്രി കിടക്കുന്ന സമയത്തു മാത്രമായിരിക്കണം അവർ ധരിക്കുന്നത്. എന്റെ നേരെ തിരിഞ്ഞു കിടന്നുകൊണ്ട്, തലയിൽ കൈയ്യും ഊന്നി അവർ സംസാരിക്കാൻ തുടങ്ങി. സമയം പന്ത്രണ്ടായിട്ടും സംസാരം നിർത്തുന്നില്ല. അതിനിടയ്ക്ക് ഞാനെപ്പോഴോ ഉറങ്ങിപ്പോയി.

കവിളിൽ ഒരു മൃദുസ്പർശം. ഞാൻ ഞെട്ടിയുണർന്നു. ചുറ്റും ഇരുട്ട്. എന്താണ് സംഭവിക്കുന്നതെന്നു മനസ്സിലാക്കാൻ കുറച്ചു സമയമെടുത്തു. ഒരു മൃദുവായ കൈ എന്റെ അരക്കെട്ടു വരിഞ്ഞിരിക്കുന്നു. ഞാൻ പെട്ടെന്ന് എഴുന്നേറ്റിരുന്നു. 'ചേച്ചീ.....' മറുപടി ഉണ്ടായില്ല. എന്നെ സ്നേഹത്തോടെ വരിഞ്ഞിരുന്ന കൈകൾ തിരിച്ചെടുക്കപ്പെട്ടു. രമചേച്ചി നീങ്ങിക്കിടന്നു. ഞാൻ ഒരിക്കൽക്കൂടി വിളിച്ചു. 'ചേച്ചീ...' അവർ കണ്ണുതുറന്നു കിടക്കുകയാണെന്നു മനസ്സിലായി. പക്ഷേ അവരുടെ മുഖഭാവമെന്താണെന്ന് എനിക്കു മനസ്സിലായില്ല. ഞാൻ കുറേനേരം ഉറങ്ങാതെ കിടന്നു. എനിക്കു മനസ്താപമായി. അവർ തന്ന സ്നേഹം തിരിച്ചുകൊടുക്കാൻ എനിക്കു പറ്റിയില്ലല്ലോ. അവർ തൊട്ടടുത്താണ്. എനിക്ക് അടുത്തേയ്ക്കു നീങ്ങിക്കിടന്ന് അവരെ കെട്ടിപ്പിടിക്കുകയേ വേണ്ടു. ഒരുപക്ഷേ അതവരെ ആശ്വസിപ്പിച്ചേനേ. ഞാനതു ചെയ്തില്ല. എന്റെ പ്രായമായിരിക്കണം കാരണം. ഇരുപത്തിരണ്ടു വയസ്സിൽ ഒരാൺകുട്ടി മാനസികമായി അത്രയ്ക്കു വളർന്നിരിക്കയില്ല. പിന്നീട് പലപ്പോഴും ആ അവസരത്തെ പലമട്ടിൽ വ്യാഖ്യാനിച്ച് ഞാൻ വിഷമിച്ചിട്ടുണ്ട്. തിരിച്ചുകൊടുക്കാൻ പറ്റാത്ത സ്നേഹത്തെക്കുറിച്ച്, നഷ്ടപ്പെട്ട അവസരത്തെ പഴിച്ച്, ആണത്തം തെളിയിക്കാൻ കൈവന്ന അവസരം നഷ്ടപ്പെടുത്തിയതിനെക്കുറിച്ച് വ്യസനിച്ച്, അങ്ങിനെ പലതും. ഇനി ഒരവസരം കിട്ടിയാൽ ഞാൻ അതിനൊപ്പം വളരുമെന്ന് പ്രതിജ്ഞയുമെടുത്തു.

അങ്ങിനെ ഒരവസരം വന്നില്ല. ഒരു മാസത്തിനുള്ളിൽ ഞാൻ ദില്ലിയ്ക്കു മാറ്റമായി പോയി. രമ ചേച്ചിയുടെ കത്തുകൾ ഇടയ്ക്കിടക്കു വന്നു. പിന്നെ എപ്പോഴും മറുപടി കിട്ടാതിരുന്നതിനാലാവണം അതും താനെ നിന്നുപോയി. ഞാൻ എൺപത്തിമൂന്നിൽ നാട്ടിൽ തിരിച്ചെത്തി, എൺപത്തിനാലിൽ എറണാകുളത്ത് സ്ഥിരതാമസമാക്കുകയും ചെയ്തു. അവർ ആലുവായിലാണെന്നറിയാം, പക്ഷേ കാണുവാനുള്ള ശ്രമമൊന്നും നടത്തിയില്ല. ഞാൻ, എന്റെ കുടുംബം, എന്റെ പ്രാരാബ്ധങ്ങൾ, അങ്ങിനെ പോയി.

എൺപത്തെട്ട് ജനുവരിയിലാണ് രവിയേട്ടൻ മരിച്ചുവെന്നറിഞ്ഞത്. തികച്ചും യാദൃശ്ചികമായി. വിവരം തന്ന സ്നേഹിതന്റെ അടുത്തുനിന്ന് അവരുടെ വിലാസം കിട്ടി. എന്തുകൊണ്ടോ രമചേച്ചിയെ കാണണമെന്നു തോന്നി; ഒരു ഞായറാഴ്ച ഉച്ചതിരിഞ്ഞ് പോകുകയും ചെയ്തു.

സാമാന്യം വലിയ വീടായിരുന്നു അത്. വാതിൽ തുറന്നത് രമചേച്ചി തന്നെയായിരുന്നു. കുറച്ചു തടിച്ചിട്ടുണ്ട്, തലയിൽ ഓരോരോ നരച്ച ഇഴകൾ. അത്ര മാത്രം. ഇരുപത്തഞ്ചുകൊല്ലം അവരുടെ സൗന്ദര്യത്തിന് കാര്യമായ പോറലൊന്നും ഏൽപ്പിക്കാൻ പറ്റിയിട്ടില്ല. അവർക്കെന്നെ പെട്ടെന്നു മനസ്സിലായില്ലെന്നു തോന്നുന്നു. ഞാനും ഒന്നും പറയാൻ പോയില്ല. പിന്നെ ക്രമേണ അവരുടെ മുഖം വികസിച്ചു. രവിയേട്ടൻ ഒരു മാസം മുമ്പാണ് മരിച്ചത്. അവർക്ക് രണ്ടാൺമക്കളാണുള്ളത്. ഒരാൾ മുംബൈയിൽ ജോലി ചെയ്യുന്നു. അച്ഛൻ മരിച്ച വിവരമറിഞ്ഞു വന്ന് ഇന്നലെ തിരിച്ചു പോയിട്ടേയുള്ളൂ. രണ്ടാമത്തെ ആൾ ചെങ്ങന്നൂരിൽ എഞ്ചിനീയറിങ്ങിനു പഠിക്കുന്നു. ഉച്ചക്കുള്ള വണ്ടിക്ക് പോയി. നാളെ ക്ലാസുണ്ട്. സ്വീകരണ മുറിയിലിരുന്ന് രമചേച്ചി സംസാരിച്ചു കൊണ്ടിരുന്നു. അവരുടെ ഓരോ വാക്കിലും സ്നേഹം നിറഞ്ഞു നിന്നു. ഞാൻ എന്നെത്തന്നെ പഴിക്കുകയായിരുന്നു. ജീവിതത്തിന്റെ ഏതോ വഴിത്തിരിവിൽ കൃതഘ്നനായ ഞാൻ അവരുടെ സ്നേഹം വലിച്ചെറിയുകയാണുണ്ടായത്. ഒന്നും തിരിച്ചുകൊടുക്കുവാനാവാതെ.

ഞാൻ കരയുകയായിരുന്നു. അതവരെ അമ്പരപ്പിച്ചു, ഒട്ടു വിഷമിപ്പിക്കുകയും ചെയ്തു. അവർ എഴുന്നേറ്റുകൊണ്ടു പറഞ്ഞു. ‘ഞാൻ ചായയുണ്ടാക്കട്ടെ.’

അവർ ചായയുമായി തിരിച്ചുവന്നു. ‘എന്തിനേ കരഞ്ഞത്? ചേച്ചിയെ ഓർത്താണോ?’ ഞാൻ ഒന്നും പറ ഞ്ഞില്ല. അവർ തുടർന്നു. ‘ഒരു സ്ത്രീയുടെ മനസ്സ് എന്താണെന്ന് ആരെങ്കിലും മനസ്സിലാക്കുന്നുണ്ടോ?’ അവരുടെ സ്വരത്തിൽ വേദനയുണ്ടായിരുന്നു, കണ്ണിൽ ഈർപ്പവും.

ഞാൻ പോകാനായി എഴുന്നേറ്റപ്പോൾ അവർ പറഞ്ഞു. രവിയേട്ടൻ പോയിട്ട് ആദ്യായിട്ടാണ് ഞാൻ ഒറ്റയ്ക്കാവണത്. ഇതുവരെ മക്കളുണ്ടായിരുന്നു. ഇന്ന് രാജീവും പോയപ്പോൾ വല്ലാത്ത വിഷമം തോന്ന്വാ.’ അവർ എന്റെ ഒപ്പം ഉമ്മറത്തേയ്ക്കു വന്നു. പോകാനായി വിടപറയാൻ ഞാൻ അവരുടെ മുഖത്തു നോക്കി. അവർക്കെന്തോ പറയാനുണ്ടായിരുന്നു. ഞാൻ കാത്തു നിന്നു.

‘നിനക്ക് ഇന്നുതന്നെ തിരിച്ചുപോണോ?’ അവർ സംശയിച്ചുകൊണ്ട് തുടർന്നു. ‘വിഷമാവില്ലെങ്കിൽ ഇന്ന് രാത്രി ഇവിടെ കഴിയാം.’

ഞാൻ എന്താണ് മറുപടി പറയേണ്ടതെന്ന് ആലോചിച്ചിരിക്കെത്തന്നെ വീണ്ടും ഒരു ഇരുപത്തിരണ്ടു വയസ്സുകാരനാവുകയായിരുന്നു.

BACK TO INDEX

## പ്രണയം യാത്രയിൽ

യാത്രയിലെ പ്രണയം എനിക്കിഷ്ടമായിരുന്നു. അതു ഇരുവഴി പ്രേമ മാണെങ്കിൽ മാത്രം. അല്ലാതെ സിനിമയിൽ കാണുന്നപോലെ ആണിന് പെണ്ണിനോടു മാത്രം സ്നേഹം തോന്നുകയും അതിന്റെ സാക്ഷാൽക്കാര ത്തിന്നായി പിന്നാലെ നടന്നും പാട്ടു പാടിയും അഭ്യാസങ്ങൾ കാണിക്കുന്ന പൈങ്കിളി പ്രേമം എനിക്കിഷ്ടമല്ല. പാട്ടു പാടാൻ അറിയാത്തതുകൊണ്ടു മാത്രമല്ല, അതിൽ റിയലിസം ഒട്ടുമില്ലെന്നതു കൊണ്ടുകൂടിയാണത്. അതുകൊണ്ട് ആദ്യത്തെ നോട്ടത്തിൽത്തന്നെ അനുകൂലമായ പ്രതികരണ മുണ്ടെങ്കിലേ ഞാൻ മുന്നോട്ടു പോകാറുള്ളൂ. നമ്മുടെ സമയവും വില പിടിച്ചതാണല്ലോ, യാത്രക്കിടയിലെ ഏതാനും മണിക്കൂറുകൾ മാത്രമാണെ ങ്കിലും.

കൽക്കത്തയിൽ നിന്ന് മദ്രാസ് വരെയുള്ള യാത്ര സംഭവരഹിതമായിരുന്നു. മദ്രാസിൽ നിന്ന് മംഗലാപുരം മെയിലിൽ കയറിയപ്പോഴാണ് ആ അത്യാഹിതം സംഭവിച്ചത്. ഞാൻ എന്റെ പെട്ടി കയറ്റി ഇരിപ്പിടത്തിന്നടിയിൽ ഭദ്രമായി വച്ച് വാതിൽക്കൽ പോയി നിന്ന് പ്ലാറ്റുഫോമിലേയ്ക്കു നോക്കി നിൽപ്പായി; ധൃതിയിൽ സാമാനങ്ങളുമായി കയറാൻ ശ്രമിക്കുന്നവർക്ക് ശല്യമായിക്കൊണ്ട്. അങ്ങിനെ നിൽക്കുമ്പോഴാണ് ഒരു പെൺകുട്ടി, ഇരുപത് ഇരുപത്തൊന്ന് വയസ്സുണ്ടാകും, ഒരു വലിയ സ്യൂട്ട്കേസും താങ്ങി വരുന്നത്. ധീരോദാ ത്തതയ്ക്ക് കിട്ടുന്ന ഒരു സന്ദർഭവും പാഴാക്കാതിരുന്ന ഞാൻ കൈ നീട്ടി ക്കൊണ്ട് ചോദിച്ചു. 'ഞാൻ സഹായിക്കണോ?'

'ങാ, താങ്കൾ ആ വാതിൽക്കൽനിന്ന് മാറിനിന്നുകൊണ്ട്.'

അവളുടെ മറുപടി പെട്ടെന്നായിരുന്നു. അമ്പടി കേമി! എന്റെ ചമ്മൽ മറച്ചുവെച്ചുകൊണ്ട് ഞാൻ പ്ലാറ്റുഫോമിലേയ്ക്കിറങ്ങിനിന്നു. അവൾ പെട്ടി കയറ്റാനുള്ള ശ്രമത്തിലായി. പെട്ടെന്നാണ് ഒരു വലിയ സ്യൂട്ട്കേസുമായി ഓടിവന്ന ഒരാൾ വണ്ടി പോകാൻ തുടങ്ങിയെന്ന മട്ടിൽ അവളെ തട്ടി മാറ്റിക്കൊണ്ട് കയറിയത്. അവൾ അടിതെറ്റി വീഴാൻ പോയി. ഞാൻ പിടിച്ചില്ലെങ്കിൽ അവൾ പ്ലാറ്റുഫോമിൽ കമിഴ്ന്നടിച്ചു വീണേനേ. എന്നെ നോക്കി ഒരു ചമ്മലോടെ 'താങ്ക് യു' പറഞ്ഞുകൊണ്ട് അവൾ വീണ്ടും സ്യൂട്ട്കേസ് എടുത്തു പൊന്തിക്കാൻ നോക്കി.

ഇതാണെന്റെ അവസാനത്തെ അവസരം എന്ന് ഞാൻ കരുതി. ഇപ്പോൾ ഇടപെട്ടില്ലെങ്കിൽ ഇനിയൊരിക്കലും പറ്റില്ലെന്ന് എനിക്കു മനസ്സിലായി. ഞാൻ സ്യൂട്ട്കേസ് അവളുടെ കയ്യിൽനിന്ന് കുറച്ചു ബലമായിത്തന്നെ പിടിച്ചു വാങ്ങി.

'ഈ വക കാര്യങ്ങൾ കഴിവുള്ളവരെ ഏല്പിക്കുക' എന്നും പറഞ്ഞു.

എന്റെ ധീരോദാത്തതയ്ക്ക് ഒരവസരം തന്നുകൊണ്ട് അവൾ മാറിനിന്നു.

'എത്രയാണ് സീറ്റ് നമ്പർ?'

'അമ്പത്താറ്.'

ഞാൻ കണക്കാക്കി. എന്റെ സീറ്റ് 49 ആണ്. അപ്പോൾ അവളുടെ സീറ്റ് എന്റെ എതിർവശത്തുള്ള സൈഡ് സീറ്റാണ്. ഞാൻ പെട്ടി പൊക്കി വണ്ടി ക്കുള്ളിൽ വച്ചു. അപ്പോഴാണ് അവൾക്ക് അതു കഴിയാഞ്ഞതിന്റെ കാരണം

മനസ്സിലായത്. നല്ല കനമുണ്ടതിന്. ധീരോദാത്തതയ്ക്ക് അതിന്റേതായ വില കൊടുക്കണം. അമ്പത്താറാം നമ്പർ സീറ്റ് കമ്പാർട്ടുമെന്റിന്റെ നടുവിലാണ്. അതുവരെ ഏറ്റി പെട്ടി ഇരിപ്പിടത്തിന്റെ അടിയിലേയ്ക്ക് നീക്കിവച്ചപ്പോഴേയ്ക്ക് ഞാൻ തളർന്നിരുന്നു.

അവൾ എനിക്കെതിരായി ഇരുന്നു ഹാന്റ്ബാഗ് മടിയിൽ വച്ച് ഭംഗിയായി ഒരു നന്ദി പറഞ്ഞു. വലിയ കാര്യമായി! പിശുക്കി; പോർട്ടർക്ക് കാശു കൊടുക്കാതെ കഴിച്ചു.

'എന്താണിതിന്നുള്ളിൽ, ഇരുമ്പുകട്ടകളോ?'

'നല്ല വെയറ്റുണ്ടല്ലേ?'

'ഏയ്.'

'പുസ്തകങ്ങളാണ്.'

ചിലപ്പോൾ തോന്നും വണ്ടിയിൽ അവനവന്റെ കാര്യം നോക്കി പോയാൽ മതിയെന്ന്. പക്ഷേ ഇരുപത്തഞ്ചാം വയസ്സിൽ ഒരവസരത്തിനു വേണ്ടി നടക്കുമ്പോൾ ഭവിഷ്യത്തുകളൊന്നും നോക്കില്ല.

'എന്താണ് പേര്?' വാട്ടർ ബോട്ടിലിൽ നിന്ന് ഒരു കവിൾ എടുത്തു കൊണ്ട് ഞാൻ ചോദിച്ചു.

'നിശ' ഒരു നിമിഷത്തെ സംശയത്തിനു ശേഷം അവൾ പറഞ്ഞു. അതു നുണയാണെന്നു തോന്നി.

'നിങ്ങളുടെ പേര്?'

ഞാൻ എന്റെ ശരിക്കുള്ള പേർ പറഞ്ഞു.

'നാട്?'

'പൊന്നാനി.'

'അപ്പോൾ കുറ്റിപ്പുറത്താണ് ഇറങ്ങുക അല്ലേ?'

'അതെ.'

പിന്നീട് ചോദ്യങ്ങളുടെ ശരവർഷമായിരുന്നു. വീട്ടുപേര്, അച്ഛന്റെയും അമ്മയുടെയും പേര്. ഞാൻ അങ്ങോട്ടു ചോദ്യങ്ങൾ ചോദിക്കുന്നത് ഒഴിവാക്കാനുള്ള വിദഗ്ദമായൊരടവായി അത് എനിക്കു തോന്നി. സമയമുണ്ടല്ലോ എന്നു ഞാനും കരുതി. പക്ഷേ രാത്രി കിടക്കാനായി അവൾ മുകളിലെ ബർത്തിലേയ്ക്കു പോകുന്നതുവരെ എനിക്കു കിട്ടിയ വിവരം അവളുടെ പേരും, അവൾ മദിരാശിയിൽ ജോലിയെടുക്കുകയാണെന്നും മാത്രമായിരുന്നു. ഏതു കമ്പനി യാണെന്നു കൂടി പറഞ്ഞില്ല. പേരുതന്നെ ശരിക്കുള്ളതാണോ എന്ന് സംശയമാണ്. കാരണം അറുപതുകളിൽ നമ്മുടെ നാട്ടിൻപുറത്തൊന്നും നിശ എന്ന പേര് അത്ര സാധാരണമല്ല. ചോദ്യങ്ങൾക്ക് ശരിക്കുള്ള ഉത്തരം പറയാതെ ഒഴിഞ്ഞു മാറാനുള്ള അവളുടെ വൈദഗ്ദ്യം മികച്ചതുതന്നെ.

അതിനിടയ്ക്ക് രാത്രിഭക്ഷണം കൊണ്ടുവന്നു. നിറയെ കള്ളികളുള്ള സ്റ്റീൽ പാത്രത്തിൽ ചോറും കറികളും, ഒരു സ്റ്റീൽ തട്ടുകൊണ്ട് അടച്ചുവച്ചിരുന്നു. ഭക്ഷണം ബുക്കുചെയ്യാൻ വന്നപ്പോൾ അവൾ വേണ്ടെന്നാണ് പറഞ്ഞിരുന്നത്. ഒരുപക്ഷേ കൊണ്ടുവന്നിട്ടുണ്ടാകും. ആള് പിശുക്കിയാണെന്നു തോന്നിയിരുന്നു. ഞാൻ എന്റെ പാത്രം തുറന്നു. സാമ്പാറിന്റെ നല്ല വാസന. സാധാരണ റെയിൽവെ ഭക്ഷണം കഴിക്കാൻ തോന്നാറില്ല. പക്ഷേ അന്ന് വിശപ്പുണ്ടായതു കൊണ്ടാണെന്നു തോന്നുന്നു നല്ല വാസന അനുഭവപ്പെട്ടത്. നിശ എന്റെ

പാത്രത്തിലേയ്ക്കു നോക്കുകയാണ്. വിഭവങ്ങൾ നോക്കി പഠിക്കുകയാണെന്നു തോന്നുന്നു. ഞാൻ ചോദിച്ചു.

'നിശ ഭക്ഷണം കൊണ്ടുവന്നിട്ടുണ്ടാകും അല്ലേ?'

'ഇല്ല, ഞാൻ യാത്രയിൽ ഒന്നും കഴിക്കാറില്ല.'

അതെങ്ങിനെ പറ്റുന്നു എന്ന് എനിക്കു മനസ്സിലായില്ല. ഞാനാകട്ടെ അതുപോലെ രണ്ടു പാത്രം ഭക്ഷണം കിട്ടിയാൽ ഒറ്റയടിക്കു കഴിക്കും. മറ്റുള്ളവർ എന്തു വിചാരിക്കും എന്നു കരുതി ഒരു പ്ലെയ്റ്റ് മാത്രം ഓർഡർ ചെയ്തതാണ്.

'കുറച്ചു ചോറു തരട്ടെ?' ഞാൻ ചോദിച്ചു.

'വേണ്ട, താങ്ക്സ്.'

'എന്നാൽ കുറച്ചു പഴം കഴിക്കു.' സഞ്ചിയിൽനിന്ന് നാലഞ്ചു പൂവൻപഴം പുറത്തെടുത്തുകൊണ്ട് ഞാൻ പറഞ്ഞു. അവൾ ആദ്യം ഒന്നു മടിച്ചെങ്കിലും പിന്നീട് എന്റെ നീട്ടിയ കൈയ്യിൽനിന്ന് രണ്ടു പഴം വാങ്ങി തിന്നാൻ തുടങ്ങി. പാവം വിശക്കുന്നുണ്ടെന്നു തോന്നുന്നു. വിശപ്പു മാറിയതോടെ അവൾക്ക് അല്പം പ്രേമം ഉദിച്ചെന്ന് എനിക്കു തോന്നി. ഒരു പുരുഷന്റെ ഹൃദയത്തിലേയ്ക്കുള്ള എളുപ്പവഴി അയാളുടെ വയറ്റിലൂടെയാണെന്ന് കേട്ടിട്ടുണ്ട്. സ്ത്രീയുടെ കാര്യത്തിലും അതുതന്നെയാണ് ശരിയെന്നു തോന്നുന്നു. പക്ഷേ രണ്ടു പഴം കൊണ്ട് കാര്യം നടന്നുകിട്ടി. ഊണു കഴിഞ്ഞ് കൈകഴുകി തിരിച്ച് വന്നിരുന്നപ്പോൾ കാണുന്നത് അതുവരെ സംശയിച്ച്, സൂക്ഷിച്ച് അത്യാവശ്യം മാത്രം സംസാരി ച്ചിരുന്ന പെൺകുട്ടിയേ ആയിരുന്നില്ല.

ഇരു നിറം, ഭംഗിയുള്ള മുഖം. പാകത്തിന് തടി. സുന്ദരിയെന്നു വിളിക്കാൻ വിഷമമില്ലാത്ത പെൺകുട്ടി. അവൾ എന്റെ ഓഫീസ് വിശേഷങ്ങൾ അന്വേഷിച്ചു. താമസത്തെപ്പറ്റി. ഒഴിവുദിവസങ്ങളിൽ എന്തൊക്കെ ചെയ്യുന്നു എന്നു ചോദിച്ചു. സിനിമ കാണാറുണ്ടോ? ഇംഗ്ലീഷ് സിനിമകളാണോ കാണാറ്? എത്ര ദിവസം ലീവുണ്ട്? എന്നു തിരിച്ചുപോകുന്നു?........ ഒരു കാര്യം ഈ മരമണ്ടൻ മനസ്സിലാക്കാതിരുന്നതെന്തെന്നാൽ അപ്പോഴും അവൾ എന്റെ കാര്യങ്ങൾ ചോർത്തിയെടുക്കുകയായിരുന്നുവെന്നതാണ്. അവളുടെ കാര്യങ്ങളെല്ലാം അവൾ ഭംഗിയായി മൂടിവച്ചു. പ്രേമത്തിലകപ്പെട്ടാൽ അങ്ങിനെയൊന്നും ചിന്തിക്കാൻ കഴിയില്ല. അവളും അടിമുടി പ്രേമത്തിലായെന്ന വിശ്വാസം വന്നപ്പോൾ ഞാൻ ചോദിച്ചു.

'എന്നെ ഇഷ്ടമായോ?'

അവൾ പെട്ടെന്ന് ഞെട്ടിയപോലെ എന്നെ നോക്കി. പിന്നെ ശബ്ദം താഴ്ത്തിക്കൊണ്ട് ചോദിച്ചു.

'എന്താ വല്ല പ്രൊപ്പോസലും കൊണ്ടു വരവാണോ?'

അവൾ പെട്ടെന്ന് പൊട്ടിച്ചിരിച്ചു. ഞാൻ വല്ലാതായി.

'ഞാൻ ഉറങ്ങാൻ പോകുന്നു.' അവൾ എഴുന്നേറ്റു, മുകളിലെ ബർത്തിൽ ഒരു ബെഡ്ഷീറ്റെടുത്തു വിരിച്ചു. എയർപില്ലോ എടുത്ത് ഊതി വീർപ്പിക്കാൻ തുടങ്ങി. മുകളിൽ കയറി കിടന്നശേഷം അവൾ താഴേയ്ക്കു നോക്കി അപ്പോഴും അന്തം വിട്ട് ഇരിക്കുന്ന എന്നോട് ചിരിച്ചുകൊണ്ട് പറഞ്ഞു.

'ഗുഡ് നൈറ്റ്, ഏന്റ് സ്വീറ്റ് ഡ്രീംസ്.'

'ഗുഡ് നൈറ്റ്.' ഞാൻ അവൾക്ക് സ്വീറ്റ് ഡ്രീംസ് ആശംസിച്ചില്ല. എന്നെ ചമ്മിപ്പിച്ചുകൊണ്ട് അവൾ മധുരസ്വപ്നങ്ങൾ കാണണ്ട.

രാത്രി ഉറക്കം കഴിഞ്ഞ് എഴുന്നേറ്റപ്പോഴും എന്റെ പ്രേമത്തിന് ഒട്ടും ഇളക്കം വന്നിട്ടില്ലെന്ന് കണ്ടു. അതുകൊണ്ട് കുറ്റിപ്പുറത്ത് അവൾ ഇറങ്ങാൻ തയ്യാ റെടുക്കുമ്പോൾ അവളുടെ പെട്ടി സീറ്റിന്നടിയിൽ നിന്ന് വലിച്ചെടുത്ത് വാതിലി ന്നടുത്തുകൊണ്ടുവന്നു വച്ചു. വണ്ടി നിന്നപ്പോൾ എന്റെ പെട്ടിയോടൊപ്പം അവളുടെ പെട്ടിയും പ്ലാറ്റ്ഫോമിലേയ്ക്കിറക്കി വച്ചു. വീട്ടിൽനിന്ന് ആരെങ്കിലും വന്നിട്ടുണ്ടോ എന്നു നോക്കാനായി ഞാൻ തിരിഞ്ഞു. അച്ഛൻ ഇടയ്ക്ക് അനുജന്മാരെ ആരെയെങ്കിലും പറഞ്ഞയക്കാറുണ്ട്. ഇല്ല ആരും വന്നിട്ടില്ല. ഞാൻ നിശയോട് യാത്ര പറയാനായി തിരിഞ്ഞു. അവൾ പോയി ക്കഴിഞ്ഞിരുന്നു, യാത്ര പറയുക കൂടി ചെയ്യാതെ.

മൂന്നാഴ്ചത്തെ ലീവാണ് എനിക്കുള്ളത് അതിൽ യാത്രയ്ക്കുതന്നെ നാലു ദിവസം പോകും. ബാക്കിയുള്ള ദിവസങ്ങൾ വീട്ടിൽത്തന്നെ കഴിച്ചു കൂട്ടുവാനാണ് എനിക്കിഷ്ടം. തൊടിയിൽ നിറയെയുണ്ടായിരുന്ന മരങ്ങളും ചെടികളും എന്റെ കൂട്ടുകാരായിരുന്നു. അവരുമായി വീണ്ടും ലോഗ്യം കൂടി ഞാൻ അങ്ങിനെ അലസനായി നടക്കും. വല്ല്യമ്മമാരുടെ വീട്ടിൽ പോകണം. ഒന്നോ രണ്ടോ ദിവസംകൊണ്ട് ആ സന്ദർശനങ്ങൾ നടത്തും. പിന്നെ കോഴിക്കോട് പിസിമ്മാവന്റെ അടുത്തും പൂനൂരിലെ അമ്മാവന്റെ അടുത്തും പോവും. തിരിച്ചു പോകുന്നതിനുമുമ്പ് ഒരാഴ്ചയെങ്കിലും വീട്ടിൽത്തന്നെ ഇരിക്കണം. അപ്പോഴാണ് അമ്മ പറയുന്നത്. '.....ത്തെ അമ്മുമ്മ സുഖംല്ല്യാതെ കെടക്വാണ്. ഒന്ന് പോയി കണ്ടോ. കെടപ്പ്തന്ന്യാണ്. നീ അടുത്ത പ്രാവശ്യം വരുമ്പോ കാണാൻ പറ്റ്വോന്നറിയില്ല.'

എനിക്ക് ഒട്ടും താല്പര്യമുണ്ടായിരുന്നില്ല. എങ്കിലും അമ്മയുടെ നിർബ്ബന്ധ ത്തിനു വഴങ്ങി ഒരു രാവിലെ പുറപ്പെട്ടു. രണ്ടു ബസ്സുകൾ മാറിക്കയറി ഞാൻ അവരുടെ വീട്ടിലെത്തി. ഒരമ്മൂമ്മയും അവരുടെ മകൾ ഞാൻ അമ്മായി എന്നു വിളിക്കുന്ന ഒരു സ്ത്രീയും മാത്രമേ അവിടെയുള്ളൂ. അവരുടെ മക്കൾ രണ്ടുപേർ എന്തു ചെയ്യുന്നു എന്ന് അറിയില്ല. അമ്മയോട് ചോദിച്ചു വെയ്ക്കാനും മറന്നു. ഒരു വെറും നാട്ടിൻപുറമായിരുന്നു അത്. ബസ്സിറങ്ങി വയലുകളുടെ ഇടയിലുള്ള നേരിയ വരമ്പിലൂടെ നടന്ന് ഒരു ചെറിയ കുന്ന് കയറി മറിഞ്ഞുവേണം അവിടെ എത്താൻ. കൊല്ലത്തിലൊരിക്കൽ ആശിച്ചു മോഹിച്ചു കിട്ടുന്ന ലീവ് ഇങ്ങിനെ പാഴാക്കേണ്ടി വന്നതിൽ എനിക്ക് അമ്മയോട് ദ്വേഷ്യം തോന്നി.

അമ്മൂമ്മ തീരെ കിടപ്പിൽത്തന്നെയായിരുന്നു. അമ്മായി പറഞ്ഞു കൊടുത്തതുകൊണ്ടാണ് എന്നെ മനസ്സിലായതു തന്നെ. വലിയ സന്തോഷ മായി. കുറേ നേരം എന്റെ കൈ പിടിച്ചുകൊണ്ട് കിടന്നു. തിരിച്ച് തളത്തിൽ വന്നിരുന്ന് ചായ കുടിക്കുമ്പോൾ ഞാൻ അമ്മായിയോട് ചോദിച്ചു.

'മക്കളൊക്കെ എവിടെയാണ്?'

'രവി സ്കൂളിൽ പോയിരിക്ക്യാണ്. അവൻ എസ്.എസ്.എൽ.സി യല്ലെ ഇക്കൊല്ലം. ലക്ഷ്മി മോളില്ണ്ട്. കുളിക്കാൻ കേറീതാ. നീ വന്നതറി ഞ്ഞിട്ട്ണ്ടാവില്ല.'

കോണിയിറങ്ങുന്ന ശബ്ദം കേട്ടു ഞാൻ തിരിഞ്ഞുനോക്കി. പാവാടയും ബ്ലൗസുമിട്ട ഒരു പെൺകുട്ടി കോണിയിറങ്ങി വരുന്നു. ലക്ഷ്മി ഇത്ര വലുതായോ എന്ന് ഞാൻ അദ്ഭുതപ്പെടുമ്പോഴാണ് അവൾ തിരിഞ്ഞതും

ഞാൻ അവളുടെ മുഖം കണ്ടതും. അതു നിശയായിരുന്നു.

'നിശ?'

അവൾ ഒരു നിമിഷം പകച്ചു നിന്നുപോയി, പിന്നെ നിലയ്ക്കാത്ത ഒരു പൊട്ടിച്ചിരിയും. അമ്മായി അന്തം വിട്ടു നിൽക്കുകയായിരുന്നു. എന്റെ ചമ്മിയ മുഖം എങ്ങിനെയിരുന്നിരിക്കണം എന്ന് ഇപ്പോൾ ഓർക്കാനാവുന്നില്ല. എന്നെ പറ്റിച്ചതിന് ഞാനവൾക്കു ശിക്ഷ കൊടുത്തു. ഊണു കഴിഞ്ഞശേഷം വിശ്രമിക്കാനായി മുകളിലേയ്ക്കു പോകുമ്പോൾ അവൾ ഇറങ്ങിവരികയായിരുന്നു. ഞാൻ കോണിയുടെ ഇടയിലൂടെ നോക്കി. അമ്മായി അടുക്കളയിലാണ്. അവളെ കരവലയത്തിലാക്കി കവിളിൽ ഉമ്മ വയ്ക്കുമ്പോൾ അവൾ കുതറിയില്ല. തിരിച്ച് ഒരുമ്മ തരാനായി എന്റെ കവിൾ കാണിച്ചു കൊടുത്തപ്പോൾ അവൾ ഉമ്മ വയ്ക്കാനായി ആഞ്ഞ് ഉമ്മ വയ്ക്കാതെ കൊഞ്ഞനം കുത്തി ഓടിപ്പോയി.

കണ്ടോ, എങ്ങിനെയാണ് പെൺകുട്ടികളെ വിശ്വസിക്കുന്നത്?

BACK TO INDEX

# ഒരു വിരുന്നിന്റെ ഓർമ്മ

ബോംബെയിലെ ജീവിതത്തിൽ മറക്കാനാവാത്ത ഒരദ്ധ്യായമായിരുന്നു എഴുപതുകളുടെ അവസാനം. ഭൗതികമായി ആർജ്ജിച്ച എല്ലാം ഓരോന്നോരോന്നായി കൺ മുമ്പിൽവച്ച് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത് നിസ്സഹായരായി നോക്കിനിന്ന ഒരു കാലഘട്ടമായിരുന്നു അത്. അവസാനമായി നഷ്ടപ്പെട്ടത് വളരെ കഷ്ടപ്പെട്ട് ഉണ്ടാക്കിയ ഫ്ളാറ്റായിരുന്നു. ജുഹുബീച്ചിലേയ്ക്ക് രണ്ടു മിനുറ്റ് നടക്കാനുള്ള ദൂരം മാത്രമേ ഉണ്ടായിരുന്നുള്ളൂ ഞങ്ങളുടെ ഫ്ളാറ്റിൽ നിന്ന്. നല്ല സ്ഥലം, നല്ല സൗകര്യം. അതും നഷ്ടപ്പെട്ടതോടെ ബോംബെ വാസം എന്നെന്നേയ്ക്കുമായി അവസാനിപ്പിച്ച് നാട്ടിലേയ്ക്കു തിരിക്കുകയാണുണ്ടായത്. ഈ കാലത്തെ അനുഭവങ്ങൾ എന്റെ കഥകളിൽ നേരിട്ടും അല്ലാതെയും പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. അതിൽ പ്രധാനമായവ 'ഒരു കങ്ഫൂ ഫൈറ്റർ' 'ദിനോസറിന്റെ കുട്ടി', 'ഒരു വിശ്വാസി' എന്നിവയാണ്.

ഫ്ളാറ്റ് വിറ്റ് കടമെല്ലാം വീട്ടിയശേഷം നാട്ടിലെത്തി അമ്മയോട് എന്റെ ജാതകം ആവശ്യപ്പെട്ടതും നോക്കിയപ്പോൾ അതുപ്രകാരം എല്ലാം നഷ്ടപ്പെടാനാണ് യോഗം എന്നു മനസ്സിലാക്കിയതും മറ്റും ഞാൻ മുമ്പൊരിടത്ത് വിശദമായി എഴുതിയിട്ടുണ്ട്. ('ദിനോസറിന്റെ കുട്ടി' എന്ന കഥയിൽ ഈ സംഭവം ഉണ്ട്) അതൊന്നും ഇവിടെ വിവരിക്കുന്നില്ല. പക്ഷേ ദൈവജ്ഞർ ഒരു കാര്യം വ്യക്തമാക്കിയിരുന്നു. നഷ്ടപ്പെട്ടതെല്ലാം നടപ്പുദശ കഴിഞ്ഞ് ശുക്രദശ വന്നാൽ തിരിച്ചുകിട്ടും എന്ന്. ശുക്രദശയ്ക്കും അതിനു മുമ്പുണ്ടായിരുന്ന വ്യാഴദശയ്ക്കും ഇടയ്ക്കുള്ള ആ ദശാസന്ധിയിൽ നടന്ന ഒരു കാര്യമാണ് ഞാൻ താഴെ വിവരിക്കുന്നത്.

നാട്ടിൽ തിരിച്ചെത്തിയപ്പോൾ മുമ്പിലുണ്ടായിരുന്ന ലക്ഷ്യം, നഷ്ടപ്പെട്ടതെല്ലാം തിരിച്ചുണ്ടാക്കുക എന്നതല്ല, മറിച്ച് ഓരോ ദിവസവും എങ്ങിനെ ഉന്തിനീക്കാം എന്നതായിരുന്നു. കാരണം ഇരുപതു കൊല്ലമായി ഉണ്ടാക്കിയതെല്ലാം ഏതാനും മാസങ്ങൾകൊണ്ട് നഷ്ടപ്പെട്ടിരുന്നു. അന്നന്നത്തേയ്ക്കു വേണ്ടത് അന്നന്നുണ്ടാക്കുക. ഞങ്ങൾ താമസിച്ചിരുന്നത് എറണാകുളത്ത് ജോസ് ജങ്ക്ഷനിൽ പാർത്ഥാസിനു പിന്നിലെ ഇടനിരത്തിലായിരുന്നു. അവിടെ കൊടുങ്ങല്ലൂരിലെ രാമവർമ്മ തമ്പുരാൻ കനിഞ്ഞ് വാടകയ്ക്കു തന്ന വീട്ടിൽ. ഒരു ചെറിയ ഉമ്മറം ഉള്ളതിൽ കുറച്ചു റാക്കുകൾ വച്ച് കാസറ്റുകൾ നിരത്തി ഒരു കട തുടങ്ങി. കട എന്നൊക്കെ പറയുന്നത് കുറച്ചു അതിശയോക്തിയാണ്. പക്ഷേ ഏതാനും ദിവസങ്ങൾക്കുള്ളിൽത്തന്നെ കുറേ നല്ല പതിവുകാരെ കിട്ടി. കാസറ്റു വില്പനയോടൊപ്പം തന്നെ അത്യാവശ്യം കാസറ്റുകൾ റിക്കാർഡു ചെയ്തുകൊടുക്കുകയും ചെയ്തു. ബോംബെയിൽ വച്ച് പഴയ ഹിന്ദി ഗാനങ്ങളുടെ നല്ലൊരു ശേഖരം ഉണ്ടാക്കിയിരുന്നു. എല്ലാം നഷ്ടപ്പെട്ടപ്പോഴും കൈവിടാതെ സൂക്ഷിച്ച ശേഖരം. അതു ഞങ്ങളുടെ രക്ഷക്കായി എത്തി. ഞങ്ങൾക്ക് പതിവുകാരല്ല ഉണ്ടായിരുന്നത്, കുറേ സുഹൃത്തുക്കൾ മാത്രം. അവർ അവരുടെ പരിചയക്കാരെ കൊണ്ടുവന്നു. അങ്ങിനെ എറണാകുളത്തു വന്ന് ഏതാനും ആഴ്ചകൾക്കുള്ളിൽ നിന്നു തിരിയാനുള്ള വരുമാനമുണ്ടായി. ഗ്രഹങ്ങൾ ഞങ്ങൾക്കനുകൂലമായിത്തുടങ്ങിയതിന്റെ ആദ്യസൂചന.

പക്ഷേ വല്ലപ്പോഴും വരുന്ന കുടുംബസുഹൃത്തുക്കളേയോ ബന്ധുക്ക

ളേയോ സ്വീകരിക്കാൻ മാത്രമുള്ള വരുമാനം അപ്പോഴുമുണ്ടായിരുന്നില്ല ഞങ്ങൾക്ക്. ഓരോ ബന്ധുവിന്റെ വരവും ഭയസന്തോഷസമ്മിശ്രമായ വികാരത്തോടെയാണ് ഞങ്ങൾ കണ്ടിരുന്നത്. ഞങ്ങളുടെ മകൻ അന്ന് അഞ്ചിലോ ആറിലോ പഠിക്കുകയായിരുന്നു. പത്തു, പതിനൊന്നു വയസ്സു പ്രായം. ബോംബെയിൽ വച്ച് ഞങ്ങളുടെ പ്രശ്നങ്ങൾ തുടങ്ങിയപ്പോൾ മുതൽ കാര്യങ്ങൾ അത്ര നന്നായിട്ടല്ല പോകുന്നതെന്ന് അന്ന് അഞ്ചോ ആറോ വയസ്സു മാത്രം പ്രായമുള്ള അവന്ന് മനസ്സിലായിരുന്നു. സ്വന്തം ആവശ്യങ്ങൾ കഴിയുന്നത്ര കുറച്ച്, തന്നാൽ കഴിയുന്നവിധം അവൻ സഹകരിച്ചിരുന്നു. ഞങ്ങൾ രണ്ടുപേരും ജോലിത്തിരക്കിലാവുമ്പോൾ ഇടയ്ക്ക് അടുക്കളയിൽ പോയി സ്വയം ഭക്ഷണം തയ്യാറാക്കുക കൂടി ചെയ്യാറുണ്ട് അവൻ. മകന്റെ ഈ പ്രായത്തിലുള്ള ഒരു ചിത്രമാണ് 'ഒരു കങ്ഫൂ ഫൈറ്റർ' എന്ന കഥയിലുള്ളത്.

ഇനി എറണാകുളത്തെത്തി ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോഴുണ്ടായ ആ സംഭവം പറയാം. എന്റെ അനുജൻ ഡോ. ദിവാകരൻ യാദൃച്ഛികമായി കുടുംബസമേതനായി വന്നു. ഞങ്ങളുടെ ശരിക്കുള്ള അവസ്ഥ അയാൾക്കറിയില്ല. അത് അറിയിക്കണമെന്നും ഞങ്ങൾക്കുണ്ടായിരുന്നില്ല. അടുക്കളയിലെ കാര്യം കുറച്ചു പരുങ്ങലിലായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ ചായയുണ്ടാക്കുവാനുള്ള ഒരു ചേരുവകളും ഉണ്ടായിരുന്നില്ല. രാവിലെ പ്രാതലിനോടൊപ്പം ചായ കിട്ടാതിരുന്നതോടെ മകന്ന് ആ രഹസ്യം മനസ്സിലായിരുന്നു. ഇടയക്കിടയ്ക്ക് തിന്നാനുള്ള സാധനങ്ങൾക്കായി പരതുന്ന സ്വഭാവമുള്ളതിനാൽ പല ടിന്നുകളും കാലിയാണെന്ന കാര്യവും അവൻ മനസ്സിലാക്കിയിരുന്നു. ചെറിയച്ഛനും കുടുംബവും വന്നപ്പോൾ അവനും കുറച്ചു പരിഭ്രമമുണ്ടായി. അവൻ അമ്മയോട് ചോദിച്ചു.

'എന്താണ് അവർക്കു കൊടുക്കുക?'

തല്ക്കാലം ഒന്നുമില്ലെന്ന് ലളിത പറഞ്ഞു. അവൾക്കും വിഷമമുണ്ടായിരുന്നു.

'അപ്പോൾ നമ്മടെ അടുത്ത് പണമൊന്നും ഇല്ലേ?'

'ഇല്ല മോനെ, ഇന്ന് കച്ചവടം മോശമായിരുന്നു. ആരും വന്നിട്ടില്ല.'

അങ്ങിനെയും സംഭവിക്കാറുണ്ട്. പകൽ മുഴുവൻ കട തുറന്നു വെച്ചാലും ആരും വന്നില്ലെന്നു വരും. ആൾക്കാർ പെട്ടെന്ന് നമ്മെ മറന്ന പോലെ. ശരിക്കു പറഞ്ഞാൽ കുറേ കാസറ്റുകൾ റിക്കാർഡു ചെയ്തു വച്ചിട്ടുണ്ട്. അതൊക്കെ കൊടുത്താൽത്തന്നെ അത്യാവശ്യകാര്യങ്ങൾ നടക്കുമായിരുന്നു. അതുമല്ലെങ്കിൽ ആരെങ്കിലും വന്ന് ഒന്നോ രണ്ടോ കാസറ്റുകൾ വാങ്ങി ക്കൊണ്ടു പോയാലും മതി. ആരും വരികയുണ്ടായില്ല. ഞാൻ ആൾക്കാരെ ആകർഷിക്കാനായി സ്പീക്കറിൽക്കൂടി വരുന്ന പാട്ടുകളുടെ ശബ്ദം കൂട്ടി വയ്ക്കും. കാര്യമൊന്നുമില്ല.

മകൻ, ആരെങ്കിലും വരുന്നുണ്ടോ എന്നു നോക്കിക്കൊണ്ട് കൗണ്ടറിന്നടുത്ത് കാവലായി. ഞാനും ലളിതയും അനുജനോട് സംസാരിച്ചുകൊണ്ട് അകത്തും. അങ്ങിനെയിരിക്കുമ്പോൾ ഒരു പതിവുകാരൻ വന്നു. ലളിത എഴുന്നേറ്റ് ഉമ്മറത്തേയ്ക്കു പോകുകയും ചെയ്തു. അയാൾക്കുള്ള കാസറ്റ് എടുത്തുകൊടുത്തശേഷം അവൾ തിരിച്ചുവന്ന് സംസാരത്തിൽ ചേർന്നു. കൊല്ലത്തിൽ ഒന്നോ രണ്ടോ പ്രാവശ്യം മാത്രം വിരുന്നുവരുന്ന അനുജനും കുടുംബത്തിനും (അവരുടെ മക്കൾക്ക് അന്ന് രണ്ടും നാലും വയസ്സു

പ്രായമേ ആവൂ) ഒന്നും കൊടുക്കാൻ കഴിയാത്ത വിഷമത്തിൽ ഇരിക്കുകയായിരുന്നു ഞാൻ. അതിനിടയ്ക്ക് ലളിത എഴുന്നേറ്റ് ഇടയക്ക് ഉമ്മറത്തേയ്ക്കും ഇടയ്ക്ക് അടുക്കളയിലേയ്ക്കുമായി പോകുന്നുണ്ടായിരുന്നു. ഒരു മണിക്കൂർ കഴിഞ്ഞുകാണും പെട്ടെന്നവൾ ഒരു ട്രേയിൽ ചായയുമായി വന്നു. പിന്നാലെ ഒരു പാത്രത്തിൽ നല്ല തുടുത്ത വടകളുമായി അജിയും. എന്റെ അദ്ഭുതത്തിന് കയ്യും കണക്കുമുണ്ടായിരുന്നില്ല. ലളിത ഒരു ചിരിയോടെ അടുക്കളയിലേയ്ക്കു പോയി ക്വാർട്ടർ പ്ലെയറ്റുകൾ എടുത്തു കൊണ്ടുവന്നു എല്ലാവർക്കും വടയും ചട്ടിണിയും വിളമ്പി.

ഞങ്ങളുടെ ഇല്ലായ്മയെപ്പറ്റി ഒട്ടും ബോധവാന്മാരാകാതെ ദിവാകരനും ശോഭനയും മക്കളും തിരിച്ചുപോയി. അവർ പോയ ഉടനെ അജി കളിക്കാനിറങ്ങി. ഇല്ലായ്മ എങ്ങിനെ പെട്ടെന്ന് പരിഹരിച്ചുവെന്ന് അറിയാതെ സസ്പെൻസിലിരിക്കുന്ന എന്നോട് ഉണ്ടായ കാര്യങ്ങൾ ലളിത പറഞ്ഞു തന്നു.

അജി കടയുടെ കൗണ്ടറിൽ കാത്തു നിൽക്കുകയായിരുന്നു. ആദ്യത്തെ പതിവുകാരൻ വന്നപ്പോൾ കിട്ടിയത് പത്തു രൂപയായിരുന്നു. അതുംകൊണ്ട് അവൻ തൊട്ടടുത്തുള്ള ഡിപ്പാർട്ടുമെന്റ് സ്റ്റോറിലേയ്ക്കോടി ചായപ്പൊടി വാങ്ങിക്കൊണ്ടുവന്നു. ചായയുണ്ടാക്കാൻ ഇനി എന്തൊക്കെയാണ് വേണ്ടതെന്ന് ചോദിച്ചശേഷം അടുത്ത കസ്റ്റമർക്കു വേണ്ടി കാത്തുനിന്നു. അടുത്ത കസ്റ്റമർ വന്നപ്പോൾ കിട്ടിയത് പതിനഞ്ചു രൂപയായിരുന്നു. അവൻ വീണ്ടും ഡിപ്പാർട്ട്മെന്റ് സ്റ്റോറിലേയ്ക്കോടി പഞ്ചസാര വാങ്ങിക്കൊണ്ടു വന്നു. ഭാഗ്യത്തിന് പാൽ ഉണ്ടായിരുന്നു. അമ്മ ചായ ഉണ്ടാക്കുന്ന നേരം അവൻ വീണ്ടും കൗണ്ടറിൽ കാത്തു നിൽക്കുകയായിരുന്നു. മൂന്നാമത്തെ കസ്റ്റമർ വന്നപ്പോൾ കിട്ടിയ പണംകൊണ്ട് അവൻ ഓടിയത് പാർത്ഥാസിന് എതിർ വശത്തുള്ള ഗോകുൽ റെസ്റ്റോറണ്ടിലേയ്ക്കായിരുന്നു. അച്ഛന്റെ മാനം കാക്കാൻ അവൻ ചെയ്ത ശ്രമങ്ങൾ, അവൻ അനുഭവിച്ച മാനസിക പിരിമുറുക്കം വളരെയായിരുന്നു. എല്ലാം പത്തോ പതിനൊന്നോ വയസ്സിൽ.

ഇന്ന് എനിക്ക് ഇതെല്ലാം നിർമ്മമമായി ഓർക്കാം, കാരണം ദൈവജ്ഞരുടെ പ്രവചനം ശരിയായി വന്നു. ഞങ്ങൾക്ക് നഷ്ടപ്പെട്ടതെല്ലാം തിരിച്ചു കിട്ടി, അതും കാര്യമായ പരിശ്രമങ്ങളൊന്നും കൂടാതെത്തന്നെ. എഴുപതുകളുടെ അവസാനത്തിൽ ഞങ്ങൾ രാപ്പകൽ ജോലി ചെയ്തു, എല്ലാ വാതിലുകളിലും മുട്ടിവിളിച്ചു. ഫലമുണ്ടായില്ലെന്നു മാത്രമല്ല ഓരോന്നോരോന്നായി നഷ്ടപ്പെടുകയും ചെയ്തു. ജാതകത്തിൽ പറഞ്ഞ ചീത്ത കാലം നീങ്ങിയപ്പോൾ എല്ലാം വളരെ സ്വാഭാവികമായി, അനായാസേന ഞങ്ങളുടെ വഴിയിൽ വന്നു. രാപ്പകൽ ജോലി ചെയ്യേണ്ടി വന്നെങ്കിലും അതിനു തക്ക ഫലമുണ്ടായി. ജുഹുവിൽ നഷ്ടപ്പെട്ട ഫ്ളാറ്റിനു പകരം അതിലും നല്ലൊരു ഫ്ളാറ്റ് എറണാകുളത്ത് കണ്ണായ സ്ഥലത്തുതന്നെ മേടിക്കാൻ പറ്റി. മകൻ പഠിച്ച് നല്ലൊരു ജോലിയിലായി. അതും സ്വന്തം പരിശ്രമങ്ങൾകൊണ്ടുതന്നെ. സ്വന്തം പരിശ്രമങ്ങൾ കൊണ്ടുതന്നെ അവൻ ബാംഗളൂരിൽ ഒരു ഫ്ളാറ്റ് വാങ്ങി. ഇപ്പോൾ അവന്റെ കല്യാണം കഴിഞ്ഞു, അവന്റെ മനസ്സിനിണങ്ങിയ ഒരു പെൺകുട്ടിതന്നെ. എങ്കിലും പതിനേഴു കൊല്ലങ്ങൾ മുമ്പ് നടന്ന ആ സന്ദർശനം ഓർക്കുമ്പോൾ മുമ്പിൽ വരുന്നത് അച്ഛന്റെ മാനം കാക്കാനായി മാനസിക സംഘർഷം അനുഭവിച്ച ഒരു പതിനൊന്നുകാരന്റെ മുഖമാണ്.

BACK TO INDEX

## ഒരായിരം നന്ദി, ദൈവത്തിന്

തൊള്ളായിരത്തി എഴുപത്തെട്ട് എഴുപത്തൊമ്പതു കാലം. ചെയ്യുന്ന കാര്യങ്ങളൊന്നും ഉദ്ദേശിച്ച ഫലം ചെയ്തില്ല. ഞാൻ പതിനാറു കൊല്ലം ജോലിയെടുത്ത കമ്പനിവിട്ട് സ്വന്തമായി ഒരു ബിസിനസ്സ് തുടങ്ങിയത് ഭീമമായ നഷ്ടത്തിൽ കലാശിച്ചു. കമ്പനിയിൽ നിന്നു കിട്ടിയ സമ്പാദ്യമെല്ലാം ബിസിനസ്സിലിറക്കിയെന്നു മാത്രമല്ല കുറേ കടം വാങ്ങുകയും ചെയ്തിരുന്നു. ബിസിനസ്സ് പൊളിഞ്ഞപ്പോൾ കടമായി നൽകിയ പണത്തിന്നായി ബന്ധുക്കളും സ്നേഹിതരും ബഹളംവച്ചു തുടങ്ങി. പണമില്ലാ എന്ന സ്ഥിതി വിശേഷം ഇത്രയും മനോഹരമാണെന്ന് ഞാൻ ആദ്യമായി മനസ്സിലാക്കുകയായിരുന്നു. ഒന്നിനും പണമില്ല, കടമായി എവിടെനിന്നും കിട്ടാനുമില്ല. പുറത്തിറങ്ങി ബസ്സിൽ പോകാനുള്ള പണംകൂടി കൈയ്യിലില്ലാത്ത ഒരവസ്ഥ ആലോചിച്ചു നോക്കൂ. അങ്ങിനെ നയാപൈസ കൈയ്യിലില്ലാതിരുന്ന ഒരു ദിവസം വൈകുന്നേരം, പിറ്റേന്ന് പുറത്തിറങ്ങാനുള്ള പണമുണ്ടാക്കുന്നതിനെപ്പറ്റി ഞാനും ഭാര്യയും ആലോചിച്ചു. ഏറെ നേരം ആലോചിച്ചപ്പോൾ ഓർമ്മ വന്നത് അകത്തു കെട്ടിവച്ച വർത്തമാന പത്രങ്ങളാണ്. ഏകദേശം എട്ടു പത്തു കിലോ ഉണ്ടാവും. ഞങ്ങൾ താമസിച്ചിരുന്നത് ജുഹുവിലായിരുന്നു. ജുഹുവിൽ അന്ന് പഴയ കടലാസ് എടുക്കുന്ന കടകളൊന്നുമുണ്ടായിരുന്നില്ല. സാന്താക്രൂസുവരെ പോകാനുള്ള ബസ്സുകൂലിയുമില്ല. ജുഹുവിൽ നിന്ന് സാന്താക്രൂസുവരെ എട്ടു ബസ്സ്സ്റ്റോപ്പിന്റെ ദൂരമുണ്ട്. വൈകുന്നേരം ഏഴുമണിയോടെ ഈ ദൂരം നടക്കാൻ ഞാൻ തീർച്ചയാക്കി. പത്രക്കെട്ടും ചുമന്ന് ഞാൻ സാന്താക്രൂസുവരെ നടന്നു.

ഇന്ന് ഞാൻ പഴയ പത്രങ്ങൾ വിൽക്കുന്നില്ല. എന്റെ അത്രതന്നെ സാമ്പത്തികശേഷിയില്ലാത്ത വല്ലവർക്കും അതു കൊടുക്കുകയാണ് പതിവ്. പക്ഷേ ഓരോ പ്രാവശ്യം കൊടുക്കുമ്പോഴും ഞാൻ അന്ന് പത്രക്കെട്ടും ചുമന്ന് സാന്തക്രൂസിലേയ്ക്ക് നടന്നത് ഓർക്കും.

ഞാൻ പറയാൻ പോകുന്ന കാര്യം ഇതല്ല. ഇത്രയും ദാരിദ്ര്യം അനുഭവിക്കുമ്പോഴാണ് എനിക്ക് ഇരുന്നൂറു രൂപ വീണുകിട്ടുന്നത്. എഴുപത്തിഎട്ടിൽ ഇരുന്നൂറു രൂപയ്ക്ക് നല്ല വിലയുണ്ട്. സാന്താക്രൂസിൽ ഒരു പലചരക്കു കടയുടെ മുമ്പിൽവച്ചാണ് മടക്കിയ നിലയിൽ ആ നോട്ടുകൾ കിട്ടിയത്. ഒരു ചെറിയ കുടുംബത്തിനു വേണ്ട പലചരക്കു വാങ്ങാൻ അത്രയും മതി. ചുറ്റും നോക്കി ആരും ശ്രദ്ധിക്കുന്നില്ലെന്നു കണ്ടപ്പോൾ ആ നോട്ടുകൾ കുനിഞ്ഞെടുത്ത് ഞാൻ പോക്കറ്റിലിട്ടു. പണത്തിന് ഇത്രയും ആവശ്യമുള്ളപ്പോൾ എന്റെ മുമ്പിൽ, അതും കീശയിലുള്ള ചെറിയ ഒരു സംഖ്യക്ക് അത്യാവശ്യം പലചരക്കു വാങ്ങാൻ ചെന്നപ്പോൾ, ആ നോട്ടുകൾ കൊണ്ടുവന്നിട്ട് അതെന്നെ കാണിച്ചു തന്ന ദൈവത്തിന് ഞാൻ നന്ദി പറഞ്ഞു. ദൈവത്തിന് കൈക്കൂലി കൊടുക്കുന്നതിൽ വിശ്വാസമില്ലായിരുന്നതുകൊണ്ട് നേർച്ചയും വഴിപാടുമൊന്നും നേരാതെ നന്ദിയിൽ കാര്യം ഒതുക്കി ഞാൻ കടയിലേയ്ക്കു കടന്നു. ഒരിരുപത്തെട്ടു മുപ്പതു വയസ്സുള്ള സ്ത്രീ കയ്യിൽ ഒരു ലിസ്റ്റും പിടിച്ച് സാധനങ്ങൾക്ക് ഓർഡർ കൊടുക്കുകയാണ്. എന്റെ ഊഴത്തിനുവേണ്ടി

കാത്തു നിൽക്കുമ്പോൾ ഞാൻ ഒരു ഷെർലോക്ഹോംസായി ആ സ്ത്രീയെപ്പറ്റി ഊഹങ്ങൾ നടത്തി. സമയം ആറുമണിയായിരുന്നു. ചുമലിൽ തൂക്കിയിട്ട തുകൽസഞ്ചി കാരണം അവർ ഏതോ ഓഫീസിൽ ജോലിയെടുക്കുന്നുവെന്ന് ഞാൻ ഊഹിച്ചു. ഓഫീസിൽ നിന്ന് വരുന്ന വഴി സാധനങ്ങൾ വാങ്ങി കൊണ്ടുപോകുകയായിരിക്കും. അവർ ഉടുത്തിരുന്നത് സാധാരണ കോട്ടൺ സാരിയായിരുന്നു. ഏതോ സർക്കാർ ഓഫീസിൽ ചെറിയൊരു ജോലിയായിരിക്കണം. വീട്ടിൽ കാത്തിരിക്കുന്ന കുഞ്ഞുങ്ങളുടെ അടുത്തെത്താനുള്ള ധൃതി അവരുടെ മുഖത്തുണ്ടായിരുന്നു. അവരുടെ സ്വകാര്യജീവിതം ഇത്രയും ഊഹിച്ചെടുത്തപ്പോൾത്തന്നെ എനിക്കു കുറച്ചു സമാധാനമായി. പിന്നെ ഭർത്താവിന്റെ കാര്യമൊന്നും ഞാൻ ഊഹിച്ചെടുക്കാൻ പോയില്ല.

കടക്കാരൻ വേഗംതന്നെ ബിൽ തയ്യാറാക്കി അവരുടെ കയ്യിൽ കൊടുത്തു. അതൊന്ന് ഓടിച്ചു നോക്കിയ ശേഷം അവർ ചുമലിലുള്ള ബാഗുതുറന്നു. ഒരു സത്രീയുടെ മുഖം ഇത്രയധികം വിളറാമെന്ന് അന്നാണ് ഞാൻ മനസ്സിലാക്കിയത്. നോക്കിക്കൊണ്ടിരിക്കെ അവരുടെ ചുണ്ടുകൾ വിറക്കാൻ തുടങ്ങി, കണ്ണുകൾ നിറഞ്ഞൊഴുകാൻ തുടങ്ങി. തിരക്കുള്ള ബസ്സിൽ വച്ച് പണം ആരെങ്കിലും അടിച്ചെടുത്തിരിക്കുമെന്ന് കടക്കാരൻ പറയുമ്പോഴും അവർ ബാഗിന്നുള്ളിൽ പരതുകതന്നെയാണ്. ഇല്ല ബാഗിലൊന്നും പണമില്ല. അവർ തേങ്ങിത്തേങ്ങി കരയുകയായിരുന്നു.

കടക്കാരൻ നല്ലവനായിരുന്നു. അയാൾ പറഞ്ഞു. 'നിങ്ങൾ സാധനങ്ങൾ കൊണ്ടുപൊയ്ക്കൊള്ളു, നാളെ പണം കൊണ്ടുവന്നാൽ മതി.' തേങ്ങലിനിടയിൽ അവർ പറഞ്ഞു. 'വേണ്ട, നാളേയ്ക്ക് ഞാനെവിടുന്നുണ്ടാക്കാനാണ് ഇത്രയും പണം?'

പെട്ടെന്നാണ് ഞാനതു കണ്ടത്. അവർക്കു വേണ്ടി എടുത്തുവച്ച സാധനങ്ങൾക്കിടയിൽ ഒരു ടിൻ ബേബിഫുഡ് ! ഞാൻ ചോദിച്ചു.

'എത്ര രൂപയാണുണ്ടായിരുന്നത് ബാഗില്?'

'ഇരുനൂറുറുപ്പിക. ഞാനത്......' അവർ തുടർന്നില്ല.

ഞാൻ പോക്കറ്റിൽനിന്ന് നോട്ടുകൾ എടുത്തു അവരെ കാണിച്ചു. 'ഇതാണോ നിങ്ങളുടെ പണം?' അവരുടെ കണ്ണുകൾ വികസിച്ചു. 'എനിക്ക് കടയുടെ പുറത്തുനിന്ന് വീണുകിട്ടിയതാണ്.'

വാങ്ങേണ്ട സാധനങ്ങളുടെ ലിസ്റ്റ് എടുക്കാനായി കടയുടെ പുറത്തു നിന്ന് ബാഗു തുറന്നത് അപ്പോഴാണവർ ഓർത്തത്.

ഞാൻ എന്റെ രണ്ടു വയസ്സുള്ള മകനെ ഓർത്തു. ബിസിനസ്സു തുടങ്ങുന്നതിനു മുമ്പെല്ലാം ശനിയാഴ്ചകളിൽ ഓഫീസിൽനിന്നു വരുമ്പോൾ അവന് ചോക്കളേറ്റ് വാങ്ങിക്കൊടുക്കാറുണ്ടായിരുന്നു. പണത്തിന് ബുദ്ധിമുട്ടു തുടങ്ങിയപ്പോൾ അതു താനെ നിന്നു. ഞാൻ ചായയും പഞ്ചസാരയും വാങ്ങുന്നതിനു പകരം ചോക്കളേറ്റ് വാങ്ങി, പുറകിൽ നിന്നു വന്ന നന്ദിവാക്കുകൾക്കു നേരെ വെറും ചിരിമാത്രം തിരിച്ചു കൊടുത്ത്, ദൈവത്തിന് നേരത്തെ കൊടുത്ത ഒരു നന്ദി തിരിച്ചെടുത്ത് അതിനു പകരം ഒരായിരം നന്ദി നൽകിക്കൊണ്ട് കടയിൽനിന്നിറങ്ങി.

BACK TO INDEX

# ഒരു സുന്ദരസായാഹ്നത്തിൽ

ബോംബെയിലെ ഖാറിൽ ഒരു സുന്ദരസായാഹ്നത്തിലാണ് ഞാനവരെ കണ്ടുമുട്ടുന്നത്. എഴുപതുകളുടെ മധ്യത്തിലാണ്. ബാന്ദ്രയ്ക്കും സാന്താ ക്രൂാസിനുമിടയിലെ മനോഹരമായ താമസസ്ഥലമാണ് ഖാർ. ഇരുവശത്തും പൂമരങ്ങൾ തണലൊരുക്കുന്ന ഖാർ റോഡിൽ ഒരു സുന്ദര സായാഹ്നത്തിൽ..... ഞാൻ ബസ്സ് കാത്തു നിൽക്കുകയായിരുന്നു. എങ്ങോട്ടും പോകാൻ ധൃതി യൊന്നുമില്ലാത്തതുകൊണ്ട് തിരക്കുള്ള ബസ്സുകൾ ഒഴിവാക്കി. പറ്റിയാൽ അന്ധേരിക്കു പോയി അംബർ-ഓസ്കാർ തീയേറ്ററിൽ ഏതെങ്കിലും സിനിമയ്ക്ക് ടിക്കറ്റ് ബുക്കു ചെയ്ത് വീട്ടിലേയ്ക്കു മടങ്ങണം. (അംബർ-ഓസ്കാർ സിനിമാ തീയേറ്ററുകൾ ഇന്നില്ല).

അപ്പോഴാണ് എന്നെപ്പോലെ ധൃതിയില്ലാതെ ബസ്സ് സ്റ്റോപ്പിൽ നിൽക്കുന്ന ഒരു സ്ത്രീയെ കാണുന്നത്. കണ്ടപാടെ ഓർത്തത് ഇവരെ എവിടെയോവച്ച് കണ്ടിട്ടുണ്ടെന്നാണ്. എവിടെ നിന്നാണെന്ന് പിടുത്തം കിട്ടുന്നില്ല. നാൽപ്പ ത്തഞ്ചു വയസ്സു തോന്നും, ഒരുപക്ഷേ കൂടുതൽ. നല്ല നിറം, ഭംഗിയുള്ള മുഖം. അവർ ഗുജറാത്തികളെപ്പോലെ സാരി വലത്തോട്ടാണ് ഉടുത്തിരി ക്കുന്നത്. കണ്ടാൽത്തന്നെ തോന്നും സമ്പന്നമായൊരു കുടുംബത്തിൽ നിന്നാണവർ വരുന്നതെന്ന്. ഒരുപക്ഷേ ഞങ്ങളുടെ ഉത്തരേന്ത്യൻ കുടുംബസ്നേഹിതരുടെ ആരുടെയെങ്കിലും വീട്ടിൽ ഉള്ളവരായിരിക്കും, അല്ലെങ്കിൽ ഞങ്ങളുടെ കെട്ടിടത്തിലെ 30 ഫ്ളാറ്റു കളിലേതെങ്കിലുമൊന്നിൽ അതിഥികളായി വരുമ്പോൾ കണ്ടതായിരിക്കണം. ഞങ്ങളുടെ താഴത്തെ നിലയിൽ താമസി ച്ചിരുന്നത് ഒരു ചോപ്ര കുടുംബമാണ്. അതിനെതിർവശത്തെ ഫ്ളാറ്റിൽ നരേന്ദ്രനാഥ്. (നടൻ പ്രേംനാഥിന്റെ ഇളയ സഹോദരൻ). മറ്റെ വിങ്ങിൽ താമസിച്ചിരുന്നത് കാമറാമാൻ കപാഡിയ. മറ്റു താമസക്കാർ പഞ്ചാബികളും, ആംഗ്ലോ ഇന്ത്യൻസുമാണ്. അവിടെയൊന്നും ഇവരെ കണ്ട ഓർമ്മയില്ല. എന്തെങ്കിലുമാകട്ടെ അവർ എന്നെയും ശ്രദ്ധിക്കുകയാണെന്ന് മനസ്സിലായ പ്പോൾ അവർക്ക് എന്നെയും മനസ്സിലായെന്ന് എനിക്കുറപ്പായി. അവർ സാവധാനത്തിൽ നടന്ന് എന്റെ അരികിലെത്തി.

ഞാനും അവരും അന്യോന്യം ചിരിച്ചത് ഏകദേശം ഒരേ സമയത്തായി രുന്നു. ഞാൻ ചോദിച്ചു. 'ഇവിടെ?' അവർ എന്തോ മറുപടി പറഞ്ഞു. ഞാൻ എന്റെ ചോദ്യം ആവർത്തിച്ചു. ഇത്തവണ അവർ വ്യക്തമായിത്തന്നെ മറുപടി പറഞ്ഞു. 'കാംപർ ആയിഹെ.' ഒരു കാര്യം പറയട്ടെ, പത്തുപതിനഞ്ചു കൊല്ലം ഉത്തരേന്ത്യയിൽ താമസിച്ചിട്ടും എനിക്ക് ഹിന്ദി പഠിക്കാൻ കഴിഞ്ഞിട്ടില്ല. അവർ ജോലിക്കു വന്നതാണെന്നു മാത്രം മനസ്സിലായി. ഒരുപക്ഷേ അവിടെ അടുത്തുള്ള ഏതെങ്കിലും ഓഫീസിൽനിന്ന് ജോലി കഴിഞ്ഞ് വീട്ടിലേയ്ക്കു മടങ്ങുകയായിരിക്കും. സമയം വൈകുന്നേരം ആറു മണിയോടടുത്തിരുന്നു. മുകളിൽ പടർന്നു പിടിച്ചു നിൽക്കുന്ന മരങ്ങൾ ആകാശവെളിച്ചത്തെ തടഞ്ഞതുകൊണ്ട് സമയം ഒരു ഏഴു മണിയായ പ്രതീതിയുണ്ടാക്കി. അവർ കൂടുതൽ അടുത്തു വന്നു. ബസ്സിലെ തിരക്ക് ഒഴിഞ്ഞശേഷം സാവധാനത്തിൽ പോകാമെന്ന് അവരും ഓർത്തു കാണും. അവർ ചോദിച്ചു. 'ആപ് കഹാൻ രെഹത്തേഹോ.' ഞാൻ ജുഹുവിൽ താമസിക്കുന്ന

സൊസൈറ്റിയുടെ പേരു പറഞ്ഞു, പിന്നെ അതേ ചോദ്യം അവരുടെ നേർക്കും തൊടുത്തു. അവർ പറഞ്ഞു. 'വെർസോവ.' തുടർന്ന് അവർ ചോദിച്ചു. 'വീട്ടിൽ ആരൊക്കെ യുണ്ട്?'

'ഭാര്യയും മകനും.'

പിന്നെ അവരെന്താണ് പറഞ്ഞതെന്ന് എനിക്കു മനസ്സിലായില്ല. എന്റെ അറിവിന്റെ പരിധിയിലൊതുങ്ങുന്നതായിരുന്നില്ല അവരുടെ ഭാഷ. ഒരു ടാക്സി പിടിക്കുന്നതിനെപ്പറ്റിയായിരുന്നു അവർ പറഞ്ഞിരുന്നതെന്ന് ഞാൻ ഊഹിച്ചെടുത്തു. ബസ്സുകളിൽ തിരക്ക് കുറഞ്ഞിരുന്നില്ല. ഒരു ടാക്സി പിടിക്കുക നല്ലൊരു കാര്യമാണ്. എനിക്ക് അന്ധേരിയിൽ ഇറങ്ങാം. വെർസോവക്ക് പത്തോ പതിനഞ്ചോ രൂപയെ വരൂ. അത്രയും പണം അവരെ ഏൽപ്പിക്കുകയുമാവാം. ഞാൻ പറഞ്ഞു. 'ശരി.'

ഒരു ടാക്സി കിട്ടുന്നതുവരെ സംസാരം തുടരാൻ ഞാൻ തീർച്ചയാക്കി. ഞാൻ ചോദിച്ചു. 'വീട്ടിൽ ആരൊക്കെയുണ്ട്?'

'ഞാനും അമ്മയും മാത്രം. ഒരു മകളുള്ളതിന്റെ കല്യാണം കഴിഞ്ഞു.'

'ഭർത്താവ്?'

'ഉപേക്ഷിച്ചു പോയി.'

'അപ്പോൾ തുണയ്ക്ക് അമ്മ മാത്രം?'

'അതു സാരംല്ല്യ. അതൊരു കണ്ണും ചെവിയും ഇല്ലാത്ത സാധനാണ്. ഒരു ഭാഗത്ത് കിടന്നോളും. നമുക്ക് പോകാം.'

പെട്ടെന്ന് എന്തോ പന്തിയില്ലായ്മ തോന്നി ഞാൻ അവരെ നോക്കി. ഒരു നഗരത്തിൽ താമസിക്കുമ്പോൾ അവിടത്തെ സംസാരഭാഷ പഠിക്കണം. ഇല്ലെങ്കിൽ പ്രശ്നമാണ്. അവരെന്താണുദ്ദേശിച്ചതെന്ന് ആലോചിക്കുകയായിരുന്നു ഞാനെന്ന മന്ദബുദ്ധി. അധികനേരം പ്രശ്നം വച്ചിരിക്കേണ്ടി വന്നില്ല എനിക്ക്. അവർ ഒന്നുകൂടി അടുത്തേയ്ക്ക് നീങ്ങിനിന്നു. ഇപ്പോൾ അവർ എന്നെ തൊട്ടു തൊട്ടില്ലാ എന്ന മട്ടിലായിരുന്നു. ഞാൻ വല്ലാതായി. ഒരു പതിനായിരം വർഷങ്ങളുടെ ദൈർഘ്യം തോന്നിച്ച പത്തു സെക്കന്റുകളുടെ ഒടുവിൽ അവർ എന്റെ കൈ പിടിച്ചു കൊണ്ട് ചോദിച്ചു. 'എനിക്ക് എന്തു തരും? ക്യാ ദോഗെ?'

മുറുകെ പിടിച്ചിരുന്ന ഒരു കൈ തട്ടിമാറ്റിയതും, മുമ്പിൽ നീങ്ങിത്തുടങ്ങിയ ഒരു തിരക്കുള്ള ബസ്സിന്റെ ഫുട്ബോർഡിൽ കാലിന്റെ ഒരറ്റം വയ്ക്കാൻ പഴുതു കണ്ടെത്തിയതും അതിലേയ്ക്ക് ചാടി വാതിലിന്റെ വശത്തുള്ള ബാറിൽ കഷ്ടിച്ച് രണ്ടു വിരലുകൾകൊണ്ട് മുറുക്കെ പിടിച്ചതും ഓർമ്മയുണ്ട്. കണ്ടക്ടറുടെ ശകാരം ഞാനത്ര കാര്യമാക്കിയില്ല, കാരണം പിന്നിൽ നിന്ന് വന്നിരുന്ന വാക്കുകൾ അതിലും കഷ്ടമായിരുന്നു.

BACK TO INDEX

# ജാക്‌ലെമനും ഞാനും

ജാക് ലെമന്റെ പ്രസിദ്ധമായൊരു മൂവിയുണ്ട്. 'ദ അപാർട്മെന്റ്.' കൽക്കത്തയിലെ മെട്രോ സിനിമയിലോ ലൈറ്റ്ഹൗസ് സിനിമയിലോ അതു കണ്ടതെന്നോർമ്മയില്ല. അറുപതുകളിലാണ്. ബോസിന്റെ ആവശ്യത്തിനു വേണ്ടി സ്വന്തം അപാർട്മെന്റിന്റെ താക്കോൽ കൊടുക്കുക വഴി കമ്പനിയിൽ പെട്ടെന്ന് പടിപടിയായി ഉയർന്നു വരുന്ന ഉദ്യോഗസ്ഥന്റെ മിഴിവുള്ള റോൾ അഭിനയിച്ചത് ജാക് ലെമനാണ്. അവസാനം മനസ്സിലാവുന്നു ബോസ് തന്റെ അപാർട്മെന്റിലേയ്ക്ക് കൊണ്ടുപോയിരുന്നത് ആ കെട്ടിടത്തിലെ ലിഫ്റ്റ് ഓപറേറ്ററും തന്റെതന്നെ കാമുകിയുമായിരുന്ന പെൺകുട്ടിയെയായിരുന്നെന്ന്. വല്ലാത്തൊരു മൂവി.

ജീവിതത്തിൽ ഒരു ജാക് ലെമനാകേണ്ട ഗതികേട് എനിക്കുമുണ്ടായി. ബോസിനു വേണ്ടിയല്ല, സ്നേഹിതനു വേണ്ടി. അയാൾ ഒരു ബംഗാളി പെൺകുട്ടിയുമായി സ്നേഹത്തിലായിരുന്നു. ഗാഢമായ സ്നേഹത്തിൽ. വീട്ടുകാർ അറിഞ്ഞിട്ടില്ല. അതുകൊണ്ട് പുറത്തുവച്ച് കാണുക വിഷമമാണ്, പ്രത്യേകിച്ചും ഓരോ തെരുവിലും ദാദമാരുടെ വിളയാട്ടമുള്ളപ്പോൾ. ഒരു ബംഗാളി പെൺകുട്ടിയെ സല മദ്രാസി (അങ്ങിനെയാണ് തെന്നിന്ത്യക്കാർ പൊതുവെ അറിയപ്പെടുന്നത്) അവരുടെ മുമ്പിൽവച്ച് തട്ടിക്കൊണ്ടു പോകുന്നത് അവർക്കു സഹിക്കില്ല. അങ്ങിനെയാണ് രാമചന്ദ്രൻ എന്റെ മുറിയുടെ താക്കോൽ വാങ്ങാൻ തുടങ്ങിയത്. ശനിയാഴ്ച കളിൽ ഉച്ചവരെയെ ഓഫീസുള്ളൂ. അതുകഴിഞ്ഞാൽ അയാൾ എന്റെ ഓഫീസിൽ വരും താക്കോൽ വാങ്ങിപ്പോകും. എനിക്കും ശനിയാഴ്ച ഉച്ചവരെ മാത്രമേ ഓഫീസുള്ളൂ എന്നത് പ്രശ്നമുണ്ടാക്കി. സാധാരണ എന്റെ പതിവ്, ശനിയാഴ്ചകളിൽ റസ്റ്റോറണ്ടിൽനിന്ന് എന്തെങ്കിലും കഴിച്ച് വേഗം വീട്ടിലെത്തി വൈകീട്ട് അഞ്ചു മണിവരെ ഉറങ്ങുക എന്നതായിരുന്നു. രാമചന്ദ്രന്റെ പ്രേമം അതു കല്ലത്താക്കി. ഞാൻ പുതിയ ചിട്ടയുണ്ടാക്കി. ഉച്ചക്ക് ചിത്തര ഞ്ജൻ അവന്യൂ വരെ നടന്ന് ചിങ്‌വാ എന്ന പേരുള്ള ചൈനീസ് റെസ്റ്റോറണ്ടിൽ പോയി ഭക്ഷണം കഴിക്കും, വീണ്ടും നടന്ന് ഏതെങ്കിലും സിനിമാഹാളിൽ മാറ്റിനി ഷോയ്ക്ക് പോകും. കുറച്ചൊരാഢംബര ജീവിതം. ഈ എക്സ്ട്രാ ചിലവുകളൊന്നും ഞാൻ ചന്ദ്രനെ ചാർജ്ജ് ചെയ്തില്ലെന്നത് മണ്ടത്തരമായി എന്ന് എനിക്കിപ്പോൾ തോന്നുന്നു. തിരിച്ച് അഞ്ചു മണിയോടെ ബാലിഗഞ്ചിലുള്ള വീട്ടിലെത്തും. അപ്പോഴും ചന്ദ്രനും മീതുവും മുറിയി ലായിരിക്കും. 'ഹൊറികുമാർ ദാദാ, കീ ഖബോർ എന്നു പറഞ്ഞു വരുന്ന മീതുവിനേയും രാമചന്ദ്രനേയും ആട്ടിയോടിച്ച് മുറി കരസ്ഥമാക്കും. ഹേഗർ ദ ഹൊറിബ്ൾ എന്നൊക്കെ പറയുന്ന പോലെയാണ് അവൾ എന്റെ പേരു ച്ചരിക്കുക. പിന്നീട് ശനിയാഴ്ചകൾ മതിയാവുന്നില്ലെന്നു കണ്ട ചന്ദ്രൻ മറ്റു ദിവസങ്ങളിലും താക്കോൽ വാങ്ങിത്തുടങ്ങി. കുഴപ്പമില്ല, അയാൾ ഉച്ചയ്ക്ക് ലീവെടുക്കുന്ന ദിവസങ്ങളിലാണെങ്കിൽ. ഡിസംബർ മാസത്തോടെ ലീവെല്ലാം കഴിഞ്ഞപ്പോൾ പിന്നെ കൂടിക്കാഴ്ച വൈകുന്നേരമായി. എന്നുവച്ചാൽ ഞാൻ ജോലി കഴിഞ്ഞ് ക്ഷീണിച്ച് പോകാനൊരുങ്ങുമ്പോഴായിരിക്കും ചന്ദ്രൻ താക്കോലിനു വേണ്ടി വരിക. വീട്ടിൽ എത്തി കുളിക്കണം, എന്നിട്ട്

പുറത്തിറങ്ങി രാമകൃഷ്ണ റെസ്റ്റോറണ്ടിൽ പോയി നല്ല ചൂടുള്ള ദോശ കട്ടിച്ചട്ടിണിയോടൊപ്പം കഴിക്കണം എന്നൊക്കെ വിചാരിച്ചിരിക്കയാവും. (എന്നും ചൈനീസ് കഴിച്ചാൽ പ്രശ്നമാണ്, വയറിനല്ല, കീശയ്ക്ക്) താക്കോൽ കൊടുക്കാതിരിക്കാൻ പറ്റില്ല. ഭക്ഷണം കഴിച്ച് ഞാൻ നടക്കാനിറങ്ങും. ലേക്കിൽ മാത്രമേ നടക്കാൻ പറ്റൂ. ഡിസംബർ മാസത്തിൽ വിന്ററിന്റെ തണുപ്പും സഹിച്ച് ഞാൻ തടാകത്തിന്റെ തീരത്തെ പുൽത്തട്ടിൽ ഇരിക്കും. ആയിടക്കാണ് ജാക്ക് ലെമന്റെ 'ദ അപാർട്മെന്റ്' എന്ന സിനിമ കാണുന്നത്. എന്നെപ്പോലെ വേറെയും ആൾക്കാർ ഉണ്ടെന്നത് എനിക്ക് ആശ്വാസമേകി. കുറേക്കാലം ഈ ജാക് ലെമൻ സിൻഡ്രോമുമായി ഞാൻ നടന്നിരുന്നു.

കഥയ്ക്ക് ടിസ്റ്റുണ്ടാവുന്നത് ഒരു വൈകുന്നേരമാണ്. രാത്രിയെന്നു പറയാം. എട്ടു മണിക്ക് വന്നാൽ മതിയെന്നു പറഞ്ഞാണ് ചന്ദ്രൻ താക്കോൽ വാങ്ങിയത്. കൃത്യം എട്ടു മണിക്കുതന്നെ ഞാൻ വാതിൽക്കൽ മുട്ടി. തുറന്നത് ചന്ദ്രൻ തന്നെ, പക്ഷേ പിന്നിൽ നിന്നിരുന്നത് ഹൊറികുമാർ ദാദാ എന്നു സ്നേഹത്തോടെ വിളിച്ചിരുന്ന മീതുവല്ല. മറ്റൊരു കുട്ടിയാണ്. മീതുവിനേക്കാൾ സുന്ദരിയായ ഒരു കുട്ടി. ഞാൻ ഒരു ചോദ്യത്തോടെ ചന്ദ്രനെ നോക്കി. അയാൾ കണ്ണിറുക്കിക്കാണിച്ചു. പെൺകുട്ടിയുടെ മുഖം വിവർണ്ണമായിരുന്നു. വല്ലാത്ത പിരിമുറുക്കം അനുഭവിക്കുന്നപോലെ. 'ഞാൻ ഇവളെ വീട്ടിൽ കൊണ്ടാക്കി വരാം' എന്നു പറഞ്ഞ് ചന്ദ്രൻ പുറത്തിറങ്ങി. പിന്നാലെ ഒന്നും പറയാതെ, എന്റെ മുഖത്തുകൂടി നോക്കാതെ ആ പെൺകുട്ടിയും.

അന്ന് രാത്രി മുഴുവൻ ചന്ദ്രൻ എന്റെ കൂടെയായിരുന്നു. എനിക്കു കലശലായി ദ്വേഷ്യം പിടിച്ചിരുന്നു. ഇനി മുതൽ താക്കോലിന്നായി എന്റെ അടുത്തു വന്നുപോകരുതെന്നുവരെ ഞാൻ പറഞ്ഞു. അപ്പോഴാണയാൾ ഈ കഥ പറഞ്ഞത്. അയാളും ഈ പെൺകുട്ടിയും ഹൃദയത്തിൽ ഒളിപ്പിച്ചുവച്ച സ്നേഹത്തിന്റെ കഥ. മീതുവിന്റെ അയൽക്കാരിയായിരുന്നു രേണു. രേണുവും രാമചന്ദ്രനുമായി സ്നേഹത്തിലായിരുന്നവത്രെ. പ്ലാറ്റോണിക് ലവ്. രണ്ടു പേരും നേരിട്ട് സംസാരിച്ചിട്ടുകൂടിയില്ല; സ്നേഹം മനസ്സിൽ കൊണ്ടുനടന്നു. അതിനിടക്കാണ് മീതു ഇടയിൽ വന്നത്. അവൾ പെട്ടെന്ന് മുന്നേറുന്ന തരക്കാരിയായിരുന്നു. ഇപ്പോൾ രേണുവുമായി സംസാരിക്കാൻ ഒരവസരം കിട്ടിയപ്പോഴാണ് അവളുടെ സ്നേഹത്തിന്റെ ആഴം ചന്ദ്രൻ മനസ്സിലാക്കുന്നത്. അതോടെ അയാൾ ക്ക് ഇടയിളക്കവും തുടങ്ങി.

ഉറക്കമില്ലാതിരുന്ന ആ രാത്രി എന്റെ സ്നേഹിതനു കൊടുത്ത ഗീതോപദേശം ഞാനിപ്പോഴുമോർക്കുന്നു. അന്ന് അത്ര കടുംപിടുത്തം പിടിച്ചില്ലായിരുന്നെങ്കിൽ എല്ലാവരും ഖേദിക്കുമായിരുന്നു. ഇന്ന് അവർ ദില്ലിയിൽ സന്തോഷത്തോടെ കഴിയുന്നു. മീതുവും ജോലിയെടുക്കുന്നുണ്ട്. അവർക്ക് രണ്ടു കുട്ടികളുമുണ്ട്. രേണുവിനെപ്പറ്റി ഞാൻ അന്വേഷിക്കാറില്ല. അവളും നല്ല നിലയിലാവട്ടെ എന്ന് ഞാൻ ആശംസിക്കുകയാണ്.

BACK TO INDEX

# നന്ദിയുടെ സുന്ദരമുഖങ്ങൾ

വർഷങ്ങൾക്കു മുമ്പ്, ഞാൻ ജോലിയെടുത്തിരുന്ന ഓഫീസിന്റെ അടുത്ത കെട്ടിടത്തിൽ ജോലിചെയ്യുന്ന ഒരു ആംഗ്ലോഇന്ത്യൻ പെൺകുട്ടിയെ പരിചയപ്പെടുവാനിടയായി. പേര് റോസ്. ബസ്സ്റ്റോപ്പിൽനിന്നുള്ള പരിചയമാണ്. അവൾ വാതോരാതെ സംസാരിക്കും. സംസാരത്തിൽ തമാശകൾ ഉതിർന്നു വീഴും, ഒപ്പംതന്നെ അവൾ പൊട്ടിച്ചിരിക്കുകയും ചെയ്യും. ബാന്ദ്രയായാൽ അവൾ ഇറങ്ങിപ്പോകും. എനിക്കിറങ്ങേണ്ടത് സാന്താക്രൂസിലാണ്.

അങ്ങിനെയിരിക്കുമ്പോൾ അവളെ ബസ്സ്റ്റോപ്പിൽ കാണാതായി. ഒരാഴ്ചത്തെ ഇടവേളക്കുശേഷം വീണ്ടും പ്രത്യക്ഷപ്പെട്ടപ്പോൾ ഞാൻ ചോദിച്ചു. 'എവിടെയായിരുന്നു?' മറുപടിയായി അവൾ അവളുടെ ജീവിതത്തെപ്പറ്റി ആദ്യമായി പറഞ്ഞുതന്നു. അവൾ കല്യാണം കഴിച്ചത് മൂന്നു വർഷം മുമ്പാണ്. ഭർത്താവിന് ജോലിയൊന്നുമില്ല. ഒരിക്കൽപ്പോലും ഒരു ജോലി എടുത്തിട്ടുമില്ല. പ്രേമവിവാഹത്തിന്റെ ഒരു ദുരന്തനായികയായിരുന്നു അവൾ. ഭർത്താവിന് ജോലിയില്ലെന്നു മാത്രമല്ല ഒരുപാട് ദുഃശ്ശീലങ്ങളുണ്ട് താനും. അതിനുള്ള പണം അവൾ കൊടുക്കണം. കൊടുത്തില്ലെങ്കിൽ ഉപദ്രവിക്കും. അവൾ ഒരു കെമിക്കൽ കമ്പനിയിൽ കുറഞ്ഞ ശമ്പളത്തിൽ ജോലി ചെയ്യുകയാണ്. ഇത്രയും കഷ്ടപ്പാടുകൾക്കിടയിലും അവൾ ചിരിക്കുന്നു! അപ്പോൾ പറഞ്ഞുവന്നത്, ഭർത്താവ് ആശുപത്രിയിലാണ്. കരളിന്റെ മുക്കാൽ ഭാഗവും രോഗം കാർന്നു തിന്നിരിക്കുന്നു. നാളെ ഡിസ്ചാർജ്ജ് ചെയ്യുമ്പോൾ ആയിരം രൂപയെങ്കിലും വേണം. അത്രയും പണം തന്ന് സഹായിക്കണം. തിരിച്ചു ഗഡുക്കളായി തരാമെന്ന് ഉറപ്പു തരുന്നു.

ഞാൻ കുറച്ചു വിഷമത്തിലായി. എന്റെ കയ്യിൽ തൽക്കാലം പണമുണ്ട്. പക്ഷേ കൊടുക്കണോ? രാത്രി ഏറെ നേരം ആലോചിച്ചു കിടന്നു. രാവിലെ എഴുന്നേറ്റപ്പോൾ കൊടുക്കേണ്ടതില്ലെന്ന തീരുമാനമാണ് എടുത്തത്. പക്ഷേ പത്തുമണിക്ക് റോസ് ഫോൺ ചെയ്തപ്പോൾ ഞാൻ 'വരൂ, തരാം' എന്നാണ് പറഞ്ഞത്.

ആ ശനിയാഴ്ച അവൾ രാവിലെത്തന്നെ എന്റെ ഓഫീസിൽ വന്ന് രാത്രിഭക്ഷണത്തിന് വീട്ടിൽ ചെല്ലാൻ ക്ഷണിച്ചു. 'ഭാര്യ വീട്ടിലില്ലല്ലൊ, അപ്പോൾ പുറത്തുനിന്നുതന്നെയല്ലേ ഭക്ഷണം, എന്തായാലും വരണം.' അവളുടെ ശബ്ദത്തിൽ നന്ദി നിറഞ്ഞുനിന്നിരുന്നു. ആ സമയത്ത് പക്ഷേ എന്റെ മനസ്സിൽ അത്രതന്നെ വിശുദ്ധമല്ലാത്ത ചിന്തകളായിരുന്നു. അവൾ എന്തിനാണ് എന്നെ രാത്രിഭക്ഷണത്തിന് ക്ഷണിച്ചത്? എട്ടുമണി കഴിഞ്ഞാൽ ഇപ്പോഴും ഭർത്താവിന് ബോധമുണ്ടാവില്ലെന്ന് അവൾ തലേന്നുകൂടി പറഞ്ഞിരുന്നു. റോസ് ഭംഗിയുള്ള സ്ത്രീയായിരുന്നു. ഞാനാകട്ടെ ഏകദേശം ഒരു മാസമായി ഭാര്യയിൽനിന്നകന്നു നിൽക്കയും. ഞാൻ ഏഴ്, എട്ടു മണിയോടെ എത്തിക്കൊള്ളാമെന്ന് ഏറ്റു.

അവൾ തന്ന വിലാസം തേടി എത്തിയത് ബാന്ദ്രയിലെ അനേകം ഗലികൾക്കൊന്നിൽ ചേരികൾ എത്തുന്നതിനു മുമ്പുള്ള ഒരു പഴയ വീട്ടിലായിരുന്നു. ഒരു വശത്തു മുഴുവൻ ഉയരത്തിലുള്ള ഭംഗിയുള്ള കെട്ടിടങ്ങൾ, മറുവശത്ത് കുടിലുകളുടെ പരപ്പ്. രണ്ടിനുമിടയിൽ

നോക്കുകുത്തിപോലെ ഈ ഓടിട്ട വീട്. ഞാൻ കരുതിക്കൂട്ടി വൈകി എത്തി. റോസിന്റെ ഭർത്താവ് ഊൺമേശക്കു മുമ്പിലിട്ട കസേലയിൽ ഇരിക്കുന്നു. മുമ്പിൽ കുപ്പിയും ഗ്ലാസ്സും. കുപ്പി കഴിയാറായിരിക്കുന്നു. അയാൾ എന്നെ കണ്ടപ്പോൾ കൈ നീട്ടിക്കൊണ്ട് എഴുന്നേൽക്കാൻ ശ്രമിച്ചു. വിഫലമായ ആ ശ്രമം ഉപേക്ഷിച്ച് അയാൾ കസേലയിൽത്തന്നെ വീണു. എനിക്കു വിഷമം തോന്നി. ഞങ്ങൾ ഭക്ഷണത്തിനു മുമ്പിലിരുന്നു. അയാൾ ഒന്നും കഴിക്കുന്നില്ല. ഇത്രയധികം വിസ്കി അകത്താക്കിയ ശേഷം ഒന്നും കഴിക്കാതെ ഉറങ്ങാൻ പോകും. കരൾ മാത്രമല്ല കുടൽകൂടി കത്തിയെരിഞ്ഞില്ലെങ്കിലല്ലെ അദ്ഭുതമുള്ളൂ. ഒരൊമ്പതു മണിയോടെ റോസ് ഭർത്താവിനെ താങ്ങിപ്പിടിച്ച് അകത്തു കൊണ്ടുപോയി കിടത്തി തിരിച്ചുവന്നു. 'നിങ്ങൾ കുറച്ചുനേരം പാട്ടു കേൾക്കൂ. ഞാനൊന്ന് കുളിച്ചു വരാം.' അവൾ മേശപ്പുറത്തുള്ള ടേപ്പ് റെക്കോർഡർ ഓണാക്കി. പാട്ടു കേൾക്കുന്നതിനിടയിൽ ഞാൻ എന്റെ ഭാവനയും ഓണാക്കി.

ഞാൻ ഭാവനയിൽ കണ്ടപോലെത്തന്നെ അവൾ കുളിമുറിയിൽ നിന്ന് പുറത്തുകടന്ന് തലമുടി കെട്ടിക്കൊണ്ട് ഞാനിരുന്ന സോഫയുടെ നടുവിലായി വന്നിരുന്നു. അടുത്തല്ല, അകലത്തുമല്ല. ആ ഇരുത്തത്തിൽ പക്ഷേ അടുപ്പ മുണ്ടായിരുന്നു. ടാൽക്കം പൗഡറിന്റെ സൗമ്യമായ വാസന. അവളുടെ ഉദ്ദേശ്യമെന്താണെന്ന് തീർച്ചയാക്കാനെന്നപോലെ ഞാൻ എന്റെ കൈകൾ അവൾക്കു നേരെ നീട്ടിക്കൊണ്ടു പറഞ്ഞു. 'നേരം വൈകി, ഞാൻ പോട്ടെ?' അവൾ ആ കൈ അവളുടെ കൈയ്യിലൊതുക്കി പതുക്കെ അമർത്തി. 'എന്താണ് ധൃതി?' എന്റെ ഉള്ളിൽ കാമത്തിന്റെ നുരകൾ പതഞ്ഞു പൊന്തുക യാണ്.

പെട്ടെന്നാണ് അകത്തുനിന്ന് ഒരു കുഞ്ഞിന്റെ കരച്ചിൽ കേട്ടത്. ഞാൻ കൈ പിൻവലിച്ച് അവളെ ഒരു ചോദ്യത്തോടെ നോക്കി. 'എന്റെ മോനാണ്.' അവൾ എഴുന്നേറ്റ് അകത്തേയ്ക്കു പോയി ഉറക്കച്ചടവിൽ അന്ധാളിച്ച മുഖമുള്ള ഒരു കുട്ടിയെ എടുത്തുകൊണ്ടുവന്നു. ഒന്നര, രണ്ടു വയസ്സായിട്ടു ണ്ടാകും. ഓമന മുഖം. 'അങ്കിളിന് ഹായ് പറയൂ.' അവൻ എന്നെ ഒന്നു നോക്കി വീണ്ടും അമ്മയുടെ തോളിൽ അമർന്നു. 'ഞാനിവനെ ഉറക്കിയിട്ടു വരാം....'

റോസിന് കുട്ടിയുണ്ടെന്ന് അവളിതുവരെ എന്നോട് പറഞ്ഞിട്ടില്ല. ഞാനൊട്ട് ചോദിച്ചതുമില്ല. പക്ഷേ റോസിന്റെ ആ വരവ് എന്നെ ഉലച്ചു. അവൾ അമ്മ യാണ്. പെട്ടെന്ന് എനിക്കു ലജ്ജ തോന്നി. ഞാൻ പകൽ മുഴുവൻ ഭാവനയിൽ കണ്ടിരുന്നതെല്ലാം, ഞാൻതന്നെ എഴുതിയ ഒരു തിരക്കഥ ചിത്രമാക്കുന്ന കണിശത്തോടെ സംഭവിച്ചപ്പോൾ എനിക്കു വിഷമമാവുകയാണ്. റോസ് അവളുടെ സന്മനസ്സുകാരണം, അവളുടെ പ്രവർത്തികൾ കൊണ്ട് എനിക്കു നന്ദി പറയുകയാണ്. ഞാൻ എന്റെ നിഴൽപൂണ്ട മനസ്സിന്റെ പ്രേരണമൂലം അത് ചൂഷണം ചെയ്യാനൊരുങ്ങുകയുമായിരുന്നു. എനിക്ക് സ്വയം നിന്ദ തോന്നി. അവൾ ഉടനെത്തന്നെ പുറത്തു കടന്നപ്പോൾ കണ്ടത് പോകാനൊരുങ്ങി നിൽക്കുന്ന എന്നെയാണ്.

'ഇത്ര വേഗം?'

ഞാൻ നീട്ടിയ കൈകൾ ഗ്രഹിക്കുമ്പോൾ അവളുടെ മുഖത്ത് നന്ദി എന്ന വികാരമായിരുന്നു.

BACK TO INDEX

# ആറ്റിലൊലിച്ചെത്തുമാമ്പലപ്പൂപോലെ.....

നിറയെ പൂച്ചെടികളുള്ള വീടായിരുന്നു അത്. എനിക്കന്ന് പത്തു വയസ്സു പ്രായം. പൂക്കളും ചെടികളും എന്റെ ദൗർബ്ബല്യമായിരുന്നു. സ്കൂളിൽ പോകുമ്പോഴും വരുമ്പോഴും ഞാൻ ആ വീട് ശ്രദ്ധിച്ചിരുന്നത് പൂക്കളോടുള്ള ഈ കമ്പം മൂലമായിരുന്നു. ആ വീട്ടിൽ കയറണം, ചെടികളുടെ വിത്തുകൾ ചോദിച്ചു വാങ്ങണം എന്നൊക്കെ കരുതും, നാണം കൊണ്ട് അതിനുള്ള ധൈര്യമുണ്ടാവുകയുമില്ല. അങ്ങിനെയിരിക്കെ ഒരു ദിവസം ആ വീട്ടിന്റെ മുറ്റത്ത് സാരിയുടുത്ത ഒരു സ്ത്രീ നിൽക്കുന്നതു കണ്ടു. ഇതുതന്നെ അവസരം എന്നു കരുതി ഞാൻ ഒപ്പം നടക്കുന്ന അനുജത്തി ഗിരിജയോട് 'ഏട്ടൻ ഇപ്പോ വരാം, നീ നടന്നോ' എന്നു പറഞ്ഞു ആ വീട്ടിലേയ്ക്കുള്ള വരമ്പിലേയ്ക്കു തിരിഞ്ഞു. ഗിരിജയെ ഒപ്പം കൊണ്ടുപോകാൻ താൽപര്യമില്ലാഞ്ഞിട്ടല്ല, പക്ഷേ അവരെന്നോട് ഓടാൻ പറഞ്ഞാലുണ്ടാവുന്ന ചമ്മലവൾ കാണരുതല്ലോ.

എന്നെ കാത്തു നിന്ന സ്വീകരണം ഞാനൊരിക്കലും പ്രതീക്ഷിച്ചിരുന്നതല്ല. ഞാൻ പടി കടക്കുന്നതു കണ്ട ഉടനെ ആ സ്ത്രീ ചിരിച്ചുകൊണ്ട് നടന്നു വന്നു. ഞാനൊരു സ്വകാര്യം പറയട്ടെ, ഇത്രയും സുന്ദരിയായ ഒരു സ്ത്രീയെ ഞാൻ അതുവരെ കണ്ടിട്ടുണ്ടായിരുന്നില്ല. അങ്ങിനെ സുന്ദരിയായ ആ സ്ത്രീ ചിരിച്ചു കൊണ്ട് എന്റെ അടുത്തെത്തി ഒരു ചോദ്യം. 'ജാനേ്വടത്തീടെ രണ്ടാമത്തെ മോനാണല്ലെ? പേര് ഹരി. അഞ്ചാം ക്ലാസ്സില് പഠിക്കുണു.' ഞാൻ ജീവിതത്തിൽ ഇത്രയും അദ്ഭുതപ്പെട്ട നിമിഷം വേറെയുണ്ടായിട്ടില്ല. എന്നെപ്പറ്റി ഇത്രയും കൃത്യമായി അവരെങ്ങിനെ അറിഞ്ഞു എന്നത് ഇന്നും അജ്ഞാതം. ഞങ്ങൾ നല്ല കൂട്ടായി. 26 വയസ്സു പ്രായമായ അവർക്ക് ഒരു ജേഷ്ഠത്തിയും ജ്യേഷ്ഠനുമുണ്ട്. അവരുടെ രണ്ടുപേരുടെയും കല്യാണം കഴിഞ്ഞു. ജ്യേഷ്ഠത്തി ടീച്ചറാണ്. അവരുടെ വീട്ടിൽ ഞാനൊരു സ്ഥിരം സന്ദർശകനായി. ചിലപ്പോൾ അനുജത്തിയേയും കൊണ്ടുപോകും.

അടുത്തപ്പോൾ ഒരു ദിവസം ഞാൻ ചോദിച്ചു. 'ശാരദേട്ത്തി എന്താണ് കല്യാണം കഴിയ്ക്കാത്തത്?'

'ഉത്തരം ലളിതം.' അവർ പറഞ്ഞു. 'എനിക്കിഷ്ടപ്പെട്ട പയ്യനെ കിട്ടാത്തതു കൊണ്ട്.' അതും പറഞ്ഞ് അവർ ചിരിക്കാൻ തുടങ്ങി. ചിരി എനിക്ക് ഒരദ്ഭുതമായിരുന്നു. വീട്ടിൽ അപൂർവ്വമായേ ചിരിയുണ്ടായിരുന്നുള്ളൂ. അതുകൊണ്ട് ചിരിക്കുന്നത് പാപമാണെന്നുവരെ എനിക്കു തോന്നിയിട്ടുണ്ട്. ഇവിടെ ഈ സ്ത്രീ ഓരോ വാചകത്തിലും ചിരിക്കുന്നു. ഞാൻ പറയുന്ന ഓരോ വാചകവും ഫലിതമാണെന്ന മട്ടിൽ ചിരിക്കുന്നു. ഞാൻ ഇത്രയും നല്ല തമാശക്കാരനാണെന്ന് അവരുടെ ഒപ്പം സംസാരിക്കുമ്പോഴാണ് തോന്നിയിട്ടുള്ളത്.

'പക്ഷേ അടുത്തുതന്നെണ്ടാവുംന്നാ തോന്നണത്.' അവർ തുടർന്നു. 'കാരണം എനിക്കിഷ്ടപ്പെട്ട ഒരു പയ്യനെ കണ്ടുകിട്ടിയിട്ടുണ്ട്.'

'ആരാണത്?' ഞാൻ ഒട്ടൊരസൂയയോടെ ചോദിച്ചു. അവർ കസേരയിലിരിക്കുകയായിരുന്നു ഞാൻ തൊട്ടു മുമ്പിൽ നിൽക്കുകയും. പെട്ടെന്നവർ എന്നെ ആശ്ലേഷിച്ചു, എന്റെ കവിളിൽ ചുംബിച്ചു. 'ഇതാ ഈ ഹരിക്കുട്ടൻ തന്നെ.' എനിക്കു നാണമായി, പക്ഷേ അവരുടെ ആശ്ലേഷത്തിൽ നിന്ന്

വിട്ടുമാറാൻ എന്നെക്കൊണ്ടാവില്ലായിരുന്നു. ഇന്ന് ഒരു പത്തു വയസ്സുകാരനെ ഇങ്ങനെയൊരു കാര്യം പറഞ്ഞ് വിശ്വസിപ്പിക്കാൻ കഴിയില്ല. പക്ഷേ അന്ന്, അതായത് ദശകങ്ങൾക്കു മുമ്പ് ബാല്യത്തിന് നിഷ്കളങ്കത അപ്പോഴും വിട്ടിട്ടുണ്ടായിരുന്നില്ല. ഞാനൊരു കാമുകനായി മാറി.

എപ്പോഴാണ് ആ വികാരം എന്നെ വിട്ടൊഴിഞ്ഞതെന്ന് ഓർമ്മയില്ല. വളരെ സ്വാഭാവികമായി, എന്റെ അറിവു വർദ്ധിക്കുന്നതിനോടൊപ്പം ഞാനാ മായയിൽനിന്ന് പുറത്തു കടന്നിട്ടുണ്ടാവണം. പിന്നെ ഞങ്ങൾ വീട് മാറി; ആ വീട്ടിനു മുമ്പിലൂടെ സഞ്ചരിക്കേണ്ട ആവശ്യമേ ഇല്ലാതായി. പിന്നെ വർഷങ്ങൾക്കു ശേഷം കല്യാണത്തിന്നായി നാട്ടിലെത്തിയപ്പോഴാണ് ഞാൻ ശാരദേട്ത്തിയെ വീണ്ടും ഓർത്തത്. ഞാൻ അമ്മയോട് അവരെപ്പറ്റി അന്വേഷിച്ചു. ഞാൻ ആരെയാണുദ്ദേശിക്കുന്നതെന്നു മനസ്സിലാക്കാൻതന്നെ അമ്മ കുറേ സമയമെടുത്തു. 'ങാ, ശാരദയോ?'

അമ്മ പറഞ്ഞ കഥ എന്നെ വേദനിപ്പിച്ചു. പതിനെട്ടാം വയസ്സുതൊട്ട് തന്നെ കീഴ്പ്പെടുത്തിയ മാരക രോഗം കാരണം ഗർഭപാത്രം നഷ്ടപ്പെട്ട പെൺകുട്ടി. മൂന്നു കൊല്ലം തീ തിന്നതിനു ശേഷം ഡോക്ടർമാർ ഉപദേശിച്ചത് ഗർഭപാത്രം എടുത്തുകളയാനായിരുന്നു. അതിനു ശേഷവും ആലോചനകൾ വന്നു. പക്ഷേ ശാരദേട്ത്തി സമ്മതിച്ചില്ല. പൂവിനെന്തു ഭംഗിയുണ്ടായിട്ടെന്താണ്, വാസനയില്ലെങ്കിൽ? സ്വയം ഒരവിവാഹിത ജീവിതം വരിക്കുകയായിരുന്നു ആ സ്ത്രീ. എന്നോട് തമാശകൾ പറഞ്ഞു കുടുകുടാന്ന് ചിരിക്കുമ്പോൾ അവരുടെ സ്ഥിതി ഇതായിരുന്നുവെന്ന് ഞാനറിഞ്ഞിരുന്നെങ്കിൽ!

കല്യാണം കഴിഞ്ഞ് ദില്ലിയിലേയ്ക്കു തിരിച്ചു പോകുന്നതിനുമുമ്പ് ഞാനവരെ വീണ്ടും കണ്ടു. ലളിതയെ ഒപ്പം കൂട്ടാത്തതിൽ അവർ എന്നെ ശകാരിച്ചു. കല്യാണം വേണ്ടെന്നുവച്ച ഒരു സ്ത്രീയെ കാണാൻ പോകുമ്പോൾ ഭാര്യയുടെ ഒപ്പം പോകുന്നതിൽ എന്തോ ഒരു വിഷമം. അവർ പണ്ടത്തെപ്പോലെ സുന്ദരിയായിരുന്നു. 44, 45 വയസ്സായിട്ടുണ്ടാവുമെങ്കിലും അത്രയൊന്നും തോന്നിക്കില്ല. ഞാൻ സ്വയം പരിചയപ്പെടുത്തിയപ്പോൾ അവർ അദ്ഭുതത്തോടെ എന്നെ നോക്കി. 'ഹരി!'

അവരുടെ അടുപ്പം ഒട്ടും കുറഞ്ഞിട്ടുണ്ടായിരുന്നില്ല. ചായയുണ്ടാക്കുമ്പോൾ ഞാനവരുടെ ഒപ്പം അടുക്കളയിൽ നിന്നുകൊണ്ട് സംസാരിച്ചു. അവരുടെ ചേച്ചി ലീവെടുത്ത് ഭർത്താവിന്റെ ഒപ്പം ധാൻബാദിലാണ്. ചേട്ടൻ കോഴിക്കോടാണ്. ശാരദേടത്തി ഒറ്റയ്ക്കാണ്. ചേച്ചിയും ഭർത്താവും, അതുപോലെ ചേട്ടനും ചേട്ടത്തിയമ്മയും അവരുടെ ഒപ്പം പോയി താമസിക്കാൻ നിർബ്ബന്ധിക്കുന്നു. അവർക്ക് പോകാൻ താൽപര്യമില്ല. ആരെയും ബുദ്ധിമുട്ടിക്കാതെ ജീവിക്കുന്നതുതന്നെയല്ലെ നല്ലത്?

'മാതൃഭൂമിയുടെ ഒരു കോപ്പി ഞാൻ ഇപ്പോഴും സൂക്ഷിച്ചുവച്ചിട്ട്ണ്ട്. ഏതാന്നറിയ്യ്യോ?' അവർ തുടർന്നു. ഹരിടെ അച്ഛന്റെ ഒരു കവിതയുള്ളതാണത്. പൂതപ്പാട്ട്. അറിയോ? എന്താ അറിയാതെ അല്ലെ? അതില് ഉണ്ണി പള്ളിക്കൂടത്തിലേയ്ക്ക് പോണത് കിളിവാതിലിൽക്കൂടി പൂതം നോക്കിനിൽക്കണ ഒരു രംഗംണ്ട്. ആറ്റിലൊലിച്ചെത്തും ആമ്പലപ്പൂപോലെ, ആടിക്കുഴഞ്ഞെത്തുമമ്പിളിക്കല പോലെ, പൊന്നുങ്കുടം പോലെ, പൂവമ്പഴം പോലെ പോന്നുവരുന്നോനെ കണ്ടൂ പൂതം. എന്ന്. ശരിക്കു പറഞ്ഞാൽ ഹരിയെപ്പറ്റി ത്തന്ന്യാണ് അച്ഛൻ ആ വരികളെഴുതീത്ന്ന് എനിക്കു തോന്നാറുണ്ട്.

എന്നെപ്പറ്റിയും. സ്കൂളിൽ നിന്നുള്ള ഹരീടെ വരവ് ഞാൻ നോക്കിനിൽക്കാറ്ണ്ട് അന്നൊക്കെ. അങ്ങിനെ നോക്കിനിൽക്കണ ഒരു ദിവസാ ഹരി പടികടന്ന് വന്നത്. എനിക്ക് എന്തു സന്തോഷായീന്നറിയ്യോ?'

പടി കടന്ന് പച്ചപ്പരവതാനിയിട്ട പാടങ്ങൾക്കു നടുവിലൂടെയുള്ള വീതിയുള്ള വരമ്പിന്മേൽക്കൂടി നടക്കുമ്പോൾ എന്റെ കണ്ണിലൂറിയ ജലം തുടയ്ക്കാൻ തണുത്ത കാറ്റുണ്ടായിരുന്നു.

BACK TO INDEX

# ഒരു കുട്ടിയുടെ കഥ

ഞാനും ഭാര്യ ലളിതയും കാന്തം കൊണ്ടുണ്ടാക്കിയവരാണെന്നു തോന്നുന്നു. ചെറിയ കുട്ടികളെ ആകർഷിക്കുന്ന ഏതോ ഘടകം ഞങ്ങളിലുണ്ടെന്നു തീർച്ച. ഏതു കുട്ടിയും ഞങ്ങളെ, പ്രത്യേകിച്ച് ലളിതയെ കണ്ടാൽ അടുത്തുകൂടും. ബോംബെയിൽ താമസിക്കുന്ന കാലം തൊട്ട് ഏതെങ്കിലും ഒരു കുട്ടി ഞങ്ങളുടെ ഒപ്പമുണ്ടായിരുന്നു. ആ സീരീസിൽ ഏറ്റവും അവസാനമുണ്ടായിരുന്നത് പ്രശസ്ത സിനിമോട്ടോഗ്രാഫറായ ശ്രീ ആനന്ദക്കുട്ടന്റെ മകൾ അമ്മുവാണ്. (ശരിക്കുള്ള പേര് കാർത്തിക) മൂന്നുമാസം പ്രായം തൊട്ട് ഏകദേശം രണ്ടു വയസ്സുവരെ, ഞങ്ങൾ ആ വീട് മാറുന്നതുവരെ, അവൾ ഞങ്ങളുടെ വീട്ടിൽത്തന്നെയായിരുന്നുവെന്ന് പറയാം. അവൾക്കിപ്പോൾ പത്തു വയസ്സാണ്. മിടുക്കി ഇപ്പോൾ അഞ്ചാം ക്ലാസ്സിൽ പഠിക്കുന്നു. ഇനി ഞങ്ങൾക്ക് വയസ്സുകാലത്ത് ഈ കുട്ടികളുടെ കളികൾ ഓർത്ത് സന്തോഷിക്കാം.

പക്ഷേ ഒരു കുട്ടിയുടെ കാര്യത്തിൽ ഞങ്ങൾക്ക് ഹൃദയഭേദകമായൊരു അനുഭവമുണ്ടായി. ഞങ്ങൾ കുറച്ചുകാലംമുമ്പ് താമസിച്ചിരുന്ന വീട്ടിന്റെ തൊട്ടടുത്തുതന്നെയാണ് വീട്ടുടമ താമസിച്ചിരുന്നത്. അയാൾ പാസ്പോർട്ട് ഓഫീസിൽ ജോലി ചെയ്യുന്നു. ഭാര്യ ഭാനുമതി എം.ടെക്കിന് പഠിക്കുകയാണ്. ആഴ്ചയിലൊരിക്കൽ വരും. വീട്ടിൽ വീട്ടുടമയുടെ അമ്മ മാത്രമേയുള്ളൂ. അവരാണ് നാലു മാസം പ്രായമായ കുട്ടിയെ നോക്കുന്നത്. കാര്യം കഷ്ടം തന്നെയായിരുന്നു. നാലു മാസം മാത്രം പ്രായമായ കുട്ടി. മുലപ്പാൽ കുടിക്കേണ്ട സമയമാണ്. അമ്മയെ കാണാൻ പോലും കിട്ടുന്നില്ല. ഒരിക്കൽ ലളിത അവരുടെ വീട്ടിൽ പോയി. കുറച്ചു നേരം അവനെ എടുത്തുനടന്നു. തിരിച്ച് വരാൻ നേരത്ത് അവൻ അച്ഛമ്മയുടെ അടുത്തേയ്ക്ക് പോകുന്നേയില്ല. ലളിതയോട് അള്ളിപ്പിടിച്ചു നിൽക്കുകയാണ്. വല്ലാത്ത കരച്ചിലും. അങ്ങിനെയാണ് അവൾ നിഖിലിനെ വീട്ടിലേയ്ക്കു കൊണ്ടുവന്നത്. ഞാനെടുത്തപ്പോഴും അവന് വലിയ പ്രശ്നമൊന്നുമില്ല. ആന്റി അടുത്ത്, അവന്റെ കൺവെട്ടത്തുതന്നെ വേണമെന്നു മാത്രം. അതു തുടക്കം മാത്രമായിരുന്നു. പിന്നെ എന്നും ലളിത രാവിലെ പോകും അവനെ എടുത്തു കൊണ്ടുവരും. അച്ഛമ്മ അവന് രാവിലത്തെ ഭക്ഷണം കൊടുക്കുമ്പോൾ അവൻ ലളിതയുടെ സാരി മുറുക്കെ പിടിച്ചുവയ്ക്കും; ആന്റി അവനെക്കൂട്ടാതെ പോകാതിരിക്കാൻ. അവന്റെ കളികൾ കണ്ട് മാസങ്ങൾ കടന്നുപോയതറിഞ്ഞില്ല. അവന്റെ അമ്മ എല്ലാ ശനിയാഴ്ചകളിലും എത്തി, ഞായറാഴ്ച വൈകീട്ട് തിരിച്ചു പോകുകയും ചെയ്യും. ഈ രണ്ടു ദിവസങ്ങളിൽ ഞങ്ങൾ അവനെ കൊണ്ടുവരാറില്ല. തിങ്കളാഴ്ച രാവിലെത്തന്നെ രണ്ടു വീടുകൾക്കുമിടയിലെ മതിൽ പൊളിഞ്ഞുണ്ടായ വഴിയിൽക്കൂടി അവൻ ആന്റിയുടെ ഒക്കത്ത് കയറി യാത്ര തുടങ്ങും. വരുമ്പോൾ വഴിയിലുള്ള മന്ദാരമരത്തിന്റെ അടുത്തെത്തിയാൽ അവൻ ചൂണ്ടിക്കാണിക്കും. അതിൽ നിന്നൊരു പൂ അറുത്ത് അവന്റെ കയ്യിൽ കൊടുക്കണം. ആ പൂവ്, അവനു വേണ്ടി ആർത്തിയോടെ കാത്തിരിക്കുന്ന അങ്കിളിനു സമ്മാനിക്കാനുള്ളതാണ്. ഞാൻ ആ പൂ വാങ്ങി നന്ദി പറയുമ്പോൾ അവന്റെ മുഖം വികസിക്കുന്നു. പാലിനു

സമയമായാൽ ആന്റി പാൽ കാച്ചിയത് ചൂടു പാകമാക്കി കുപ്പിയിലാക്കി കൊടുക്കുന്നു. ഉച്ചയ്ക്ക് കുറുക്കിയത് കൊടുക്കുന്നു. അതു കഴിഞ്ഞ് അവന്റെ കുഞ്ഞി ഉറക്കം. തിരിച്ചു കൊണ്ടു പോയാക്കുമ്പോഴാണ് അവന്റെ കരച്ചിലും വാശിയും കാണേണ്ടത്. ലളിത അവനെയും കൊണ്ട് മതിൽ കടക്കുമ്പോ ഴേയ്ക്ക് കേൾക്കാം കരച്ചിൽ.

നിഖിലിന്റെ അമ്മ നല്ലൊരു സ്ത്രീയായിരുന്നു. എപ്പോഴും ചിരിച്ചു കൊണ്ടുള്ള മുഖം. നിഖിൽ ഞങ്ങളുടെ വീട്ടിലാണ് പകൽസമയത്തൊക്കെ എന്നവർക്കറിയാം. പക്ഷേ ക്രമേണ അവർക്കതു രസിക്കാതായി. ഒരു തിങ്ക ളാഴ്ച ലളിത അവനെ എടുക്കാൻ പോയപ്പോൾ മാധവിയമ്മ പറഞ്ഞു. 'ഭാനു പറയ്ണ്ണ്ട് ഇനിതൊട്ട് അവനെ അങ്ങനെ മുഴുവൻ സമയും അയക്കണ്ടാന്ന്. ലളിത കൊണ്ടു പൊയ്ക്കോളൂ, പക്ഷേ ഒരു മണിക്കൂർ കഴിഞ്ഞാൽ തിരിച്ചു കൊണ്ടുവന്നുകൊള്ളൂ. ഒന്നും വിചാരിക്കർത് കേട്ടോ.'

ഞങ്ങൾക്ക് വിഷമമായി. എട്ടു മാസം പ്രായമുള്ള കുട്ടിയാണ്. അവന് എന്താണ് സന്തോഷം എന്നു വച്ചാൽ അതല്ലെ നല്ലത്? അവൻ നന്നായി മുട്ടികുത്തിത്തുടങ്ങിയിരുന്നു. ഒരു സെക്കന്റുകൊണ്ട് വീട്ടിൽ എല്ലായിടത്തു മെത്തും. നോക്കിയുണ്ടാക്കൽ വിഷമം പിടിച്ചതു തന്നെയാണ്, പ്രത്യേകിച്ച് മറ്റു ജോലികളുള്ളപ്പോൾ. പക്ഷേ അവനെ കൊണ്ടുവരേണ്ട, അല്ലെങ്കിൽ കൊണ്ടുവന്നാൽത്തന്നെ ഒരു മണിക്കൂർ നിർത്തിയാൽ മതി എന്നു കേൾക്കുമ്പോൾ വിഷമം. എന്തായാലും അതിനു ശേഷം അവനെ അധിക നേരം നിർത്താറില്ല. അവന്റെ കരച്ചിൽ വകവെക്കാതെത്തന്നെ അവനെ കൊണ്ടുപോയാക്കും. തിരിച്ചുവന്നാൽ, ദ്വേഷ്യം പിടിച്ച് അവൻ മാന്തിയതിന്റെ നീറ്റമായിരിക്കും ലളിതയുടെ മുഖത്തു നിറയെ.

അങ്ങിനെയിരിക്കെ ഒരു മാസം ഭാനു നാട്ടിലേയ്ക്കേ വന്നില്ല. പരീക്ഷ യടുത്തതിനാൽ അതിനുള്ള തയ്യാറെടുപ്പായിരുന്നു. അവസാനം പരീക്ഷ യൊക്കെ കഴിഞ്ഞ് ഒരു ദിവസം അറിയിക്കാതെ വീട്ടിലെത്തി. നിഖിൽ ഞങ്ങ ളുടെ ഒപ്പമാണ് എന്നറിഞ്ഞപ്പോൾ വലിയ രസമായിട്ടുണ്ടാവില്ല. അവൾ വേഗം ഞങ്ങളുടെ അടുത്തെത്തി. മുഖത്ത് തീരെ പ്രസാദമില്ല. നിഖിൽ ലളിതയുടെ ഒക്കത്തായിരുന്നു. അമ്മ വിളിച്ചപ്പോൾ അവൻ പോയില്ല. അവൻ അമ്മയെ മറന്നു തുടങ്ങിയിരിക്കുന്നു. നല്ല പരിചയക്കേട്. എടുക്കാൻ ശ്രമിച്ചപ്പോൾ അവൻ കരയാൻ തുടങ്ങി. ഭാനുവിന് വളരെ ദ്വേഷ്യം പിടിച്ചു. അവൾ പെട്ടെന്ന് അവനെ 'എടാ ഞാനാണ് നിന്റെ അമ്മ' എന്നും പറഞ്ഞുകൊണ്ട് വാരി വലിച്ചെടുത്തു. അവൾ കുട്ടിയെ തട്ടിപ്പറിച്ചു കൊണ്ടുപോകുകയായിരുന്നു. അവളുടെ മുഖത്തെ രൗദ്രഭാവവും നിഖിലിന്റെ നിർത്താതെയുള്ള കരച്ചിലും ഞാനിപ്പോഴുമോർക്കുന്നു.

ഒരാഴ്ച ഭാനുമതി വീട്ടിലുണ്ടായിരുന്നു. അവൾ പോയി എന്നുറപ്പായപ്പോൾ ഞാനും ലളിതയും അവിടെപ്പോയി. അപ്പോഴാണറിയുന്നത്, ഭാനുമതി നിഖിലിനെ ഒപ്പം കൊണ്ടുപോയെന്ന്. അവിടെ ഒരു വീട് വാടകക്കെടുത്ത് താമസിക്കാൻ പോകുകയാണത്രെ. എന്തുതന്നെ കഷ്ടപ്പാടുണ്ടായാലും ഇനി അവനെ നാട്ടിൽ നിർത്തുന്ന പ്രശ്നമേയില്ലെന്ന്. ആ വയസ്സായ സ്ത്രീ കരയുകയായിരുന്നു. തിരിച്ചു നടക്കുമ്പോൾ ഞങ്ങളുടെ കണ്ണിലും വെള്ള മൂറുന്നുണ്ടായിരുന്നു. മന്ദാരത്തിന്റെ അടുത്ത് ഞങ്ങൾ ഒരു മിനുറ്റ് നിന്നു. ഇനി ആരും അതിന്റെ പൂ പറിച്ചുകൊണ്ടുവരില്ലെന്ന ബോധം വന്നപ്പോൾ

വളർന്നുവന്ന തേങ്ങൽ സഹിക്കാൻ കഴിഞ്ഞില്ല.

അന്നു ഞങ്ങൾ ഒരു തീരുമാനമെടുത്തു. ഇനിതൊട്ട് മറ്റുള്ളവരുടെ കുട്ടികളുമായി അടുക്കില്ലാ എന്ന്. മൂന്നു കൊല്ലത്തിനുശേഷം ഞങ്ങൾ താമസിച്ചത് നേരത്തെ പറഞ്ഞ ശ്രീ ആനന്ദക്കുട്ടൻ താമസിച്ചിരുന്ന ഫ്ളാറ്റിന്റെ മുകളിലെ നിലയിലായിരുന്നു. ലളിത എല്ലാവരുമായി എളുപ്പം അടുക്കുന്ന പ്രകൃതമാണ്. ഞാൻ മറിച്ചും. ഒരു ദിവസം രാവിലെ താഴേക്കിറങ്ങിപ്പോയ ലളിത തിരിച്ചു വന്നപ്പോൾ അവളുടെ കയ്യിൽ മൂന്നു മാസം പ്രായമായ ഒരു സുന്ദരി. അവൾ എന്നെ നോക്കി മനോഹരമായ ഒരു ചിരി. അപ്പോൾ എനിക്കു മനസ്സിലായി ഞങ്ങളെടുത്ത തീരുമാനങ്ങളൊന്നും ഇനി വിലപ്പോവില്ലെന്ന്. പിന്നെയുണ്ടായത് ചരിത്രമാണ്!

BACK TO INDEX

# ഒരു യാത്രയുടെ ഓർമ്മ

ഞാൻ യാത്രയിൽ തൊട്ടടുത്ത ഇരിപ്പിടത്തിൽ ഒരു സ്ത്രീ ഇരിക്കുന്നത് ഇഷ്ടപ്പെട്ടിരുന്നില്ല. കാരണം സൗകര്യംപോലെ ഇരിക്കാനുള്ള സ്വാതന്ത്ര്യം പണയപ്പെടുത്തേണ്ടിവരും, പ്രത്യേകിച്ച് ദൂരയാത്രകളിൽ. പുരുഷനാണ് തൊട്ടടുത്തതെങ്കിൽ എങ്ങിനെവേണമെങ്കിലും ഇരിക്കാമല്ലോ. മറിച്ച് അബദ്ധത്തിലെങ്ങാനും കൈ മുട്ടുകയോമറ്റോ ചെയ്താൽ നീണ്ടുവരുന്ന നോട്ടം അത്ര സുഖകരമായിരിക്കില്ല. അതുകൊണ്ട് ബോംബെയിൽ നിന്ന് രാവിലെ പുറപ്പെട്ട ലക്ഷൂറി ബസ്സിൽ തൊട്ടടുത്ത് ഒരു സ്ത്രീയാണെന്നറിഞ്ഞപ്പോൾ എനിക്ക് വിഷമമാവുകയാണുണ്ടായത്. ചെറുപ്പക്കാരി, ഇരുപത്തിനാല് ഇരുപത്തഞ്ചു വയസ്സു പ്രായമുണ്ടാവും. നല്ല നിറം, അധികം തടിയില്ല. സാരി പൊക്കിളിനു താഴെയുടുത്ത്, ഇറക്കം കുറഞ്ഞ ബ്ലൗസുമായി അവൾ അരികിലെ ഇരിപ്പിടത്തിൽ ഇരിക്കുന്നു. ദൈവമേ, ഞാൻ പ്രാർത്ഥിച്ചു. എന്തിനാണ് എന്നെ ഇങ്ങിനെ പരീക്ഷിക്കുന്നത്? എന്റെ ബ്രീഫ്കേസ് മുകളിലുള്ള റാക്കിൽ വച്ച് ഞാൻ അവിടെ സംശയിച്ചു നിന്നു. അപ്പോൾ അവൾ എന്നെ ഒരു നോട്ടം. ഞാൻ മനസ്സിൽ പറഞ്ഞു. അതിന് ഞാൻ ഇരുന്നിട്ടേ ഇല്ലല്ലോ? പിന്നെ ധൈര്യം സംഭരിച്ചുകൊണ്ട് ഞാൻ കുറച്ചുറക്കെ പറഞ്ഞു. 'നിങ്ങൾ ഇരിക്കുന്നത് എന്റെ സീറ്റിലാണ്.'

അവൾ പെട്ടെന്ന് പതറി. ഒന്ന് എഴുന്നേൽക്കാൻ ശ്രമിച്ച് വീണ്ടും അവിടെത്തന്നെ ഇരിപ്പുറപ്പിച്ചുകൊണ്ട് അവൾ ചോദിച്ചു. 'എക്സ്ക്യൂസ് മി, ഞാൻ സൈഡ് സീറ്റിൽ ഇരുന്നോട്ടെ.' ആണൊരുത്തനാണ് ചോദിച്ചിരുന്നതെങ്കിൽ അതൊരു തട്ടിക്കളയേണ്ട ശരാശരി അഭ്യർത്ഥനയായേനെ. മറിച്ച് ഒരു ഇരുപത്തഞ്ചുകാരി സുന്ദരി ചോദിക്കുമ്പോൾ അതൊരു ആജ്ഞയായി മാറുന്നു, നിങ്ങൾക്കിഷ്ടപ്പെട്ടാലും ഇല്ലെങ്കിലും. അവൾക്കവിടെനിന്ന് എഴുന്നേൽക്കാനുള്ള ഉദ്ദേശ്യമൊന്നുമില്ലെന്നു മനസ്സിലായപ്പോൾ, കനത്ത ഒരു മൂളലോടെ ഞാൻ അവളുടെ അടുത്ത് രണ്ടാമത്തെ സീറ്റിൽ ഒതുങ്ങി ഇരുന്നു. ഒരാഴ്ച മുമ്പ് ടിക്കറ്റ് ബുക്കു ചെയ്തപ്പോൾ സൈഡ് സീറ്റു കിട്ടാനായി ബുക്കിങ് ക്ലാർക്കുമായി ഉരസലുണ്ടായത് ഞാനോർത്തു. അതെന്റെ ലാഭം.

ബസ് പുറപ്പെട്ടു. അതുവരെ പുറത്തേയ്ക്ക് നോക്കിനിൽക്കുകയാണെന്ന ഭാവത്തിൽ എന്റെ അടുത്ത നീക്കവും പ്രതീക്ഷിച്ചുകൊണ്ടിരുന്ന അവൾ തിരിഞ്ഞ് എന്നെ നോക്കി ഒരു പുഞ്ചിരി. അതിന്റെ പിന്നാലെ ഒരു ചോദ്യവും. 'എങ്ങോട്ടാണ്?' മനസ്സുള്ളിടത്തേയ്ക്ക്, എന്ന് മനസ്സിൽ പറഞ്ഞു. സൈഡ് സീറ്റ് നഷ്ടം എനിക്ക് ഇനിയും ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടില്ല. എന്റെ ചെവി കുറച്ചു പതമാണെന്നവൾക്കു തോന്നിയിട്ടുണ്ടാവണം, കുറച്ചുകൂടി അടുത്തേയ്ക്ക് ചാഞ്ഞിരുന്നുകൊണ്ട് അവൾ ചോദ്യം ആവർത്തിച്ചു. ഇപ്പോൾ അവളുടെ ചുമൽ എന്റെ ചുമലുമായി മുട്ടുന്നുണ്ട്. ഞാൻ പറഞ്ഞു.

'തൃശ്ശൂർക്ക്.'

'ഞാൻ കോഴിക്കോട്ടേയ്ക്കാണ്.' അവൾ തുടർന്നു. 'എനിക്ക് സാമാധാനായി, ഒരു കൂട്ടുണ്ടല്ലോ.'

പിന്നെ സംസാരമായിരുന്നു. എന്നെക്കുറിച്ചുള്ള ചോദ്യങ്ങളാണധികവും. എന്റെ കുടുംബം നാട്ടിലാണെന്നും അവരെ കാണാൻ പോവുകയാണെന്നും

പറഞ്ഞു. അതു കഴിഞ്ഞപ്പോൾ പൊതുവായ കാര്യങ്ങളെപ്പറ്റിയായി സംസാരം. അവളെക്കുറിച്ച് എന്തെങ്കിലും ചോദിച്ചാൽ അവൾ വളരെ സമർത്ഥമായി വഴുതി മാറുന്നത് ഞാൻ ശ്രദ്ധിച്ചു. പേരു മാത്രം പറഞ്ഞുതന്നു. ദേവി. ശരിക്കുള്ള പേരാണോ എന്ന് ദൈവത്തിനു മാത്രം അറിയാം. സമയം പോയതറിഞ്ഞില്ല. ഉച്ചയ്ക്ക് ഭക്ഷണസമയത്ത് ഒരു റെസ്റ്റോറണ്ടിന്റെ മുമ്പിൽ വണ്ടി നിർത്തിയപ്പോൾ ഞാൻ ചോദിച്ചു. 'ഭക്ഷണം കഴിക്കുന്നില്ലേ?' ആദ്യം ഇല്ലെന്നു പറഞ്ഞെങ്കിലും ഒരിക്കൽക്കൂടി ആലോചിച്ചശേഷം അവൾ പറഞ്ഞു. 'എന്തെങ്കിലും കഴിക്കാമല്ലെ?' റസ്റ്റോറണ്ടിൽ ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കുമ്പോഴും അവൾ സംസാരം നിർത്തിയിരുന്നില്ല. 'എന്തെങ്കിലും കഴിക്കാ'മെന്നു പറഞ്ഞ അവൾ കഴിച്ചത് ചിക്കൻ ബിരിയാണിയായിരുന്നു. അതിനുമേലെ ഒരു ഐസ്ക്രീമും. ഞാൻ രണ്ടുപേരുടേയും ബിൽ കൊടുക്കുന്ന സമയത്ത് അവൾ പ്രകൃതിഭംഗി ആസ്വദിക്കുകയായിരുന്നു. അതെന്തായാലും നന്നായി. പ്രകൃതി ഭംഗി ആസ്വദിക്കുന്ന കുറച്ചുപേരെങ്കിലും ഇപ്പോഴും ഉണ്ടല്ലോ. ആഷാമേനോന് സമാധാനമാവട്ടെ.

രാത്രിയിലും ഇതുതന്നെ ആവർത്തിച്ചു. പക്ഷേ പ്രകൃതിഭംഗിക്കുപകരം അവളെന്താണ് ആസ്വദിച്ചതെന്ന് ഞാൻ ശ്രദ്ധിച്ചില്ല. ബസ്സു പുറപ്പെട്ടപ്പോൾ കുറേശ്ശേ തണുപ്പുണ്ടായിരുന്നു. ഞാൻ എന്റെ ബ്രീഫ്കേസ് തുറന്ന് പുതപ്പെടുത്തു പുതച്ചു. സഹയാത്രിക സാരികൊണ്ട് പുതച്ചു. നേരിയ സാരികൊണ്ട് തണുപ്പു മാറിയില്ലെന്നു തോന്നുന്നു. അവൾ ചൂളിക്കൊണ്ടിരുന്നു. സാവധാനത്തിൽ അവൾ എന്റെമേൽ ചാരിയിരുന്നു. ഒരു വശമെങ്കിലും തണുക്കാതിരിക്കട്ടെ എന്നു കരുതിയാവും. എനിക്ക് പെട്ടെന്ന് അവളോട് ദയ തോന്നി. ഞാൻ ചോദിച്ചു. 'ഈ പുതപ്പ് വേണോ?' കേട്ടപാതി കേൾക്കാത്ത പാതി അവൾ കൈനീട്ടി. ഞാൻ പുതച്ചുകൊണ്ടിരുന്ന പുതപ്പെടുത്ത് അവൾക്കു നീട്ടി. അതിനു ശേഷം ചൂളിക്കൊണ്ടിരിക്കുന്ന ജോലി ഞാൻ ഏറ്റെടുത്തു. സമയം പത്തുമണിയായി, നല്ല തണുപ്പുണ്ടായിരുന്നു. ദേവി നല്ല ഉറക്കത്തിലാണ്. ഇതിനകം എന്നോടൊട്ടി ഇരുന്നിരുന്ന അവൾ എന്റെ ചുമലിൽ തല ചായ്ച്ചുവച്ചു. എന്റെ സ്ഥിതി എല്ലാംകൊണ്ടും പരുങ്ങലിലായി. അനങ്ങാൻ വയ്യ. ഒരുവശം വേദനിച്ചുതുടങ്ങി. നല്ല തണുപ്പും. ഒരിക്കൽ ഞാൻ അവളെ വിളിച്ചു നോക്കി. അവൾ ഉണർന്ന് ഒന്നെന്നെ നോക്കിയ ശേഷം വീണ്ടും എന്റെ ചുമലിൽ തലചായ്ച്ച് ഉറക്കമായി. എന്റെ കൈ വേദനിച്ചുതുടങ്ങിയപ്പോൾ ഞാൻ അതു വലിച്ചെടുത്തു. അതോടെ അവളുടെ മുഖം എന്റെ മാറിലായി. സുന്ദരമായ ഉറക്കം. എന്റെ വലിച്ചെടുത്ത കൈ എവിടെ വെയ്ക്കണമെന്ന് ഒരു മിനുറ്റ് ആലോചിച്ചശേഷം ഞാൻ അതവളുടെ ചുമലിലൂടെ ഇട്ടു. പിന്നെ ഉണർന്നത് രാവിലെയാണ്. അവൾ അപ്പോഴും ഉറങ്ങുകയായിരുന്നു.

മംഗലാപുരത്ത് ബസ്സ് നിർത്തിയിടത്തുനിന്ന് റെയിൽവേ സ്റ്റേഷനിലേയ്ക്ക് ഓട്ടോവിൽ പോകാനുള്ള ദൂരമുണ്ട്. ഞാൻ പറഞ്ഞു. 'നമുക്കൊരു ഓട്ടോവിൽ പോകാം.' അവൾ ഒന്നും പറഞ്ഞില്ല. പറയാതിരുന്നതിന്റെ കാരണം ഒരു മിനുറ്റിനുള്ളിൽത്തന്നെ മനസ്സിലായി. ബസ്സു നിന്ന ഉടനെ പുതപ്പെടുത്ത് എന്റെ മേലിട്ട് ഹാന്റ്ബാഗും തോളിലിട്ട് അവൾ പുറത്തിറങ്ങി. തിരിഞ്ഞുനോക്കാതെ, യാത്ര പറയാതെ, നന്ദി എന്ന വാക്കുപോലും ഉച്ചരിക്കാതെ! ഞാൻ പുറത്തു നോക്കിയപ്പോൾ അവൾ ധൃതിപിടിച്ചു നടന്നിരുന്നത് അവൾക്കുവേണ്ടി ചിരിച്ചുകൊണ്ട് കാത്തിരുന്ന ഒരു ചെറുപ്പക്കാരന്റെ അടുത്തേയ്ക്കാണ്. അവൾ

സംസാരിച്ചുകൊണ്ട് നടന്നു നീങ്ങി. എനിക്കങ്ങനെത്തന്നെ വേണം, ഞാൻ ദൈവത്തോട് പറഞ്ഞു.

ട്രെയിൻ പുറപ്പെടാൻ ഇനിയും സമയമുണ്ട്. ഞാൻ റെയിൽവേ കാന്റീനിൽ പോയി ദോശയും കാപ്പിയും കഴിച്ച് ടിക്കറ്റെടുത്ത് ഒഴിഞ്ഞുകിടക്കുന്ന കമ്പാർട്ടുമെന്റും നോക്കി നടന്നു. ഒരു കമ്പാർട്ടുമെന്റിൽ കയറി സൈഡ് സീറ്റിൽ ഇരുന്നു. രാത്രി ഉറക്കം കുറഞ്ഞതിനാൽ ഉറക്കം വന്നിരുന്നു. ഞാൻ പ്ലാറ്റുഫോറത്തിലേയ്ക്കു നോക്കിക്കൊണ്ട് ഇരുന്നു. അടുത്ത് ആരോക്കെയാണ് വന്നിരിക്കുന്നതെന്ന് ഞാൻ നോക്കിയില്ല. പെട്ടെന്ന് പരിചയമുള്ള ഒരു ശബ്ദം കേട്ടു. 'എക്സ്ക്യൂസ് മി.' ഞാൻ തിരിഞ്ഞു നോക്കി. അതെ അവൾ തന്നെ, ദേവി. അവൾ മധുരമായി ചിരിച്ചുകൊണ്ട് ചോദിച്ചു. 'ഞാൻ സൈഡ് സീറ്റിൽ ഇരുന്നോട്ടെ?'

ഒന്നും പറയാതെ, മുകളിലെ ബർത്തിൽ കയറ്റിവച്ച ബ്രീഫ്കേസ് എടുത്തുകൊണ്ട് ഞാൻ എഴുന്നേറ്റു കമ്പാർട്ടുമെന്റിനു പുറത്തേക്കിറങ്ങി.

BACK TO INDEX

# അമൂല്യനിധിയ്ക്കുവേണ്ടി

രാജുവിന്റെ ശബ്ദം വളരെ പരിഭ്രമിച്ചതായിരുന്നു. അങ്ങിനെ പതിവില്ല. സ്വതവേ പ്രസന്ന വദനനായ അയാളെ മറ്റൊരു വിധത്തിൽ സങ്കല്പിക്കാൻ കൂടി വയ്യ. 'താൻ ഒന്ന് അർജന്റായി വരണം.....അതെ, വീട്ടിലേയ്ക്കുതന്നെ.... എല്ലാം വന്നിട്ടു പറയാം.'

അയാൾ ഫോൺ വച്ചു. ഞാൻ ഭാര്യയോട് അത്യാവശ്യമായി ഒരിടത്തു പോകാനുണ്ടെന്നു പറഞ്ഞ് പുറത്തിറങ്ങി. തിരിച്ചു വന്നാൽ എല്ലാം വിശദമായി പറഞ്ഞു കൊടുക്കേണ്ടിവരുമെന്നത് വേറെ കാര്യം. അതിനു വേണ്ടിയുള്ള നുണകൾ ആലോചിച്ചുണ്ടാക്കണം. ചോദ്യം വരിക ഇങ്ങിനെ യാണ്. 'ഇവിടന്നങ്ങട്ട് പുറത്തിറങ്ങി...എന്നിട്ട്?' ഓരോ നിസാര കാര്യങ്ങൾകൂടി പറഞ്ഞു കൊടുക്കേണ്ടിവരും. ഞാൻ ഒരു ഓട്ടോ പിടിച്ച് കടവന്ത്രയ്ക്കു വിട്ടു.

ബെല്ലടിക്കുന്നതിനു മുമ്പുതന്നെ രാജു വാതിൽ തുറന്നു. അത് പതിവില്ലാത്തതാണ്. അതിനർത്ഥം അയാൾ എന്നെയും നോക്കി ജനലി നടുത്തു നിൽക്കുകയായിരുന്നുവെന്നാണ്. വാതിൽ തുറന്ന ഉടനെ അയാൾ സ്വകാര്യമായി പറഞ്ഞു. 'ജയമോൾ അറിഞ്ഞിട്ടില്ല. രജനി പോയി.'

എനിക്കൊരാന്തലുണ്ടായി. ഒരാൾ പോയി എന്നു പറഞ്ഞാൽ അതിനു പല അർത്ഥവുമുണ്ട്. മരിച്ചാലും അങ്ങിനെ പറയാറുണ്ട്. ഞാൻ വിശദീകരണത്തി ന്നായി ചോദിച്ചു. 'എന്താ പറഞ്ഞത്?'

അയാൾ ചൂണ്ടുവിരൽ ചുണ്ടിലമർത്തി ജയമോളുടെ മുറിയിലേയ്ക്ക് നോക്കി. ആ നിമിഷത്തിൽത്തന്നെ ജയമോൾ മുറിയിൽ നിന്ന് പുറത്തു കടന്നു. അഞ്ചു വയസ്സു പ്രായമായ കൊച്ചു സുന്ദരി. കൈയ്യിൽ വായിച്ചു കൊണ്ടിരുന്ന പുസ്തകവുമുണ്ട്.

'ഗുഡ് മോണിങ് അങ്കൾ.' അവൾ എന്നെ നോക്കി പറഞ്ഞു. പിന്നെ തിരി ഞ്ഞ് അച്ഛനോട് പറഞ്ഞു. 'അച്ഛാ അമ്മ എവിടെ പോയി, എനിക്കു വെശക്കുണു.'

അടുത്തുവന്ന മകളെ താലോലിച്ചുകൊണ്ട് രാജു പറഞ്ഞു. 'മോള് പോയി പഠിക്ക്. അച്ഛൻ പുറത്തു നിന്ന് എന്തെങ്കിലും വാങ്ങിക്കൊണ്ടുവരാം. മോക്ക് എന്താണ് വേണ്ടത്?'

'എനിക്ക് നൂഡിൽസ് മതി.'

'ഇത്ര രാവിലെ നൂഡ്ൽസ് കിട്ടുമോ? നോക്കട്ടെ. നൂഡ്ൽസ് കിട്ടിയി ല്ലെങ്കിൽ ഇടിയപ്പം വാങ്ങട്ടെ?'

അവൾ മൂളി. ഞങ്ങൾ പുറത്തു കടന്നു. രാജു കാർ പുറത്തേയ്ക്കെടുത്തു.

'ഇന്നലെ രാത്രിയും ബഹളമുണ്ടായി.' രാജു പറഞ്ഞു. 'ഞാനെന്താണ് ചെയ്യേണ്ടത്? നിസാര കാര്യങ്ങൾക്കാണ് വാശി. പിന്നെ ബഹളമാണ്.'

രാജുവിന്റെ ദാമ്പത്യജീവിതത്തിലെ അപസ്വരങ്ങളെപ്പറ്റി എനിക്കറിയാമാ യിരുന്നു. രാജു അപ്പപ്പോഴായി എന്നോടെല്ലാം പറയാറുണ്ട്. ഞാനതെല്ലാം ഭാര്യയോടുകൂടി പറയാതെ എന്റെ മനസ്സിൽ വയ്ക്കുക മാത്രം ചെയ്തു. രണ്ടു കാരണങ്ങൾ, ഒന്ന് ഉറ്റ സ്നേഹിതന്റെ കിടപ്പറ രഹസ്യങ്ങൾ അങ്ങാടിപ്പാട്ടാ വരുത്, രണ്ട് അതിൽനിന്ന് എന്റെ ഭാര്യ അനാശാസ്യമായ 'ഗുണപാഠങ്ങൾ'

പഠിക്കരുത്. എന്റെ ദാമ്പത്യജീവിതം വലിയ കുഴപ്പമില്ലാതെ പോകുകയാണ്.

ഞാൻ ചോദിച്ചു. 'രജനിക്ക് വല്ല അഫയറുമുണ്ടെന്ന് കണ്ടുപിടിക്കാൻ പറ്റിയോ?'

'എനിക്ക് തോന്ന്ണില്ല.' രാജു പറഞ്ഞു. 'അവളുടെ പ്രശ്നമെന്തണെന്ന് എനിക്കിനിയും മനസ്സിലായിട്ടില്ല എന്നതാണ് സത്യം. ആൾ കുറച്ച് ഡൊമിനേറ്റിങ്ങാണ്. പക്ഷേ ഞാൻ മിക്ക കാര്യങ്ങളും സമ്മതിച്ചു കൊടുക്കുകയാണ്. എന്നിട്ടും......'

രാജു ഒരു ചെറിയ കടലാസുതുണ്ട് പോക്കറ്റിൽ നിന്ന് എടുത്ത് എനിക്കു തന്നു. അതിൽ ചെറിയ അക്ഷരത്തിൽ എഴുതിയിരിക്കുന്നു. 'ഇനി ശരിയാവുമെന്നു തോന്നുന്നില്ല. ഞാൻ പോകുന്നു. എനിക്ക് എന്റെ വഴി, നിങ്ങൾക്ക് നിങ്ങളുടെയും. ദയവു ചെയ്ത് അന്വേഷിച്ചു വരാനൊന്നും നിൽക്കരുത്. അതൊക്കെ ബോറാണ്.... രജനി.'

'ഈ കത്ത് കട്ടിലിൽ ഞാനുറങ്ങുന്നതിന്നടുത്ത് വച്ചാണ് ആള് സ്ഥലം വിട്ടത്. ഒരു 6 മണിക്ക് പോയിട്ടുണ്ടാവുമെന്നാണ് ഞാൻ ഊഹിക്കണത്.'

റസ്റ്റോറണ്ടിൽ നിന്ന് ഇടിയപ്പവും വെള്ളപ്പവും മുട്ടക്കറിയും പാർസലായി വാങ്ങി ഞങ്ങൾ തിരിച്ചു വന്നു. തിരിച്ചുള്ള യാത്രയിൽ ഞങ്ങൾ ഒന്നും സംസാരിക്കുകയുണ്ടായില്ല. എന്താണ് പറയേണ്ടതെന്ന് എനിക്കൊരു രൂപവുമുണ്ടായിരുന്നില്ല.

തിരിച്ചു വീട്ടിലെത്തിയപ്പോൾ മോൾക്ക് പാലിൽ ബോൺവിറ്റയിട്ട് പ്രാതൽ വിളമ്പിയശേഷം രാജു എന്നെ കിടപ്പറയിലേയ്ക്കു വിളിച്ചു കൊണ്ടുപോയി. അയാൾ പാറയാൻ തുടങ്ങി.

'ഒരു കാര്യം എനിക്ക് ഉറപ്പായി പറയാൻ കഴിയും.' അയാൾ കിടപ്പറയിലെ മരത്തിന്റെ അലമാറകൾ ഓരോന്നോരോന്നായി തുറന്ന് എന്നെ കാണിച്ചു. നിറയെ വിലപിടിച്ച സാരികൾ തൂക്കിയിട്ടിരിക്കയാണ്. എന്റെ കണക്കു കൂട്ടലിൽ ഒരു രണ്ടു ലക്ഷത്തിന്റെ സാരികളെങ്കിലുമുണ്ടാവും അതിൽ. രാജു മറ്റൊരലമാറി തുറന്ന് കുറെ ആഭരണപ്പെട്ടികളെടുത്തു ഓരോന്നോരോന്നായി കാണിച്ചു. നിറയെ ആഭരണങ്ങൾ. 'ഇനി കുറേ ബാങ്കിൽ ലോക്കറിലാണ്.' രാജു തുടർന്നു. 'ഈ ആഭരണങ്ങൾ അവൾ ഉപേക്ഷിച്ചേക്കും. പക്ഷേ ഈ സാരികളുണ്ടല്ലോ, അതില്ലാതെ അവൾക്ക് ജീവിക്കാൻ പറ്റില്ല. ഇതെല്ലാം അവൾ ബോംബെ, കൽക്കത്ത, ബാംഗളൂർ തുടങ്ങിയ സ്ഥലങ്ങളിൽ പോയി വാങ്ങിക്കൂട്ടിയതാണ്. മോളെ ഉപേക്ഷിച്ചാലും ഈ സാരികൾക്കു വേണ്ടി അവൾ തിരിച്ചു വരും. എനിക്കുറപ്പുണ്ട്.'

അദ്ഭുതമെന്നു പറയട്ടെ, പെട്ടെന്ന് ടെലിഫോൺ ശബ്ദിച്ചു. രാജു കിടപ്പറയിലെ എക്സ്റ്റൻഷനിൽ നിന്ന് ഫോൺ എടുത്തു.

'അതെ........ നീ തിരിച്ചു വരൂ..... നമുക്ക് ഒന്നുകൂടി സംസാരിക്കാം..... നമ്മുടെ മോളുടെ കാര്യമെങ്കിലും ഒന്ന് ഓർക്കു...... തീർച്ചയാക്കിയോ..... പറയൂ. എവിടെ? സ്റ്റേഷനിലോ? ........ ഹല്ലോ...ഹല്ലോ.'

രാജു ഫോൺ വച്ചു. 'ഞാൻ പറഞ്ഞതെത്ര ശരിയായി. അവൾക്ക് തിരിച്ചു വരാനുദ്ദേശമില്ലെന്നും ബുദ്ധിമുട്ടിക്കരുതെന്നും. എന്തിനാണ് ഫോൺ ചെയ്തതെന്നോ? അവളുടെ സാരികളെല്ലാം രണ്ടു സൂട്ട് കേസിൽ നിറച്ച് സ്റ്റേഷനിൽ എത്തിക്കാൻ.....'

കിടപ്പറയുടെ വാതിലിൽക്കൂടി എനിക്ക് ജയമോളെ കാണാനുണ്ട്. ചുറ്റും

നടക്കുന്ന ഭൂകമ്പമൊന്നു മറിയാതെ ആ പിഞ്ചുപൈതൽ ഭക്ഷണം കഴിക്കുന്നു. അവളുടെ ഇരുണ്ട ഭാവിയെപ്പറ്റി ഓർക്കുമ്പോഴുള്ള വിഷമത്തിനിടയിൽപ്പോലും ഒരു ചിരി എന്റെ മുഖത്ത് പ്രത്യക്ഷപ്പെടുകയാണ്.

BACK TO INDEX

# തിക്കോടിയൻ മാഷ്

ഞാൻ ഒമ്പതിലോ പത്തിലോ പഠിക്കുമ്പോഴാണ് സംഭവം നടക്കുന്നത്. അക്കാലത്ത് പൊന്നാനി ഇന്നത്തെപ്പോലെ നഗരമല്ല, നാട്ടിൻപുറം തന്നെ യാണ്. ഏറ്റവും പടിഞ്ഞാറ് കോടതിയും മൊത്തവ്യാപാരികളുടെ കടയും ഗുദാമുകളും ഒക്കെയുള്ള സ്ഥലം നഗരമെന്ന പേരിലാണ് അറിയ പ്പെട്ടിരുന്ന തെങ്കിലും. ഞങ്ങൾ താമസിച്ചിരുന്ന സ്ഥലം, എ.വി. ഹൈസ്കൂളിന്റെ പരിസരം നാട്ടിൻപുറംതന്നെയായിരുന്നു. അതുകൊണ്ട് കോഴിക്കോട് പോകുക എന്നത് വല്ല ലണ്ടനിലോ പാരീസിലോ പോകുന്ന പോലെയാണ് ഞങ്ങൾക്ക്. അങ്ങിനെയുള്ള ഒരു പോക്കിലാണ് ഞാൻ തിക്കോടിയൻ മാഷെ കാണുന്നത്. ഞാനും ഉണ്ണിയും (ഉറൂബിന്റെ മകൻ അന്തരിച്ച ഇ. കരുണാ കരൻ) ബീച്ചിൽനിന്ന് മടങ്ങുന്നവഴി ആകാശവാണിയിൽ വെറുതെ കയറിയതാണ്. പിസിമ്മാമ ജോലിത്തിരക്കിലായിരുന്നു. ഞങ്ങൾ രണ്ടുപേരും ആകാശവാണി കെട്ടിടത്തിലും പുറത്തും അലഞ്ഞു തിരിഞ്ഞു. അങ്ങിനെ നടക്കുമ്പോഴാണ് തിക്കോടിയൻ മാഷ് വരുന്നത് കണ്ടത്. ഉണ്ണി എന്നെ പരിചയപ്പെടുത്തി. ഉടനെ അദ്ദേഹം പറഞ്ഞു. 'വാ നമുക്കെന്തെങ്കിലും കിട്ടുമോ എന്നു നോക്കാം.'

അദ്ദേഹം ഭാവനയുള്ള മനുഷ്യനായിരുന്നു. ഞങ്ങൾ കുട്ടികൾക്ക് എന്താണ് വേണ്ടതെന്ന് മനസ്സിലാക്കിയ ക്രാന്തദർശി. ഞങ്ങളെ കൊണ്ടു പോയത് കാന്റീനിലേയ്ക്കാണ്. അപ്പോഴാണ് ഞാൻ ശ്രദ്ധിക്കുന്നത് തിക്കോടി യൻ മാഷ്ടെ മുണ്ടിന്റെ വക്കും പിടിച്ചുകൊണ്ട് ചിനുങ്ങിക്കൊണ്ട് ഒരു പെൺകുട്ടി, ആറോ ഏഴോ വയസ്സുണ്ടാവും. 'ഇത് പുഷ്പ.' തിക്കോടിയൻ മാഷ് പരിചയപ്പെടുത്തി. അവൾക്ക് പരിചയപ്പെടാൻ യാതൊരു താല്പര്യവു മുണ്ടായിരുന്നില്ല. അവളുടെ മൂക്കിന്റെ അറ്റത്ത് ഒരു ചെറിയ കുരുവു ണ്ടായിരുന്നു. ചിനുങ്ങലിനു കാരണമായി പറയാവുന്ന ഒരേയൊരു കാര്യം. പക്ഷേ കാന്റീനിൽ അലമാറിയിൽ ഇത്രയധികം പലഹാരങ്ങൾ നിരന്നിരി ക്കുമ്പോൾ അതൊന്നും ശ്രദ്ധിക്കാതെ കരയുന്ന ഒരു പെൺകുട്ടി എന്നിൽ വലിയ അഭിപ്രായമൊന്നുമുണ്ടാക്കിയില്ല. കട്‌ലെറ്റ് എന്ന അദ്ഭുതപലഹാരം ഞാൻ നടാടെ തിന്നുന്നത് അവിടെനിന്നാണ്.

രാത്രി ഊണു കഴിഞ്ഞാൽ പിസിമ്മാമ ചാരുകസേലയിൽ ഇരുന്ന് മുറുക്കും. ഞാൻ മുമ്പിലുള്ള സോഫയിൽ ഒറ്റയ്ക്കിരിക്കും. ഉണ്ണിയും ശ്രീലതയും സൂപ്പിയും അകത്തായിരിക്കും. ദേവിയേട്ത്തി അടുക്കളയിലും. ഒരു ഭീകരാന്തരീക്ഷമാണത്. എനിക്ക് അദ്ദേഹത്തെ പേടിയായിരുന്നു. ഉണ്ണിക്കുമതെ. അതുകൊണ്ട് അവൻ നേരത്തെ സ്ഥലം വിട്ടിട്ടുണ്ടാവും. ശ്രീലതയ്ക്കും സൂപ്പിക്കും പേടിയൊന്നുമില്ല. പക്ഷേ അവരാരുംതന്നെ ആ സമയത്ത് എനിക്കൊരു ധാർമ്മിക പിന്തുണ നൽകാൻ സ്ഥലത്തുണ്ടാവില്ല. ഉണ്ടായിട്ടും കാര്യമില്ല, അവർ വളരെ ചെറുതാണ്. പിസിമ്മാമ സംസാരി ക്കും. പൊതുവേ നാട്ടിൽ നടക്കുന്ന കാര്യങ്ങളെപ്പറ്റി, പ്രത്യേകിച്ച് സാഹിത്യപരമായ കാര്യങ്ങളെപ്പറ്റി ഞാൻ അജ്ഞനായിരിക്കും. എനിക്കെല്ലാമറിയാമെന്ന ധാര ണയിൽ അദ്ദേഹം സംസാരിക്കും. എന്നിലുള്ള മതിപ്പ് കളഞ്ഞു കുളിക്കാ

തിരിക്കാൻ ശ്രമിച്ചുകൊണ്ട് ഞാൻ മുമ്പിലിരിക്കും. സംസാരിച്ചു കൊണ്ടിരിക്കെ ഒരു വാചകം നടുവിൽ നിർത്തി അദ്ദേഹം കണ്ണടച്ചിരിക്കും. ഉറക്കംതന്നെ. നല്ല സുന്ദരമായ ഉറക്കം. എനിക്കുറക്കം വരുന്നുണ്ടാവും. പക്ഷേ എങ്ങിനെ യാണ് ഒരു വാചകം പകുതിക്കു വച്ച് നിർത്തിയത് മുഴുവൻ കേൾക്കാതെ എഴുന്നേറ്റു പോകുക. അതു മുഴുമിക്കാനായി ഞാൻ കാത്തുനിൽക്കും. പെട്ടെന്ന് അദ്ദേഹം കണ്ണുതുറന്ന് വാചകം മുഴുമിപ്പിക്കും. ചിലപ്പോൾ അഞ്ചുമിനുറ്റു കഴിഞ്ഞി ട്ടായിരിക്കും. വീണ്ടും സംസാരംതന്നെ. ഇടയ്ക്കിടയ്ക്ക് കണ്ണടച്ച് ഉറക്കവും. ഞാൻ വല്ലാതെ ഉറക്കം തൂങ്ങുന്നുവെന്ന് മനസ്സിലാവുമ്പോൾ പി.സി.മ്മാമ പറയും. 'ഹരി പോയി കിടന്നോ.' കിടക്കാൻ പോകുമ്പോഴാണ് പറഞ്ഞത്. 'രാവിലെ തിക്കോടിയൻ വന്ന് ഹരിയെ ഡോക്ടർ പി.ബി. മേനോന്റെ അടുത്തു കൊണ്ടുപോകും.' എന്റെ കണ്ണു കാണിക്കാൻ. അക്കാലത്ത് എനിക്ക് ഇടക്കിടക്ക് കൺപോളകളിൽ ചെറിയ കുരുക്കൾ ഉണ്ടാകാറുണ്ട്. അച്ഛൻ അതിനെപ്പറ്റി പിസിമ്മാവനോട് പറഞ്ഞുകാണും. ഡോ. പി.ബി. മേനോൻ വളരെ പ്രസിദ്ധനായ ഐ സ്പെഷലിസ്റ്റായിരുന്നു. തിക്കോടിയൻ മാഷിന്റെ സ്നേഹിതനായതുകൊണ്ട് പ്രത്യേക പരിഗണനയുമുണ്ടാവുമല്ലോ.

രാവിലെ അദ്ദേഹം വന്ന് എന്നെ കൂട്ടിക്കൊണ്ടുപോയി. പോകുമ്പോൾ എന്നോട് സ്വകാര്യമായി പറഞ്ഞു. ആളൊഴിഞ്ഞ ഒരു ഫുട്ബാൾ ഗ്രൗണ്ടിന്റെ നടുക്കുനിന്ന് പറയുകയാണെങ്കിലും അദ്ദേഹം സ്വകാര്യമായി പറയേണ്ടത് കാതിൽ സ്വകാര്യമായിത്തന്നെയാണ് പറയുക. 'ഒരു പത്തു രൂപയെടുത്ത് പോക്കറ്റിൽ മാറ്റിവയ്ക്കൂ. ഡോക്ടർക്കു കൊടുക്കാനാണ്.' കാലം തൊള്ളായിരത്തി അമ്പത്തെട്ട് അമ്പത്തൊമ്പത്. പത്തു രൂപയ്ക്ക് നല്ല വിലയുള്ള സമയം. ഞങ്ങൾ ചെല്ലുമ്പോൾ ഡോക്ടറുടെ സന്ദർശന സമയം കഴിയാറായിരിക്കുന്നു. ഡോക്ടർ മേനോൻ മേശമേൽ കാലും കയറ്റി വച്ച് വിശ്രമിക്കുകയാണ്. തിക്കോടിയൻ മാഷ് നാട്ടുവിശേഷങ്ങൾ പറയാൻ തുടങ്ങി. ഡോക്ടർ കാലിറക്കി വയ്ക്കാതെ സംസാരിക്കുകയാണ്. ഒരു പക്ഷേ തിക്കോടിയൻ മാഷും ഡോക്ടറും തമ്മിലുള്ള ബന്ധം ഈ വക ഔപചാരികതകൾക്കപ്പുറത്തായിരിക്കണം. കുറച്ചു കഴിഞ്ഞപ്പോൾ തിക്കോടിയൻ മാഷ് എന്നെ പരിചയപ്പെടുത്തി, കണ്ണിന്റെ പ്രശ്നം പറഞ്ഞു. വീണ്ടും അഞ്ചുമിനുറ്റു സംസാരിച്ചശേഷം ഡോക്ടർ എന്നോട് അകത്തു ചെല്ലാൻ പറഞ്ഞു. അദ്ദേഹം എന്റെ കണ്ണിൽ ടോർച്ചടിച്ചു നോക്കി. ഏതാനും സെക്കന്റുകൾ മാത്രം, തിരിച്ചു വന്ന് ടെറാമൈസിൻ ഓയ്ന്റ്മെന്റ് എഴുതിത്തരികയും ചെയ്തു. ഇതെല്ലാം നോക്കിയിരിക്കുന്ന തിക്കോടിയൻ മാഷ്, ഡോക്ടർ കൈകഴുകാൻ പോയ തക്കം നോക്കി സ്വകാര്യമായി പറഞ്ഞു. 'ഹരീ, ആ പണം കൊടുക്കണ്ട.'

ഞങ്ങൾ നന്ദി പറഞ്ഞ് പുറത്തേയ്ക്കിറങ്ങി. മടങ്ങുമ്പോഴാണ് തിക്കോടിയൻ മാഷ് പറഞ്ഞത്. 'എനിക്ക് മുഴുവൻ തൃപ്തിയായിട്ടില്ല. നമുക്ക് ഒന്ന് മെഡിക്കൽ കോളേജ് ആശുപത്രയിൽക്കൂടി പോവാം.'

ഞങ്ങൾ മെഡിക്കൽ കോളേജ് ആശുപത്രിയിലേയ്ക്കു പോയി. അവിടെ ഒരുമാതിരി എല്ലാവരും അദ്ദേഹത്തെ അറിയുന്നുണ്ടായിരുന്നു എന്നത് എന്നെ അദ്ഭുതപ്പെടുത്തി. ഡോക്ടറോട് അദ്ദേഹം പി.ബി. മേനോനെ കണ്ടത് പറയുന്നുണ്ടായിരുന്നു. ഡോക്ടർ അര മണിക്കൂറെടുത്ത് എന്റെ കണ്ണുകൾ വിശദമായി പരിശോധിച്ചു. അവസാനം പറഞ്ഞു. 'കുഴപ്പമൊന്നുമില്ല.

ടെറാമൈസിൻതന്നെ പുരട്ടിയാൽ മതി.'

ഡോ. മേനോൻ പറഞ്ഞ മരുന്നുതന്നെ. അദ്ദേഹം വളരെ തല മുതിർന്ന ഒരു ഐ സ്പഷലിസ്റ്റായിരുന്നു. യോഗ്യനായ ഡോക്ടർ. രോഗമെന്താണെന്ന് അദ്ദേഹത്തിന് ഒറ്റ നോട്ടത്തിൽ മനസ്സിലായിരുന്നു. എന്തുകൊണ്ടോ ഡോക്ടറുടെ പെരുമാറ്റത്തിലെ ഉദാസീനതമൂലം തിക്കോടിയൻ മാഷ്ക്ക് വിശ്വാസം നഷ്ടപ്പെട്ടു. പക്ഷേ ഇപ്പോൾ അദ്ദേഹത്തിന് പൂർണ്ണ വിശ്വാസമായിരിക്കുന്നു. ശരിക്കുള്ള ചികിത്സതന്നെയാണ് കിട്ടിയിരിക്കുന്നത്. താൻ സ്നേഹിക്കുന്നവർക്ക് നല്ലതുതന്നെ അല്ലെങ്കിൽ ഏറ്റവും മികച്ചതുതന്നെ കിട്ടണമെന്ന നിർബ്ബന്ധം തിക്കോടിയൻ മാഷ്ക്കുണ്ടായിരുന്നു. അദ്ദേഹം സ്നേഹിച്ചിരുന്നതാവട്ടെ ലോകത്തെ സകല മനഷ്യരേയും.

ഞാൻ കൽക്കത്തയ്ക്കു പോയ ശേഷം തിക്കോടിയൻ മാഷെ അപൂർവ്വമായെ കണ്ടിരുന്നുള്ളു. കൊല്ല ത്തിലൊരിക്കൽ മൂന്നാഴ്ച ലീവിൽ വരും ഒരാഴ്ച യാത്രയ്ക്കുതന്നെ ചെലവാകും. പിന്നെയുള്ള ദിവസങ്ങൾ പിശുക്കി ചെലവാക്കേണ്ടതാണ്. കോഴിക്കോട് ഒരു ദിവസമേ ഉണ്ടാവൂ. അവിടെനിന്ന് താമരശ്ശേരിക്കടുത്ത പൂനൂരിൽ ജോലിയുള്ള അമ്മാവനെ കാണാൻ ഒരു ദിവസം പോകും. അതിനിടയ്ക്ക് തിക്കോടിയൻ മാഷെ കാണാൻ പറ്റിയില്ല. പിന്നീട് അദ്ദേഹത്തെ കാണുന്നത് വളരെ അടുത്ത കാലത്താണ്. സാഹിത്യ പരിഷത്തിൽ വച്ചാണെന്നാണ് ഓർമ്മ. അപ്പോൾ ഈ സംഭവം ഓർമ്മിപ്പിച്ചപ്പോൾ അദ്ദേഹം ഉറക്കെ ചിരിച്ചു. അദ്ദേഹം എനിക്കുവേണ്ടി ചെയ്തതിന് പകരമായി എനിക്കൊന്നും ചെയ്യാൻ കഴിഞ്ഞില്ല. അദ്ദേഹം മരിച്ചുവെന്നറിഞ്ഞപ്പോൾ കോഴിക്കോട്ടു പോകാൻ കൂടി, അപ്പോൾ മോശമായിരുന്ന ആരോഗ്യം സമ്മതിച്ചില്ല. ഒരു വീടാക്കടം. ഇപ്പോൾ അവരാരുമില്ല. പിസിമ്മാമയില്ല, തിക്കോടിയനില്ല, അച്ഛനില്ല, കുട്ടിക്കാലത്ത് ഒപ്പം കളിച്ചു വളർന്ന ഉണ്ണിയില്ല. പക്ഷേ അവരൊക്കെ എന്നോടു ചൊരിഞ്ഞ സ്നേഹം ഇന്നും എന്നോടൊപ്പം ജീവിക്കുന്നു.

BACK TO INDEX

## ഒരു പ്രതികാരത്തിന്റെ കഥ

മുംബൈയിലെ എന്റെ ജീവിതം എഴുപത്തൊന്നിലാണ് തുടങ്ങിയത്. അവസാനിച്ചത് എൺപത്തൊന്നിലും. ഇതിനിടയ്ക്കുള്ള പത്തു വർഷക്കാലം ധാരാളം അനുഭവങ്ങളുണ്ടായി, പലതും കഥകളെ അതിശയിക്കുന്നവ. അക്കാലത്തെ എന്റെ കഥകൾക്ക് അനുഭവങ്ങളുടെ മണമുണ്ടായത് സ്വാഭാവികം. പലതും മറവിയുടെ പിൻകർട്ടനു പിന്നിലേയ്ക്ക് മാറ്റപ്പെട്ടു. പക്ഷേ ചിലവ ഇപ്പോഴും മുൻസ്റ്റേജിൽത്തന്നെ നിലകൊള്ളുന്നു. ഓർമ്മയുടെ യവനിക ഉയരുകയേ വേണ്ടു അവ സജീവമാകാൻ.

വർളിയിൽ എന്റെ ഓഫീസിനടുത്തുള്ള കെട്ടിടത്തിലാണ് നീന (പേര് യഥാർത്ഥമല്ല) ജോലിയെടുക്കുന്നത്. (ഈ കെട്ടിടം ഏകദേശം അഞ്ചു കൊല്ലം മുമ്പ് ഇടിഞ്ഞു പൊളിഞ്ഞു വീണു.) അവിടെ ഒരു ഫാർമസൂട്ടിക്കൽ കമ്പനിയിൽ സെയിൽസ്മാനേജരുടെ പേഴ്സനൽ സെക്രട്ടറിയായി ജോലി നോക്കുന്നു. മുപ്പത്തഞ്ചു വയസ്സ് പ്രായം, അങ്ങിനെയാണ് അവൾ എന്നോട് പറഞ്ഞത്. പ്രായം നമ്മിൽനിന്ന് വിദഗ്ദമായി ഒളിപ്പിക്കുന്ന ചില സ്ത്രീകളില്ലേ. അവരിലൊരാളായിരുന്നു നീന. അവളുടെ ശരിക്കുള്ള വയസ്സ് പറയുന്നതുവരെ ഞാൻ വിചാരിച്ചിരുന്നത് അവൾക്ക് മുപ്പതിൽ താഴെയായിട്ടേ ഉള്ളൂ എന്നാണ്. വെളുത്ത് സുന്ദരിയായ സ്ത്രീ. അഞ്ചടി എഴിഞ്ച് ഉയരം കാണും.

തൊട്ടടുത്തുള്ള ഫ്ളോറ റസ്റ്റോറണ്ടാണ് എനിക്കിഷ്ടപ്പെട്ട സ്ഥലം. ചൈനീസ് റസ്റ്റോറണ്ട്. ഇത്രയും സ്വാദുള്ള ചൈനീസ്, കോണ്ടിനെന്റൽ ഭക്ഷണം മറ്റൊരു സ്ഥലത്തു നിന്നും ഞാൻ കഴിച്ചിട്ടില്ല. അവിടെ വച്ചാണ് ഞാൻ നീനയെ കണ്ടു മുട്ടുന്നത്. എനിക്കിഷ്ടപ്പെട്ട സ്ഥലം എന്നു പറഞ്ഞതുകൊണ്ട് അവിടെനിന്ന് ദിവസവും ഭക്ഷണം കഴിക്കുന്നുവെന്ന് അർത്ഥമില്ല. അതെല്ലാം കമ്പനിവക ലഞ്ചു കിട്ടുമ്പോൾ മാത്രം തരമാക്കാറുള്ള അപൂർവ്വസൗഭാഗ്യങ്ങൾ മാത്രം. വിദേശത്തുനിന്ന് എഞ്ചിനീയർമാർ സന്ദർശനത്തിനായി വരുമ്പോൾ അവരെ കൊണ്ടുപോയിരുന്നത് ഫളോറയിലേയ്ക്കായിരുന്നു. അല്ലാത്ത ദിവസങ്ങളിൽ ഞങ്ങളുടെ ഓഫീസിനു താഴെയുള്ള തെന്നിന്ത്യൻ റസ്റ്റോറണ്ടിൽ മസാല ദോശയും വടയും ആണ് സ്ഥിരം ഭക്ഷണം. സംഗതി പറഞ്ഞു വരുമ്പോൾ നീനയും അതേ പാറ്റേണിൽ ഫ്ളോറയിൽ എത്തിയതാണ്. രണ്ടുപേരും ദിവസവും സ്ഥിരം പോകുന്ന സ്ഥലത്തുനിന്ന് പരിചയപ്പെടാതെ അപൂർവ്വതയിൽ പരിചയപ്പെട്ടത് അദ്ഭുതമായിരിക്കുന്നു. ഭക്ഷണം കഴിഞ്ഞ്, ടോയ്‌ലറ്റിൽ പോയ വിദേശികൾക്കു വേണ്ടി കാത്തു നിൽക്കുമ്പോഴാണ് അവൾ അടുത്തു വന്നത്. കൈ നീട്ടിക്കൊണ്ട് അവൾ സ്വയം പരിചയപ്പെടുത്തി. 'ഞാൻ നീന.......' ഞാൻ എന്റെ പേര് പറഞ്ഞു.

'ഏതാണ് ആ കുരങ്ങന്മാർ?' ടോയ്‌ലറ്റിന്റെ ഭാഗത്തേയ്ക്ക് ചൂണ്ടിക്കാട്ടി അവൾ ചോദിച്ചു.

'കുരങ്ങന്മാർ?'

'അതെ, ആ വെള്ളക്കാർ?'

പിന്നീട് കൂടുതൽ പരിചയപ്പെട്ടപ്പോൾ അതാണ് നീനയുടെ സംസാരരീതി

യെന്നു മനസ്സിലായി.

അതിനുശേഷം അവളെ പല സ്ഥലത്തു നിന്നും കണ്ടുമുട്ടുകയുണ്ടായി. ക്രമേണ അതൊരു സ്വഭാവമായി മാറി. ഓഫീസ് വിട്ട് പുറത്തിറങ്ങിയാൽ പുറകിൽ നിന്ന് കേൾക്കുന്ന മധുരസ്വരം ആരുടേതാണെന്ന് മനസ്സിലാക്കാൻ വിഷമമില്ല. പലപ്പോഴും ഞങ്ങൾ സംസാരിച്ചുകൊണ്ട് നടക്കും. പ്രഭാദേവി വരെ, അല്ലെങ്കിൽ മാഹിം വരെ. അതിനിടയ്ക്ക് ഏതെങ്കിലും റസ്റ്റോറണ്ടിൽ കയറി ചായ കുടിക്കും. ഒപ്പം സമോസയോ, ദോശയോ. പണം കൊടുക്കുന്ന സമയത്ത് ഞങ്ങൾ ആദ്യമൊക്കെ അടികൂടി. പിന്നെ ഒരിക്കൽ ഞാൻ കൊടുത്താൽ പിന്നീട് പണം കൊടുക്കുന്നത് അവളുടെ അവകാശമാണെന്ന് സമ്മതിച്ചു കൊടുത്തു. അതുകൊണ്ട് രക്ഷപ്പെട്ടു. ഇതെല്ലാം സംഭവിച്ചത് ഒരു മാസത്തിനുള്ളിലാണെന്നത് എന്നെ പിന്നീട് അദ്ഭുതപ്പെടുത്തിയിട്ടുണ്ട്. ഒരു കൊടുങ്കാറ്റിന്റെ ശക്തിയോടെ അവൾ എന്നിലൂടെ ആഞ്ഞുവീശുകയായിരുന്നു. നേരം വൈകുന്ന ദിവസങ്ങളിൽ ഭാര്യയോട് എന്ത് ഒഴിവുകഴിവു പറയുമെന്നതു മാത്രം എന്നെ അലട്ടി. അവസാനം ഒരു രാത്രിയിൽ ഞാൻ ലളിതയോട് നീനയെപ്പറ്റി പറഞ്ഞു.

സാധാരണ സിനിമകളിൽ കാണുന്നപോലെ ഒരു പൊട്ടിത്തെറിയൊക്കെ ഉണ്ടാകുമെന്നാണ് ഞാൻ കരുതിയത്. ഒന്നുമുണ്ടായില്ലെന്നു മാത്രമല്ല സംഗതികൾ അവളെ അപാരമായി രസിപ്പിച്ചുവെന്നുകൂടി തോന്നി. അവൾ ചോദിച്ചു.

'ആ പെണ്ണ് കല്യാണം കഴിഞ്ഞതല്ലേ?'

'അതേ....'

'എന്നിട്ടാണോ കണ്ടവന്റെയൊക്കെ പുറകെ ഓടണത്?'

അവൾ തലയ്ക്കു മുകളിൽ ചൂണ്ടാണി വിരൽകൊണ്ട് ചുഴറ്റിക്കാണിച്ചു. അതു ശരിയായിരിക്കാമെന്ന് എനിക്കും തോന്നി. പക്ഷേ കല്യാണം കഴിഞ്ഞ ആണൊരുത്തൻ കണ്ട പെണ്ണുങ്ങളുടെ പിന്നാലെ പോകുന്നത് എന്തിന്റെ ലക്ഷണമാണ്? ഞാൻ ചമ്മിക്കൊണ്ട് ചിരിച്ചു. അന്നു മുതൽക്ക് ഉറങ്ങാൻ കിടന്നാൽ നീനയുടെ കാര്യങ്ങൾ വള്ളിപുള്ളി തെറ്റാതെ പറഞ്ഞുകൊടുക്കുക എന്നത് എന്റെ കർത്തവ്യമായി. ഇടയ്ക്ക് കാര്യങ്ങൾ അല്പമൊന്ന് വളച്ചൊടിച്ചാൽ അവൾ കണ്ടുപിടിക്കും. ഞാൻ ഒരു മോശക്കാരൻ എഡിറ്ററാണെന്ന് അന്നേ എനിക്കു തോന്നിയിരുന്നു.

കാര്യങ്ങളെല്ലാം ഞാൻ ലളിതയോട് തുറന്നു പറയുന്നുണ്ട് എന്നു കേട്ടപ്പോൾ നീന തലയിൽ കൈവച്ചു. 'ദൈവമേ....'

പിന്നെ കുറച്ചുനേരം അവൾ ആലോചിച്ചിരുന്നു. താടിക്കു കൈയ്യും വച്ച് തികച്ചും ക്ലാസ്സിക്കൽ മട്ടിലുള്ള ഇരുത്തം. മുമ്പിലിരുന്ന് തണുക്കുന്ന ചായ ചൂണ്ടിക്കാട്ടിയപ്പോൾ അവൾ ആലോചനയിൽ നിന്ന് ഉണർന്ന് ചായക്കപ്പെടുത്തു.

'കാര്യമൊക്കെ ശരിതന്നെ' അവൾ ഗൗരവമായി പറഞ്ഞു. 'പക്ഷേ കുറച്ചു കഴിഞ്ഞാൽ നിങ്ങൾക്ക് ഭാര്യയോട് 'എല്ലാം' തുറന്നു പറയാൻ വിഷമമുണ്ടാക്കുന്ന ഒരു സ്ഥിതിവിശേഷം വരും.'

അതെന്താണെന്ന് അവൾ വിശദീകരിച്ചില്ല. അങ്ങിനെ ഒരു 'സ്ഥിതിവിശേഷം' വരാതിരിക്കട്ടെ എന്നു ഞാനും കരുതി.

നീന പറഞ്ഞ സ്ഥിതിവിശേഷം ഉടലെടുക്കുവാൻ അധികം ദിവസങ്ങ

ളെടുത്തില്ല. വൈകുന്നേരത്തെ നടത്തത്തിന്നിടയിൽ കാര്യമായ സംഭാഷണ വിഷയം അവളുടെ ഭർത്താവായിരുന്നു. അയാൾ താർദേവിൽ ഒരു കമ്പനിയിൽ മാർക്കറ്റിങ് മാനേജരാണ്. അയാളുടെ ഓഫീസ് വിശേഷങ്ങളെപ്പറ്റി, ബിസിനസ്സ് യാത്രകളെപ്പറ്റിയെല്ലാം അവൾ വാതോരാതെ സംസാരിക്കും. അയാൾക്ക് അവളോടുള്ള സ്നേഹത്തെപ്പറ്റി പറയുമ്പോൾ കണ്ണുകളിൽ ഒരു പ്രത്യേക തിളക്കം. ഓരോ ടൂർ കഴിഞ്ഞു വരുമ്പോഴും അവൾക്കുവേണ്ടി കൊണ്ടുവരുന്ന സാരികളുടെ വർണ്ണനയുണ്ടാകും. സാരിയല്ലെങ്കിൽ പെർഫ്യൂം. “ഞാൻ ഇന്ന് ഇട്ട പെർഫ്യൂം ഇല്ലെ, അത് കഴിഞ്ഞ നവമ്പറിൽ ദോഹയിൽ പോയപ്പോൾ കൊണ്ടുവന്നതാണ്. നിങ്ങൾക്കിഷ്ടപ്പെട്ടുവോ?”

ഞാൻ നീന കാണാതെ നെടുവീർപ്പിടും. ബോംബെയിൽ മാത്രം ചുറ്റിക്കറങ്ങാനാണ് ഞാൻ വിധിക്കപ്പെട്ടത്. ഭാര്യയ്ക്ക് സാരി പോയിട്ട് ഒരു തൂവാലപോലും വാങ്ങിക്കൊടുത്തിട്ടില്ല ഇതുവരെ. ഞാനൊരു മാതൃകാ ഭർത്താവല്ല എന്നത് എന്നെ വേദനിപ്പിക്കും. ഭാര്യയോട് കുറച്ചു കൂടി സ്നേഹം കാണിക്കണമെന്നൊക്കെ വിചാരിക്കും. തൽഫലമായി ഒരു ദിവസം കുറച്ചു പണം തടഞ്ഞപ്പോൾ ഓഫീസു വിട്ടുപോകും വഴി ഒരു സാരി വാങ്ങിയതും അതു ഭാര്യയ്ക്കു കൊടുത്തപ്പോൾ അതിന്റെ നിറത്തെപ്പറ്റിയും പ്രാകൃത ഡിസൈനെപ്പറ്റിയും കേട്ടതെല്ലാം മറ്റൊരു കഥ. പോട്ടെ.

അങ്ങിനെ ഞാൻ സ്വയം പഴിച്ചുകൊണ്ടിരുന്ന കാലത്താണ് ഒരു ദിവസം നീന പറഞ്ഞത്. ഒരു വലിയ രഹസ്യം പറയുന്നപോലെ.

“ഞാൻ എന്റെ ഭർത്താവിനെപ്പറ്റി പറയാറില്ലെ?”

ഒരു മസാല ദോശയും ചായയും അകത്തായപ്പോൾ അവൾക്ക് സെഞ്ച്വറി ബസാർ വരെ നടന്ന ക്ഷീണമൊക്കെ മാറിയിരുന്നു.

“ഉണ്ട്, പറയാറുണ്ട്.” ഞാൻ സമ്മതിച്ചു. അവളുടെ ഭർത്താവിനെപ്പറ്റിയല്ലാതെ ഒന്നും പറയാറില്ല എന്നതാണ് സത്യം.

അവൾ ഒന്ന് മടിച്ചു നിന്നു.

“ഞാൻ സത്യം തുറന്നു പറഞ്ഞാൽ ഒന്നും വിചാരിക്കല്ലല്ലോ.”

“ഇല്ല, എന്തേ?”

“ഞാൻ കമലേഷിനെപ്പറ്റി പറഞ്ഞതെല്ലാം നുണയാണ്. ആ മനുഷ്യൻ ടൂറിനൊക്കെ പോകുന്നുണ്ട്, ശരി. പക്ഷേ എനിക്കുവേണ്ടി ഒന്നും വാങ്ങാറില്ല. സാരിയുമില്ല, പെർഫ്യൂമുമില്ല. എന്നെ അയാൾക്ക് ഇഷ്ടമല്ല.”

ഞാൻ വാ പൊളിച്ചിരുന്നുപോയി. വായിൽ ദോശക്കഷ്ണമുണ്ടെന്നു മനസ്സിലാക്കിയതു തന്നെ ഒരു മിനുറ്റ് കഴിഞ്ഞിട്ടാണ്. അത് ഒറ്റയടിക്ക് ഇറക്കിയശേഷം ഞാൻ ചോദിച്ചു.

“എന്ത്?”

“ഭർത്താവിന് എന്നെ ഇഷ്ടമില്ലെന്ന്. ഹി ഹേയ്റ്റ്സ് മി.”

കണ്ടോ? അവളുടെ വാക്കുകേട്ട് ഭാര്യയ്ക്ക് സാരി വാങ്ങിക്കൊടുത്ത് ചീത്ത കേട്ടതു ലാഭം!

ഒരു നിശ്ശബ്ദത. എനിക്കും സമയമാവശ്യമാണ്. ഒരു മാസമായി എന്റെ മനസ്സിൽ നിറച്ചതൊക്കെ തുടച്ചുമാറ്റുക എളുപ്പമല്ല. നീനയുടെ ഭർത്താവിന്റെ ഒരു പുതിയ ചിത്രം വരച്ചുണ്ടാക്കണം.

പിന്നീട് അവൾ പറയാൻ തുടങ്ങിയത് ഭർത്താവിന് അയൽക്കാരിയുമായുള്ള ബന്ധത്തെപ്പറ്റിയായിരുന്നു. അവളെ സംബന്ധിച്ചേടത്തോളം വളരെ

ക്ലേശകരമായിരുന്നു അത്. അവളുടെ കണ്ഠമിടറി, കണ്ണുകൾ ഈറനായി. ഞാൻ കൈനീട്ടി അവളുടെ കൈകൾ പിടിച്ചമർത്തി. അവൾ അതു പ്രതീക്ഷിച്ചിരുന്നെന്നു തോന്നുന്നു, ഒന്നും പറയാതെ കൈ വലിക്കാതെ ഇരുന്നു.

"ഇതെല്ലാം നിന്റെ ഊഹം മാത്രമാണോ?"

"അല്ല, ഞാൻ നേരിൽ കണ്ടതാണ്. ഒരിക്കൽ ഓഫീസിൽനിന്ന് നേരത്തെ പോയ ദിവസം. ഞങ്ങളുടെ ബെഡ്റൂമിന്റെ ജനലിന് ഒരു വിള്ളലുണ്ട്. അതിലൂടെ ഞാൻ കണ്ടു. അവർ കിടക്ക പങ്കിടുന്നത്."

അവൾ കുറച്ചുനേരം ഒന്നും പറയാതെ ഇരുന്നു. പിന്നെ സാവധാനത്തിൽ പറഞ്ഞുതുടങ്ങി.

"നിങ്ങൾ ഒരു ദിവസം വീട്ടിൽ വരണം. കമലേഷ് അടുത്ത ആഴ്ച ഗൾഫിൽ പോകുന്നു. അപ്പോൾ വന്നാൽ മതി. നമുക്ക് സ്വസ്ഥമായി ഇരുന്ന് കുറേ കാര്യങ്ങൾ സംസാരിക്കാം. ഉച്ചയ്ക്ക് രണ്ടുമണിക്ക് വരു. അപ്പോൾ ആ പൂതം ഉറങ്ങുകയാവും. ഇനി എന്തു ചെയ്യണമെന്ന് നമുക്ക് സംസാരിച്ച് തീരുമാനിക്കാം."

പിന്നീടുള്ള ദിവസങ്ങളിൽ എന്റെ മനസ്സിൽ ഒരു യുദ്ധം നടക്കുകയായിരുന്നു. ഞാൻ ചെയ്യുന്നത് ശരിയാണോ? വൈകുന്നേരം ഒരു സ്ത്രീയുടെ ഒപ്പം നടക്കുന്നത് ഒരു കാര്യം, പക്ഷേ ഭർത്താവില്ലാത്ത അവസരത്തിൽ അവരുടെ വീട്ടിൽ പോകുന്നത്? ഞാൻ ഈ കാര്യം ഭാര്യയിൽനിന്ന് മറച്ചുവെച്ചിരുന്നു. ശരിക്കു പറഞ്ഞാൽ നീനയുടെ ഭർത്താവിന്റെ പുതിയ ചിത്രം കിട്ടിയതിൽപ്പിന്നെ ഞാൻ അവളോട് കാര്യമായൊന്നും പറഞ്ഞിരുന്നില്ല. 'നിങ്ങൾക്ക് എല്ലാം തുറന്നു പറയാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷം വരും എന്ന നീനയുടെ പ്രവചനം ശരിയാവുകയാണ്.

ബുധനാഴ്ച ഉച്ചയ്ക്ക് രണ്ടു മണിക്ക് നീനയുടെ വീട്ടിലെത്തി. വാതിലിന്റെ മുമ്പിലെത്തി ബെല്ലടിക്കാൻ കൈ ഓങ്ങിയപ്പോഴേയ്ക്കും വാതിൽ തുറന്ന് നീന പ്രത്യക്ഷയായി.

"വരൂ." അവൾ ചിരിച്ചുകൊണ്ട് എന്നെ സ്വാഗതം ചെയ്തു.

ഞാൻ ഇരട്ട സോഫയിലിരുന്നു. നീന എനിക്കെതിരെയുള്ള ഒറ്റ സോഫയിൽ പോയി ഇരുന്നു. അതെന്നെ കുറച്ചു നിരാശപ്പെടുത്തി. അവൾക്ക് അതിരുവിടാൻ യാതൊരു ഉദ്ദേശ്യവുമില്ലെന്ന് എനിക്കു തോന്നി.

"കുടിക്കാൻ എന്താണ് വേണ്ടത്?"

"എന്തായാലും കൊള്ളാം." ഞാൻ പറഞ്ഞു. അവൾ എഴുന്നേറ്റു പോയി. സാരിയുടെ തുമ്പ് അവൾ എളിയിൽ തിരുകിയിരുന്നു. അവളുടെ ശരീരത്തിന്റെ ഭംഗി ഞാൻ അപ്പോഴാണ് ശ്രദ്ധിക്കുന്നത്. അതെന്നിൽ ആഗ്രഹം ജനിപ്പിച്ചു.

നാരങ്ങവെള്ളം കുടിച്ചുകൊണ്ടിരിക്കെ ഞാൻ പറഞ്ഞു.

"നീ സുന്ദരിയായിരിക്കുന്നല്ലോ." എന്തെങ്കിലും പറയേണ്ടെ എന്നോർത്ത് പറഞ്ഞതാണ്. അതിൽ പക്ഷേ അസത്യമൊന്നുമുണ്ടായിരു ന്നില്ല.

"അതു നിങ്ങൾക്കു മാത്രം തോന്നിയാൽ പോരല്ലോ. എന്റെ ഭർത്താവിനും തോന്നണ്ടേ?"

എനിക്കു ഒന്നും പറയാനുണ്ടായിരുന്നില്ല.

"ഒരു കാര്യം എനിക്കറിയണം" അവൾ പറഞ്ഞു. "ഞാൻ കൊടുക്കാത്ത എന്ത് സർവ്വീസുകളാണ് അവളുടെ കൗണ്ടറിൽ കൊടുക്കുന്നതെന്ന്."

"അതൊരുപക്ഷേ നീ ഒരിക്കലും അറിഞ്ഞില്ലെന്നു വരും." ഞാൻ പറഞ്ഞു.

“അതെന്താണ്?”

ഞാൻ ഒന്നും പറഞ്ഞില്ല. അത്തരത്തിലൊരു സംഭാഷണം അവളുമായി തുടങ്ങാൻ ഞാൻ തയ്യാറായിരുന്നില്ല. സെക്സിന്റെ കാര്യത്തിൽ അത്ര തുറന്ന സംസാരം എനിക്ക് വിഷമമായിരുന്നു.

“എന്റെ വീട് കാണണ്ടേ?” അവൾ ചോദിച്ചു.

“ശരി.” കുടിച്ചുകൊണ്ടിരുന്ന ഗ്ലാസ് ടീപോയ്മേൽ വച്ച് ഞാൻ എഴുന്നേറ്റു.

അവൾ ഓരോ മുറികളിലായി എന്നെ കൊണ്ടുപോയി. എല്ലാ മുറികളുടേയും ജനൽ അടച്ചിരുന്നു. വെന്റിലേറ്ററിൽക്കൂടിയുള്ള വെളിച്ചം മാത്രം. ആ നേരിയ വെളിച്ചത്തിൽ നീനയുടെ സാമീപ്യവും ഗന്ധവും എന്നെ അലട്ടുന്നുണ്ടായിരുന്നു. അവസാനം എത്തിയത് കിടപ്പറയിലാണ്. കട്ടിലിന്നരികിൽ നിന്നുകൊണ്ട് അവൾ പറഞ്ഞു.

“ഇതാ, ഈ കിടക്കയിൽ കിടന്നുകൊണ്ടാണ് കമലേഷും ആ പൂതവും...... ഇന്നു ഞാൻ അതിനു പ്രതികാരം ചെയ്യും.”

അവളുടെ മുഖം ദ്വേഷ്യം കൊണ്ട് ചുവന്നിരുന്നു. അവൾ എന്റെ അടുത്തേയ്ക്ക് നീങ്ങി.

“എന്റെ ഭർത്താവ് എന്നെ വഞ്ചിച്ചു. ഞാൻ അയാളേയും വഞ്ചിക്കും. ഇതേ മുറിയിൽ, ഇതേ കിടക്കയിൽ.”

അവൾ അരക്കെട്ടിലൂടെ കൈയ്യിട്ട് എന്നെ അടുപ്പിക്കുകയായിരുന്നു. ഞാൻ ആലോചിച്ചു കൊണ്ടിരുന്നത് ഇതാണ്. കമലേഷും പൂതവും എന്നതിനു പകരം നീനയും മറ്റൊരു പൂതവും.

എന്റെ താല്പര്യം പെട്ടെന്നു നശിക്കുന്നതായി തോന്നി. ഇതുവരെ ഞാൻ കെട്ടിപ്പടുത്തതെല്ലാം പൊളിഞ്ഞു വീഴുകയാണ്. അവളുടെ കൈകൾ വേർപെടുത്തി ഞാൻ മുറിക്കു പുറത്തുകടന്നു.

BACK TO INDEX

## ടിങ്കുവും മറ്റും

ഞങ്ങൾ ബോംബെയിലേയ്ക്ക് മാറ്റമായി വന്ന കാലം. തൊള്ളായിരത്തി എഴുപത്തിമൂന്ന്. താമസിച്ചിരുന്നത് സയനിൽ ഒരു സിന്ധികുടുംബത്തിന്റെ വാടകക്കാരായിട്ട്. അവരുടെ ഫ്ളാറ്റിന്റെ ഒരു മുറിയും അതിനു മുമ്പിലുള്ള ചെറിയ വരാന്ത അടുക്കളയാക്കി മാറ്റിയതുമാണ് സൗകര്യങ്ങൾ. ഞങ്ങൾക്കു മാത്രമായി കുളിമുറിയും ഉണ്ട്. അന്ന് മകൻ ജനിച്ചിട്ടുണ്ടായിരുന്നില്ല. (ഞങ്ങളുടെ കല്യാണ സമയത്ത് അവൻ എവിടെയായിരുന്നു എന്ന് പിന്നീട് ചോദിക്കാറുണ്ട്. കല്യാണ ഫോട്ടോകളിൽ ഇല്ലാത്തതിൽ അവന് കുണ്ഠിത മുണ്ടാകാറുണ്ട്. കല്യാണം കഴിഞ്ഞ് രണ്ടു കൊല്ലത്തിനുശേഷം മാത്രം ജനിച്ച അവനെ കല്യാണഫോട്ടോകളിൽ നിർത്താൻ പറ്റാത്തതിൽ ഞാൻ മാപ്പു ചോദിക്കും.) താമസം സയൻ സർക്കിളിൽത്തന്നെയായിരുന്നതുകൊണ്ട് എല്ലാ സൗകര്യങ്ങളുമുണ്ട്. ഇടക്കൊരു ദിവസം ഭക്ഷണമുണ്ടാക്കാൻ തോന്നിയി ല്ലെങ്കിൽ തൊട്ടടുത്തുതന്നെയുണ്ടായിരുന്ന മദ്രാസി റെസ്റ്റോറണ്ടിൽനിന്ന് മസാല ദോശ..... അങ്ങിനെ ധാരാളിത്തത്തിൽ ജീവിച്ചുകൊണ്ടിരിക്കെ തോന്നി. ഇതു പറ്റില്ല, നമ്മുടെ ബന്ധുക്കളെയൊക്കെ ഒന്ന് സന്ദർശിക്കണം. ആരൊക്കെ യാണ് ബോംബെയിലുള്ളത്, എവിടെയൊക്കെയാണ് എന്നൊന്നും അറിയില്ല. അല്പം ഗവേഷണം നടത്തി രണ്ടുമൂന്നു വിലാസങ്ങൾ സംഘടിപ്പിച്ചു. ഒരാൾ വകയിൽ എന്റെ ഒരമ്മാവന്റെ മകളാണ്, സത്യ. കല്യാണം കഴിഞ്ഞ് നാലഞ്ചു കൊല്ലമായി. ഭർത്താവ് ഒരു വലിയ കമ്പനിയിൽ ഉയർന്ന ഉദ്യോഗസ്ഥനാണ്. ഒരു മകളുണ്ട്, ടിങ്കു. രണ്ടര, മൂന്നു വയസ്സ്. അവർ താമസിക്കുന്നത് ഗോരേ ഗോണിലാണ്.

ഒരു ഞായറാഴ്ച ഉച്ചഭക്ഷണത്തിനു ശേഷം ഞങ്ങൾ പുറപ്പെട്ടു. സയനിൽനിന്ന് ഇലക്ട്രിക് ട്രെയിൻ പിടിച്ച് ദാദറിലെത്തി വണ്ടി മാറിക്കയറി നാലു മണിയായപ്പോഴേയ്ക്ക് ഗൊരേഗോണിലെത്തി. വീടു കണ്ടു പിടിക്കാൻ അല്പം നടക്കേണ്ടിവന്നു. അവസാനം വിയർത്തൊലിച്ച് അവരുടെ വീട്ടി ലെത്തിയപ്പോഴേയ്ക്ക് നാലര മണിയായിരുന്നു. ബന്ധു വീടുകളിലെ സന്ദർ ശനത്തെപ്പറ്റി ഒരു പുനർവിചിന്തനം ആവശ്യമാണെന്ന് ഞങ്ങൾ ആ നിമിഷം തീരുമാനിച്ചു.

സത്യയും ടിങ്കുവും മാത്രമേ വീട്ടിലുണ്ടായിരുന്നുള്ളു. സത്യയെ കല്യാണദിവസം കണ്ടതാണ്. മാറ്റമൊന്നുമില്ല. മോൾ മിടുക്കിയാണ്. സംസാരപ്രിയയും. സംസാരം കുറച്ചു കൂടിപ്പോയോ എന്നു സംശയം. ഒരഞ്ചു മിനുറ്റിനുള്ളിൽ സത്യയുടെ ഭർത്താവ് എത്തി. മാധവേട്ടൻ സൗമ്യനായ ഒരു മനുഷ്യനാണ്. വളരെ കുറച്ചേ സംസാരിക്കു. ഞങ്ങളെ കണ്ടപ്പോൾ സന്തോഷമായി. എന്റെ ഷർട്ട് വിയർത്ത് നനഞ്ഞൊട്ടിക്കിടക്കുന്നത് അദ്ദേഹം കണ്ടു.

'ഇതാ ഇവിടെ ഫാനിന്റെ ചോട്ടിലേയ്ക്ക് ഇരുന്നോളു. അഞ്ചു മിനുറ്റോണ്ട് വിയർപ്പ് വറ്റും.'

ഞാൻ മാറിയിരുന്നു.

'ഞാൻ ചായണ്ടാക്കാം.' സത്യ അടുക്കളയിലേയ്ക്കു പോയി.

'സത്യേ', അദ്ദേഹം വിളിച്ചു. 'ചായണ്ടാക്കണ്ടാ, ആ തണ്ണീർമത്തൻ

മുറിച്ചുവച്ചിട്ടില്ലേ. അതെടുത്തു കൊടുക്കു. ഈ ചൂടത്ത് ചായ കുടിക്കാൻ സുഖംണ്ടാവില്ല.'

ഞാൻ മാധവേട്ടനോട് മനസാ നന്ദി പറഞ്ഞു. ആ ചൂടത്ത് ചായയേക്കാൾ നല്ലത് തണ്ണീർമത്തൻതന്നെ. തണ്ണീർമത്തൻ മുറിച്ച് കുറച്ചു പഞ്ചസാര ചേർത്ത് രണ്ടു മണിക്കൂർ ഫ്രിഡ്ജിൽ വെച്ചതു കഴിച്ചാൽ മീനച്ചൂടിൽ നിന്ന് പെട്ടെന്ന് ഉത്തരധ്രുവത്തിലെത്തിയപോലെ തോന്നും. പക്ഷേ സത്യയുടെ മറുപടി എന്നെ നിരാശപ്പെടുത്തി.

'എന്ത് തണ്ണീർമത്തൻ, എനിക്കറിയില്ല എവിട്യാണ്ന്ന്.'

മാധവേട്ടൻ ഒന്നും പറഞ്ഞില്ല. ഒരുപക്ഷേ മാധവേട്ടന്റെ ഓർമ്മപിശകായിരിക്കും. ഞാൻ വായിൽ ഊറിയ വെള്ളം പെട്ടെന്നിറക്കി, ചായ കുടിക്കാൻ തയ്യാറായി ഇരുന്നു. പെട്ടെന്നാണ് കളിച്ചു കൊണ്ടിരുന്ന ടിങ്കു ചാടി എഴുന്നേറ്റതും ഉറക്കെ പറഞ്ഞതും.

'അമ്മേ അത് പീച്ചറില്ണ്ട്, അത് പീച്ചറില്ണ്ട്.' അവൾ ഓടി ഫ്രിഡ്ജ് തുറന്നു പിടിച്ചു. അവൾ ഫ്രീസറിലേയ്ക്കു ചൂണ്ടിക്കാട്ടി അപ്പോഴും പറയുന്നുണ്ടായിരുന്നു. 'അത് പീച്ചറില്ണ്ട്. അമ്മ ഉച്ചയ്ക്ക് വെച്ചില്ലേ?....' ഫ്രീസറിന്റെ വാതിൽ തുറക്കാൻ അവൾക്ക് എത്തില്ല.

സത്യയുടെ ഭാവപകർച്ച ഞാൻ ഇന്നുമോർക്കുന്നു. ഞങ്ങൾ പോയതിനു ശേഷം ടിങ്കുവിന് തുടയിൽ നല്ല രണ്ടെണ്ണം കിട്ടിയിട്ടുണ്ടാവണം. ലളിതയും അതുതന്നെയായിരുന്നു പറഞ്ഞിരുന്നത്. 'പാവം മോൾക്ക് ഇന്ന് നല്ലോണം കിട്ടും അമ്മടെ അടുത്ത്ന്ന്.'

ഇതിന് ഒരു വാൽക്കഷ്ണം കൂടി പറഞ്ഞാലേ കഥ മുഴുവനാകൂ. നാലു വർഷങ്ങൾക്കു ശേഷം, ഞങ്ങൾ ജുഹുവിൽ താമസിച്ചിരുന്ന കാലത്തുണ്ടായ ഒരു സംഭവം. അന്ന് ഞങ്ങളുടെ സാമ്പത്തിക പ്രശ്നങ്ങൾ അത്ര രൂക്ഷമായിരുന്നില്ലെങ്കിലും അതിന്റെ തുടക്കം കുറിച്ചിരുന്നു. മോന് രണ്ടു വയസ്സു പ്രായമുണ്ടാവും. ലളിതയുടെ അച്ഛനും അമ്മയും കുറച്ചു ദിവസത്തേയ്ക്ക് താമസിക്കാൻ വന്നിരുന്നു. തൊട്ടടുത്തുള്ള ലോട്ടസ് ഐ ഹോസ്പിറ്റലിൽ അമ്മയ്ക്ക് തിമിരത്തിനു ശസ്ത്രക്രിയ ചെയ്യാനായി വന്നതാണ്. നാട്ടിൽനിന്ന് ലളിതയുടെ അമ്മയും അച്ഛനും വന്നിട്ടുണ്ടെന്ന് കേട്ട് ബന്ധുക്കൾ കാണാൻ വരുമായിരുന്നു. ബോംബെയിലെ നാലു കൊല്ലത്തെ താമസത്തിനിടയിൽ ഞങ്ങൾ ബന്ധുക്കളെ രണ്ടു വർഗ്ഗമായി തിരിച്ചിരുന്നു. ഒന്ന് ഞങ്ങളുടെ വീട്ടിൽ വന്നാൽ ഞങ്ങളുടെ ആതിഥ്യം സന്തോഷത്തോടെ സ്വീകരിക്കുകയും ചിക്കൻ കറിയും ചപ്പാത്തിയും മൂക്കറ്റം തട്ടി ഞങ്ങളെ പ്രശംസിച്ച് പോവുകയും, ഞങ്ങൾ അവരുടെ വീട്ടിൽ ചെന്നാൽ എന്തെങ്കിലും ഒഴിവുകഴിവു പറഞ്ഞ് പച്ചവെള്ളം മാത്രം തന്ന് സന്തോഷത്തോടെത്തന്നെ പറഞ്ഞയക്കുകയും ചെയ്യുന്ന ഒരു വർഗ്ഗം. വിശ്വസിക്കൂ, ഇത് ഉന്മൂലനം കാത്ത് ഇരിക്കുന്ന ഒരു വർഗ്ഗമൊന്നുമല്ല. രണ്ടാമത്തെ വർഗ്ഗം നമ്മൾ ഒരിക്കൽ വിളിച്ച് ഊണു കൊടുത്താൽ അതിന്റെ നിലവാരം എന്തെന്നു നോക്കാതെ താമസിയാതെ നമുക്ക് അതിന്റെ പതിന്മടങ്ങ് നല്ല ഭക്ഷണം തരുന്നവർ. അങ്ങിനെ തന്നില്ലെങ്കിൽ ഉറക്കം കിട്ടാത്തവർ. സ്വാഭാവികമായും ഞങ്ങൾക്ക് രണ്ടാമത്തെ വർഗ്ഗത്തെയാണ് ഇഷ്ടം. അതുകൊണ്ട് ആദ്യത്തെ വർഗ്ഗക്കാർ എത്തിപ്പെട്ടാൽ എങ്ങിനെയെങ്കിലും അവരെ ഊണിന്റെ സമയമാകുമ്പോഴേയ്ക്കു പറഞ്ഞയക്കാൻ ശ്രമിക്കുന്നു. എളുപ്പപ്പണിയല്ലിത്. പന്ത്രണ്ടു

മണിയായാൽ, ഞങ്ങൾക്ക് മറ്റൊരു വീട്ടിൽ ലഞ്ചുണ്ടെന്നു പറയുന്നു. അവർ പോകാനുള്ള ഒരുക്കമൊന്നുമില്ലെന്നു കണ്ടാൽ ഞങ്ങൾ പുറപ്പെടാൻ തുടങ്ങുന്നു. അങ്ങിനെയാണെങ്കിൽ നമുക്ക് ഒപ്പം ഇറങ്ങാം എന്നാവും അവർ. എന്നാലും വേണ്ടില്ല. പരമാവധി സാന്താ ക്രൂസുവരെ പോയി തിരിച്ചുവരികയല്ലേ വേണ്ടു. ചിലപ്പോൾ തോന്നും ഇതിലുമൊക്കെ ഭേദം അവർക്ക് ലഞ്ചു കൊടുക്കലാണ്. അപ്പോൾ ഏറ്റവും മിനിമം പരിപാടിയിൽ ലഞ്ചുകൊടുക്കുന്നു.

അങ്ങിനെയുള്ള ഒരു കുടുംബം ഒരു ഞായറാഴ്ച എത്തി. ഞായറാഴ്ച നന്നായി ഭക്ഷണം കഴിക്കണമെന്ന ആഗ്രഹം കൊണ്ട് തലേന്നു തന്നെ മാർക്കറ്റിൽ പോയി മീൻ വാങ്ങിക്കൊണ്ടു വന്നിരുന്നു. ചാളയും, മോന് വേണ്ടി പോം ഫ്രേറ്റും(വെള്ള ആവോലി). അവൻ അതിന് ചെവിമീൻ എന്നാണ് പറഞ്ഞിരുന്നത്. അതു മുറിച്ചാൽ കഷ്ണങ്ങൾ ചെവിയുടെ ആകൃതിയുള്ളതു കൊണ്ടായിരിക്കണം. അവന് നല്ല ഇഷ്ടമുള്ള മീനാണത്. (ഇന്ന് അവൻ സസ്യഭുക്കായി മാറിയിരിക്കുന്നു.) രണ്ടും മുറിച്ച് വറുക്കാനായി മുളകു പെരട്ടി ഫ്രീസറിൽ വച്ചിരിക്കയാണ്. അവരെ കുടഞ്ഞുകളയാൻ മാർഗ്ഗമൊന്നുമില്ലെന്നു മനസ്സിലായപ്പോൾ ഭക്ഷണം കൊടുക്കാമെന്നു കരുതി. ഒരു കായമൊളകൂഷ്യവും പയറ് മെഴുക്കുപുരട്ടിയും ഉണ്ടാക്കി. ഭക്ഷണം മേശപ്പുറത്തു നിരത്തുമ്പോൾ ലളിത ഒരു ഭംഗിവാചകം പറഞ്ഞു.

'രാവിലെ മാർക്കറ്റിൽ പോയില്ല. അതോണ്ട് നോൺ ഒന്നുംല്ല്യാട്ടോ.'

ഇതു കേൾക്കണ്ട താമസം ഞങ്ങളുടെ വീട്ടിലെ ടിങ്കു ഉറക്കെ പറഞ്ഞു.

'മീൻ പീച്ചറില്ണ്ട്ട്ടോ, പീച്ചറില്ണ്ട്.'

ആര് ഞങ്ങളുടെ മോനോ? ഏയ്, അവന് അതിനെപ്പറ്റിയൊന്നും അറിയില്ല. അവൻ അവന്റെ കളിപ്പാട്ടങ്ങളുടെ ലോകത്തായിരിക്കും. പിന്നെ ആരാണ്ന്നാ വിചാരിച്ചത്. അത് തന്നേ, എന്റെ അമ്മായിയമ്മ. അവർതന്നെ പോയി ഫ്രിഡ്ജ് തുറന്നു മീൻ വെച്ച പാത്രങ്ങൾ പുറത്തെടുത്തു. ലളിതയുടെയും എന്റെയും മുഖം എത്രമാത്രം വിളറി വെളുത്തുവെന്ന് നിങ്ങൾ ആലോചിച്ചാൽ മതി. പോംഫ്രേറ്റും മത്തിയും പൊരിച്ചത് മൂക്കറ്റം തട്ടി ഏമ്പക്കമിട്ട് അതിഥികൾ പോയപ്പോൾ ലളിത ഒരു ചാട്ടം.

'കണ്ടില്ലേ ടിങ്കു ചെയ്ത പണി?'

പാവം എന്റെ അമ്മായിയമ്മ. ആ സാധു സ്ത്രീ ഒന്നും മനസ്സിലാവാതെ പകച്ചു നിൽക്കുകയാണ്. ആരാണ് ടിങ്കു എന്നുപോലും അവർക്കറിയില്ല. കാര്യം പറഞ്ഞുകൊടുത്തപ്പോൾ അവർ പറഞ്ഞു.

'ഞാൻ വിചാരിച്ചത് നീ മീൻ പെരട്ടി വെച്ച കാര്യം മറന്നൂന്നാ.....'

ഞാൻ ചിരിക്കുകയോ കരയുകയോ വേണ്ടതെന്നറിയാതെ നിൽക്കയാണ്. ഇപ്പോഴും. അതിനുശേഷം കുറേക്കാലം അച്ഛൻ അമ്മയെ ടിങ്കുവെന്ന് വിളിച്ച് കളിപ്പിച്ചിരുന്നു. ആ നല്ല സ്ത്രീ രണ്ടു മാസം മുമ്പ് അന്തരിച്ചു.

BACK TO INDEX

# ഇനി ഇതാവർത്തിക്കരുത്!

കൽക്കത്തയിൽ ഞാൻ ആദ്യകാലത്ത് ജോലി ചെയ്ത കമ്പനിയുടെ മാനേജർക്ക് എന്നെ വലിയ ഇഷ്ടമായിരുന്നു. അന്നെനിക്ക് പതിനേഴ് വയസ്സു പ്രായമേ ഉള്ളൂ. ആ പ്രായത്തിൽ ഒരാളെ എന്തു ജോലിയും ഏല്പിക്കാം. അത് എന്റെ ഡ്യൂട്ടിയല്ല, ഇത് ഞാൻ ചെയ്താൽ മോശമല്ലെ എന്നൊന്നും ആലോചിക്കില്ല. ജോലി ചെയ്യാൻ അമിതമായ ഉത്സാഹവും. വൈകുന്നേരം അഞ്ചുമണിയാവാൻ കാത്തിരിക്കുന്ന സ്വഭാവമില്ല. അഞ്ചരമണി കഴിഞ്ഞാൽ പക്ഷേ വിശപ്പു സഹിക്കവയ്യാതായാൽ ഞാൻ പോട്ടെ എന്നു ചോദിക്കും. അപ്പോൾ 'വൈ ആർ യു ഇൻ എ ഹറി, മിസ്റ്റർ ഹൊറി' എന്നൊക്കെ പ്രാസ മൊപ്പിച്ച് പറയും, ഒപ്പംതന്നെ പ്യൂണിനെ വിട്ട് ഒരു സമോസയും ചായയും വരുത്തിത്തരികയും ചെയ്യും. ഒരു സമോസ കിട്ടിയാൽ ഏഴു മണി വരെ ജോലി ചെയ്യാൻ അന്നു ഞാൻ തയ്യാറായിരുന്നു. സമോസയുടെ കാര്യത്തിൽ ഇന്നും ഏകദേശം അതൊക്കെത്തന്നെ സ്ഥിതി.

മാനേജർക്ക് നാല്പതു വയസ്സോളം പ്രായമുണ്ടാവും. അവിവാഹിതനായിരുന്ന അദ്ദേഹം താമസിച്ചിരുന്നത് പാർക് സ്റ്റ്രീറ്റിലെ ഒരു അഞ്ചുനില കെട്ടിടത്തിലാണ്. ഞാൻ ബാലിഗഞ്ചിലും. ഇടയ്ക്ക് വൈകുന്നേരം അദ്ദേഹം കാറിൽ കയറിക്കോളാൻ പറയും. ചൗരങ്കിവരെ ലിഫ്റ്റു കിട്ടുന്നതുകൊണ്ട് ഞാൻ പോകും. വല്ലപ്പോഴും വീട്ടിലേയ്ക്കു ക്ഷണിക്കും. പക്ഷേ എനിക്കു വേണ്ട കാപ്പിയും പലഹാരങ്ങളും ഞാൻതന്നെ ഉണ്ടാക്കേണ്ടി വരും. മൂപ്പര് ചെന്ന ഉടനെ ഷെൽഫിൽ നിന്ന് കുപ്പിയെടുത്ത് ഗ്ലാസ്സിൽ നിറച്ച് ഫ്രിഡ്ജിൽ നിന്ന് ഐസ് ക്യൂബുകൾ ഇട്ട് കുടിക്കാൻ തുടങ്ങും. ഒരു പ്ലെയ്റ്റിൽ മിക്ചറും അടുത്തുവച്ചിട്ടുണ്ടാവും. കുടിയുടെ ദൂഷ്യഫലങ്ങളെപ്പറ്റി ഒരു ചെറിയ ക്ലാസ്സും തരും. മിക്ചർ തിന്നുന്നതിൽ അത്രതന്നെ കുഴപ്പമില്ലെന്നും വേണമെങ്കിൽ എടുക്കാമെന്നും പറയും. തമാശക്കാരൻ! ഞാൻ ബ്രെഡ്ഡ് എടുത്ത് ധാരാളം വെണ്ണയും പഞ്ചസാരയും ചേർത്ത് സാന്റ്‌വിച്ചുണ്ടാക്കി കാപ്പിയോടൊപ്പം അകത്താക്കും.

ഒരു ദിവസം മാനേജരുടെ അമ്മായിയും മകളും മിഡ്നാപ്പൂരിൽ നിന്ന് വന്നു. അവർ താമസിക്കുന്നത് ഭവാനിപ്പൂരിൽ ഒരു ബന്ധുവിന്റെ ഒപ്പമാണ്. അവർക്ക് സ്ഥലങ്ങൾ കാണാനും ഷോപ്പിങ്ങിനും കാർ വേണമെന്നു പറഞ്ഞു. അഞ്ചുമണിയ്ക്ക് കാർ കൊടുത്തയക്കാമെന്നേറ്റു. ഭവാനിപ്പൂർവരെ തിരക്കില്ലാതെ പോകാമെന്നുള്ളതു കൊണ്ട് നേരത്തെ കാറിൽ പൊയ്ക്കോട്ടെ എന്നു മാനേജരോട് ചോദിച്ചു. എന്തോ ദയ തോന്നി എന്നെ പറഞ്ഞയച്ചു. ഒപ്പംതന്നെ അവർക്കു കൊടുക്കാനായി ഒരു പാക്കറ്റും തന്നയച്ചു.

സ്ഥലം കണ്ടുപിടിക്കാൻ കുറച്ചു ബുദ്ധിമുട്ടി. ഡ്രൈവറുടെ ദിശാബോധം കാരണം വല്ലാതെ അലയേണ്ടി വന്നില്ലെന്നു മാത്രം. ഒരു പഴയ കെട്ടിടത്തിന്റെ പിന്നിലൂടെ പോയി മറ്റൊരു കെട്ടിടത്തിന്റെ രണ്ടാം നിലയിലാണ് അവരുടെ താമസം. ഒരു വൃദ്ധദമ്പതികളുടെ ഒപ്പം. അവർ ആരാണെന്നൊന്നും ഞാൻ അന്വേഷിച്ചില്ല. മാനേജർ തന്നയച്ച പൊതി അവർക്കു കൊടുത്ത് കാറും ഡ്രൈവറും താഴെയുണ്ടെന്നു പറഞ്ഞ് ഒഴിയാനായിരുന്നു എന്റെ ഉദ്ദേശ്യം. പക്ഷേ അവർ എന്നെ വിട്ടില്ല. ചായയും പലഹാരങ്ങളും തന്ന് സൽക്കരിച്ചു

വെന്നു മാത്രമല്ല വേറെ പരിപാടികളൊന്നുമില്ലെങ്കിൽ ഞാൻ അവരുടെ ഒപ്പം ചെല്ലണമെന്നുകൂടി പറഞ്ഞു. നല്ലവരും ലോകത്തുണ്ടെന്ന് ഞാൻ മനസ്സി ലാക്കി. അങ്ങിനത്തെ ഒരു കുടുംബത്തിൽ എന്റെ ബോസ്സ് മാത്രം എന്തേ ഇങ്ങിനെ ആവാൻ എന്നുകൂടി ഞാൻ മനസ്സിൽ കുറിച്ചു.

അങ്ങിനെ അവരുടെ ഗൈഡായി കൽക്കത്ത മുഴുവൻ കറങ്ങി. ഷോപ്പായ ഷോപ്പെല്ലാം തൂത്തുവാരി എട്ടു മണിയായപ്പോൾ ഒരു നല്ല റെസ്റ്റോറണ്ടിൽ കയറി സുഭിക്ഷമായി ഡിന്നറും കഴിച്ച് തിരിച്ചു പോകാൻ ഒരുങ്ങി. കാർ ചൗറങ്കിയിൽ പാർക് സ്ട്രീറ്റിന്റെ അടുത്തെത്തിയപ്പോൾ ഞാൻ പറഞ്ഞു. ബാനർജി സാർ ഇവിടെ അടുത്താണ് താമസിക്കുന്നത്, അദ്ദേഹത്തെ കാണണോ? അമ്മ മകളുടെ മുഖത്തും മകൾ അമ്മയുടെ മുഖത്തും നോക്കി. പിന്നെ രണ്ടുപേരും എന്റെ മുഖത്തും. ‘ശരി പോവാം.’

അഞ്ചാം നിലയുടെ ലാന്റിങ്ങിൽ ലിഫ്റ്റിന്റെ തൊട്ട മുമ്പിലാണ് ബാനർജിയുടെ ഫ്ളാറ്റ്. ഞാൻ ബെല്ലടിച്ചു കാത്തുനിന്നു. ഉള്ളിൽ യാതൊരനക്കവുമില്ല. വെളിച്ചമുണ്ടെന്ന് വാതിലിന്റെ അടിയിൽക്കൂടി കാണാമായിരുന്നു.

‘അങ്ക്ൾ ഉറങ്ങുകയാവുമോ?’ മരുമകൾ സംശയം പറഞ്ഞു.

‘ഇത്ര നേരത്തെ ഉറങ്ങുമോ? സമയം ഒമ്പതായിട്ടല്ലേ ഉള്ളൂ?’ അമ്മ.

‘ഒന്നുകൂടി ബെല്ലടിച്ചുനോക്കൂ.’

ഞാൻ മടിച്ച് കൈ ബെല്ലിന്റെ അടുത്തേയ്ക്കു കൊണ്ടുപോയി. ബെല്ലമർത്തുമ്പോഴേയ്ക്ക് വാതിൽ തുറക്കുകയും ബാനർജി സാർ പ്രത്യക്ഷപ്പെടുകയും ചെയ്തു. ഞാൻ ചെയ്ത കാര്യം ശരിക്കും അബദ്ധ മായെന്ന് ആ നിമിഷത്തിൽ മനസ്സിലായി. സ്വന്തം കുടുംബാംഗങ്ങളെപ്പോലും സ്വീകരിക്കാൻ പറ്റിയ ഒരു നിലയിലായിരുന്നില്ല അദ്ദേഹം. ഒരു രാത്രി വസ്ത്രം ധരിച്ചിട്ടുണ്ട്. വെള്ളയിൽ നീല വരയുള്ള ഒരു വസ്ത്രം. അതിന്റെ നടുവിലെ രണ്ടു ബട്ടൺ മാത്രമേ ഇട്ടിട്ടുള്ളൂ. തലമുടി പാറിപ്പറന്നിരിക്കുന്നു. പൈജാമ യുടെ ചരട് ഒരറ്റം തൂങ്ങിക്കിടക്കുന്നു. ഒരു ജയിൽപ്പുള്ളിയെപ്പോലെ തോന്നിച്ചു ആ മനുഷ്യൻ. എന്നെ ഒരു നോട്ടം നോക്കിയ ശേഷം വാതിൽ മുഴുക്കെ തുറന്നിട്ട് അദ്ദേഹം സോഫയിൽ പോയിരുന്നു. ആ നോട്ടത്തിൽ ഞാൻ വെന്തു ചാമ്പലാവാതിരുന്നത് എന്തു സുകൃതം കൊണ്ടാണാവോ.

മകൾ സോഫയിൽ ഇരുന്നു. അമ്മ പറഞ്ഞു. ‘എനിക്കൊന്ന് ബാത്റൂമിൽ പോണം.’

അയാൾ കിടപ്പറയിലേയ്ക്ക് ചൂണ്ടിക്കാട്ടി. ഫ്ളാറ്റിൽ ഒരു ബാത്റൂമേ ഉള്ളൂ. പിന്നെ ഉള്ളത് അടുക്കളയ്ക്കപ്പുറത്തെ വർക് ഏരിയയിലെ ചെറിയ ടോയ്‌ല റ്റാണ്. അമ്മ പോയ ഉടനെ മകൾ പറഞ്ഞു.

‘അങ്ക്ൾ, എനിക്ക് കുറച്ചു വെള്ളം കുടിക്കണം.’ അവൾ എഴുന്നേറ്റ് അടുക്കളയുടെ ഭാഗത്തേയ്ക്ക് പോകാൻ ഒരുങ്ങി.

അയാൾ പെട്ടെന്ന് അവളെ തടഞ്ഞു.

‘നീ അവിടെ ഇരിക്ക്. ഹൊറി കൊണ്ടുവന്നു തരും.’ അയാൾ എന്നെ നോക്കി പറഞ്ഞു. ‘ഹൊറി, ഇവർക്ക് രണ്ടുപേർക്കും കുറച്ചു വെള്ളം കൊണ്ടു വന്നു കൊടുക്കൂ.’

ഞാൻ എഴുന്നേറ്റ് അടുക്കളയിലേയ്ക്കു നടന്നു. ഹാളിൽനിന്ന് ഒരു ചെറിയ ഇടനാഴി പിന്നിട്ടാണ് അടുക്കള. അടുക്കളയിലെത്തിയപ്പോൾ പെട്ടെന്ന് ആരോ

വർക്ഏരിയയിലേയ്ക്കു മാറിയപോലെ തോന്നി. വെറും തോന്നലായിരിക്കാം എന്നു കരുതി ഞാൻ അതു വകവെയ്ക്കാതെ വെള്ളമെടുക്കാൻ ഫ്രിഡ്ജ് തുറന്നു. പെട്ടെന്ന് വീണ്ടും ഒരു നിഴൽ, വർക്ഏരിയയിൽ നിന്ന്. ഫ്രിഡ്ജ് അടച്ച് ഞാൻ വർക്ഏരിയയിലേയ്ക്കു നടന്നു. അവിടെ വാതിലിന്റെ മറവിൽ ഒരു ചെറുപ്പക്കാരി നിന്നിരുന്നു. പാവാടയും ബ്ലൗസും വേഷം ബ്ലൗസിന്റെ മുകളിലെ രണ്ടു കുടുക്കുകൾ വിട്ട നിലയിലാണ്. അവൾ ധൃതിയിൽ കയ്യിൽ പിടിച്ച സാരി ഉടുക്കാനുള്ള ശ്രമത്തിലാണ്. ഇത്രയും സമയംകൊണ്ട് അവൾക്ക് ബ്ലൗസും പെറ്റിക്കോട്ടും മാത്രമേ ഇടാൻ കഴിഞ്ഞിട്ടുണ്ടാവൂ. എന്നെ കണ്ടപ്പോൾ ശ്രമം ഉപേക്ഷിച്ച് നിസ്സഹായയായി എന്റെ മുഖത്തു നോക്കി നിൽപ്പായി. ഞാൻ തിരിഞ്ഞ് ഫ്രിഡ്ജിൽ നിന്ന് വെള്ളത്തിന്റെ കുപ്പിയും മേശപ്പുറത്തു നിന്ന് രണ്ട് ഗ്ലാസ്സുകളും എടുത്ത് ഹാളിലേയ്ക്കു നടന്നു.

അവർ വെള്ളം കുടിച്ചു കഴിഞ്ഞപ്പോൾ ഞാൻ പറഞ്ഞു. 'ഡ്രൈവർക്ക് അല്പം ധൃതിയുണ്ടെന്ന് പറഞ്ഞിരുന്നു. അയാൾക്ക് ഇനി കാർ തിരിച്ച് ഇവിടെ കൊണ്ടുവന്നുവച്ച് ബസ്സിൽ സിയാൽഡയിൽ പോയി സബർബ്ബൻ ട്രെയ്ൻ പിടിച്ച് പോകണം.'

'ശരി നമുക്ക് പോകാം. 'അവർ എഴുന്നേറ്റു.

ഞാൻ അന്ന് ഒരു വലിയ പാഠം പഠിച്ചു. എല്ലാവർക്കും അവരവരുടേതായ സ്വകാര്യതയുണ്ട്. അതിൽ അതിക്രമിച്ചു കടക്കുന്നത് മാന്യതയല്ല. മുൻകൂട്ടി അറിയിക്കാതെ അവരെ വീട്ടിൽ കൊണ്ടു വന്നതിന് ഞാൻ മാനേജരോട് പിറ്റേന്ന് മാപ്പു ചോദിച്ചു. എന്നെ കുറച്ചു നേരം നോക്കിയിരുന്ന ശേഷം ആ വലിയ മനുഷ്യൻ ഇതു മാത്രം പറഞ്ഞു.

'ഇനി ഇതാവർത്തിക്കരുത്.'

BACK TO INDEX

## വരൻ വന്നത് മെഴ്സീഡസ് കാറിൽ

വിധിയും ഭാഗ്യ-നിർഭാഗ്യങ്ങളും നമ്മുടെ ശരീരഘടനപോലെ, നമുക്കു വരുന്ന രോഗങ്ങൾ പോലെ പാരമ്പര്യമായി ലഭിക്കുന്നതാണെന്ന വിശ്വാസം ബലപ്പെടുത്തുന്ന പല സംഭവങ്ങളുമുണ്ടായിട്ടുണ്ട് എന്റെ ജീവിതത്തിൽ. ഒരുപക്ഷേ നമ്മുടെ ജനിതകശ്രേണിയുടെ ഇതുവരെ മനസ്സിലാക്കിയിട്ടില്ലാത്ത ഒരു ചാനലിൽ അതുംകൂടി രേഖപ്പെടുത്തിയിട്ടുണ്ടാകണം.

കരി ബസ്സുകളുടെ കാലമാണ്. ഇന്നത്തെ തലമുറയ്ക്ക് അതിനെപ്പറ്റി കേൾക്കുന്നതുതന്നെ അദ്ഭുതമായിരിക്കും. യുദ്ധം കാരണം പെട്രോളിന് തീ പിടിച്ച വില. കിട്ടാനുമില്ല. അതുകൊണ്ട് നാട്ടിലെ ബസ്സുകളെല്ലാം കരി ബസ്സുകളാക്കി മാറ്റി. അതായത് പുറപ്പെടുന്നതിനു ഒരു മണിക്കൂർ മുമ്പ് ഉലപോലത്തെ ഒരു സാധനം തിരിച്ച് ബസ്സിന് ഏറ്റവും പിന്നിലുള്ള വലിയ അറയിലെ കരി കത്തിക്കണം. അതിൽനിന്ന് കിട്ടുന്ന ഗ്യാസു കൊണ്ടാണ് ബസ്സ് ഓടിക്കുന്നത്. 1942. അന്നു ഞാനില്ല, പക്ഷേ എന്നേക്കാൾ നന്നായി കഥ പറയാൻ അറിയുന്ന ആളും ഈ കഥയിലെ നായികയുമായ അമ്മായി പറഞ്ഞ അറിവാണ്. എന്റെ അമ്മാവന്റെ കല്യാണം. അന്നെല്ലാം രാത്രിയാണ് കല്യാണങ്ങൾ നടക്കാറ്. അത് എപ്പോഴാണ് പകലായി മാറിയതെന്ന് എനിക്കറിയില്ല. രാത്രി കല്യാണത്തിന് അതിന്റേതായ ഗ്ലാമറുണ്ടായിരുന്നു. പെട്രോമാക്സിന്റെ വെളിച്ചത്തിൽ കല്യാണപ്പന്തൽ അലംകൃതമാകും, തൊട്ടപ്പുറത്ത് സദ്യയുണ്ടാക്കുന്ന വെപ്പുകാരുടെ ബഹളം. ആൾക്കാരുടെ പോക്കും വരവും. സർവ്വാഭരണഭൂഷകളായ സ്ത്രീകളുടെ ഉടയാടകൾ, എല്ലാം പെട്രോമാക്സിന്റെ വെളിച്ചത്തിൽ കാണുമ്പോൾ ഒരു പ്രത്യേകാനുഭൂതി ഉണ്ടാകുന്നു. വധു, പട്ടാമ്പിക്കടുത്തുള്ള പള്ളിപ്പുറം എന്ന ഗ്രാമത്തിൽ, കൊടിക്കുന്നത്ത് കാവിന്റെ തൊട്ടടുത്തുള്ള കുന്നത്തു വീട്ടിൽ പത്മാവതി. പൊന്നാനിയിൽ നിന്ന് അവിടെ എത്തിപ്പെടുക അന്നും ഇന്നും ക്ലേശകരമായ ഒരു ജോലിയാണ്. ഉച്ച തിരിഞ്ഞ് പൊന്നാനിയിലുള്ള പുത്തില്ലത്തു വച്ച് (ഞങ്ങളുടെ വീട്) വരന്റെ ആൾക്കാരെല്ലാം ഒത്തുകൂടി ഒരു ചായ സൽക്കാരവും കഴിഞ്ഞ് 4 മണിയോടെ ഒരു ബസ്സ് നിറയെ ആൾക്കാരുമായി പുറപ്പെട്ടു. അന്നെല്ലാം ബസ്സിന്റെ പരമാവധി വേഗത 25 കിലോമീറ്റർ ആണ്. ആ വേഗത്തിലും ഒന്നര മണിക്കൂർ കൊണ്ട് തൃത്താല എത്തും. പിന്നെ അവിടെനിന്ന് ഭാരതപ്പുഴയിൽ കടത്തു കടന്ന് മൂന്നു കിലോമീറ്റർ കാൽ നടയായി പോയാലെ വധൂഗൃഹത്തിലെത്തൂ. രാത്രി എട്ടര മണിക്കാണ് മുഹൂർത്തം.

വഴിയ്ക്കു വച്ച് ഏതോ പരിചയക്കാരനെ കണ്ടപ്പോൾ വണ്ടി നിർത്താൻ പറഞ്ഞു. അത് അബദ്ധമായി. പിന്നെ വണ്ടി സ്റ്റാർട്ടായില്ല. ഡ്രൈവറും അസിസ്റ്റന്റും മാറി മാറി ശ്രമിച്ചിട്ടും ബസ്സ് അനങ്ങാൻ കൂട്ടാക്കിയില്ല. നല്ല മഴ പെയ്യുന്നു ണ്ടായിരുന്നു. ആ മഴയിലും ബസ്സിലുള്ളവർ വിയർത്തു, കാരണം മുഹൂർത്തം അടുത്തു വരികയാണ്. അവരാകട്ടെ മൈലുകൾക്കിപ്പുറത്തും. അന്നൊക്കെ വളരെ കുറച്ചു ബസ്സുകളേ ഉള്ളൂ താനും. ദിവസത്തിൽ ഒന്നോ രണ്ടോ സർവ്വീസുകൾ മാത്രം. അപ്പോൾ ഏതെങ്കിലും ലൈൻ ബസ്സിൽ കയറിപ്പിടിച്ച് എത്താമെന്നും കരുതേണ്ട. ആ വഴിയ്ക്കുള്ള അവസാനത്തെ

ബസ്സും പോയിക്കാണും. വധുവിന്റെ വീട്ടിലുള്ളവരും വിയർക്കുകയാണ്. വരനെയും ആൾക്കാ രെയും കാണാനില്ലെന്നത് നിസ്സാര കാര്യമല്ല. കാത്തി രുന്ന് മുഹൂർത്തം കഴിഞ്ഞു. വന്ന അതിഥികൾക്കൊക്കെ സദ്യ വിളമ്പി. അവരെ എങ്ങിനെയെങ്കിലും പിടിച്ചിരുത്താനുള്ള ശ്രമത്തിലായി വീട്ടുകാർ. അവസാനം എട്ടര മണിയോടെ യാണ് തൃത്താലക്കടവിൽ കാത്തു നിന്നവർക്ക് വിവരം കിട്ടിയത് വരനും പാർട്ടിയും നടുവഴിയിലാണെന്നും എത്താൻ താമസിക്കുമെന്നും. അവസാനം ബസ്സു ശരിയായി, പെരുമഴയത്ത് തൃത്താല കടവുകടന്ന് വീട്ടിലെത്തിയ പ്പോൾ സമയം പത്തര മണി! ഇതിൽ പരിഭ്രമി ക്കാത്ത ഒരാൾ വധു മാത്രമായിരുന്നു. കാരണം അവർക്കറിയാമായിരുന്നു, വരൻ നടന്നിട്ടോ നീന്തിയിട്ടോ എങ്ങിനെയെങ്കിലും എത്താതിരിക്കില്ല എന്ന്. സുന്ദരിയായ അമ്മായി മദ്രാസിൽ സെന്റ് മേരീസിൽ പഠിച്ചുകൊണ്ടിരിക്കു മ്പോൾ അമ്മാവൻ കണ്ട് ഇഷ്ടമായതാണ്. അമ്മാവനെ സംബന്ധിച്ചേട ത്തോളം ചെന്നു, കണ്ടു, കീഴടങ്ങി എന്നു പറയും പോലെയാണ്.

ഇനി ഒരു വാൽക്കഷ്ണം. മുഹൂർത്തം തെറ്റിയതുകൊണ്ട് കുഴപ്പമൊന്നു മുണ്ടായില്ല. അവരുടെ ദാമ്പത്യജീവിതം വളരെ ശോഭനമായിരുന്നു. അവർ ഇപ്പോഴും ആരോഗ്യത്തോടെ ജീവിക്കുന്നു. അമ്മാവന് 92 വയസ്സ്, അമ്മായി യ്ക്ക് 76 വയസ്സ്. മക്കളെല്ലാം നല്ല നിലയിൽ. പോരെ?

രണ്ടു മാസം മുമ്പ് അമ്മാവന്റെ പേരക്കുട്ടിയുടെ കല്യാണത്തിനും വരൻ എത്താൻ വളരെ വൈകിയത് വീട്ടുകാരിൽ സംഭ്രാന്തി പരത്തി. അപ്പോഴാണ് എനിക്ക് അമ്മാവന്റെ കല്യാണക്കാര്യം ഓർമ്മ വന്നത്. അതുപോലെ മരുമക ന്റെ അതായത് എന്റെ കല്യാണത്തിന്റേയും. ഇതെല്ലാം പാരമ്പര്യമായി വന്നു ചേരുന്നതാണെന്ന തോന്നലുമുണ്ടായത് അപ്പോഴാണ്.

എന്റെ കല്യാണത്തിനും ഇതേ പോലെ നേരം വൈകിയതിനു കാരണം വാഹനം തന്നെ. അന്ന് പൊന്നാനിയിൽ ടാക്സി സമരമായിരുന്നു. നേരത്തെ അറിഞ്ഞിരുന്നില്ല. അതുകൊണ്ട് ഏർപ്പാടാക്കിയ ബസ്സിൽ ബന്ധുക്കളെ വിട്ടു വരനു പോകാൻ കാറിനു വേണ്ടി കാത്തിരുന്നു. കാത്തിരുന്നതല്ലാതെ കാർ എത്തിയില്ല. അതോടെ പരിഭ്രമവും തുടങ്ങി. എന്താണ് സംഭവിച്ചതെന്നാൽ രാവിലെ ടാക്സിക്കാർ തമ്മിൽ എന്തോ അടിപിടിയുണ്ടായി, അവർ കൂട്ടത്തോടെ സമരം തുടങ്ങുകയും ചെയ്തു. കാർ ഏർപ്പാടാക്കിയത് അച്ഛന്റെ ഉറ്റ സുഹൃത്തായിരുന്നു. എന്റെ ഓർമ്മ ശരിയാണെങ്കിൽ മുഹമ്മദ് എന്നാണ് പേര്. പൊന്നാനിയിൽ നല്ല സ്വാധീനമുള്ള ആളാണ്. സമയം വൈകുന്നു എന്നു കണ്ടപ്പോൾ അദ്ദേഹം മറ്റൊരു ടാക്സി ഏർപ്പാടാക്കിത്തന്നു. പക്ഷേ അതിൽ എന്നെ പറഞ്ഞയക്കാൻ അച്ഛന് ധൈര്യമുണ്ടായില്ല. വഴിയിൽനിന്ന് മറ്റു ടാക്സിക്കാർ തടയുകയോ മറ്റൊ ചെയ്താലോ. അങ്ങിനെ ഞങ്ങൾ അഞ്ചുപേർ ലൈൻ ബസ്സിൽ പോകാമെന്ന് തീർച്ചയാക്കി. തൃശ്ശൂർക്കുള്ള അടുത്ത ബസ്സു കാത്തുനിന്നു. (വരാമെന്നേറ്റ് ചതിച്ച ടാക്സിക്കാരനെ മുഹമ്മദ്ക്കാ ശിക്ഷിച്ചു. ഒരു ദിവസം രാവിലെ അദ്ദേഹത്തിന്റെ വീട്ടിൽ വരാൻ പറഞ്ഞു, അന്നു മുഴുവൻ കാത്തു നിർത്തി പൊയ്ക്കോളാൻ പറഞ്ഞു. അത്രയും വേണ്ടിയിരുന്നില്ല എന്ന് അച്ഛൻ പറഞ്ഞു. പക്ഷേ കുറ്റത്തിന് ശിക്ഷ വേണമെന്ന മുഹമ്മദ്ക്കായുടെ നിർബ്ബന്ധമായിരുന്നു അത്.)

അതിനിടയ്ക്ക് വധുവിന്റെ വീട്ടിൽ ബഹളമായിത്തുടങ്ങി. വരന്റെ ബന്ധുക്കൾ മാത്രം വന്നതു കൊണ്ട് കാര്യമില്ലല്ലോ. താലി കെട്ടാൻ വരൻ

തന്നെ വേണമല്ലോ. പ്രോക്സിയിൽ ചെയ്യാൻ പറ്റാത്ത ഒരേ ഒരു കാര്യം അതാണ്. വധുവിന്റെ അച്ഛൻ ഒരു അറ്റാക്കിന്റെ അടുത്തെത്തി നിൽക്കുകയാണ്. മുഹൂർത്തം കഴിയാൻ ഇനി ഏതാനും മിനുറ്റുകൾ മാത്രം. അമ്മ അകത്ത് കരച്ചിൽ തുടങ്ങിയിരിക്കുന്നു. ബന്ധുക്കൾ ആശ്വസിപ്പിക്കുന്നുണ്ട്. വധു മാത്രം അക്ഷോഭ്യയായി, രാവിലെ മുതൽ സ്നേഹിതകളുടെ സഹായത്തോടെ കഷ്ടപ്പെട്ടുണ്ടാക്കിയ സൗന്ദര്യത്തിന് ഇനി വല്ലതും കൂട്ടിച്ചേർക്കാനുണ്ടോ എന്ന് നോക്കുകയാണ്. ഇന്ന് വരൻ വന്നില്ലെങ്കിൽ വേണ്ട പോട്ടെ, മറ്റൊരു ദിവസമാകാമല്ലോ. ഇന്ന് തനിക്കു അപൂർവ്വമായി കിട്ടുന്ന ശ്രദ്ധ ഇനി ഒരു ദിവസം കൂടി കിട്ടുക എന്നുവച്ചാൽ ചില്ലറ കാര്യമൊന്നുമല്ല.

മുഹൂർത്തത്തിന് പത്തു മിനുറ്റ് മാത്രം ബാക്കി നിൽക്കെ വരൻ വന്നു. പുതിയൊരു മെഴ്സീഡ്സ് ബെൻസ് കാറിൽ. പടുകൂറ്റൻ കാറിൽ നിന്ന് സ്റ്റൈലിൽ വരൻ ഇറങ്ങുന്നതു കണ്ട് അന്തം വിട്ടു നിന്നത് വരന്റെ ബന്ധുക്കൾ തന്നെയാണ്. എവിടെനിന്നു കിട്ടി ഈ കാർ? ഇനി നമ്മളോടൊന്നും പറയാതെ ഇയ്യാൾ വല്ല സ്ത്രീധനവും വാങ്ങിയോ? ഞങ്ങളുടെ കുടുംബത്തിൽ ആ സമ്പ്രദായമില്ലാത്തതു കൊണ്ട് ബന്ധുക്കളുടെ 'എടാ വില്ലാ' എന്ന നോട്ടത്തിന്റെ അർത്ഥം എനിക്കും മനസ്സിലായില്ല.

ലളിതയുടെ അച്ഛന്റെ ഉറ്റ സ്നേഹിതനും ബന്ധുവും സുരേന്ദ്ര മോട്ടോഴ്സിന്റെ ഉടമസ്ഥനുമായ ശ്രീ ഗംഗാധര മേനോന്റെ കാറായിരുന്നു അത്. ബസ്സിൽ നിന്ന് ഞാൻ ഇറങ്ങിയ ഉടനെ 'അറസ്റ്റ്' ചെയ്തു കൊണ്ടു വരാൻ പറഞ്ഞയച്ചതായിരുന്നു.

പിന്നെ ഞങ്ങൾ ഒരാഴ്ച കഴിഞ്ഞ് ദില്ലിയിൽ എത്തിയപ്പോൾ, ഒരു ശൃംഗാര മുഹൂർത്തത്തിൽ ഞാൻ ലളിതയോട് ചോദിച്ചു. 'ഞാൻ വരാൻ വൈകിയപ്പോൾ നിനക്ക് പരിഭ്രമമുണ്ടായോ?' മറുപടി ഇതായിരുന്നു. 'എന്തിന്? തൃശ്ശൂരിൽ വേറെ ആൺപിള്ളേരൊന്നുമില്ലേ?' ദൈവമേ, ഈ മറുപടി കേൾക്കാൻ വേണ്ടി അങ്ങിനെ ഒരു ചോദ്യം ചോദിക്കണമായിരുന്നോ?

ഇപ്പോൾ കല്യാണം കഴിഞ്ഞ് മൂന്ന് പതിറ്റാണ്ട് കഴിഞ്ഞപ്പോൾ ഞാൻ ചോദിക്കേണ്ടത്. 'എന്നാൽ അതു പോരായിരുന്നോ?'

BACK TO INDEX

# വിന്നി എന്ന കൊച്ചുസുന്ദരി

തൊള്ളായിരത്തി എഴുപതുകളിൽ ഞങ്ങൾ മുംബൈയിലെ ജുഹുവിൽ താമസിച്ചിരുന്ന കാലം. ഞങ്ങളുടെ ഫ്ളാറ്റിന്റെ താഴത്തെ നിലയിൽ ഒരു പഞ്ചാബി കുടുംബമുണ്ടായിരുന്നു. ചോപ്ര ഫാമിലി. ബിസിനസ്സുകാരാണ്. അച്ഛൻ, അമ്മ, രണ്ടു പെൺമക്കൾ ഏറ്റവും താഴെ നാലു വയസ്സായ ഒരാൺ കുട്ടി. ആദിത്യൻ എന്നാണ് ശരിക്കുള്ള പേരെങ്കിലും അവനെ വിളിക്കാറ് ബോബി എന്നാണ്. ചോപ്രയുടെ അമ്മ ഇടയ്ക്ക് അവിടെ വന്നു താമസിക്കും. മക്കളോരോരുത്തരുടെ അടുത്ത് മാറിമാറി താമസിക്കുകയാണ് അവർ. കുട്ടികൾ മൂന്നുപേരും എപ്പോഴും ഞങ്ങളുടെ വീട്ടിൽ വരും, ലളിത അന്ന് രണ്ടു വയസ്സുള്ള ഞങ്ങളുടെ മോനെയും കൊണ്ട് അവരുടെ വീട്ടിലും പോകും. പെൺകുട്ടികൾ എന്നോട് വളരെ അടുത്തു പെരുമാറിയെങ്കിലും നാലു വയസ്സുള്ള മകൻ എന്നോട് വളരെയടുത്തില്ല. ശ്രമിക്കാഞ്ഞിട്ടല്ല. അവൻ എന്റെ കട്ടിയുള്ള മീശ നോക്കും, അപ്പോൾ വലിയ ലോഗ്യമൊന്നും വേണ്ടെന്ന് തീരുമാനിക്കുകയും ചെയ്യും. എന്നെ കണ്ടാൽ അവന്റെ ഭയസമ്മിശ്രമായ താൽപര്യത്തോടുകൂടിയുള്ള നോട്ടവും ചേച്ചിമാരുടെ പിന്നിൽ ഒളിച്ചു നിൽക്കലും ഞാൻ ഇപ്പോഴും ഓർക്കുന്നു. എന്റെ മകന് ചോപ്രയെയും പേടിയായിരുന്നു. അദ്ദേഹത്തിന്റെ മൈലാഞ്ചി തേച്ചു ചുവപ്പിച്ച തലമുടി കാരണമായിരിക്കണം. അദ്ദേഹം മിക്കവാറും ആഫ്രിക്കൻ, ഗൾഫ് രാജ്യങ്ങളിൽ ബിസിനസ്സ് യാത്രയിലായിരിക്കും. ബോബി വീട്ടിൽ വരുന്നത് എന്റെ മകന്റെ ഒപ്പം കളിക്കാനാണ്. ഒരു കൊച്ചു വല്ല്യേട്ടനായി അവൻ എന്റെ മകനെ ശ്രദ്ധയോടെ നോക്കുന്നത് കാണാൻ നല്ല കൗതുകമാണ്.

മകൻ അവിടെ പോയാലും വളരെ സ്വാതന്ത്ര്യത്തോടെ പെരുമാറും. മിസ്സിസ്സ് ചോപ്ര ചോദിക്കും. 'തെരേക്കോ കിത്നാ ബിസ്കറ്റ് ചാഹിയേ മുന്നാ?' അവൻ പറയും. 'ഛേ ബിസ്കറ്റ്.' അവൻ അവന്റെ രണ്ടു കൊച്ചു വിരലുകൾ ഉയർത്തി കാണിക്കും. ചോപ്രാ ആന്റി ചിരിച്ചുകൊണ്ടു പറയും. 'ഇതാണോ നിന്റെ ഛേ?'

ഉച്ചയ്ക്ക് ലളിത അന്നുണ്ടാക്കിയ ചോറും കറികളുമായി താഴെ പോകും. അവിടെ മിസ്സിസ് ചോപ്രയും അവരുടെ വിദ്ഗ്ദയായ പാചകക്കാരി ദുർഗ്ഗയും കൂടിയുണ്ടാക്കിയ ചപ്പാത്തിയും കറികളും കൂടി എല്ലാവരും കുശാലായി ഭക്ഷണം കഴിക്കും. എന്നും സദ്യ, എന്നും ആഘോഷം. അങ്ങിനെ വളരെ സന്തോഷത്തോടുകൂടി കഴിഞ്ഞിരുന്ന കുടുംബത്തിൽ ഒരു ദിവസം ഒരിടി വെട്ടി. ബോബി അവന്റെ ചെറിയച്ഛന്റെ കൂടെ സ്കൂട്ടറിനു പിന്നിലിരുന്ന് അവന്റെ അച്ഛമ്മയുടെ മുളുന്ദിലുള്ള വീട്ടിലേയ്ക്കു പോകുകയായിരുന്നു. സാകി നകയിൽവച്ച് ഇരുമ്പുബാറുകൾ നിറച്ച ഒരു ട്രക്ക് അവരുടെ മേൽ ഇടിച്ചു. ബോബി തൽക്ഷണം മരിച്ചു, ചെറിയച്ഛൻ ആശുപത്രിയിൽ വച്ചും. ഞങ്ങളെ വല്ലാതെ പിടിച്ചു കുലുക്കിയ ഒരു സംഭവമായിരുന്നു അത്. പെട്ടെന്നാണ് രണ്ടു കുടുംബങ്ങൾ തീരാദുഃഖത്തിൽ മുങ്ങിയത്. അവരെ കാണാനായി സയൻ ഹോസ്പിറ്റലിൽ പോയി. തിരിച്ച് ഞാൻ താമസിക്കുന്ന ആ കെട്ടിടത്തിലേയ്ക്ക് മടങ്ങാനേ തോന്നിയില്ല. അത്രയധികം എന്നെ സ്പർശിച്ച ആ സംഭവമാണ് 'വൃഷഭത്തിന്റെ കണ്ണ്' എന്ന പേരിൽ ഒരു കഥയായി വന്നത്.

ക്രമേണ ആ മുറിവും ഉണങ്ങി. ജീവിതം സാധാരണ മട്ടായി. പക്ഷേ ഉള്ളിന്റെ ഉള്ളിൽ ആ വേദന ബാക്കിയായി. അതാകട്ടെ ഇടയ്ക്കിടയ്ക്ക് ഓർമ്മിക്കാൻ ഒരു കാരണവുമുണ്ടായി. ചോപ്രയുടെ അമ്മ. പേരക്കുട്ടിയുടെ വിയോഗം അവർക്ക് താങ്ങാവുന്നതിൽ കൂടുതലായിരുന്നു. അവർക്ക് മൂന്ന് മക്കളുള്ളതിൽ മൂത്ത മകനു മാത്രമേ ഒരു ആൺകുട്ടിയുണ്ടായുള്ളൂ. അവനാകട്ടെ ഇങ്ങിനെ ഒരു ദുര്യോഗവും. ഉത്തരേന്ത്യയിൽ പൊതുവേ ഒരു വിശ്വാസമുണ്ട്, മോക്ഷം കിട്ടണമെങ്കിൽ ആൺമക്കൾ ബലിയിടണമെന്ന്. തന്റെ മൂത്ത മകന് മോക്ഷം കിട്ടാൻ ഇനി വഴിയൊന്നുമില്ലെന്നു മനസ്സിലാക്കിയ അവർ ഒരു ആൺകുട്ടിയ്ക്കു വേണ്ടി വീണ്ടും ശ്രമിക്കാൻ അവരോട് ആവശ്യപ്പെട്ടു. മൂന്നു പ്രസവിച്ച ശേഷം, ഒരു ഓമന നഷ്ടപ്പെട്ട അമ്മയ്ക്ക് ഇനിയും അതിനുള്ള ഉത്സാഹമുണ്ടായിരുന്നില്ല. മാത്രമല്ല ഇനിയുണ്ടാകുന്ന കുഞ്ഞ് ആണാകുമെന്നതിനെന്താണ് ഉറപ്പ്? പക്ഷേ അമ്മായിയമ്മയുടെ നിരന്തര സമ്മർദ്ദത്തിനു വഴങ്ങി അവസാനം അവർ ഒരു കുഞ്ഞു കൂടി ഉണ്ടാവാൻ തീരുമാനിച്ചു.

അവർ ലളിതയോട് ചോദിച്ചു. 'ഇനിയുണ്ടാവാൻ പോകുന്ന കുട്ടി പെൺകുട്ടിയാണെങ്കിൽ നീ എടുക്കുമോ?' ലളിത ഒന്നു പരുങ്ങിയെങ്കിലും അവസാനം പറഞ്ഞു. 'ആലോചിക്കട്ടെ ഭാഭി.' അന്നത്തെ അവസ്ഥയിൽ ഞങ്ങൾക്ക് ഒരു കുട്ടിയെക്കൂടി വളർത്താനുള്ള കഴിവ് ഉണ്ടായിരുന്നില്ല. അവർ വലിയ ബിസിനസ്സുകാരാണ്. അവരുടെ മക്കളെ എങ്ങിനെയാണ് വളർത്തുന്നതെന്ന് ഞങ്ങൾക്കറിയാം. തൊട്ടടുത്തു തന്നെ അവരുടെ മകളെ അതിലും താഴ്ന്ന നിലവാരത്തിൽ വളർത്തുക എന്നത് ആലോചിക്കാൻ കൂടി വയ്യ. അടുത്ത ദിവസം തന്നെ അവർ ചോദിച്ചു. 'ആലോചിച്ചുവോ?'

'പറ്റുമെന്നു തോന്നുന്നില്ല.' എന്നായിരുന്നു ലളിതയുടെ മറുപടി. അതവരെ വല്ലാതെ നിരാശപ്പെടുത്തി. അവർ പറഞ്ഞു. 'നിങ്ങൾ നായന്മാർക്ക് ഒരു പെൺകുട്ടി വേണമെന്നല്ലെ, തറവാടിനു പിൻതുടർച്ചയുണ്ടാവാൻ?'

നോക്കണെ. ലളിത എന്തൊക്കെ അബദ്ധങ്ങളാണ് പറഞ്ഞു ഫലിപ്പിച്ചിട്ടുള്ളത്? അവൾ പറഞ്ഞു. 'ഒരു കുട്ടി മാത്രം മതിയെന്നു വച്ചിട്ടാണ്. വേണമെങ്കിൽ ഉണ്ടാക്കാനുള്ള കഴിവുണ്ടുതാനും. പിന്നെ എന്തിനാണ് ഒരു പഞ്ചാബി കുട്ടിയെ ദത്തെടുക്കണത്?'

അവർ നിർബ്ബന്ധിച്ചുകൊണ്ടിരുന്നു. അവസാനം ആ സാധു സ്ത്രീയെ ആശ്വസിപ്പിക്കാൻ അവൾ പറഞ്ഞു. 'ശരി, നോക്കാം.' അവർക്കത് വലിയ ആശ്വാസമായി. അവർ അവരുടെ ബന്ധുക്കളോടെല്ലാം പറഞ്ഞു, പെൺകുട്ടിയാണെങ്കിൽ ഞാനവളെ ലളിതയ്ക്കു കൊടുക്കുകയാണ്. ആർക്കും പരാതിയില്ല. ഉത്തരേന്ത്യയിൽ പെൺകുട്ടിയുടെ നില കേരളത്തിലേക്കാൾ മോശമാണ്. ഒരു പെൺകുട്ടിയുണ്ടായാൽ ഉടനെ അവൾക്കു കൊടുക്കേണ്ട സ്ത്രീധനത്തിന്റെ കണക്കുവരെ കൂട്ടിയുണ്ടാക്കി വേവലാതിപ്പെടുന്നവരാണ് അവർ. അങ്ങിനെയുള്ള ഒരു സമുദായത്തിൽ ഒരു പെൺകുട്ടിയെ ഒരാൾ ദത്തെടുക്കുക എന്നതിനെ വ്യാഖ്യാനിക്കുന്നത് ഒന്നുകിൽ അവർ വളരെ ഉദാരമനസ്കരാണ് അല്ലെങ്കിൽ അറുമണ്ടന്മാരാണ് എന്നാണ്. ഞങ്ങളെ സംബന്ധിച്ചേടത്തോളം ഒരു കുട്ടി മതി, അത് ആണായാലും പെണ്ണായാലും നന്നായി വളർത്തുക എന്ന ഉദ്ദേശ്യത്തോടെയാണ് ഒരുത്തന് മാത്രം ജന്മം നൽകിയത്.

മിസ്സിസ്സ് ചോപ്ര പ്രസവിച്ചത് പെൺകുഞ്ഞുതന്നെയായി. അവർ ഒരു ദിവസം മുഴുവൻ കരയുകയായിരുന്നു. അമ്മായിയമ്മയുടെ കുത്താണ് സഹിക്ക

വയ്യാതായത്. അവർ ആശുപത്രിയിൽ വന്ന് ബഹളമുണ്ടാക്കി. 'നീയെനിക്ക് ഒരാൺകുട്ടിയെ തന്നേ തീരു. എനിക്ക് എന്റെ മരിച്ചുപോയ മുന്നയെ തിരിച്ചുതാ.....' ലളിത ആശുപത്രിയിൽ പോയപ്പോൾ കണ്ട രംഗങ്ങളാണിവ. ചോപ്രയുടെ മക്കളാവട്ടെ കൗതുകത്തോടെ കുഞ്ഞിനെ കൊഞ്ചിക്കുകയാണ്. നല്ല കൗതുകമുള്ള കുഞ്ഞ്. ചേച്ചിമാർ അവളുടെ തുടുത്ത കുഞ്ഞിക്കാലുകളും കൈവിരലുകളും കൌതുകം കലർന്ന അദ്ഭുതത്തോടെ തൊട്ടു നോക്കുകയാണ്. ഞങ്ങളുടെ രണ്ടു വയസ്സുള്ള മകനാകട്ടെ തൊട്ടിലിന്റെ അഴികളിൽക്കൂടി അവന്റെ കൊച്ചു കൈയ്യിട്ട് അവളെ തൊടാൻ ശ്രമിക്കുകയാണ്. കൈയ്യെത്തുന്നില്ലെന്നു കണ്ടപ്പോൾ അവൻ കൈ നീട്ടി അമ്മയോട് അവനെ എടുത്തു പൊക്കാൻ ആവശ്യപ്പെട്ടു.

ജീവിതം ഒരിക്കൽക്കൂടി സാധാരണ മട്ടായി. ഒരാൺകുട്ടിയ്ക്കു വേണ്ടി ഒരിക്കൽക്കൂടി ശ്രമിക്കാമെന്നു പറഞ്ഞപ്പോൾ അമ്മായിയമ്മ തെല്ലു ശാന്തയായി. മൂന്നാമത്തെ മകൾക്ക് വിന്നിയെന്നു പേരിട്ടു. അവൾ ഒരു കൊച്ചുസുന്ദരിയായിരുന്നു. വിടർന്ന കണ്ണുകൾ, നല്ല നിറം. ലളിത എപ്പോഴും പോയി അവളെ കളിപ്പിക്കാറുണ്ട്. പക്ഷേ ദത്തെടുക്കുന്ന കാര്യം മാത്രം പിന്നീട് സംസാരിച്ചിട്ടില്ല, കാരണം ഞാനവളെ അതിൽനിന്ന് വിലക്കിയിരുന്നു. അപ്പോഴേയ്ക്ക് ഞങ്ങളുടെ സാമ്പത്തിക നില കൂടുതൽ മോശമായി വരികയായിരുന്നു. ഒരു കുട്ടിയെത്തന്നെ നന്നായി നോക്കാൻ പറ്റാത്ത നില. മിസ്സിസ്സ് ചോപ്രയാകട്ടെ കുട്ടിയെ നിലത്തു വയ്ക്കാതെ വളർത്തുകയാണ്.

പകുതി സമയം ഞങ്ങളുടെ വീട്ടിലും പകുതി സമയം സ്വന്തം വീട്ടിലുമായി അവൾ വളർന്നു. ഏകദേശം ആറു മാസം പ്രായമായിക്കാണും. ഒരു ദിവസം അവർ കുട്ടിയെ കുളിപ്പിച്ച ശേഷം പൗഡറിട്ട് ഉടുപ്പുകൾ ഇട്ട് കൊഞ്ചിച്ചു കൊണ്ടിരിക്കയായിരുന്നു. മിസ്സിസ് ചോപ്രയും ലളിതയും നിലത്തിരിക്കയാണ്. മോളാകട്ടെ രണ്ടുപേരുടെയും മടിയിലേയ്ക്ക് മാറിമാറി മുട്ടുകുത്തി പോകുന്നു. കുഞ്ഞിനെ എടുത്ത് കൊഞ്ചിച്ചുകൊണ്ട് ലളിത പെട്ടെന്ന് അവരോടു ചോദിച്ചു. 'ഭാഭി, വിന്നിയെ ഞങ്ങൾക്കു തരുന്നോ?'

അവർ ഒരു നിമിഷം സ്തബ്ധയായി. പിന്നെ മകളെ എടുത്ത് മാറോടണച്ച് ഒരു പൊട്ടിക്കരച്ചിൽ. അതിനിടയ്ക്ക് പറയുന്നുമുണ്ട്. 'ഇല്ല, ഞാനെന്റെ മുന്നിയെ ആർക്കും കൊടുക്കില്ല. ഇസ്കോ ദൂംഗിതോ മേ മർജാവൂംഗി.....' എന്നിട്ട് അതിനെ എടുത്ത് കെട്ടിപ്പിടിച്ച് ഉമ്മ വെച്ചുതുടങ്ങി. ഒരു പിഞ്ചോമന നഷ്ടപ്പെട്ട അമ്മയുടെ ദുഃഖം തേങ്ങലായി പുറത്തു വരികയാണ്. അമ്മയുടെ ഭാവവ്യത്യാസം എന്തിനെന്നു മനസ്സിലാവാതെ പകച്ചു നോക്കിക്കൊണ്ടിരുന്ന വിന്നിയും ചുണ്ടു പിളർത്തി കരയാൻ തുടങ്ങി. സ്നേഹിതയ്ക്കു പെട്ടെന്നുണ്ടായ ഭാവപ്പകർച്ചയിൽ ആദ്യം അമ്പരന്നെങ്കിലും പിന്നീട് ലളിതയ്ക്ക് എല്ലാം മനസ്സിലായി. അവളുടെ കണ്ണിലും വെള്ളം നിറയുന്നുണ്ടായിരുന്നു.

ചോപ്ര കുടുംബത്തിന് നാലാമതും ഒരു പെൺകുട്ടി തന്നെയാണ് ഉണ്ടായത്. അതിനു ശേഷം അവർ പ്രസവിച്ചിട്ടില്ല.

ഈ കഴിഞ്ഞ ജനുവരിയിൽ ഞങ്ങളുടെ മകന്റെ വിവാഹത്തിന്റെ ക്ഷണപത്രം അയച്ചപ്പോൾ അവർ ഒരു ഉപഹാരം അയച്ചുതന്നു, ചടങ്ങിൽ പങ്കുചേരാൻ പറ്റാത്തതിലുള്ള വിഷമം അറിയിക്കുകയും ചെയ്തു. ഇരുപതു കൊല്ലം കാണാതിരുന്നിട്ടും അവരുടെ സ്നേഹം ഇപ്പോഴും തികച്ചും ഊഷ്മളമാണ്.

BACK TO INDEX

## എന്റെ സ്ത്രീകഥാപാത്രങ്ങൾ

ജീവിച്ചിരിക്കുന്ന ഒരു വ്യക്തിയെ മാതൃകയാക്കി ഞാൻ രചിച്ച ആദ്യത്തെ കഥയായിരിക്കണം 'നിനക്കുവേണ്ടി'. തൊള്ളായിരത്തി എഴുപതിൽ മാതൃഭൂമിയിൽ വന്നതാണ് ഈ കഥ. അച്ഛനെക്കുറിച്ചെഴുതിയ 'പ്രാകൃതനായ തോട്ടക്കാരൻ' എന്ന കഥ പിന്നീട് എഴുപത്തിരണ്ടിലാണ് എഴുതിയത്. 'നിനക്കു വേണ്ടി' എന്ന കഥ ഞാൻ കൽക്കത്തയിൽനിന്ന് ദില്ലിയിലേയ്ക്ക് മാറ്റമായി പോയതിന്റെ പശ്ചാത്തലത്തിലെഴുതിയതാണ്. തീക്ഷ്ണമായ ഒരു പ്രേമബന്ധത്തിന്റ കഥ. ദില്ലിയിൽനിന്ന് കാമുകിയെ കാണാനായി കൽക്കത്തയിലേയ്ക്കു തിരിച്ചുചെല്ലുന്ന സുഹാസനോട് രോഹിണി പറയുന്നു:

*'....ഇടയ്ക്ക് തിരക്കിനിടയിൽ നിന്നെ ഓർമ്മ വരുമ്പോഴെല്ലാം സ്വയം ചോദിക്കും. ജീവിതത്തിൽ ഒരിക്കലെങ്കിലും ഞാൻ നിന്നെ സ്നേഹിക്കുന്നു എന്നു പറയാത്ത ഒരു പയ്യനെപ്പറ്റി നീ എന്തിനോർക്കുന്നു?'*

*'നീ സംസാരിക്കുന്നത് കേൾക്കാൻ എനിക്കിഷ്ടമാണ്.'*

*'ഞാൻ കാര്യമല്ലേ പറയുന്നത്? നീ ഒരിക്കലെങ്കിലും എന്നെ സ്നേഹിക്കന്നുവെന്ന് പറഞ്ഞിട്ടുണ്ടോ? ഒപ്പം കിടക്കുമ്പോഴെങ്കിലും?'*

ഓരോ നഗരത്തിൽനിന്ന് മാറ്റമായി പോകുമ്പോഴും എനിക്ക് നഷ്ടങ്ങളുണ്ടാവാറുണ്ട്. അതിൽ ഏറ്റവും തീവ്രമായത് ഈ പ്രേമബന്ധമായിരുന്നു. ഈ കഥ 'കൂറകൾ' എന്ന എന്റെ ആദ്യകഥാസമാഹാരത്തിൽ ചേർത്തിട്ടുണ്ട്.

ഒരു കഥ ജനിക്കുന്നത് പലപ്പോഴും ഒരു വാക്കിൽ നിന്നോ ഒരു വാചകത്തിൽ നിന്നോ ആയിരിക്കും. അങ്ങിനെ ജനിച്ച കഥകളിൽ ആ വാചകം കഥയുടെ ബീജാവാപം നടത്തുന്നു എന്നതിനപ്പുറം കാതലായിട്ടുള്ള ഒരനുഭൂതി നിലനിർത്തുകയും ചെയ്യുന്നു. അത് ഒരു കഥയുടെയോ നോവലിന്റെയോ രൂപത്തിൽ എഴുതിക്കഴിയുമ്പോൾ ചിലപ്പോൾ ആ വാചകം അതുപയോഗിച്ച സന്ദർഭത്തിൽനിന്ന് മാറിപ്പോയതായും കാണാം. അങ്ങിനെ മാറാത്ത ഒരു വാചകമായിരുന്നു 'എഞ്ചിൻ ഡ്രൈവറെ സ്നേഹിച്ച പെൺകുട്ടി' (1999) എന്ന നോവലിലെ പ്രധാനകഥാപാത്രമായ നാൻസി പറയുന്നത്.

*'സാറെ ഞാനൊരു എഞ്ചിൻ ഡ്രൈവറെപ്പറ്റി പറയാറില്ലേ?' നാൻസി പറഞ്ഞു. 'കാണാൻ ഭംഗിയുള്ള ഒരു പയ്യൻ?'*

*'നീ കാണാൻ ഭംഗിയില്ലാത്ത ആരെപ്പറ്റിയും ഇതുവരെ ഒന്നും പറഞ്ഞിട്ടില്ലല്ലൊ.'*

*'അയാള് വീണ്ടും വന്നിട്ടുണ്ട്. ഇന്ന് ഞാൻ വന്ന വണ്ടീല് അയാളായിരുന്നു ഡ്രൈവറ്. ഞാൻ നടന്നുവരുമ്പോൾ അയാൾ കാത്തുനിൽപ്പുണ്ടായിരുന്നു. എന്നെ നോക്കി നല്ല ചിരി.'*

*'അയാൾ എല്ലാ പെൺകുട്ടികളെ നോക്കിയും ചിരിക്കുന്നുണ്ടാവും.' ഭാസ്കരൻ നായർ പറഞ്ഞു.*

*'എല്ലാ പെൺകുട്ടികളെ നോക്കിയും ചിരിക്ക്യേ? കൊല്ലും ഞാൻ അയാളെ. വായിൽ നോക്കി!'*

ഞങ്ങളുടെ ബിസിനസ്സായ കാസ്സറ്റ് റിക്കാർഡിങ് നിർത്തിയപ്പോൾ ഞാൻ

ഒരു പ്രസാധകന്റെ ആടയണിഞ്ഞു. അച്ഛന്റെ കവിതകളുടെ സമ്പൂർണ്ണ സമാഹാരമാണ് ആദ്യം ഇറക്കിയത്. അതു ടൈപ്സെറ്റ് ചെയ്തിരുന്ന ഒരു കുട്ടിയുണ്ടായിരുന്നു, സീന. അവളാണ് കഥാപാത്രം. അവൾ കുറച്ചുകാലം തീവണ്ടിയിലായിരുന്നു വന്നത്. നല്ല തമാശക്കാരിയായിരുന്നു, അതുപോലെത്തന്നെ പെട്ടെന്ന് മൂഡ്ഓഫാവുകയും ചെയ്യും. അവൾ തമാശ പറഞ്ഞതാണ്. പക്ഷേ അത് എന്റെ മനസ്സിൽ കിടന്നു കളിച്ചു. ചില ദൃശ്യങ്ങൾ കാണുമ്പോഴോ, സംസാരം ശ്രവിക്കുമ്പോഴോ അത് എന്റെ ഭാവനയെ ഉത്തേജിപ്പിക്കാറുണ്ട്. ഞാനറിയാതെത്തന്നെ, ചിലപ്പോൾ അറിഞ്ഞുകൊണ്ടുതന്നെ അതിനെ ചുറ്റി കഥകൾ നെയ്യുന്ന ഒരു സ്വഭാവമുണ്ട് എനിക്ക്. ഒരുപക്ഷേ എല്ലാവർക്കുമുണ്ടാവും ആ സ്വഭാവം. ആയിടയ്ക്കാണ് മനോരമ വാർഷികപ്പതിപ്പിന്റെ പത്രാധിപരായ ശ്രീ മണർകാട് മാത്യു, ഓണപ്പതിപ്പിലേയ്ക്ക് ഒരു നോവൽ ആവശ്യപ്പെട്ടത്. എഴുതാനായി കമ്പ്യൂട്ടറിനു മുമ്പിലിരുന്നപ്പോൾ എഴുതിത്തുടങ്ങിയത് ആ കുട്ടിയെപ്പറ്റി ഒരു സാങ്കല്പിക കഥയായിരുന്നു. സംഭാഷണത്തിന്റെ ശൈലി ഞാൻ അവളുടേത് കടമെടുത്തതാണ്. അത്രമാത്രം. മറ്റെല്ലാം എന്റേതുതന്നെ. എഞ്ചിൻ ഡ്രൈവറും സാങ്കല്പികമാണ്. എഴുതിത്തീർന്നപ്പോഴാണ് മനസ്സിലായത് സീനയുടെ സ്വഭാവവിശേഷങ്ങളും മാനസികവൈരുദ്ധ്യങ്ങളും വളരെ ഭംഗിയായി നോവലിൽ വന്നിട്ടുണ്ട്. ഈ നോവലാകട്ടെ വായന ഗൗരവമായെടുത്തവർക്കു മാത്രമല്ല സാധാരണ വായനക്കാർക്കുകൂടി ഒരുപോലെ ഇഷ്ടപ്പെട്ടു. പലരും കത്തുമുഖേനയോ ഫോണിലൂടെയോ നേരിട്ടു കണ്ടപ്പോഴോ ആ കാര്യം പറയുകയുണ്ടായി. തന്നെക്കുറിച്ച്, അല്ലെങ്കിൽ താൻ മോഡലായി ഒരു നോവൽ രചിക്കപ്പെട്ടിട്ടുണ്ടെന്നറിഞ്ഞപ്പോൾ അവൾക്ക് വളരെ സന്തോഷമായി. റോയൽട്ടി കൊടുക്കണമെന്നെല്ലാം തമാശയായി പറഞ്ഞു. പക്ഷേ താൻ കഥാപാത്രമായ ഒരു നോവൽ ഒരു പ്രസിദ്ധ വാരികയുടെ ഓണപ്പതിപ്പിൽ വന്ന കാര്യം അവൾ അവളുടെ സ്നേഹിതമാരോടൊന്നും പറഞ്ഞു വീമ്പിളക്കിയില്ല. അവളുടെ സ്വഭാവത്തിന്റെ വൈരുദ്ധ്യങ്ങളിലൊന്നാണത്. ധാരാളം സംസാരിക്കുക, പക്ഷേ തനിക്ക് ഏറ്റവും ഇഷ്ടമുള്ള കാര്യങ്ങൾ മനസ്സിൽ സൂക്ഷിക്കുകമാത്രം ചെയ്യുക.

'മണിയറയിൽനിന്ന് ഓടിപ്പോയവർ'(1977) എന്ന കഥയിൽ ലളിത പ്രത്യക്ഷപ്പെടുന്നു. കല്യാണരാത്രിയിലെ ഒരു സംഭാഷണത്തിൽനിന്നാണ് ആ കഥയുടെ ബീജാവാപം നടന്നത്.

*അവർ ആദ്യരാത്രിയിൽ മണിയറയിൽനിന്ന് ഓടിപ്പോയവരായിരുന്നു. പതുപതുത്ത കിടക്ക, മുല്ലപ്പൂവിന്റെ ചൂഴ്ന്നുനില്ക്കുന്ന വാസന, തട്ടിൽ തൂങ്ങുന്ന അലങ്കാരപ്പണിയുള്ള വിളക്കിൽനിന്നു വന്ന നീല വെളിച്ചം, അരികിൽ കിടക്കുന്ന സ്വപ്നം. എന്നിട്ടും അയാൾ പറഞ്ഞു, നമുക്ക് ഇവിടെ നിന്ന് ഓടിപ്പോവാം.*

ഈ വാചകം ഞാൻ ശരിക്കും ആദ്യരാത്രിയിൽ പറഞ്ഞതുതന്നെയാണ്. അവൾക്കും അതിഷ്ടപ്പെട്ടു. അവളും പറയുകയുണ്ടായി, നമുക്ക് പോകാമല്ലേ എന്ന്. കഥയെഴുതിയത് ഏതാനും വർഷങ്ങൾ കഴിഞ്ഞിട്ടാണ്. ഭാര്യയെ ആദ്യപ്രസവത്തിന്നായി നാട്ടിൽ കൊണ്ടുപോയാക്കുന്ന ഭർത്താവിന്റെ ഏകാന്തതയും സ്നേഹവും ഈ കഥയിലുണ്ട്.

ലളിതയുടെ പരസ്പരവിരുദ്ധ വികാരങ്ങൾ ശരിക്കും വന്നിട്ടുള്ളത് ഒരു പക്ഷേ 'ചുമരിൽ ചിത്രമായി മാറിയ അച്ഛൻ' എന്ന കഥയിലാണെന്നു തോന്നു

ന്നു. 1977 ലാണ് ഈ കഥയെഴുതിയത്. ഭർത്താവിന്റെ ഒപ്പം താമസിക്കാൻ ഇഷ്ടമാണെങ്കിലും അവൾക്ക് ബോംബെയ്ക്ക് പോകാൻ മടിയാകുന്നു. അതിനുള്ള കാരണങ്ങൾ പറയുന്നത് ഇതൊക്കെയാണ്.

*'.........നിനക്ക് എന്റെ ഒപ്പം വരാൻ താൽപര്യമില്ല, അല്ലേ?'*

*'അതല്ല രവീ, എനിക്കു ഭയമാവുന്നു. രാവിലെ നീ ഓഫീസിൽ പോകുമ്പോൾ ഞാൻ ബാൽക്കണിയിൽ നിന്നു നോക്കാറില്ലേ? നീ നടന്ന് ആൾക്കൂട്ടത്തിൽ മറയുമ്പോൾ പിന്നെ നിന്നെ കാണില്ലെന്നും നീ എനിക്കു നഷ്ടപ്പെടുകയാണെന്നും എനിക്കു തോന്നാറുണ്ട്. കുളത്തിലിട്ട ഒരു കല്ല് താഴ്ന്നു പോകുന്ന പോലെ. പിന്നെ വൈകുന്നേരം നീ തിരിച്ചു വന്നാലേ എനിക്കു സമാധാനമാവാറുള്ളൂ.'*

*'.........അതൊന്നുമല്ല. നിനക്കെന്നെ ഇഷ്ടമില്ല. അതുതന്നെ.'*

*'നോക്കു രവി. എനിക്കു നിന്നെ എന്തിഷ്ടമാണെന്നറിയാമോ! അതല്ലെ, ഈരണ്ടു ദിവസംകൂടുമ്പോൾ ചുരുങ്ങിയതു പത്തു പേജെ ങ്കിലുമുള്ള പ്രേമലേഖനങ്ങൾ അയയ്ക്കുന്നത്? എനിക്കു നിന്റെ ഒപ്പം വരണമെന്നുണ്ട്. പക്ഷേ, എനിക്കു പേടിയാവുന്നു. ആ ഫ്ളാറ്റിൽ പേടിപ്പെടുത്തുന്ന എന്തോ ഉണ്ട്.'*

കഥയിലുടനീളം ഉള്ളത് ഈ വൈരുദ്ധ്യങ്ങളാണ്.

'സൂക്ഷിച്ചുവച്ച മയിൽപ്പീലി'(1991) എന്ന കഥ ലളിതയുടെ കുട്ടിക്കാലത്തെ ഓർമ്മകളാണ്. വളരെ രസകരമായ ഒരു ബാല്യം ഒരകന്ന ബന്ധു (വകയിൽ ഒരമ്മായി) നശിപ്പിച്ചതാണ് കഥ. ആ ഓർമ്മകൾ അവളുടെ ജീവിതത്തെ എങ്ങിനെയെല്ലാം ബാധിച്ചിട്ടുണ്ട് എന്ന് കഥയിൽ വ്യക്തമാകുന്നുണ്ട്. കഥ കാല്പനികമാണ്, പക്ഷേ യാഥാർത്ഥ്യത്തിന്റെ തുടിപ്പ് കഥയിലുടനീളം കാണാൻ കഴിയും.

'ശ്രീപാർവ്വതിയുടെ പാദം'(1988) എന്ന കഥയിലെ മാധവിയെയും ഞാൻ മാതൃകയാക്കിയിട്ടുള്ളത് ലളിതയെത്തന്നെയാണ്.

*........പക്ഷേ കോട്ടപ്പടിക്കു പോകുക എന്നത് അങ്ങിനെ മൂളിക്കളയേണ്ട കാര്യമല്ല അവളുടെ ആത്മാവിന്റെ വിളിയാണത്. അവളുടെ തീർത്ഥാടനം. സാധാരണ അവൾ കുറച്ച് അശ്രദ്ധയായി കണ്ടാലോ, കയ്യിൽ നിന്ന് പാത്രങ്ങൾ വീണുടയുന്ന ശബ്ദം കേട്ടാലോ അയാൾ തന്നെ പറയാറുണ്ട്.*

*'മാധവി, നിന്റെ തീർത്ഥാടനത്തിനുള്ള സമയമായിരിക്കുന്നു.'*

ഈ തീർത്ഥാടനം അവളുടെതന്നെ അന്തരാത്മാവിലേയ്ക്കുള്ള യാത്രയാണ്. സ്നേഹം തേടിയുള്ള അവളുടെ യാത്ര അവസാനിക്കുന്നത് കോട്ടപ്പടിയിൽ താമസിക്കുന്ന ചേച്ചിയുടെ അടുത്താണ്. മാധവിയുടെ വല്യമ്മയുടെ മകളായ ശാരദയുടെ വീട്ടിൽ. അത് അവൾ കുട്ടിക്കാലം കഴിച്ചുകൂട്ടിയ തറവാടാണ്. അവിടെ മരിച്ചുപോയവരുടെ ഓർമ്മകളുണ്ട്.

*......അവൾ കുറെ നേരം മരിച്ചുപോയവരെപ്പറ്റിയെല്ലാം ഓർത്തു. സ്നേഹമെന്തെന്ന് അവളെ പഠിപ്പിച്ചത് അവരായിരുന്നു. ഇന്നും ആ വീടിന്റെ ഇടനാഴിയിലൂടെ നടക്കുമ്പോൾ അവരുടെ കാരുണ്യമുള്ള നോട്ടങ്ങൾ തന്നിൽ പതിയുന്നതായി അവൾക്കു തോന്നാറുണ്ട്, പ്രത്യേകിച്ചും മുത്തശ്ശിയുടെ.*

ലളിതയുടെ സ്വഭാവത്തിന്റെ ഒരു പ്രത്യേകവശം ഭംഗിയായി അവതരിപ്പിക്കാൻ എനിക്കു കഴിഞ്ഞു. അവളുടെ നേരെ മറുവശമാണ് ശാരദേച്ചി. മാധവിയെ ഇഷ്ടമാണെങ്കിലും അരക്ഷിതാബോധത്തിൽനിന്നുളവായ ഒരു തരം

അവിശ്വാസമാണ് അവൾക്കുള്ളത്. കണക്കുകൂട്ടലുകൾകൊണ്ട് അവയിൽനിന്ന് രക്ഷപ്പെടാൻ പറ്റുമെന്ന് ആ പാവം സ്ത്രീ കരുതുന്നു.

*'നമ്മൾ ഇമ്മാതിരി മഴയുള്ള ദിവസങ്ങളില് ഈ ജനലിന്റെ അടുത്തിരുന്ന് കൊത്തങ്കല്ലാടീത് ശാരദേച്ചിക്ക് ഓർമ്മണ്ടൊ?'*

*'എനിക്കറിയാം നീ എന്തിനാ വന്നതെന്ന്.' ശാരദേച്ചി പറഞ്ഞു.*

*'ചേച്ചിക്ക് ഓർമ്മയുണ്ടോ? എന്നിട്ട് വിളക്കു കൊളുത്തേണ്ട സമയത്ത് വല്ല്യമ്മ നമ്മളെ അന്വേഷിച്ചു വന്നപ്പോൾ നമ്മള് കല്ലുകളൊക്കെ ഒളിപ്പിച്ചു വെച്ചത്?'*

*ശാരദേച്ചി പതിവു പോലെ അതൊന്നും ശ്രദ്ധിക്കുന്നുണ്ടായിരുന്നില്ല. ഇനി ശ്രദ്ധിച്ചാൽത്തന്നെ അവർക്ക് അതൊന്നും ഓർമ്മയുണ്ടാവില്ല. അവർ തന്നെപ്പോലെയല്ല, അവർക്ക് വർത്തമാനകാലത്തിന്റെ വേവലാതിയും ഭാവിയെപ്പറ്റിയുള്ള ആശങ്കകളും മാത്രമേയുള്ളു. തനിയ്ക്കാകട്ടെ അതു കാണുന്നതു രസമാണു താനും.*

*ശാരദേച്ചിയെ ശാരദേച്ചിയായി കാണാൻ തന്നെയാണ് തനിക്കിഷ്ടം.*

'പഴയൊരു ഭീഷണിക്കാരി'(1990) എന്നത് ഞങ്ങളുടെ ഒരു കുടുംബസുഹൃത്തിന്റെ അനുഭവമാണ്. ഗീതാ നന്ദകുമാർ എന്നാണവരുടെ പേര്. കുട്ടിക്കാലത്ത് ഒരു വീട്ടിൽ പോയപ്പോൾ അവിടെ ഷോകേസിൽ കണ്ട പാവക്കുട്ടിയെ നോക്കാനെടുത്തപ്പോൾ അത് വീണു പൊട്ടിയെന്നും അവൾക്ക് വളരെ പേടി തോന്നിയെന്നും പറഞ്ഞു. തല്ക്കാലം ആ വീട്ടുകാർ അതു ശ്രദ്ധിച്ചില്ലെങ്കിലും അവൾ ഭയം കാരണം പിന്നീട് ആ വീട്ടിൽ പോയില്ലത്രെ. സംസാരത്തിന്നിടയിൽ അവളുടെ വല്ല്യമ്മയുടെ മകളുടെ കാര്യം പറയാറുണ്ട്. രണ്ടും കൂട്ടിച്ചേർത്ത് ഞാനൊരു കഥയെഴുതി. കഥയിൽ വല്ല്യമ്മയുടെ മകളെ ഒരു ഭീഷണിക്കാരിയാക്കി. കഥയെഴുതിയത് അവർ ഇവിടെനിന്ന് മാറ്റമായി പോയതിനുശേഷമാണ്. പിന്നീടൊരിക്കൽ അവർ ഞങ്ങളെ സന്ദർശിക്കാൻ വന്നപ്പോൾ മാതൃഭൂമി ഓണപ്പതിപ്പിൽ വന്ന ഈ കഥ വായിക്കാൻ കൊടുത്തു. അവൾക്ക് വളരെ സന്തോഷമായി, അതിന്റെ ഫോട്ടോകോപ്പി എടുത്തു കൊണ്ടു പോകയും ചെയ്തു, എല്ലാവരേയും കാണിക്കാൻ. അവളുടെ കഥയെടുത്തതിനു റോയൽട്ടിയുടെ ഒരു ഷെയർ വേണമെന്നു പറഞ്ഞു. ചെന്നൈയിലേയ്ക്കു മാറ്റമായി പോകുമ്പോൾ അവർ ഓമനിച്ചു വളർത്തിയിരുന്ന റോസാച്ചെടികളും ക്രോട്ടണുകളും ഞങ്ങളെ ഏല്പിച്ചിരുന്നു. നിറയെ വലിയ, ചുവപ്പും മഞ്ഞയും പൂക്കളുണ്ടായിരുന്ന ആ റോസ് ചെടികൾ കുറേക്കാലം ഞങ്ങളുടെ ബാൽക്കണി അലങ്കരിച്ചശേഷം നശിച്ചുപോയി. ഇപ്പോൾ അവർ വരികയാണെങ്കിൽ എന്തു പറയും എന്ന ഭയത്തിലാണ് ഞങ്ങൾ. അതുപോലെ അന്നു ചോദിച്ച റോയൽട്ടി ഞാനിതുവരെ കൊടുത്തിട്ടുമില്ല!

എന്റെ ഹൃദയത്തിന് എറ്റ മുറിവിന്റെ കഥകളാണ് 'ആശ്വാസം തേടി'(1975), 'നഷ്ടക്കാരി'(1977), 'മേഘങ്ങൾ പഞ്ഞിക്കെട്ടുകൾ പോലെ' (1977), 'സ്ത്രീഗന്ധമുള്ള മുറി'(1979), 'അവൾ പറഞ്ഞു ഇരുളുംവരെ കാക്കൂ'(1994)എന്നിവ. (ഈ അവസാനം പറഞ്ഞ കഥ 'എഞ്ചിൻ ഡ്രൈവറെ സ്നേഹിച്ച പെൺകുട്ടി' എന്ന നോവലിനോടൊപ്പം ചേർത്തിട്ടുണ്ട്). പക്ഷേ ഏറ്റവും അവസാനമെഴുതിയ കഥയാണ് ശരിക്കും ആദ്യം എഴുതേണ്ടിയിരുന്നത്. ഒരു നീണ്ട പ്രേമബന്ധത്തിന്റെ തുടക്കത്തെപ്പറ്റിയാണ് ആ കഥ. അതെഴുതിയത് തൊണ്ണൂറ്റിനാലിലാണെങ്കിൽ മറ്റു കഥകളെല്ലാംതന്നെ എഴുപതുകളിലാണ് എഴുതപ്പെട്ടത്.

ആ കഥ കൂടി എഴുതിയില്ലെങ്കിൽ ആ പ്രേമബന്ധത്തിന്റെ ചരിത്രം മുഴുവനാവില്ല എന്ന തോന്നൽ. എഴുപതുകൾ എന്റെ ജീവിതത്തിന്റെ ഏറ്റവും നിർണ്ണായകമായ ഒരു ഘട്ടമായിരുന്നു. ഏറെ സന്തോഷവും ഏറെ സന്താപവും ഒരുമിച്ചനുഭവിക്കേണ്ടി വന്ന കാലം. ധാരാളം സ്നേഹം ലഭിച്ചിട്ടും ഒരിത്തിരി ആശ്വാസത്തിനുവേണ്ടി അലഞ്ഞുനടന്ന നാളുകൾ. ആ കാലത്താണ് ഞാൻ രേവതിയെ (പേര് ശരിക്കുള്ളതല്ല) കണ്ടുമുട്ടുന്നത്. അവളും അങ്ങിനെ ഒരു സ്ഥിതിയിലായിരുന്നു. വളരെ വൈകാരികമായ ഒരു ബന്ധത്തിന്റെ തുടക്കമായിരുന്നു അത്. ആ ബന്ധത്തിന്റെ മുഴുവൻ പ്രക്ഷുബ്ധതയും ഈ കഥകളിലുണ്ട്. അതിന്റെ പരിസമാപ്തി വളരെ ഹൃദയഭേദകമായിരുന്നു. 'സ്ത്രീഗന്ധമുള്ള മുറി' എന്ന കഥ അതിനെപ്പറ്റിയായിരുന്നു. തന്നെക്കുറിച്ച് ഞാൻ കഥകളെഴുതുന്നുണ്ടെന്ന് രേവതിയ്ക്കറിയാമായിരുന്നു. ഭാഷ അറിയാത്തതുകൊണ്ട് പക്ഷേ വായിക്കാൻ പറ്റിയില്ല. ഇപ്പോൾ എനിക്കു തോന്നുന്നു അവയെല്ലാം അപ്പോൾതന്നെ ഇംഗ്ലീഷിലാക്കി രേവതിയ്ക്ക് വായിക്കാൻ കൊടുക്കേണ്ടതായിരുന്നു എന്ന്. ഞങ്ങൾ തമ്മിലുള്ള ബന്ധത്തിന്ന് അത് പുതിയൊരു മാനം കൊടുക്കുമായിരുന്നു. എല്ലാ കാര്യങ്ങളും അങ്ങിനെയാണ്. രണ്ടാമതൊരവസരം കിട്ടിയാൽ കൂടുതൽ നന്നായി ചെയ്യാമെന്നു കരുതും, പക്ഷേ അങ്ങിനെ ഒരവസരം പിന്നീട് നിങ്ങളെ തേടിവരികയുണ്ടാവില്ല. ലളിതയ്ക്ക് ഈ കാര്യങ്ങളെല്ലാം അറിയാമായിരുന്നു. ഒരസാധാരണ വ്യക്തിത്വമുള്ള അവൾ എപ്പോഴും എന്നെ ആശ്വസിപ്പിക്കാറുണ്ട്. പ്രക്ഷുബ്ധമായ ഈ ബന്ധം അവസാനിച്ചപ്പോഴും ഒരു തകർച്ചയിൽനിന്ന് എന്നെ രക്ഷിച്ചത് അവളുടെ സാന്ത്വനമായിരുന്നു. ഇപ്പോൾ ഇരുപത്തഞ്ച് വർഷങ്ങൾക്കുശേഷം രേവതിയ കണ്ടുമുട്ടുകയാണെങ്കിൽ? എങ്കിൽ വെറുമൊരു സ്നേഹിതയെപ്പോലെ അവളോട് പെരുമാറാൻ കഴിയും. പഴയ തീ എന്നേ അണഞ്ഞുപോയിരിക്കുന്നു. കാലം!

ലളിതയുടെ സ്വഭാവവിശേഷ ങ്ങൾ പല കഥകളിലും പ്രകടമായി വരുന്നുണ്ട്. ഉദാഹരണങ്ങളാണ്, 'കോമാളി'(1976),'ദിനോസറിന്റെ കുട്ടി', 'ഒരു വിശ്വാസി', തുടങ്ങിയവ. 'കോമാളി' എന്ന കഥയിലെ മായ പറയുന്നു.

*'നിന്റെ കുഴപ്പമെന്താണെന്നോ, ഈ സമുദായത്തിൽ നീയൊരു വലിയ മിസ്ഫിറ്റാണ്; അവൾ പറഞ്ഞു. യാഥാർത്ഥ്യങ്ങളുടെ നേരെ കുറച്ചൊക്കെ കണ്ണടയ്ക്കാൻ പറ്റിയില്ലെങ്കിൽ ജീവിക്കുക വിഷമമായിരിക്കും.'*

*പിന്നെ സ്നേഹപ്രകടനങ്ങൾക്കിടയിൽ കിതച്ചുകൊണ്ടവൾ പറഞ്ഞു. 'സുഗതൻ നീയൊരു കോമാളിയാണ്. എന്റെ കൊച്ചുകോമാളി.'*

'ദേശാടനക്കിളിപോലെ അവൾ'(1995) എന്ന കഥ അടുത്ത കാലത്ത് എഴുതിയതാണ്. ഞങ്ങളുടെ തൊട്ടടുത്തുള്ള വെളിംപറമ്പിൽ നഗരവിളക്കുകൾ ചാരനിറമാക്കിയ രാത്രിയുടെ മറവിൽ പുരുഷന്മാരെ സ്വീകരിക്കുന്ന ഒരു സ്ത്രീയുടെ കഥയാണത്. ബഹുനിലകെട്ടിടത്തിലെ നിവാസികളുടെ പ്രതികരണവും അവളെ അവിടെനിന്ന് ഓടിക്കാനുള്ള ശ്രമങ്ങളുമാണ് കഥയിൽ. പൊതുവായ ശത്രുതയ്ക്കിടയിലും നന്മയുടെ ഒരംശം നിലനിൽക്കുന്നു. അതിനിടയിൽ മഴക്കാലം എത്തുകയും ആ പാവം സ്ത്രീയുടെ ജീവിതം വഴിമുട്ടുകയും ചെയ്യുന്നു. ഇത് ഒരു മാതിരി സംഭവിച്ച കഥയാണെങ്കിലും അല്പം അതിശയോക്തി ചേർന്നിട്ടുണ്ട്. അല്ലെങ്കിൽ കലതന്നെ അതിശയോക്തിയല്ലേ?

'തീരെ പ്രതീക്ഷിക്കാത്ത ഒരു ദിവസം'(1997) എന്ന കഥയാകട്ടെ വേശ്യാ

വൃത്തിക്കായി ആദ്യം ഇറങ്ങിത്തിരിച്ച ഒരു പാവപ്പെട്ട സ്ത്രീയുടെ കഥയാണ്. ഞാനൊരു ദിവസം എന്തോ കാര്യത്തിന്നായി പുറത്തിറങ്ങിയപ്പോൾ ഒരു ചെറുപ്പക്കാരി നിരത്തിൽ പരുങ്ങുന്നതു കണ്ടു. അല്പം തടിച്ച്, കാണാൻ തരക്കേടില്ലാത്ത ഒരു സ്ത്രീ. എന്തോ എന്റെ മനസ്സ് വളരെ അസ്വസ്ഥമായി. അവർക്ക് ഈ നഗരം പരിചയമില്ലെന്നും അതുകൊണ്ടുതന്നെ കുഴപ്പത്തിലേയ്ക്കു ചാടാനാണ് പോകുന്നതെന്നും എന്റെ മനസ്സ് പറഞ്ഞു. പക്ഷേ എനിക്കതിൽ ഒന്നും ചെയ്യാനുമില്ല. പൊള്ളയായ മാന്യത അവരെ സഹായിക്കുന്നതിൽനിന്നു മാത്രമല്ല, അവരോടു സംസാരിക്കുന്നതിൽനിന്നുപോലും എന്നെ വിലക്കി. പക്ഷേ ഈ സംഭവം എന്റെ മനസ്സിൽ ഒരുപാടു ചലനങ്ങളുണ്ടാക്കി. അവരുടെ ഉദ്ദേശ്യത്തെപ്പറ്റി ഞാൻ ഒരുപാട് ഊഹാപോഹങ്ങൾ നടത്തി. അതൊരു കഥയിലെത്തുകയും ചെയ്തു. നേരിട്ടു ചെയ്യാൻ കഴിയാതിരുന്നത് ഞാനാ കഥയിൽ ഭാവനകൊണ്ട് ചെയ്തു. അതാകട്ടെ ആ കഥാപാത്രത്തെയും അതിന്റെ സ്രഷ്ടാവിനെയും എവിടംവരെ കൊണ്ടത്തിച്ചു!

'അയൽക്കാരി'(1978) ഒരു സംഭവകഥയെന്നുതന്നെ പറയാം. ഞങ്ങൾ ബോംബെയിൽ താമസിക്കുമ്പോൾ അയൽക്കാരിയായി ഒരു ഉത്തരേന്ത്യക്കാരിയുണ്ടായിരുന്നു. അവർ നന്നായി കഴിഞ്ഞിരുന്നു എന്നാണ് ആദ്യമെല്ലാം ഞങ്ങൾ കരുതിയിരുന്നത്. അവർ നല്ല വായനക്കാരിയും സഹൃദയയുമായിരുന്നു. പക്ഷേ ക്രമേണ മനസ്സിലായി അവരുടെ സ്ഥിതി കഷ്ടമാണെന്ന്. ഭർത്താവ് ഉപേക്ഷിച്ചു, പണമില്ലാതെ പട്ടിണിയായി. അതോടെ അവർ ലോകത്തിലെ ഏറ്റവും പഴക്കമുള്ള തൊഴിൽ ആശ്രയിച്ചു. അത് എതിർവശത്തുള്ള ഫ്ളാറ്റിൽ താമസിക്കുന്ന ഞങ്ങൾക്ക് വല്ലാത്ത വിഷമമായി. ആ തൊഴിൽ സ്വീകരിക്കാനുള്ള സാഹചര്യങ്ങളും പിന്നീടുണ്ടായ സംഭവവികാസങ്ങളുമാണ് കഥയായി രൂപം കൊണ്ടത്.

വളരെയധികം വായിക്കപ്പെട്ട മറ്റൊരു കഥയാണ് 'കാനഡയിൽ നിന്നൊരു രാജകുമാരി'(1987). ഞങ്ങൾ എറണാകുളത്ത് വന്ന കാലത്ത് താമസിച്ചിരുന്ന വീട്ടിന്റെ അയൽക്കാരിയായി ഒരമ്മയുണ്ടായിരുന്നു. ഞങ്ങളെ വളരെയധികം സഹായിച്ചിട്ടുള്ള അവരുടെ പേരക്കുട്ടി ഷീല കാനഡയിലായിരുന്നു. കുറച്ചു കാലം അവൾ അമ്മമ്മയുടെ ഒപ്പം വന്നു താമസിച്ചു. പത്തൊമ്പതു വയസ്സു പ്രായമായിരുന്നു അവൾക്ക്. ഞങ്ങളുടെ മകന് ചിന്മയവിദ്യാലയത്തിൽ ആറാം ക്ലാസ്സിൽ ചേരാനുള്ള എന്റ്രൻസ് ടെസ്റ്റിനു വേണ്ടി അവൾ കണക്കിൽ ട്യൂഷൻ കൊടുക്കാൻ തുടങ്ങി. സ്നേഹബന്ധത്തിന്റെ പേരിൽ വെറും സേവനം മാത്രം. ഷീല വന്നതോടുകൂടി ഞങ്ങളിൽ ഓരോരുത്തരുടേയും, അതായത് എന്റെയും ഭാര്യയുടെയും മകന്റെയും ജീവിതവീക്ഷണംതന്നെ മാറാൻ തുടങ്ങിയതിന്റെ കഥയാണ് 'കാനഡയിൽ നിന്നൊരു രാജകുമാരി'. അവൾ വലിയ കുളൂസുകാരിയായിരുന്നു. ഒരു രാജകുകുമാരിയാണെന്നെല്ലാം ഞങ്ങളുടെ മകനോട് വീമ്പിളക്കിയിരുന്നു.

*ആരും കേൾക്കുന്നില്ലെന്നു ഉറപ്പുവരുത്തിയാൽ അജിത്ത് അമ്മയോടു ചോദിക്കുന്നു,*

*'ഞാൻ വലുതായാൽ എനിക്ക് ഒരു രാജകുമാരിയെ കല്യാണം കഴിക്കാൻ പറ്റുമോ.'*

*'എന്താ പറ്റാതെ?' വിമല പറയുന്നു. 'മോനെ കണ്ടാലും ഒരു രാജകുമാരനെപ്പോലെണ്ടല്ലോ.'*

*'അമ്മേ നീലു ശരിക്കും ഒരു രാജകുമാരിയാണോ?'*

*'ആയിരിക്കും' വിമല കൈമലർത്തി, 'എനിയ്ക്ക് അറിയില്ല. എന്താ നിനക്ക് നീലുവിനെ കല്യാണം കഴിക്കണോ?'*

*അജിത്തിന്റെ മുഖം നാണംകൊണ്ട് ചുവന്നു.*

*'ഈ അമ്മ. അമ്മേ്യാട് ഞാൻ മിണ്ടില്ല.' അവൻ ഓടിപ്പോയി.*

ഈ കഥ ചലചിത്രമാക്കാൻ മദ്രാസിലെ എഡിറ്റർ രവി ആവശ്യപ്പെട്ടതനുസരിച്ച് ഞാൻ ഇതിവൃത്തം കുറേക്കൂടി വിപുലീകരിച്ച് തിരക്കഥ എഴുതിയുണ്ടാക്കി. രവിയുടെ ആകസ്മിക വിയോഗം കാരണം അതിന്റെ ചിത്രീകരണം നടന്നില്ല.

തന്നെപ്പറ്റി ഒരു കഥയെഴുതിയിട്ടുണ്ട് എന്നറിഞ്ഞപ്പോൾ ഷീലയ്ക്ക് വളരെ സന്തോഷമായി. അവളുടെ അച്ഛനും അമ്മയും അടുത്ത പ്രാവശ്യം നാട്ടിൽ വന്നപ്പോൾ ഈ പുസ്തകം വാങ്ങി, കഥ വായിച്ചു. വളരെ സന്തോഷമായി. പുസ്തകം സുഹൃത്തുക്കളെ കാണിക്കാനായി കാനഡയിലേയ്ക്കു കൊണ്ടുപോയി. പുസ്തകത്തിന്റ പേരും 'കാനഡയിൽ നിന്നൊരു രാജകുമാരി' എന്നുതന്നെയാണ്.

നാല്പതു വയസ്സായ ഒരവിവാഹിതയും അവളുടെ അയൽക്കാരായ യുവദമ്പതികളുമായുള്ള രസകരമായ പരസ്പരബന്ധവും അതിന്റെ ദു:ഖകരമായ അന്ത്യവുമാണ് 'കള്ളിച്ചെടി'(1990) എന്ന കഥയിൽ. ഞങ്ങൾ മുമ്പ് ഒരിടത്തു താമസിച്ചപ്പോൾ അയൽക്കാരിയായി ഒരു മുപ്പത്തഞ്ചു വയസ്സായ സ്ത്രീയുണ്ടായിരുന്നു. അവർ ഇടയ്ക്കിടയ്ക്ക് വീട്ടിൽ വരും. യാദൃശ്ചികമാണെന്ന മട്ടിൽ എന്റെ കണ്ണിൽ പെടാൻ ശ്രമിക്കുന്നത് ഞാൻ കൗതുകത്തോടെ ശ്രദ്ധിക്കും. ലളിതയെസംബന്ധിച്ചേടത്തോളം അവളുടെ സാന്നിദ്ധ്യം ഒരുതരം അടിച്ചേൽപ്പിക്കലാണ്. അതിൽനിന്ന് രക്ഷപ്പെടാൻ അവൾക്കാവുന്നില്ല. ഒരു കള്ളിച്ചെടിയെ ചുറ്റിയാണ് കഥ നീങ്ങുന്നത്. അവസാനം കള്ളിച്ചെടിയെപ്പറ്റിയെന്നല്ല അവളെപ്പറ്റിയും പറഞ്ഞതെല്ലാം കള്ളമാണെന്ന് മനസ്സിലാകുന്നു. അതിന്റെ കാരണമറിയുമ്പോൾ അയാൾ ദു:ഖിതനാവുന്നു. (അവൾ ഇപ്പോൾ കല്യാണം കഴിച്ച് നല്ലൊരു കുടുംബജിവിതം നയിക്കുന്നു.) ഇങ്ങിനെ ഒരു കഥ അവളെപ്പറ്റി എഴുതപ്പെട്ടിട്ടുണ്ടെന്ന് അവൾക്കറിയില്ല. അറിയാതിരിക്കട്ടെ!

'തടാകതീരത്ത്'(2003) എന്ന നോവലിന്റെ കഥ വളരെക്കാലമായി എന്റെ മനസ്സിൽ കിടന്നു കളിച്ചിട്ടുള്ളതാണ്. ഞാൻ അറുപതുകളിൽ കൽക്കത്തയിൽ താമസിച്ചിരുന്ന മുറിയുടെ ഉടമസ്ഥയാണ് അതിലെ അമ്മ. അവർക്ക് രണ്ടു പെൺമക്കളുണ്ടായിരുന്നു. ചെറിയ കുട്ടികൾ, പത്തും പന്ത്രണ്ടും വയസ്സു പ്രായം. ആ സ്ത്രീ വിധവയായിരുന്നു. അവരെ സഹായിച്ചിരുന്നത് അവരുടെ ഭർത്താവിന്റെ മരുമകനായിരുന്നു. ഏകദേശം നാല്പ്പത് നാല്പ്പത്തഞ്ചു വയസ്സുണ്ടാകും. അയാൾ എന്നും രാത്രി എട്ടു മണിയോടെ വരും. അവരുടെ വീട്ടിനുള്ളിൽ ഒരൊറ്റ വിളക്കു കത്തിക്കില്ല. ആകെ ഇരുട്ടാകും. കുട്ടികളെ നേരത്തെ ഭക്ഷണം കൊടുത്ത് ഉറക്കിയിട്ടുണ്ടാകും. പിന്നെ അയാൾ പോകുമ്പോഴേയ്ക്ക് ഞങ്ങളും ഉറക്കമാവും. ഞാൻ എന്റെ ജ്യേഷ്ഠന്റെയും രണ്ടു സ്നേഹിതന്മാരുടെയും ഒപ്പമാണ് താമസിച്ചിരുന്നത്. കുട്ടികൾക്ക് എന്നെ നല്ല ഇഷ്ടമായിരുന്നു, പ്രത്യേകിച്ച് മൂത്തവൾക്ക്. അവളെ ശുണ്ഠി പിടിപ്പിക്കാനായി സ്നേഹിതന്മാർ എന്നെ ഉപദ്രവിക്കുന്നതായി നടിക്കുമ്പോൾ അവൾ എന്നെ പിന്നിലാക്കി സംരക്ഷിച്ചുകൊണ്ട് അവരോട് യുദ്ധം ചെയ്യും. അന്നെനിയ്ക്ക്

പത്തൊമ്പതു വയസ്സേയുള്ളു. ഞാൻ അവിടെത്തന്നെ കുറേക്കാലം താമസിച്ചിരുന്നെങ്കിൽ മൂത്ത കുട്ടിയുമായി പ്രേമത്തിലായേനെ. (ഞാൻ അവിടെ ഒരു കൊല്ലം മാത്രമേ താമസിച്ചുള്ളൂ.) നോവലിൽ അവളുടെ അമ്മയ്ക്ക് അവരുടെ ഭർത്താവിന്റെ മരുമകനുമായുള്ള ബന്ധം മാത്രമേ ശരിക്കു നടന്നതുള്ളു, ബാക്കിയെല്ലാം സാങ്കല്പികമാണ്. ചെറുപ്പക്കാരന് ആ സ്ത്രീയുമായുള്ള ലൈംഗികബന്ധവും അതേ സമയത്തുതന്നെ മകളുമായുള്ള പ്രേമബന്ധവും കാല്പനികമാണ്. അതിനു സമാന്തരമായി ഒരു ആംഗ്ലോ ഇന്ത്യന്റെ കഥയും വരുന്നുണ്ട്. ആ കഥാപാത്രത്തെ ഞാൻ ചൗരങ്കിയിൽ കാണാറുള്ളതാണ്. ഇംഗ്ലീഷുകാരനായ ഭർത്താവ് ഉപേക്ഷിച്ചുപോയതിനാൽ വേശ്യാവൃത്തിയിലേയ്ക്കു തിരിയേണ്ടിവന്ന ഒരു ബംഗാളി സ്ത്രീയുടെയും അവരുടെ മകന്റെയും കഥയാണ്. അമ്മ മരിക്കുന്നതോടെ അനാഥനായിത്തീരുന്ന ആ ബാലൻ ക്രമേണ ഒരു ആൺവേശ്യയും പിന്നീട് കൂട്ടിക്കൊടുപ്പുകാരനുമാവുന്നതാണ് കഥ. കഥ നടക്കുന്ന കാലത്ത് ആ മനുഷ്യൻ വൃദ്ധനായിരിക്കുന്നു. ആയാളുമായി കഥാനായകൻ പലപ്പോഴായി നടത്തുന്ന സംഭാഷണങ്ങളിൽനിന്നാണ് ഈ നൂറ്റാണ്ടിന്റെ തുടക്കംതൊട്ട് അറുപതുകൾവരെ നീണ്ടുകിടക്കുന്ന ഈ സമാന്തരകഥ ചുരുളഴിയുന്നത്.

ഈ നോവൽ ഒരു പ്രമുഖപത്രത്തിൽ തുടർച്ചയായി പ്രസിദ്ധീകരിച്ചപ്പോൾ യാഥാസ്ഥിതികരായ ഏതാനും പേർ ലൈംഗികസദാചാരത്തിന്റെ പേരിൽ കുരിശുയുദ്ധം തുടങ്ങിയതിന്റെ ഫലമായി അവസാനത്തെ നാല് അദ്ധ്യായങ്ങൾ വഴിതിരിക്കാൻ ഞാൻ നിർബ്ബന്ധിതനായി. എ ന്നെ സംബന്ധിച്ചേടത്തോളം അതൊരു വലിയ ജോലിയായിരുന്നു. അവസാനത്തെ നാല് അദ്ധ്യായങ്ങൾ മാറ്റി ഞാൻ ഉദ്ദേശിച്ച മട്ടിൽ നോവൽ പൂർത്തിയാക്കി. ഒരിക്കൽ എഴുതിയത് മാറ്റുക വളരെ ക്ലേശകരമായിരുന്നു. ഇപ്പോൾ 'തടാകതീരത്ത്' എന്ന ആ നോവൽ മാതൃഭൂമി പുറത്തിറക്കിയിട്ടുണ്ട്.

'ഒരു കുടുംബപുരാണം'(1998) എന്ന നോവലിലെ പ്രധാനകഥാപാത്രമാണ് ത്രേസ്സ്യാമ്മ. ജോസഫേട്ടന്റെ ഭാര്യയാണവർ. ഈ കഥാപാത്രത്തിന്റ വേഷഭൂഷാദികൾ എനിക്കു കിട്ടിയത് മുമ്പ് ഞങ്ങളുടെ അയൽക്കാരിയായിരുന്ന ഒരു സ്ത്രീയിൽനിന്നായിരുന്നു. വെളുത്ത മുണ്ടും ചട്ടയും, പുറത്തിറങ്ങുമ്പോൾ മേൽമുണ്ടിൽ ഒരു ബ്രൂച്ചും. അവർ സ്വന്തം പാരമ്പര്യത്തിൽ അഹങ്കരിച്ചിരുന്നു. ഞങ്ങടെ കാരണവന്മാര് നമ്പൂതിരിമാരായിരുന്നു. ഞങ്ങൾ മതം മാറിയതാണ്, അതുകൊണ്ട് ഇപ്പൊഴും ആഢ്യത്വം ഉണ്ട് എന്നൊക്കെ പറയുമായിരുന്നു. ഒരിക്കൽ അവർ ഒരു കോഴിയുടെ പിന്നാലെ ഓടുന്നതു കണ്ടു. കുറേനേരം ചിരിക്കാനുള്ള വക കിട്ടി. അന്നു തീർച്ചയാക്കിയതാണ് ഇവരെക്കുറിച്ച് ഒരു കഥയെഴുതണമെന്ന്. പിന്നെയും വർഷങ്ങൾ കഴിഞ്ഞിട്ടേ അതു തുടങ്ങിയുള്ളൂ എന്നതിനു കാരണം എന്റെ മടിതന്നെ. പക്ഷേ എഴുതിത്തുടങ്ങിയപ്പോൾ അതിലെ കഥാപാത്രങ്ങൾക്ക് ഞങ്ങളുടെതന്നെ സ്വഭാവം വന്നു. ജോസഫേട്ടൻ ഞാനും ത്രേസ്സ്യാമ്മ ലളിതയും. ലളിതയ്ക്ക് അന്നും ഇന്നും എന്റെ ബുദ്ധിശക്തിയിലും അറിവിലും വിശ്വാസമില്ല. നോവലിൽനിന്ന് ഒരുദാഹരണം. ഒരു കോഴിയെ വാങ്ങിയശേഷം കോളനിയിൽനിന്ന് നാല്പത്തെട്ടു മുട്ടയുടെ ഓർഡർ പിടിച്ചുവന്ന ത്രേസ്സ്യാമ്മയോട് ജോസഫട്ടൻ പറയുന്നു.

*'അപ്പൊ കൊച്ചുത്രേസ്സ്യേ, ഒരു കാര്യം ചോദിച്ചോട്ടേ?'*

*ഒന്ന് പറഞ്ഞു തുലച്ചുകൂടെ എന്ന് ഏത് സാദ്ധ്വിയും ചോദിച്ചേക്കാവുന്ന*

*രംഗം. പക്ഷേ ത്രേസ്യാമ്മ മയത്തിൽ ചോദിച്ചു.*

*'എന്തോന്നാ?'*

*'നീയിപ്പോ നാല്പ്പത്തെട്ടു മുട്ടടെ ഓർഡർ പിടിച്ചില്ലേ?'*

*'ഉം?'*

*'അത് ഒരാഴ്ചയ്ക്ക് വേണ്ടതല്ലെ?'*

*'അതേ. മുട്ടക്കാരി ഉമ്മ ആഴ്ചയിലൊരിക്കലാണ് വരാ. അപ്പോ ഒരാഴ്ചയ്ക്കുള്ള മൊട്ടയാണ് എല്ലാരും വാങ്ങിവെയ്ക്ക്യാ.'*

*'ശരി, പക്ഷെ നമ്മടെ അടുത്ത് ഒരു കോഴിയല്ലെ ഉള്ളൂ. അതോണ്ട് എങ്ങനാ ഇത്രയും മുട്ട കൊടുക്കണത്?'*

*'അതിനെന്താ?' അച്ചായന്റെ അറിവുകേടിൽ വിഷമം തോന്നിയ ത്രേസ്യാമ്മ പറഞ്ഞു. 'കോഴി ദെവസൂം മൊട്ടയിടില്ലേ?'*

എന്റെ 'ഒരു ദിവസത്തിന്റെ മരണം'(1979) എന്ന കഥയിലെ കൗസല്യ ഈ നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ലോകം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നത്തെ പ്രതിനിധീകരിക്കുന്നു എന്നു പറയാം. യന്ത്രവൽക്കരണവും തൽഫലമായുണ്ടാവുന്ന തൊഴിലില്ലായ്മയും അതിൽനിന്ന് ഉദ്ഭവിക്കുന്ന ധാർമ്മിക പതനവും. സുപാരി പാക്കു ചെയ്യുന്ന ഒരു ചെറിയ ഫാക്ടറിയിൽ ജോലിയെടുക്കുന്ന കൗസല്യയ്ക്ക് മുതലാളി പാക്കിങ് മെഷിൻ വാങ്ങുന്നതോടെ പിരിച്ചിവിടൽ ഭീഷണി നേരിടേണ്ടിവരുന്നു. ജോലി പോയാൽ പട്ടിണിതന്നെ ഫലം, കാരണം ഭർത്താവിനു സുഖമില്ലെന്നു മാത്രമല്ല അയാൾ ജോലിയെടുക്കുന്ന ഫാക്ടറി പൂട്ടിയിട്ട് മാസങ്ങളായി. അങ്ങിനെയുള്ള പരിതസ്ഥിതിയിൽ അവൾ മുതലാളിയുടെ ഇംഗിതത്തിനു വഴങ്ങിക്കൊടുക്കുന്നതാണ് കഥ. വീട്ടിലെത്തുമ്പോൾ അവൾ ചെയ്ത കാര്യത്തിന് പശ്ചാത്തപിക്കുന്നുണ്ടെന്നത് അവളുടെ ക്ലേശത്തെ ലഘൂകരിക്കുന്നില്ല. കാരണം നാളെയും തനിക്ക് ഇതുതന്നെ ചെയ്യേണ്ടിവരുമെന്നവൾക്ക് അറിയാം. മുതലാളി തന്ന പണംകൊണ്ട് വരുന്ന വഴി അവൾ ഭർത്താവിനും മകനും ഓരോ നൈലൺ ബനിയൻ വാങ്ങി. അതിനുള്ള പണം എങ്ങിനെയുണ്ടായി എന്നുപോലും അന്വേഷിക്കാത്ത ഭർത്താവിന്റെ അലംഭാവവും അവളെ വല്ലാതെ വേദനിപ്പിക്കുന്നു.

*അവൾ അടുക്കളയിൽ പോയി സ്റ്റൗ കൊളുത്തി വെള്ളം വച്ചു. സഞ്ചിയിൽ വളരെ കുറച്ച് അരിയേ ബാക്കിയുണ്ടായിരുന്നുള്ളു. അതു കഴുകി അടുപ്പത്തിട്ടു. സ്റ്റൗവ്വിന്റെ മുമ്പിൽ നീല തീനാളവും നോക്കിയിരിക്കെ ഫാക്ടറിയിൽനിന്ന് സ്റ്റേഷനിലേയ്ക്ക് നടന്നത് അവളുടെ മനസ്സിൽ വന്നു. തനിക്ക് ആ സമയത്ത് പശ്ചാത്താപമുണ്ടായിരുന്നില്ലെന്നു മാത്രമല്ല സന്തോഷമായിരുന്നു എന്ന കാര്യം അവളെ വേദനിപ്പിച്ചു. അവൾ സ്വയം വെറുത്തു. കാന്തിലാൽ ചെയ്തതിന് അയാളെ വെറുത്തു. കീറിയ ബനിയൻ തന്നതിന് പീടികക്കാരനേയും. എല്ലാറ്റിനുമുപരി പണം എവിടെനിന്നു കിട്ടിയെന്ന് അന്വേഷിക്കുക പോലും ചെയ്യാത്ത ഭർത്താവിനേയും അവൾ വെറുത്തു.*

*പിന്നെ നോക്കിക്കൊണ്ടിരിക്കെ ഒരു ജലപ്രവാഹത്തിൽ തീനാളവും, സ്റ്റൗവ്വും, പാത്രങ്ങളും അപ്രത്യക്ഷമായപ്പോൾ കണ്ണുതുടയ്ക്കാൻകൂടി മിനക്കെടാതെ അവൾ സ്വയം പറഞ്ഞു. ഞാൻ ഇതൊന്നുമല്ല പ്രതീക്ഷിച്ചത്.*

ലോകമെമ്പാടുമുള്ള ലൈംഗികചൂഷണത്തിന്റെ പല കാരണങ്ങളിൽ പ്രധാനപ്പെട്ടത് കൗസല്യ അഭിമുഖീകരിച്ച യന്ത്രവൽക്കരണജന്യമായ തൊഴിലി

ല്ലായ്മതന്നെയാണ്.

ഞാൻ ഏതാനും സ്ത്രീകഥാപാത്രങ്ങളുടെ കാര്യം മാത്രമേ മുകളിൽ പറഞ്ഞിട്ടുള്ളു. ഇനിയും വൈവിദ്ധ്യമുള്ള സ്വഭാവങ്ങളുള്ള അനേകം സ്ത്രീകഥാപാത്രങ്ങൾ എന്റെ കഥകളിലുണ്ട്. 'കുങ്കുമം വിതറിയ വഴികൾ' എന്ന കഥയിൽ അടഞ്ഞ കിടപ്പറയ്ക്കു മുമ്പിൽ നിൽക്കുന്ന ആറു വയസ്സുകാരി സംഗീത, 'അലക്കുയന്ത്രം' എന്ന കഥയിലെ പന്ത്രണ്ടു വയസ്സുകാരി രാധ, 'തീപ്പെട്ടിക്കൊള്ളിത്തുമ്പിലെ ജീവിത'ത്തിൽ കള്ളുകുടിയനായ ഭർത്താവിനെ സഹിച്ചും മെച്ചപ്പെട്ട ജീവിതമുണ്ടാക്കാൻ ശ്രമിക്കുന്ന ദേവകി, 'മൂലോട് ഉറപ്പിക്കുന്നതിലെ വിഷമങ്ങളി'ൽ ജോലിക്കുവന്ന ചെറുപ്പക്കാരനെ പ്രലോഭിപ്പിച്ച് കാര്യം കാണുന്ന സീമ, 'പച്ചപ്പയ്യിനെ പിടിക്കാൻ' എന്ന കഥയിൽ ചേച്ചിയുടെ കല്യാണ മുഹൂർത്തത്തിൽ പണമുണ്ടാവാൻ പച്ചപ്പയ്യിനെ അന്വേഷിച്ചു പോയ ശാലിനിയും ചേച്ചി ബിന്ദുവും, 'സാന്ത്വനത്തിന്റെ താക്കാൽ' എന്ന കഥയിലെ കാബറെ ഡാൻസർ, 'ദുഷ്ടകഥാപാത്രങ്ങളുള്ള കഥകൾ' മാത്രം രചിക്കുന്ന സുചിത്ര, 'മാങ്ങാറിച്ചെടികളി'ൽ വളരെ കാലത്തിനു ശേഷം കണ്ടുമുട്ടുന്ന ഒരു ബന്ധുവായ ചെറുപ്പക്കാരനിൽ സാന്ത്വനം തേടുന്ന അവിവാഹിതയായ സുഭദ്ര, 'പുഴയ്ക്കക്കരെ കൊച്ചുസ്വപ്നങ്ങൾ' എന്ന കഥയിൽ അമ്മ ജോലിയെടുക്കുന്ന വീടുപോലെ തന്റെ വീടുമാക്കാൻ ശ്രമിക്കുന്ന എട്ടു വയസ്സുകാരി രാജി, 'ചിരിക്കാനറിയാത്ത കുട്ടി'യിൽ അമ്മയും അച്ഛനും നഷ്ടപ്പെട്ടുവെന്ന ഭീതിയിൽ കഴിയുന്ന ഇന്ദു, 'കറുത്ത തമ്പ്രാട്ടി'യിൽ കൂലിവേലക്കാരനായ ഭർത്താവ് കൊടുക്കാനുള്ള സംഖ്യയ്ക്ക് പണയവസ്തുവായതിനാൽ ഭൂവുടമയോടൊപ്പം തന്റേതല്ലാത്ത ഒരു ജീവിതം നയിക്കാൻ നിർബ്ബന്ധിതയാകുന്ന ലക്ഷ്മി, 'കുഞ്ഞിമാതു ചിരിച്ചുകൊണ്ടിരിക്കുന്നു' എന്ന കഥയിൽ പാഴായ ഒരു ജീവിതത്തിനു ശേഷം അവിഹിതമെങ്കിലും സ്വീകാര്യമായ സ്നേഹത്തിന്റെ നീരൊഴുക്കിൽ ജീവിതത്തിന് അർത്ഥം കണ്ടെത്തുന്ന നന്നമ്മ, 'ഒരു പപ്പട ക്കാരിയുമായി പ്രണയത്തിലായ കഥ'യിലെ ദുരന്ത കഥാപാത്രമായ പപ്പടക്കാരി, 'ആ പാട്ടു നിർത്തൂ' എന്ന കഥയിൽ ഈ നൂറ്റാണ്ടിനെ ഗ്രസിച്ച മഹാമാരി വന്നുപെട്ടതുകാരണം കൂട്ടുകാരാലും അയൽക്കാരാലും നിരാകരിക്കപ്പെട്ട അഞ്ചുവയസ്സുകാരി സുജാത, 'ഇങ്ങനെയും ഒരു ജീവിതം' എന്ന കഥയിൽ ഒരു ചെറുപ്പക്കാരനോടുള്ള നിസ്സ്വാർത്ഥ സ്നേഹം കാരണം ദുരന്തം ഏറ്റുവാങ്ങേണ്ടിവന്ന പതിനെട്ടു വയസ്സുകാരി നന്ദിനി, 'അന്വേഷണം' എന്ന കഥയിൽ ദുരൂഹസാഹചര്യത്തിൽ അപ്രത്യക്ഷനായ ഭർത്താവിനു വേണ്ടി നിരാലംബയും പീഢിതയുമായ ഭാര്യയുടെ നീണ്ട അന്വേഷണം, തുടങ്ങിയവ.

ഞാൻ സ്ത്രീകളുടെയും കുട്ടികളുടെയും കഥ എഴുതുമ്പോഴാണ് നന്നാവുന്നത് എന്ന് പലരും പറയാറുണ്ട്, കാരണം ഞാൻ അവരുടെ പക്ഷത്താണ്, ഇന്നും എന്നും.

BACK TO INDEX